THE MALANKARA SABHA


# മലങ്കരസഭ


The Official Media of Malankara Orthodox Syrian Church


Rs. 15

ജൂൺ 2013

(പ്രവേശനോത്സവം




ഭാഗ്യസ്മരണാർഹനായ
ഔഗേൻ മാർ ദിവന്നാസ്യോസ്
തിരുമേനിയുടെ
ആറാം ഓർമ്മ,
ജൂൺ 6
"കർത്താവിൻ സന്തോഷത്തിൽ-
വാനിൽ പന്തിയിരിക്കുമവൻ"
ആബൂൻ മാർ ദിവന്നാസിയോസ്
നേടട്ടെ നിത്യ സ്മരണം
Inserted by:
TIJU PUNNOOSE
& FAMILY, DUBAI



# മലങ്കരസഭ

ഏറ്റവും പ്രചാരമുള്ള സഭാ പ്രസിദ്ധീകരണം

ലക്കം 6, പുസ്തകം 70, ജൂൺ 2013


**5** മഹാപുരോഹിത സന്ദേശം

**6** എഡിറ്റോറിയൽ
മാധ്യമ ബോധനം
- ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

**8** മുഖാമുഖം
ലാളിത്യത്തിന്റെ കുലപതി
- ഫാ. തോമസ് പി. മുകളിൽ

**10** കാഴ്ചപ്പാട്
വിദ്യാർത്ഥികളും സോഷ്യൽ മീഡിയായും

**14** ചരിത്രം
മിലാൻ വിളംബരത്തിന്റെ 1700 വർഷം..
- ഡോ. എം. കുര്യാക്കോസ് മുകളത്ത്

**30** ലേഖനം
കാത്തിരിപ്പിന്റെ ദിവസങ്ങൾ...
- ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

**18** പരിസ്ഥിതി
ബൈബിളിലെ രണ്ടു കടലുകളുടെ തകർച്ച
- തോമസ് കുളത്തിൻ കരോട്ട്, തുമ്പമൺ

**41** പരിസ്ഥിതി
ചിന്തിക്കുക ഭക്ഷിക്കുക സംരക്ഷിക്കുക...
ഡോ. ജോസഫ് മാർ ദിവന്നാസിയോസ്

**23** നമ്മിലൊരാൾ
സ്നേഹത്തിന്റെ പാളങ്ങളിലൂടെ
വെരി. റവ. കെ. ഐ. ഫിലിപ്പ് റമ്പാൻ

**26** വചനപരിമളം
ഭൂമിയോട് സംസാരിക്കുക
- റവ.ഡോ.കെ.എൽ.മാത്യു വൈദ്യൻ കോർഎപ്പിസ്ക്കോപ്പാ

**29** മിഷൻ
മിഷൻ പ്രവർത്തനത്തിന് അനന്ത സാധ്യത
- ഫാ. തോമസ് വർഗീസ്, ചാവടിയിൽ

ധ്യാനപംക്തി, പിൻമൊഴി, സമ്യഗ് ദർശനം,
പുനർനവം, വാർത്തകൾ, കത്തുകൾ, ചുറ്റുവട്ടം.





President
Dr. Zachariah Mar Aprem
Chief Editor
Fr. John Thomas Karingattil

Printed and Published by
Fr. Thomas P. Mukalil for
Orthodox Viswasa Paripalana
Samithy, Kottayam.
Sub Editor
Fr. Shalu Lukose Thirumangalam

Printed at
Catholicate press, Devalokam
Kottayam-04;

To Contact Malankara Sabha
For Subscription queiries
sabhamasika@yahoo.com
For Editorial queiries
articlemalankara@gmail.com

www.malankarasabha.in

Devalokam Kottayam-04;
Ph:0481-2573234
Fax : +91 481 2573234

Rs. 15/-


# BRIEFLY

ജൂൺ 16 മുതൽ 29 വരെ ശ്ലീഹാ നോമ്പ്. 12 ശ്ലീഹന്മാരുടെ ഓർമ്മ ജൂൺ 30-ന്.

മിഷൻ സൺഡേ ആയി ജൂലൈ 7 ആചരിക്കും. മിഷൻ പ്രവർത്തനങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിക്കുയും കവർ പിരിവ് വിജയിപ്പിക്കുയും ചെയ്യണം.

അഹമ്മദാബാദ് ഭദ്രാസന ആസ്ഥാന മന്ദിര സമുച്ചയ ശിലാസ്ഥാപനം ജൂലൈ 13-ന് പ. കാതോലിക്കാ ബാവാ നിർവ്വഹിക്കും. ഇതിനായി 4.11 ഏക്കർ വസ്തുവിന് കരാറായി.

സഭയുടെ മാനവ ശക്തീകരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഉപരിപഠനത്തിനു പോകുന്നവരുടെ വിവരങ്ങൾ ശേഖരിക്കുന്നു. വിദ്യാർത്ഥിയുടെ വിശദ വിവരങ്ങൾ ഓഗസ്റ്റ് 31-നു മുമ്പ് hrm@mosc.in എന്ന വിലാസത്തിൽ നൽകണം.

കേരള കൗൺസിൽ ഓഫ് ചർച്ചസിന്റെ ത്രൈവാർഷിക അസംബ്ലി ആലുവ വൈ.എം.സി.എ. ക്യാമ്പ് സെന്ററിൽ സെപ്റ്റം. 26 മുതൽ 28 വരെ നടത്തും.

'മലങ്കരസഭാ വാർത്തകൾ' സഭയുടെ ഔദ്യോഗിക വെബ്സൈറ്റായ കാതോലിക്കേറ്റ് ന്യൂസിലേക്ക് അയച്ചു തരണം. വിലാസം :
www.catholicatenews.in

മലങ്കരസഭ

10 ജൂൺ 2013

എല്ലാ മാസവും മലങ്കരസഭയുടെ
അക്ഷര പ്രകാശം

EDITORIAL BOARD

*പ്രസിഡന്റ്*
ഡോ. സഖറിയാസ് മാർ അപ്രേം
Phone: 0481-2578500, 2578499

*ചീഫ് എഡിറ്റർ*
ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ
Phone: 0481-2578500

*മാനേജിംഗ് എഡിറ്റർ*
ഫാ. തോമസ് പി. മുകളിൽ
Mob:- 9447421948

*സബ് എഡിറ്റർ*
ഫാ.ഷാലു ലൂക്കോസ്,തിരുമംഗലം
Mob:- 9446707276

*അംഗങ്ങൾ*
ഫാ. ഡോ. റ്റി.ജെ. ജോഷ്വ
ഫാ. ഡോ. ജേക്കബ് കുര്യൻ
ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം
ഡോ. ജോർജ്ജ് ജോസഫ്
(അസ്സോസിയേഷൻ സെക്രട്ടറി)
അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ
പ്രൊഫ. മേരി കുര്യൻ
പ്രൊഫ. മേരി മാത്യു

***Graphic Designing:-***
Jinto Kurichy at
Malankara Sabha, Devalokam.

***Cover Design & Photo:-***
Father 'N' Mayar Innovative Concepts

**വരിസംഖ്യ**

ഇന്ത്യയിൽ
ഒറ്റ പ്രതി:15 രൂപ
ഒരു വർഷം: 180 രൂപ
2 വർഷം : 360 രൂപ
4 വർഷം: 700 രൂപ

വിദേശത്തേക്ക്
ഒരു വർഷം : 2000 രൂപ

വിലാസം:
മലങ്കരസഭ മാസിക,
ദേവലോകം അരമന,
ദേവലോകം പി.ഒ., മുട്ടമ്പലം (via),
കോട്ടയം-686004

# ഗുരുമൊഴി

## തോമസ് മാർ അത്താനാസിയോസ്



നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വന്തമായ വ്യക്തിത്വം ഉണ്ടാകണം. വിദ്യാർത്ഥികൾ പഠിച്ച സ്ഥാപനത്തെക്കുറിച്ച് അഭിമാനം കൊള്ളണം. ഗുജറാത്തിൽ എന്റെ വക ആറ് സ്ക്കൂളുകളുണ്ട്. അവിടെ പഠിച്ച വിദ്യാർത്ഥികൾക്ക് പ്രത്യേകമായ ആഭിമുഖ്യം ആ സ്ക്കൂളിനോടുണ്ട്. എവിടെപോയാലും അവർ സ്ക്കൂളിൽ നിന്നു ലഭിച്ച മൂല്യങ്ങൾ പ്രകടമാക്കും. അത്തരത്തിലാണ് അവിടെ പരിശീലനം നൽകുന്നത്.

ഗുജറാത്തിലെ പ്രതികൂല കാലാവസ്ഥയിൽ പോലും രാവിലെ ഏഴരമണിക്ക് സ്ക്കൂൾ അസംബ്ലി ആരംഭിക്കും. കേരളത്തിലും അതിരാവിലെ സ്കൂളിൽ പഠനം ആരംഭിച്ചാൽ യാത്രാക്ലേശം ഒഴിവാക്കുവാൻ കഴിയും. സമയ ക്രമീകരണത്തിനുള്ള സ്വാതന്ത്ര്യം സ്ക്കൂൾ മാനേജ്മെന്റിന് വിട്ടുകൊടുക്കുവാൻ സർക്കാർ തയ്യാറാകണം.

എന്റെ സ്ക്കൂളിലെ രാവിലത്തെ അസംബ്ലി അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പുത്തൻ അറിവ് പകരുന്നു. പ്രാർത്ഥന വിവിധ ഭാഷകളിൽ നടത്തും. പ്രധാന വാർത്തകൾ അസംബ്ലിയിൽ അവതരിപ്പിക്കും. അധ്യാപകരിൽ ഒരാൾ മൂന്നു മിനിറ്റും വിദ്യാർത്ഥികളിൽ ഒരാൾ രണ്ടു മിനിറ്റും പ്രസംഗിക്കും. ജൂനിയർ വിദ്യാർത്ഥികളിൽ ഒരാൾ 'ഇന്നത്തെ ചിന്താവിഷയം അവതരിപ്പിക്കും'. ഇത്തരത്തിൽ നമ്മുടെ സ്ക്കൂൾ അസംബ്ലിയും കാര്യക്ഷമമാക്കണം.

ഓരോ സ്ഥാപനവും സ്വന്തമായ വികസന പദ്ധതികളും കാഴ്ചപ്പാടുകളും ആവിഷ്ക്കരിച്ച് വിദ്യാർത്ഥികളെ വാർത്തെടുക്കണം. ഞാൻ ഇന്ന സ്ക്കൂളിലെ, കോളേജിലെ വിദ്യാർത്ഥിയാണെന്ന് പറയുവാൻ അഭിമാനം ഉണ്ടാകണം. ഇക്കാര്യത്തിൽ മാനേജ്മെന്റിനും അധ്യാപകർക്കും മുഖ്യ പങ്കാളിത്തം വഹിക്കുവാൻ കഴിയും.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സമരം ആവശ്യമില്ല. എന്നാൽ രാഷ്ട്രീയ അവബോധം ഉണ്ടാകണം. സ്ക്കൂൾ പാർലമെന്റ് രാഷ്ട്രീയ പ്രേരിതമാകരുത്. ജനാധിപത്യ പ്രക്രിയയിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്നുള്ള സംവിധാനം ഉണ്ടാകണം. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തവും ഉറപ്പാക്കിയുള്ള ശാസ്ത്ര ഗവേഷണ വികസന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കണം.

ശാസ്ത്രവും ടെക്നോളജിയും വളരെ വളർന്നു. വിദ്യാർത്ഥികൾ മൊബൈൽ പോലുള്ള പുതിയ സാങ്കേതികതയിൽ വളരുമ്പോൾ അവരുടെമേൽ മാതാപിതാക്കളുടെ ഒരു കണ്ണ് ഉണ്ടാകണം. മക്കളെ മൂല്യബോധത്തിൽ വളർത്താൻ മാതാപിതാക്കൾക്ക് കർത്തവ്യം ഉണ്ട്. ആ ഉത്തരവാദിത്വം ഇന്നത്തെ തലമുറ വിസ്മരിക്കുന്നുവോ എന്ന് ഞാൻ ഭയപ്പെടുന്നു.

രാജ്യത്തിന്റെ ഭാവി കരുപിടിപ്പിക്കുന്നത് ക്ലാസ്സുമുറികളിലെ അദ്ധ്യാപകരാണ്. അദ്ധ്യാപകർ ആ ഉത്തരവാദിത്വം ഭംഗിയായി നിറവേറ്റാൻ തയ്യാറാകണം. ഗുരുശിഷ്യബന്ധം പവിത്രമായി സംരക്ഷിക്കപ്പെടണം. പുതിയ അദ്ധ്യയന വർഷം അനുഗ്രഹകരമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

# മഹാപുരോഹിത സന്ദേശം



മശിഹാ തമ്പുരാന്റെ ക്രൂശിൽ നിന്നും പ്രവഹിച്ച ദൈവസ്നേഹത്തിന്റെ പങ്കുവയ്ക്കലാണ് യഥാർത്ഥത്തിൽ ക്രിസ്തീയ മിഷൻ പ്രവർത്തനങ്ങളിലൂടെ പൂർത്തീകരിക്കപ്പെടുന്നത്. വർഗ്ഗ-വർണ്ണ-ജാതി-ദേശ വ്യത്യാസങ്ങൾക്കതീതമായ സർവ്വ മാനവകുലത്തോടും സകല ജീവജാലങ്ങളോടും ക്രിസ്തുവിന്റെ അതുല്യമായ സ്നേഹത്തെ സ്വജീവിതത്തിലൂടെ പകർന്നു നൽകുക എന്ന ശ്രമകരമായ ദൗത്യമാണ് ക്രൈസ്തവ സഭകൾ മിഷൻ പ്രവർത്തനങ്ങളിലൂടെ നിറവേറ്റിക്കൊണ്ടിരിക്കുന്നത്. അപരന്റെ വിശപ്പ് ഗൗരവതരമായ ആത്മീയ പ്രശ്നമായി ഇന്നും അവശേഷിക്കുന്ന ഈ ലോകത്ത് ക്രിസ്തുവിന്റെ മിഷൻ ഫലപ്രദമായി നിറവേറ്റുക എന്നത് ഒരു വലിയ വെല്ലുവിളി തന്നെയാണ്. ദരിദ്രരോട് സുവിശേഷം അറിയിക്കുക എന്നതാണ് പ്രഥമമായ ക്രിസ്തീയ മിഷൻ എന്നിരിക്കെ, ഇന്നും ജീവിതത്തിൽ ഒരു സു-വിശേഷവും ഇല്ലാതെ നമുക്കുചുറ്റും ജീവിക്കുന്ന ശതകോടി ദരിദ്രരുടെ ദൈന്യതയാർന്ന മുഖങ്ങൾ നമ്മുടെ ആത്മീയ ജീവിതത്തിന്റെ പാപ്പരത്വത്തെ എടുത്തുകാട്ടുന്നു. ഭവനങ്ങളുടെ അതിരുകളില്ലാതെ വഴിയോരങ്ങളിൽ അന്തിയുറങ്ങേണ്ടി വരുന്ന ലക്ഷക്കണക്കിന് മനുഷ്യരുടെയും ഒരു നേരത്തെ ആഹാരത്തിനുവേണ്ടി മക്കളെ വിൽക്കേണ്ടി വരുന്നവരുമായ അമ്മമാരുടെയും ജീവിക്കുന്ന ചിത്രങ്ങൾ ക്രൈസ്തവ സഭകളുടെ മിഷൻ ദർശനങ്ങളുടെ ഗൗരവമേറിയ ഒരു പുനർവിചാരണ ആവശ്യപ്പെടുന്നു. എളിയവരിൽ ഒരുത്തന് ചെയ്യുന്നത് എനിക്ക് ചെയ്യുന്നതാണ് എന്ന അരുമനാഥന്റെ ആഹ്വാനമാണ് മിഷന്റെ അടിസ്ഥാനം. രണ്ടായിരം വർഷത്തെ പാരമ്പര്യമുള്ള മലങ്കര സഭ മിഷൻ സരണിയിൽ ഏറെ മുന്നേറിയിട്ടുണ്ടെങ്കിലും, ക്രിസ്തുവിന്റെ പ്രേഷിത പ്രവർത്തനത്തെ നാം ഇനിയും കൂടുതൽ ഗൗരവത്തോടെ സമീപിക്കേണ്ടിയിരിക്കുന്നു എന്ന് ആനുകാലിക സംഭവങ്ങൾ ഓർമ്മപ്പെടുത്തുന്നു. പരിശുദ്ധ പരുമല തിരുമേനിയും ഭാഗ്യസ്മരണാർഹരായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയും ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയും തെളിച്ചുതന്ന മിഷൻ ദർശനങ്ങളിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് ഭാരതസുവിശേഷീകരണവും ദാരിദ്ര്യനിർമ്മാർജ്ജനവും ഫലപ്രദമായി നിറവേറ്റുവാൻ നമുക്ക് ഈ വർഷത്തെ മിഷൻ സൺഡേയിൽ പ്രതിജ്ഞാബദ്ധരാകാം. ദൈവത്തിന്റെ പരിശുദ്ധ റൂഹാ ആയതിന് നമ്മെ ശക്തരാക്കട്ടെ, ദൈവം അനുഗ്രഹിക്കട്ടെ.

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

EDITORIAL

# മാധ്യമ ബോധനം




## Visions of the MEDIA EDUCATION

വിവരം, വിനോദം, വിജ്ഞാനം, വിനിമയം

### സഭകളിൽ മാധ്യമ ബോധനത്തിന് കേന്ദ്രീകൃത സംവിധാനം ഉണ്ടാവണം

‘

മാധ്യമങ്ങൾ സ്വതന്ത്രമോ സത്യസന്ധമോ അല്ല. ഭരണകൂടവും രാജ്യാന്തര വാണിജ്യകുത്തകകളും ചേർന്ന് സ്വന്തം താല്പര്യങ്ങളുടെ പ്രചരണ ഉപാധിയാക്കി മാധ്യമ ശൃംഖല.

-നോം ചോംസ്കി

* * *

മാധ്യമങ്ങൾ യാഥാർത്ഥ്യത്തെ പ്രതിഫലിപ്പിക്കുകയോ പ്രതിനിധാനം ചെയ്യുകയോ ഇല്ല. അവ അതിയഥാർത്ഥ്യം സൃഷ്ടിക്കുന്നു.

- ഴാങ്ങ് ബ്രോദിയാർ

* * *

പല വാർത്തകളും മാധ്യമസൃഷ്ടിയാണ്. സ്വന്തം ഭാവന അനുസരിച്ച് അവർ എഴുതുകയാണ് ഇത് ശരിയായ മാധ്യമ ധർമ്മമല്ല. മാധ്യമങ്ങൾ സ്വന്തം വിശ്വാസ്യത കൂടി ചിന്തിക്കണം

- മുഖ്യമന്ത്രി ഉമ്മൻചാണ്ടി

’

വിദ്യാഭ്യാസ പ്രക്രിയയിൽ മാധ്യമങ്ങളെ തിരിച്ചറിയുവാനുള്ള ബോധന പ്രക്രിയ അനിവാര്യമാണ്. നൂതന സാങ്കേതികത സൃഷ്ടിച്ചത് മാധ്യമ വിപ്ലവമാണ്. സാമൂഹിക മാധ്യമങ്ങളുടെ (Social Media) സ്വാധീനം യുവസമൂഹത്തെ ഗ്രസിച്ചിരിക്കുകയാണ്.

‘വിവരവിജ്ഞാന സമൂഹം’ സൃഷ്ടിക്കുന്ന പുത്തൻ സാമൂഹിക ക്രമത്തിൽ അറിവിന്റെ മലിനീകരണവും വിവര വക്രീകരണവും അനവധിയാണ്. മാധ്യമങ്ങൾ രാഷ്ട്രീയ സാംസ്ക്കാരിക സാമ്പത്തിക മതസമീപനങ്ങളിൽ വിവിധതരം തന്ത്രങ്ങളും വ്യാഖ്യാനങ്ങളും സൃഷ്ടിച്ച് ആഗോളവൽക്കരണത്തിന്റെ വാണിജ്യമൂല്യങ്ങളിൽ തളയ്ക്കപ്പെടുന്നു. ആഗോള തലത്തിൽ ഏറ്റവും അധികം മൂലധനം ലഭ്യമാകുന്നത് മാധ്യമ വ്യവസായത്തിലാണ്. മാധ്യമ പ്രവർത്തനം ക്രമാനുഗതമായി ശുശ്രൂഷ, സാമൂഹിക പ്രതിബദ്ധത, ഫെഫഷൻ, ബിസിനസ് എന്നീ തലങ്ങളിലൂടെ ഉയർന്ന് വ്യവസായമായി തീർന്നു. അതിനാൽ മാധ്യമ വ്യവസായത്തിന് ആവശ്യമായ ഉല്പന്നങ്ങൾ മാധ്യമ പ്രവർത്തകർ തന്നെ സൃഷ്ടിച്ചെടുക്കുന്നു.

അടുത്ത നിമിഷത്തിൽ പൊതുസമൂഹം എന്തുചിന്തിക്കണം, എങ്ങനെ ചിന്തിക്കണം എന്നു നിർണ്ണയിക്കുന്നത് മാധ്യമങ്ങളാണ്. എന്നാൽ ‘മാധ്യമ വായനകളിൽ’ എത്തുന്നത് അല്പ സത്യങ്ങളും അർദ്ധ സത്യങ്ങളുമാണ്. യഥാർത്ഥ വിവരണങ്ങളുടെ വക്രീകരണം, തമസ്ക്കരണം, പർവ്വതീകരണം, നിസ്സാരവൽക്കരണം എന്നിവ താല്പര്യാനുസൃതം സൃഷ്ടിക്കുന്നു.

ആസൂത്രിതവും കൗശലവുമായ വാർത്തകളുടെ നിർമ്മിതിയും പുനരവതരണവും അനുദിനം ശക്തിപ്പെടുന്നു. ആഗോളവൽക്കരണം, കേന്ദ്രീകരണം, വാണിജ്യവൽക്കരണം, ബഹുരാഷ്ട്രീകരണം എന്നിവയുടെ മൂല്യങ്ങൾ മാധ്യമ വ്യവസായത്തിന്റെ പുത്തൻ അജൻഡയായി. വൻകിട



# EDITORIAL

മാധ്യമ സ്ഥാപനങ്ങൾ മുതലാളിത്ത ഘടനയുമായി ബന്ധിതമാണ്. അതിനാൽ അത് വ്യവസായമാണ്. പല മാധ്യമങ്ങൾക്ക് ജാതിയുണ്ട്. രാഷ്ട്രീയമുണ്ട്. വസ്തുതകൾ ശേഖരിച്ച് വാർത്തകൾ സൃഷ്ടിക്കുകയാണ് കർമ്മം.

ബഹുജനങ്ങളെ ബലഹീനരും ഉദാസീനരുമാക്കുന്ന ഏകജാതീയ സാംസ്ക്കാരിക വ്യവസായത്തിന്റെ പ്രചാരകരായി മാധ്യമങ്ങൾ. വാണിജ്യ താല്പര്യത്തോടെയുള്ള 'സമ്മതങ്ങളുടെ നിർമ്മിതിയിൽ' ഇവ മുഖ്യ പങ്കാളിത്തം വഹിക്കുന്നു. ഇത് സൃഷ്ടിക്കുന്നത് വ്യാജ സമ്മത നിർമ്മിതിയാണെന്ന് നോം ചോംസ്കിയുടെ പക്ഷം. മാധ്യമങ്ങൾ ബോധപൂർവ്വം നിർമ്മിക്കുന്ന വിവിധതര പക്ഷാപാതങ്ങളും ചായ്‌വുകളുമാണ് 'മാധ്യമസൃഷ്ടി'. സ്വജനപക്ഷപാതവും നിക്ഷിപ്ത താല്പര്യങ്ങളുമാണ് ലക്ഷ്യം. മാധ്യമങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം വ്യാജ സമ്മത നിർമ്മിതികളിൽ നിന്നും പൊതു സമൂഹത്തെ വിമോചിപ്പിക്കുന്ന പ്രക്രിയയാണ് മാധ്യമ സാക്ഷരത.

മാധ്യമങ്ങളെ വിമർശനാപൂർവ്വം നിരീക്ഷിക്കുന്ന സമ്പ്രദായം മാധ്യമ അവബോധം (awareness), മാധ്യമ വായന (critical reading), മാധ്യമ ബോധനം (education) എന്നും അറിയപ്പെടുന്നു. മാധ്യമ സന്ദേശങ്ങളിലെ സാംസ്ക്കാരിക അധികാര മേൽക്കോയ്മകളേയും നിയന്ത്രണങ്ങളെയും കണ്ടെത്തുവാനും മാധ്യമങ്ങൾ സൃഷ്ടിക്കുന്ന സംസ്ക്കാരത്തിലെ ഗുണപരവും നിഷേധപരവുമായ സ്വാധീനങ്ങളെ തിരിച്ചറിയുവാനും മാധ്യമബോധനം സ്വീകർത്താക്കളെ പ്രാപ്തമാക്കുന്നു. മാധ്യമങ്ങളുടെ ഉല്പാദനം, വിതരണം, വിനിമയം, ഉപഭോഗം, അധികാരം, അവസ്ഥ എന്നീ ഘടനകൾ വിമർശനപൂർവ്വം വിലയിരുത്തപ്പെടുന്നു.

മാധ്യമങ്ങൾ സംവേദിപ്പിക്കുന്ന സന്ദേശത്തെ അപഗ്രഥിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും സ്വീകരിക്കുന്ന സമീപനമാണിത്. സന്ദേശത്തെ സ്വീകരിക്കുവാനും തിരസ്ക്കരിക്കുവാനും വിമർശിക്കുവാനുമുള്ള പൗരധർമ്മത്തിന്റെ സ്വാതന്ത്ര്യവും. മാധ്യമ സന്ദേശങ്ങളിലെ അവതരണത്തിലും വിനിമയത്തിലും ഒളിഞ്ഞിരിക്കുന്ന തന്ത്രങ്ങളും ചൂഷണങ്ങളും ഗൗരവപൂർവ്വം വിശകലനം ചെയ്യുവാൻ പ്രാപ്തി നേടുകയാണ് ബോധന ലക്ഷ്യം. സ്വീകർത്താക്കൾ സംവേദന പ്രക്രിയയിൽ അതിക്രമിച്ചു കയറി പ്രതികരണ ശേഷിയും ശക്തീകരണവും പ്രാപിക്കുന്ന ജൈവാവസ്ഥയാണിത്.

മാധ്യമ ഉള്ളടക്കങ്ങൾ പലതും രാഷ്ട്രീയ സംസ്ക്കാരിക, സാമുദായിക സംസ്ക്കാരത്തിന് അനുസൃതമായി സൃഷ്ടിക്കുന്നവയാണ്. അവ ലാഭം ലക്ഷ്യമാക്കിയുള്ള വിപണിയുടെ വാണിജ്യ താല്പര്യപ്രകാരം സംവേദിക്കപ്പെടുന്നു. മാധ്യമങ്ങൾക്ക് രാഷ്ട്രീയ ചായ്‌വുകളുള്ളതിനാൽ വക്രീകരണങ്ങളും വളച്ചൊടിക്കലുകളും രാഷ്ട്രീയ ഇടപെടലുകളും ശക്തമാണ്.

മാധ്യമസ്ഥാപനത്തിന്റെ പ്രത്യയശാസ്ത്രം വിവരവിജ്ഞാന വൃത്താന്ത വിനിമയത്തിലൂടെ അടിച്ചേൽപ്പിക്കപ്പെടുന്നു. ഇവ മാധ്യമത്തിന്റെ ശബ്ദമായിത്തീരുന്നു. വ്യക്തികൾ അവയുടെ കണ്ണുകളിലൂടെയാണ് സാമൂഹിക യാഥാർത്ഥ്യത്തെ തിരിച്ചറിയുന്നത്.


മാധ്യമങ്ങളുടെ രഷ്ട്രീയ–സാമുദായിക ചായ്‌വും, വിവരണ സാങ്കേതങ്ങളിലെ ദൃശ്യവും അദൃശ്യവുമായ ഭാഷയും സൂചനയും തിരിച്ചറിയണം. മാധ്യമ വിഭവങ്ങളുടെ പിന്നിലെ നിർമ്മിതിയിലും വിവരണത്തിലും അവതരണത്തിലുമുള്ള വാണിജ്യ താല്പര്യങ്ങൾ വായിച്ചറിയണം. മാധ്യമ ഉള്ളടക്കത്തിലെ സാംസ്ക്കാരികവും വാണിജ്യവും രാഷ്ട്രീയവുമായ തന്ത്രങ്ങളും കണ്ടെത്തണം.

ഇഷ്ട മാധ്യമത്തിന്റെ പിന്നിലെ നിയന്ത്രണശക്തികളേയും കൗശല സമ്പ്രദായങ്ങളേയും തിരിച്ചറിയുവാനുള്ള കരുത്താണിത്. ഒരു വാർത്തയുടെ വിവരണം, വിശകലനം അവതരണം എന്നിവയിൽ ഒളിഞ്ഞിരിക്കുന്ന മാധ്യമ പ്രത്യയ ശാസ്ത്രം തിരിച്ചറിയുന്നതിനുള്ള സർഗ്ഗശക്തി ബോധപൂർവ്വം വളർത്തുമ്പോഴാണ് മാധ്യമ സാക്ഷരത യാഥാർത്ഥ്യമാകുന്നത്.

മാധ്യമങ്ങളിലെ കൗശലങ്ങളെ വിമർശന പൂർവ്വം സമീപിക്കുവാൻ സ്വീകർത്താക്കളെ പ്രാപ്തമാക്കുന്ന പ്രക്രിയയാണ് മാധ്യമ ബോധനം. മാധ്യമ സ്വാധീനവും മാധ്യമ ധർമ്മവും തിരിച്ചറിഞ്ഞ് ക്രിയാത്മകമായി 'മാധ്യമ സൃഷ്ടികളെ' പൊളിച്ചെഴുതുവാൻ ശാസ്ത്രീയമായ പാഠ്യപദ്ധതിയും പരിശീലനവും സ്കൂൾ കോളജ് തലങ്ങളിൽ ആവിഷ്ക്കരിക്കണം.

> “പൊതു സമൂഹത്തിന്റെ പ്രതികരണശേഷി നിർജ്ജീവമാക്കുന്ന മാധ്യമ വ്യവസായവും സാമൂഹിക മാധ്യമ സംസ്ക്കാരവും പങ്കിടുന്നത് വ്യാജ പ്രതിച്ഛായകളുടെ നിർമ്മിതിയാണ്. മാധ്യമ സൃഷ്ടികളും.”

**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**
ചീഫ് എഡിറ്റർ
karingattilachan@gmail.com



*തയ്യാറാക്കിയത്:*
ഫാ. തോമസ് പി. മുകളിൽ
സോജു ജോഷ പുന്നക്കാട്ട്

# ലാളിത്യത്തിന്റെ കുലപതി

മാധുര്യത്തിന്റെ തിരുമൊഴി...
പുനലൂർ ആറ്റുമാലിൽ വരമ്പത്ത് കർഷക ദമ്പതികളായ ഡബ്ല്യു.സി. ചെറിയാന്റെയും ഭാര്യ ശോശാമ്മയുടെയും സുകൃത ജീവിത നാളുകൾ...
തിരുവല്ല ആനപ്രമ്പാലിൽ നിന്നും നല്ല നാളെകൾ സ്വപ്നം കണ്ട് ഒരല്പം കിഴക്കോട്ട് യാത്ര ചെയ്ത് കൊല്ലം ജില്ലയിലെ കിഴക്കൻ മലയോര പ്രദേശത്ത് എത്തിച്ചേർന്നതാണ് ആറ്റുമാലിൽ കുടുംബം.
സൂര്യൻ കിഴക്കുണരും മുമ്പേ വീടുണരുന്ന കാലം. ബ്രഹ്മമുഹൂർത്തങ്ങളിൽ പുല്ലുമേഞ്ഞ വീടിന്റെ അകത്തെപ്പായയിലിരുന്നു "മനമേ പക്ഷിഗണങ്ങളുയർന്നിതാ പാടുന്നു ഗീതങ്ങൾ..." എന്ന ഗാനം മധുരമായി ആലപിച്ച ഗൃഹനാഥ ശോശാമ്മയുടെ സ്വരം കേട്ട് മക്കളും കുടുംബവും കൊച്ചുമക്കളും ഉണരുകയായി.
മക്കളെന്നാൽ മൂന്നുപേർ ഡബ്ല്യു.സി. കുരുവിള, ഡബ്ല്യു.സി. ഏബ്രഹാം, ഡബ്ല്യു. സി. സഖറിയ. അവരുടെ സഹധർമ്മിണിമാരും, ചെറുമകളുമടങ്ങുന്ന ആധുനിക ശാസ്ത്രത്തിലെ സൂചക പദമായ ജോയിന്റ് ഫാമിലി സിസ്റ്റത്തിലെ പരമ സന്തുഷ്ട കുടുംബം.
ഇതിൽ രണ്ടാമത്തെ ഡബ്ല്യു.സി. ഏബ്രഹാം–മറിയാമ്മ ദമ്പതികളുടെ സീമന്തപുത്രൻ ഡബ്ല്യു.എ. ചെറിയാൻ എന്ന കുഞ്ഞുബാബുവും ഉൾപ്പെട്ടിരുന്നു. പറവകളുടെ പാട്ടുകേട്ട് മനുഷ്യനുമുണർന്ന് ദൈവത്തെ സ്തുതിക്കണമെന്ന വല്യമ്മച്ചിയുടെ ഈരടികൾ കേട്ടു വളർന്നവൻ... ബാബുക്കുട്ടി എന്ന ഡബ്യു.എ ചെറിയാൻ പൗരോഹിത്യ നൽവരം പ്രാപിച്ച് പില്ക്കാലത്ത് മലങ്കരയുടെ ഇടയശ്രേഷ്ഠനായി മാറി ലാളിത്യത്തിന്റെ കുലപതി മാധുര്യത്തിന്റെ തിരുമൊഴി സമം സഖറിയ മാർ അന്തോണിയോസ് എന്നൊരു സമവാക്യം മലങ്കരയിൽ രൂപപ്പെട്ടത് ഈ ജീവിതവുമായി ബന്ധപ്പെടുത്തിയാണ്.
ശാസ്താംകോട്ടയുടെ നിശ്ശബ്ദ സൗന്ദര്യത്തിന്റെ അലകളേറ്റുവാങ്ങിയ ഒരു പകൽ. അഭി. തിരുമേനി ഉള്ളു തുറന്ന നിമിഷങ്ങൾ.

***സഭാശുശ്രൂഷയുമായും, പൗരോഹിത്യവുമായും കുടുംബബന്ധങ്ങൾ ഉണ്ടായിരുന്നുവോ;***

വല്യപ്പച്ചന്റെ അനിയൻ ഡബ്ല്യു. സി. വർഗീസ് കത്തനാർ കോർപ്പറേറ്റ് മാനേജ്മെന്റ് എച്ച്.എം. ആയിരുന്നു. പ. ഗീവർഗീസ് ദ്വിതീയൻ ബാവാ, അലക്സിയോസ് മാർ തേവോദോസിയോസ് തുടങ്ങിയ ആത്മീയ ഗോപുരങ്ങളെ കണ്ടു വളർന്ന ആദ്യകാലങ്ങൾ ഓർമ്മയിലുണ്ട്. കുടുംബത്തിൽത്തന്നെ ആത്മീയ ശിക്ഷണം ലഭിച്ചു എന്നു ചിന്തിക്കുവാനാണിഷ്ടം.

***എടത്വായിൽ നിന്നും വന്നവരാണെന്ന് കേട്ടിട്ടുണ്ട്!***

1930 കളിൽ ഒരു വരവുണ്ടായി. പുനലൂരിന്റെ ഹൃദയഭാഗത്ത് ഒരിടവും കിട്ടി. കരകൃഷിയായിരുന്നു പ്രധാന വരുമാന മാർഗ്ഗം പിറവന്തൂർ പണ്ടകശാലയിൽ മാർത്തോമ്മാ ഇടവകയിൽ നിന്നാണ് അപ്പൻ വിവാഹം കഴിച്ചത്. നഗരത്തിൽ ഒരു ടയർ റീ ട്രേഡിംഗ് സെന്ററും അപ്പന്റെ സഹോദരങ്ങൾ നടത്തിയിരുന്നു.

***അക്കാലത്തെ പുനലൂർ പട്ടണവും, യാത്രകളും?***

പേപ്പർമില്ലും, പ്ലൈവുഡ് ഫാക്ടറിയുമൊക്കെ പുനലൂരിന് ഒരു വ്യവസായ നഗരത്തിന്റെ ലക്ഷണം വരുത്തിയിരുന്നു. പിന്നെയെല്ലാം പോയില്ലേ... വ്യവസായ കേന്ദ്രങ്ങൾ അടച്ചതു മൂലം ആർക്കു ലാഭം ആർക്കു നഷ്ടമെന്നെല്ലാം പുനലൂരുകാർക്കറിയാം. കച്ചവട–കൃഷി കാര്യങ്ങളുമായി ബന്ധപ്പെട്ട് ചെങ്കോട്ട റോഡ് വഴി ഒരു

പാട് യാത്രകൾ നടത്തിയിട്ടുണ്ട്. അന്ന് ഈ ഡാം റോഡ് ഉണ്ടായിരുന്നില്ല.

കരിവണ്ടിയാണ് പുനലൂർ വഴി ഓടിയിരുന്നത്. പഴയ ഇടിവണ്ടിയും നിരത്തുകളിൽ കാണാമായിരുന്നു. 'എയ്റ്റ് സീറ്റർ' എന്ന 8 പേർക്കിരിക്കാവുന്ന വാഹനമായിരുന്നു മറ്റൊന്ന്. എം.സി. റോഡിൽ 8 സീറ്റർക്ക് ഓടാനുള്ള പാലങ്ങളാണ് പണിതിരിക്കുന്നത്. അതിൽ ഏനാത്ത് പാലം പുതുക്കിപ്പണിതു ചെങ്ങന്നൂരുള്ള രണ്ടു പാലങ്ങളും (ചെറുതും, വലുതും) ഇപ്പോഴും നിലവിലുണ്ട്. അത്രയ്ക്കു പഴക്കം രണ്ടു പാലങ്ങൾക്കുണ്ട്. പാലം കുലുങ്ങിയാലും നേതാക്കൾ കുലുങ്ങുമെന്ന് തോന്നുന്നില്ല... (ചിരി)

***കുടുംബ സ്മരണകൾ....***

5-ാം ക്ലാസ്സ് വരെ വീട്ടിൽ വൈദ്യുതി ഇല്ലായിരുന്നു. മണ്ണെണ്ണ വിളക്കും എണ്ണ വിളക്കും ഉപയോഗിച്ചിരുന്നു. തീപ്പെട്ടി ഇല്ലാതിരുന്ന കാലമാണത്. ഉമിയിൽ തീ സൂക്ഷിച്ചിരുന്നു. പുല്ലുമേഞ്ഞ വീടായിരുന്നു. തല്ലിയൊതുക്കി ചാണകം മെഴുകി വൃത്തിയായി സൂക്ഷിച്ചിരുന്നു. കന്നുകാലികളും മറ്റു മൃഗസമ്പത്തും ഉണ്ടായിരുന്നു; അതിപ്പോഴുമുണ്ട്. കൊരട്ടി അരമനയിലും, കൊല്ലത്തും, ശാസ്താംകോട്ടയിലും ശീലം തുടരുന്നു... രാത്രി കോഴിയെ പിടിക്കാൻ കോഴിക്കൂടിനു താഴെ കുറുക്കൻ പതുങ്ങി വന്നു നില്ക്കുന്ന ചിത്രങ്ങൾ ഇന്നും സ്മരണയിൽ സജീവമാണ്.

***മാതാപിതാക്കൾ സഹോദരങ്ങൾ?***

അതി രാവിലെ വല്യമ്മച്ചി എഴുന്നേറ്റു പാടുന്ന ശബ്ദമാണ് ഞങ്ങളെ ഉണർത്തിയിരുന്ന് പാട്ടിനു ശേഷം വേദപുസ്തകം വായിക്കും പിന്നീട് നമസ്ക്കാരം. പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ പരിഭാഷപ്പെടുത്തിയ ഇപ്പോഴത്തെ പഴയ നമസ്ക്കാരമാണ് അന്നുണ്ടായിരുന്നത്. പിന്നെ രഹസ്യപ്രാർത്ഥനകൾ...

അപ്പന് രണ്ട് സഹോദരങ്ങൾ ജ്യേഷ്ഠൻ ഡബ്ലൂ.സി. കുരുവിളയും, അനുജൻ ഡബ്ള്യു.സി. സഖറിയായും. ഞങ്ങൾ ആറ് മക്കൾ മൂത്തയാൾ ഡബ്ലൂ.എ. ചെറിയാൻ രണ്ടാമത് ഇടപ്പള്ളിയിൽ വിവാഹം കഴിച്ചയച്ച അക്കാമ്മ പിന്നീട് എറണാകുളത്തുള്ള ഡബ്ലൂ. എ. കുര്യൻ പിന്നെ പുനലൂരിൽ പമ്പ് നടത്തുന്ന കുരുവിള എബ്രഹാം കൊല്ലത്തുള്ള സൂസൻ എബ്രഹാം പിന്നെ ഇളയ സഹോദരി സുജ (മറിയാമ്മ) 1974-ൽ അപ്പൻ മരിച്ചു. മൂത്തയാളായ എനിക്ക് സഹോദരങ്ങളുടെ കാര്യവും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഒരു തരത്തിൽ ഏറ്റവും ഇളയവൾക്ക് ഞാൻ പിതാവ് തന്നെയാണ് അത്രയേറെ സ്വാതന്ത്ര്യവും അവൾ കാണിക്കാറുണ്ട്; അത്ര തന്നെ പ്രായ വ്യത്യാസവും, ഞങ്ങൾ തമ്മിലുണ്ട്.

***വിദ്യാഭ്യാസം...***

നടന്നാണ് സ്ക്കൂളിൽ പോയിരുന്നത് Sixth എന്ന പത്താം ക്ലാസ്സ് ഹൈസ്ക്കൂളിലായിരുന്നു, ഫിഫ്ത്ത് ഫോറം വരെ (1,2,3,4,5) യു.പി. സ്ക്കൂളിൽ അതിനു താഴെ പ്രൈമറി ക്ലാസ്സുകൾ. 1956 കേരളപ്പിറവി ദിനം മിഡിൽ സ്ക്കൂൾ നിലവിൽ വന്നു. 1963-64 ൽ പ്രീ യൂണിവേഴ്സിറ്റിയിലായിരുന്നു 1965-68-ൽ ഡിഗ്രി സാമ്പത്തിക ശാസ്ത്രത്തിനു ചേർന്നു.

***വീട്ടിലെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിന്നിരുന്നു എന്ന് കേട്ടിട്ടുണ്ടല്ലോ?***

68-ൽ വിദ്യാഭ്യാസം കഴിഞ്ഞു ഒരു വർഷം. പിതൃസഹോദരങ്ങളോടൊപ്പം കണക്കും കാര്യങ്ങളുമായി നിന്നു. ഗണിതത്തിൽ പ്രായോഗിക പരിജ്ഞാനം നേടാൻ ഇടയാക്കിയത് ഈ ഒരൊറ്റ വർഷമായി രുന്നു.

***അതിനു ശേഷമായിരുന്നുവോ സെമിനാരി പഠനം?***

കാലം ചെയ്ത ഭാഗ്യസ്മരണാർഹനായ കൂറിലോസ് തിരുമേനി ആയിരുന്നു ഭദ്രാസന മെത്രാപ്പോലീത്താ (പിന്നീട് ബാവാ) ഫിലിപ്പ് കെ. അലക്സ് അച്ചനാണ് എഴുത്തു തന്നു വിട്ടത്. ജൂലൈ 69 സെമിനാരിയിൽ ചേർന്നു. അത്യാവശ്യത്തിനു മാത്രമേ വീട്ടിൽ വരുമായിരുന്നുള്ളു. സുറിയാനി ശ്ഹീമാ നമസ്ക്കാരമായി രുന്നു. എല്ലാ വൈകുന്നേരങ്ങളിലും പ്രുമിയോൻ-സെദറ വായിക്കുമായിരുന്നു അതാകട്ടെ ഓരോ ദിവസത്തേ ക്കുമായി സുറിയാനിയിൽ ക്രമപ്പെടു ത്തിയതായിരുന്നു. ടേൺ അനുസരിച്ച് വായനക്കാരൻ സുറിയാനിയിൽ നിന്നും തത്സമയം തർജ്ജമ ചെയ്ത് വായിക്കണവുമായിരുന്നു.

സെമിനാരിയിൽ പഠിക്കുന്ന ബാച്ചിൽ സന്യസ്തരായ 3 പേരിൽ ഒരാളായിരുന്നു ഞാൻ മറ്റൊരാൾ പൗലോസ് അച്ചൻ (ഇപ്പോഴത്തെ പ. ബാവാ) പിന്നെ സി.ഒ. ജോർജ്ജച്ചനും. കൂടെപ്പഠിച്ച 20 പേരിൽ മൂന്നു പേർ ഇപ്പോഴും സെമിനാരിയിലുണ്ട്. വന്ദ്യ ജേക്കബ് കുര്യനച്ചൻ (പ്രിൻസിപ്പാൾ) റ്റി.ഐ. വർഗ്ഗീസച്ചൻ, സി.സി. ചെറിയാനച്ചൻ.


***വൈദിക ശുശ്രൂഷയെക്കുറിച്ച്...***

അച്ചൻ കൂട്ടു ട്രസ്റ്റിയാണ്. പള്ളിയിലെ വരുമാന ങ്ങളിലും വരവു ചെലവു കണക്കുകളിലും അച്ചന്റെ ശ്രദ്ധ വേണം. ഇതില്ലാതെ ഇടങ്ങളിൽ കുഴപ്പങ്ങളുണ്ടാകും. ചില അച്ചന്മാർക്ക് 'അരിത്തോഫോബിയ' (കണക്കിനെപ്പേടി) ഉണ്ടായിട്ടുണ്ട്. അച്ചൻ കൈസ്ഥാനിയെ ശ്രദ്ധിക്കണം കാരണം അത് സമൂഹ ത്തിന്റെ പണമാണ്.

ഒലിവർ ഗോൾഡ് സ്മിത്ത് എഴുതിയ 'വികാർ ഓഫ് വേക് ഫീൽഡ്' എന്നൊരു കൃതിയുണ്ട് അതിൽപ്പറയുന്ന പ്രകാരം വികാരി പർവ്വതത്തോട് സമനായിരിക്കണം. താഴെ പ്രശ്നങ്ങളുടെ താഴ്‌വാര മാണ്, മധ്യേ കാറ്റും, കൊടുങ്കാറ്റും (ഹൃദയഭാഗത്ത്) എന്നാൽ ഏറ്റവും ഉയർന്ന സ്ഥലത്ത് (ശിരസ്സ്) എപ്പോഴും ശാന്തതയായിരിക്കും....

*ശേഷം 17-ാം പേജിൽ*

**നടന്നും ബസ് കയറിയും യാത്ര ചെയ്തു ശീലിച്ച നാളുകളിലാണ് അച്ചനായത്.**






കാഴ്ചപ്പാട്

# വിദ്യാർത്ഥികളും സോഷ്യൽ മീഡിയായും

പുതിയ അദ്ധ്യയനവർഷം മിഴി തുറന്നു. പുതു പുത്തൻ പ്രതീക്ഷകളോടെ വിദ്യാർത്ഥികളെ മാതാപിതാക്കൾ സ്ക്കൂളിലേക്ക് അയയ്ക്കുന്നു. സ്ക്കൂൾ കോളേജ് തലങ്ങളിൽ എത്തുന്ന വിദ്യാർത്ഥികൾ മാതാപിതാക്കളുടെ പ്രതീക്ഷകൾക്ക് അനുസരിച്ച് ഉയരുന്നുണ്ടോ?

കലാലയ-കാമ്പസ് രാഷ്ട്രീയം അവസാനിപ്പിച്ചതോടെ വിദ്യാഭ്യാസ രംഗത്ത് അതിക്രമിച്ച് കയറിയ വലിയ പ്രസ്ഥാനമാണ് 'സോഷ്യൽ മീഡിയ'. ഇത് പുതുമാധ്യമം എന്നും സാമൂഹിക മാധ്യമം എന്നും അറിയപ്പെടുന്നു. ശബ്ദവും ദൃശ്യവും ഉൾപ്പെടുന്ന എല്ലാവിധ മാധ്യമ സങ്കേതങ്ങളും ഇതിൽ ലഭ്യമാകുന്നു. സോഷ്യൽ മീഡിയായുടെ ഓപ്പറേഷൻ മൊബൈൽ ഫോൺ വഴിയാണ് അധികവും വിദ്യാഭ്യാസ രംഗത്ത് ഫെയ്സ് ബുക്ക് ഉൾപ്പെടെയുള്ള സോഷ്യൽ നെറ്റ് വർക്കിങ്ങ് സൈറ്റുകൾ സൃഷ്ടിക്കുന്ന അപചയം അതീവ ഗുരുതരമാണ്.

വിദ്യാഭ്യാസത്തിൽ ലഭ്യമാകുന്ന ധാർമ്മിക അടിത്തറയെ തകർക്കുന്ന സ്വാധീനമാണ് പുതു മാധ്യമങ്ങൾക്ക് ഉള്ളത്. സ്ക്കൂൾ വിദ്യാർത്ഥികൾ പോലും ഫെയ്സ് ബുക്ക് സംസ്ക്കാരത്തിൽ അടിമപ്പെട്ടു. ഇതിലെ നന്മയും തിന്മയും വിശകലനം ചെയ്ത് വ്യാപകമായ ബോധനം നൽകേണ്ടത് ആവശ്യമാണ്.

മദ്യമയക്കുമരുന്നുകൾ പോലെ സാമൂഹിക മാധ്യമങ്ങൾ വിദ്യാർത്ഥി സമൂഹത്തെ ഗ്രസിച്ചിരിക്കുകയാണ്. ഇവയിൽ നിന്നു നമ്മുടെ വിദ്യാർത്ഥികളെ എങ്ങനെ രക്ഷിക്കാം. സഭകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇക്കാര്യത്തിൽ ചില ധാർമ്മിക ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുവാൻ കഴിയുമോ.

സാമൂഹിക മാധ്യമങ്ങളിലെ നന്മതിന്മകളെക്കുറിച്ച് ഈ ചർച്ചയിൽ പങ്കു ചേരുന്നത് പതിനേഴ് വയസ്സിൽ താഴെ പ്രായമുള്ള വിദ്യാർത്ഥികളാണ്. പുതു മാധ്യമങ്ങളുടെ അതിസംക്രമണങ്ങളെക്കുറിച്ച് അവർ നൽകുന്ന അഭിപ്രായങ്ങൾ യാതൊരുവിധ എഡിറ്റിങ്ങും ഇല്ലാതെ അവതരിപ്പിക്കുന്നു. സാമൂഹിക മാധ്യമങ്ങളെക്കുറിച്ച് വിദ്യാർത്ഥികൾ പങ്കിടുന്ന കാഴ്ചപ്പാട് എന്നതാണ്...?

* * * *

പുതുമാധ്യമ സംസ്ക്കാരം ഇന്നത്തെ വിദ്യാർത്ഥി സമൂഹത്തെ ബാധിക്കുന്നു. ആത്മീക, ഭൗതീക, വിദ്യാഭ്യാസ തലത്തിൽ ഈ സോഷ്യൽ മീഡിയ ഇന്നു ഒഴിച്ചുകൂടാനാവാത്തതാണ്. ഇതു ഒരു വിധത്തിൽ നല്ലതുമാണ്, എന്നാൽ ഇന്നത്തെ കുട്ടികൾ ഇവയ്ക്ക് അടിമപ്പെടുന്നു. ഒരു തരത്തിൽ ഇതു ഒരു ഗെയിമായി മാറുന്നു. പരസ്പരം അറിയാത്തവരുമായി ചാറ്റ് ചെയ്തും ചിത്രങ്ങൾക്ക് ലൈക്ക് കൊടുത്തും സമയം വേസ്റ്റാക്കുന്നു. ഇതു വഴി വായനാശീലം, അദ്ധ്വാനശീലം പഠനനിലവാരം ഇവ കുറയുന്നു. മൊബൈൽ ഫോണിൽ ഇന്നു ഇതു സാദ്ധ്യമാണ്. എല്ലാ വിദ്യാർത്ഥികളും ഇതിൽ മുഴുകി മനസിനെ മന്ദീഭവിപ്പിക്കുന്നു. തങ്ങളുടെ ദൗത്യം മറന്ന് സുഖങ്ങളുടെ പുറകേ കൂടുതൽ സന്തോഷത്തിന്റെ പുറകേ പോയി കുടുംബത്തിന്റെ പവിത്രതയും സഹകരണവും കുറയ്ക്കുന്നു.

ഇതിനെ ഓവർകം ചെയ്യാൻ കൂടുതൽ പ്രാധാന്യം



അവയ്ക്കു കൊടുക്കാതിരിക്കുക എന്നതാണ് ഇവകളിൽ നമ്മുടെ പൂർണ വിവരങ്ങളും, ഫോട്ടോസും നൽകാതെയിരിക്കുക. വിശ്വസിച്ചു വാ തുറക്കാനാകാത്ത ലോകമാണ്. ഒരു വിധത്തിൽ ഒരു രഹസ്യക്കൂടിക്കാഴ്ചയാണ് – സോഷ്യൽ മീഡിയ. ആര്? എന്ത്? എവിടെ? യാഥാർത്ഥ്യം ഒന്നും തമ്മിലറിയുന്നില്ല.

**ഗീവർഗീസ് തോമസ്, ചെറുവക്കൽ**

പുതു മാധ്യമങ്ങളെ ലോകം ഒരു ഫാഷൻ ആക്കുന്നുണ്ട്. എത്ര പാവപ്പെട്ട വീട്ടിലെ കുട്ടികളായാലും facebook, yahoo, google, twitter തുടങ്ങിയവ കാണാതിരിക്കുന്നത് അപൂർവ്വമാണ്. ഇത് കാരണം സമൂഹത്തിലും, വീട്ടിലും ഒരു ഒറ്റപ്പെടൽ ഉണ്ടാകുന്നു.

അതോടൊപ്പം തന്നെ ഇത് നല്ല ഗുണമുള്ളതുമാണ്. നെറ്റിലൂടെ പുതിയ പുതിയ വിവരങ്ങൾ നിമിഷങ്ങൾക്കകം അറിയാം. പഠിക്കാനുള്ള വിഷയത്തിലെ എന്തെങ്കിലും സംശയം ഉണ്ടെങ്കിൽ അതും അറിയാൻ സാധിക്കും.

**അഞ്ജലി ലാലു, തോപ്പിൽ, മണലിൽ**

സോഷ്യൽ മീഡിയ വിദ്യാർത്ഥി സമൂഹത്തിന് ഗുണകരമാണ് അതുപോലെ ദോഷകരവുമാണ്. അത് ഒരു പാട് വിജ്ഞാനം നൽകുന്നതും, അറിവ് വർദ്ധിപ്പിക്കുന്നതുമാണ്. ലോകത്തിലെ ഏത് സംഭവത്തെയും പറ്റിയുള്ള അറിവുകൾ അതിൽ ലഭ്യമാണ്. ഫെയ്സ്ബുക്ക് പോലെയുള്ളവ അകലുന്ന ബന്ധങ്ങളെ അടുപ്പിക്കാനും, ഉറപ്പിക്കാനും, പുതിയ സുഹൃത്ത് ബന്ധങ്ങൾ സ്ഥാപിക്കാനും സഹായിക്കുന്നു. എന്നാൽ യുവജനങ്ങൾ ഇത് കൂടുതലായി ദുർവിനിയോഗം ചെയ്യാൻ സാധ്യതയുണ്ട്. അതിനാൽ ഇതേപ്പറ്റിയുള്ള വ്യക്തമായ ധാരണകൾ നൽകിയ ശേഷം മാത്രം മാധ്യമം വിദ്യാർത്ഥികളുടെ ഉപയോഗത്തിനായി കൊടുക്കുക.

**റോണി ജെ. റോയി, കരിമുളയ്ക്കൽ**

വിദ്യാർത്ഥി സമൂഹത്തെ ഏറ്റവും അധികം സോഷ്യൽ മീഡിയ സ്വാധീനിക്കുന്നുണ്ട്. പണ്ട് 6 മണിക്കൂർ പഠിച്ചിരുന്ന കുട്ടികൾ ഇന്ന് 2 മണിക്കൂർ എങ്കിലും ഇത്തരം മാധ്യമങ്ങളുടെ മുന്നിലാണ്. കുട്ടികളിൽ പഠിക്കുവാനുള്ള സമയം കുറയുകയും അവർ കൂടുതൽ ക്ഷീണിതരാവുകയും ചെയ്യുന്നു. മാത്രമല്ല ഇത് ശരീരത്തെയും കണ്ണിനെയും ബാധിക്കുന്നു. വിദ്യാർത്ഥികൾ പരിചയമില്ലാത്ത ആളുകളുമായി ബന്ധത്തിലാവുകയും അപകടരമായ അവസ്ഥകൾ സൃഷ്ടിക്കുകയും ചെയ്യുന്നു. മാതാപിതാക്കൾ അല്ലെങ്കിൽ സഹോദരങ്ങൾ കൂടെയുണ്ടാകുമ്പോൾ മാത്രം ഇത്തരം മാധ്യമങ്ങൾ ഉപയോഗിക്കാവൂ.

**അനീറ്റാ സൂസൻ സാബു, ചെങ്ങന്നൂർ**

സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റിനെ ന്യൂ ജനറേഷൻ വലിയ രീതിയിൽ ആശ്രയിക്കുന്നു. അവർ ദിനചര്യകൾ പോലും കൃത്യ സമയത്ത് നടത്താതെ ഇതിൽ ആശ്രയിക്കുന്നു. ഇത് ഉപയോഗിക്കുന്നതിന് ഒരു ലിമിറ്റ് ഉണ്ടാകണം. ഹ്യസ്വമായ സമയം ഇതിന് മാറ്റിയാൽ ആരുടെയും പഠനം ഉഴപ്പത്തില്ല ആരും വഴിതെറ്റിപ്പോകത്തുമില്ല. അമിതമായ ചാറ്റ് വിദ്യാർത്ഥികളെ വഴിതെറ്റിക്കുന്നു. നെറ്റ്‌വർക്കിംഗ് സൈറ്റിൽ ധാരാളം ഫ്രണ്ട്സ് ഉണ്ടെന്ന് പറയുന്നു. നമുക്ക് അറിയാവുന്നത് ചുരുക്കം പേർ മാത്രം. ഒരു ലിമിറ്റിൽ ഇത് ഉപയോഗിച്ചാൽ കെണികളിൽ വീഴില്ല.

**ജോൺ ലൂക്കോസ്, വില്ലൂർ**

പുതുമാധ്യമങ്ങൾ ഇന്ന് നമ്മുടെ സമൂഹത്തെ അതിതീവ്രമായി ബാധിച്ചു. ഇതിൽ വിദ്യാർത്ഥികൾ മാത്രമല്ല മുതിർന്നവരുമുണ്ട്. സമൂഹത്തിന് അതിഭവിഷത്തുകൾ വന്നു ചേരും. വിദ്യാർത്ഥികളെ പുതു മാധ്യമങ്ങൾ പഠിത്തത്തെയും സ്വാധീനിക്കുന്നു. ഇതിനെ അതിജീവിക്കാൻ മാധ്യമങ്ങളെ സ്വയം നിയന്ത്രിക്കാൻ സാധിക്കണം.

**ജോബ് ജോൺ, ചെങ്ങമനാട്**

ഇന്ന് ഞാനുൾപ്പെടുന്ന തലമുറയിൽ മാധ്യമം വിദ്യാഭ്യാസപരമായി കൂടുതൽ മികവു പുലർത്തുന്നു. ആധുനിക സാങ്കേതിക രംഗങ്ങളുടെ വളർച്ച കൂടുതൽ കുട്ടികൾ മോഹ വിലങ്ങായി നിൽക്കുന്നു. അവർ ഈ സാങ്കേതിക വിദ്യകൾ കൈക്കലാക്കുന്നു. മൊബൈൽ ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ മേഖലകളിൽ 40% പേരും വഴിതെറ്റുന്നു. ഇത് ഇന്നത്തെ സമൂഹത്തിന്റെ ഒരു ദൂഷ്യഫലമാണ്.

**ജിതിൻ എസ്. വർഗീസ്, പള്ളിപ്പാട്**

ആധുനിക ലോകത്ത് സോഷ്യൽ മീഡിയ വിദ്യാർത്ഥി സമൂഹത്തിനിടയിൽ വളരെയേറെ സ്വാധീനം ചെലുത്തുന്നു. എന്നാൽ അവയെ ശരിയായ രീതിയിൽ ഉപയോഗിച്ചില്ലാ എങ്കിൽ ദോഷമായി മാറുന്നു. നശിക്കുവാനും, നന്നാകുവാനും ഉള്ള വഴികൾ




സോഷ്യൽ മീഡിയാ നമുക്കു തുറന്നു തരുന്നു. ഫെയ്സ് ബുക്കിൽക്കൂടി ഒരിക്കലും അവരുടെ സ്വഭാവത്തെയോ, അവരുടെ രൂപത്തെയോ അറിയാൻ സാധിക്കില്ലാ. അതുകൊണ്ട് അറിയാവുന്നവരെ മാത്രം ഫ്രണ്ട്സായി തിരഞ്ഞെടുക്കുക. അല്ലാത്ത പക്ഷം ചതികെണികളിൽ വീഴാൻ സാധ്യത ഉണ്ടാകും.

**ജെറി തോമസ് ചാക്കോ മുളക്കുഴ**

സോഷ്യൽ മീഡിയായിൽ വീണു പോയ വിദ്യാർത്ഥി സമൂഹം ആധുനികതയുടെ ഒരു അടയാളം കൂടിയാണ്. ഈ ചതിക്കുഴിയിൽ വീണ് പോയ യുവജനങ്ങളെ കരകയറ്റണം. ഇത് വളരെ പ്രയാസമായി കൊണ്ടിരിക്കുന്നു. ഫെയ്സ് ബുക്ക്, റ്റിറ്റർ, യാഹൂ എന്നിവ പലരീതിയിൽ ഉപയോഗപ്പെടുത്തുന്നു. സോഷ്യൽ മീഡിയായെക്കുറിച്ച് ബോധവൽക്കരണം ഈ പ്രതിസന്ധിക്ക് ഒരു നല്ല ഘടകമാണ്. അധികാരമുള്ള വകുപ്പുകളിൽ നിയമനടപടികളുണ്ടാകണം. നിയമാവലികൾ നടപ്പാക്കപ്പെടണം. സൈബർസെൽ തുടങ്ങിയവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി സൈബർ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കണം.

**ഈപ്പൻ ജോൺസ്, തട്ടാരമ്പലം**

സോഷ്യൽ മീഡിയാ റ്റീനേജേഴ്സിന്റെ ഇടയിൽ സജീവമാണ്. വിദ്യാർത്ഥികൾ അതിന് അടിമപ്പെട്ട് പഠിക്കുവാനുള്ള സമയം ഫെയ്സ്ബുക്കിൽ ചെലവഴിക്കുന്നു. പരസ്പരം പരിചയമില്ലാത്തവരുമായി ഫ്രണ്ട്സാകുമ്പോൾ അവരെപ്പറ്റി യാതൊരു വിവരവും കൂടുതൽ അന്വേഷിക്കാതെ ചാറ്റ് ചെയ്ത്, അവസാനം യഥാർത്ഥ വിവരമറിയുമ്പോൾ അതിനെ അതിജീവിക്കാൻ കഴിയാതെ തളർന്നു പോകുന്നു. അതിൽ പലരും ആത്മഹത്യയിൽ

കലാശിക്കുന്നു. പ്രത്യേകിച്ച് പെൺകുട്ടികൾ. ഒരു ഫോട്ടോ അപ്‌ലോഡ് ചെയ്യുമ്പോൾ അത് പബ്ലിക് ആയിട്ട് ഇടുമ്പോൾ പരിചയമില്ലാത്ത ആളുകൾ അത് ഡൗൺലോഡ് ചെയ്തു മോർഫിങ് മുതലായവ ചെയ്യുവാൻ സാധ്യതയുണ്ട്.

ഫെയ്സ് ബുക്കിൽ ദിവസവും അരമണിക്കൂർ ചെലവഴിക്കുക. അതും മാതാപിതാക്കളുടെ സാന്നിദ്ധ്യത്തോടു കൂടി. ഒരു ഫോട്ടോ അപ്‌ലോഡ് ചെയ്യുമ്പോൾ അത് വളരെ പരിചയമുള്ള സുഹൃത്തുക്കൾക്ക് കാണാൻ പറ്റുന്ന വിധത്തിലാക്കണം. പരിചയമില്ലാത്തവരെ ആഡ് ചെയ്യാതിരിക്കുക.

**സെറിൻ അന്ന ഉമ്മൻ, തിരുവനന്തപുരം**

ഇന്നത്തെ സമൂഹത്തിൽ പുതുമാധ്യമങ്ങൾക്കാണ് പ്രാധാന്യം. പ്രത്യേകിച്ചു വിദ്യാർത്ഥികൾ ജനിച്ചു വീഴുമ്പോഴേക്കും അവർക്ക് കംപ്യൂട്ടർ പരമായ എല്ലാ കാര്യങ്ങളും അറിയാം. വിദ്യാർത്ഥികളെ അത് ബാധിക്കുന്നത് രണ്ട് രീതിയിലാണ് 1. ദോഷകരമായി 2. ശരിയായ രീതിയിൽ അത് ദോഷമാകുമോ ഇല്ലയോ എന്നത് നമ്മുടെ കൈയിലാണ്. നമുക്ക് നമ്മിൽ തന്നെ നിയന്ത്രണവും, ബോധവും ഉണ്ടാകണം. ചിലർ ഇതിനെ ദുരുപയോഗിക്കുന്നു. മറ്റു ചിലർ ഇതിൽ നിന്ന് നേട്ടം ഉണ്ടാക്കുന്നു. തന്മൂലം സമൂഹവുമായി ഉള്ള ബന്ധം ഇല്ലാതാകുന്നു. വിശാലമായ ലോകത്തിലേക്ക് കടക്കുമ്പോൾ സോഷ്യൽ മാധ്യമങ്ങളെക്കുറിച്ച് അറിവില്ലെങ്കിൽ നമ്മൾ തരം താഴ്ത്തപ്പെടും.

**എയ്ഞ്ചൽ റ്റി. സൂസൻ പണിക്കർ, കുണ്ടറ**

വിദ്യാർത്ഥികൾ സമൂഹത്തെ അറിയുന്നില്ല. എഴുത്തും വായനയും അറിയാതെ പോകുന്നു. കുട്ടികളുടെ വ്യക്തിത്വം നഷ്ടമാകുന്നു. ടി. വി. ഉപയോഗിക്കുന്നതു പോലെ സോഷ്യൽ മീഡിയയും എല്ലാവരും ഒരുമിച്ച് വേണം ഉപയോഗിക്കാൻ.

**ടോണി തോമസ് ജോൺ, ആല**

പുതുമാധ്യമങ്ങൾ ആവശ്യത്തിന് ഉപയോഗിക്കുക. അതിനെ അനാവശ്യമായി ഉപയേഗിക്കുമ്പോൾ അത് നമ്മളെ ബാധിക്കുന്നു. ഇതിനെ അതിജീവിക്കുവാൻ കുട്ടികൾ വേണ്ടതായ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക. ഒരു നിയന്ത്രണം വയ്ക്കുക. ഇതിനെ ഉപയോഗിക്കാൻ പഠിക്കുക. "ഒരാളും ജനിക്കുമ്പോൾ ഇതിന് അടിമകൾ ആകുന്നില്ല. ഇതിന്റെ ദുരുപയോഗം ആണ് ഇതിലേക്ക് എത്തിക്കുന്നത്."

**ഷൈജു മാത്യു, ഇലവുംതിട്ട**

'ഒരു പെൻസിൽ പോലെ' എന്ന പുസ്തകത്തിൽ പറയുന്നു. പെൻസിൽ ആരുടെ കൈയ്യിൽ ഇരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും അതിന്റെ ഉപയോഗം. നല്ലകലാകാരനാണെങ്കിൽ അതുകൊണ്ട് നല്ല സൃഷ്ടികൾ ഉത്ഭവിക്കും. മറിച്ചാണെങ്കിൽ അത് ദുരുപയോഗപ്പെടുത്തും. അതുപോലെയാണ് ഈ പുതു മാധ്യമങ്ങളുടെ സ്വഭാവവും വിശേഷണവും. നല്ല ഉപഭോക്താവിന്റെ കൈയ്യിൽ ഇത് എത്തിയാൽ അതുകൊണ്ട് പ്രയോജനമുണ്ടാകും. ഐ. റ്റി യുടെ ഈ വിസ്ഫോടന കാലഘട്ടത്തിൽ പുതുമാധ്യമങ്ങൾ ഇല്ലാത്ത ജീവിതം സാധ്യമല്ല. ഇത് നല്ലതുപോലെ ഉപയോഗിക്കുവാൻ സാധിക്കണം. ഇതിന്റെ ദൈർഘ്യമേറിയ ഉപയോഗം വിദ്യർത്ഥികളുടെ വിദ്യാഭ്യാസ ജീവിതത്തെ ബാധിക്കാം. പഠിത്തത്തിൽ നിന്ന് ശ്രദ്ധ വ്യതിചലിക്കുവാൻ പ്രേരകമാകാം. അതു കൂടാതെ ഈ പുതുമാധ്യമങ്ങളും വിദ്യാർത്ഥികളും മാത്രമായി അവർ സമൂഹത്തിൽ നിന്ന് എന്തിന് ഭവനത്തിൽ നിന്നും അന്യപ്പെട്ടുപോകുന്നു. സമൂഹമായി ഒരു ബന്ധവുമില്ലാത്ത 'പൊട്ടറ്റോസ്' മാത്രമായി പോകുന്നു. മാതാപിതാക്കൾ ഇതിന്മേൽ ഒരു നിയന്ത്രണം വയ്ക്കുകയും നാം സ്വയം നിയന്ത്രിക്കുകയും ചെയ്താൽ ഉറപ്പായും ഈ സാമൂഹിക മാധ്യമത്തെ ഏറ്റവും ഉചിതമായി ഉപയോഗിക്കുവാൻ സാധിക്കും. ഇതിന്റെ കണ്ടുപിടിത്തത്തിന്റെ സാധ്യതയും ഉദ്ദേശ്യവും അന്വർത്ഥമാവുകയും ചെയ്യും.

**മാമ്മൻ ജോസഫ്, കല്ലൂപ്പാറ**

സോഷ്യൽമീഡിയ ഇന്ന് പല കുട്ടികൾക്കും ആഹാരത്തേക്കാൾ വലിയതാണ്. ഞാൻ ഈ അടുത്ത കാലത്ത് ഒരു യുവജന ക്യാമ്പിൽ പോയി, അവിടെ നമ്മുടെ കുട്ടികൾ മുഴുവൻ സമയവും ഫെയ്സ്ബുക്കിൽ ആണ് സമയം ചിലവഴിച്ചത്. നിർബന്ധമായി ക്യാമ്പുകളിൽ മൊബൈൽ ഫോണിന് നിയന്ത്രണം വേണം. മലങ്കരസഭയിലെ മെത്രാപ്പോലീത്തന്മാർ മുതൽ വൈദികരുൾപ്പെടെ എല്ലാവരും സോഷ്യൽമീഡിയായിൽ ഭാഗമാണ്.

**സാം തോമസ് ചെന്നിത്തല**

സോഷ്യൽ മീഡിയ ലോകത്തിൽ കൂടി വരുന്ന സാഹചര്യം ആണ്. ഇത് വിദ്യാർത്ഥി സമൂഹത്തെ മുഴുവനായി ദോഷകരമായി ബാധിക്കുന്ന ഒന്ന് തന്നെയാണ്. ആദ്യം ഒരു ആവേശത്തിൽ തുടങ്ങി വെയ്ക്കുന്നു പിന്നീട് വിദ്യാർത്ഥി സമൂഹത്തെ മുഴുവനായി ഈ മീഡിയ നശിപ്പിക്കുന്നു. ആദ്യം കുടുംബ ബന്ധത്തിന്റെ സ്നേഹത്തെ ഇളക്കുന്നു. പിന്നീട് കുടുംബത്തെയും സമൂഹത്തെയും മുഴുവനായി അകറ്റുന്നു.

ആവശ്യം ഉള്ളപ്പോൾ മാത്രം ഇത് ഉപയോഗിക്കുക. ഒരു നിയന്ത്രണം ഏർപ്പെടുത്തുക. അതിലെ നന്മ തിന്മകളെ കണ്ട് അറിയുക. ഇതിനെ സ്വയം ആയി നിയന്ത്രിക്കാൻ കഴിഞ്ഞാൽ സോഷ്യൽ മീഡിയായെ ശരിയായി അതിജീവിക്കാൻ കഴിയും.

**എബി എബ്രഹാ, കുടശ്ശനാട്**

ഇന്നത്തെ വിദ്യാർത്ഥികൾക്ക് അറിയില്ല സോഷ്യൽ മീഡിയ കൃത്യമായി ഉപയോഗിക്കുവാൻ. മനുഷ്യബുദ്ധിക്ക് അതീതമായി ഇന്ന് ഇന്റർനെറ്റിനെ നമുക്ക് കാണാം. നമുക്ക് എന്ത് വിവരങ്ങൾ വേണമെങ്കിലും ഇതിലൂടെ ലഭിക്കുന്നു. ഒറ്റ കാര്യമെ ഉള്ളു പൊതുമാധ്യമങ്ങൾ ഉപയോഗിക്കേണ്ട രീതിയിൽ ഉപയോഗിക്കണം.

**ടിനു ജോൺ തോമസ് ഇടവങ്കാട്**

സോഷ്യൽ മീഡിയവിദ്യാർത്ഥികളിൽ വളരെ പരിചിതമാണ്. 75% പേരും സോഷ്യൽ മീഡിയായിലെ അംഗമാണ്.

ഈ സോഷ്യൽ മീഡിയ അടിമപ്പെടുന്നത് എങ്ങനെ എന്നല്ലേ? ഒരു തര



ത്തിലെ അടിമപ്പെടലുകൾ പ്രണയം മൂലം ആണ്. ഈ പ്രണയം സത്യം എന്നു വിചാരിച്ച് അവർ കൂടുതൽ സമയം സോഷ്യൽ മീഡിയയിൽ ഏർപ്പെടുന്നു. ചില കൂട്ടുകാർ ഫെയ്ക്ക് അക്കൗണ്ട് പെൺകുട്ടികളുടെ പേരിൽ എടുത്ത് തന്റെ കൂട്ടുകാരെ പ്രണയത്തിൽ കുടുക്കി പറ്റിക്കുന്നു ഇതുമൂലം പഠിക്കുവാൻ ഉള്ള സമയം നഷ്ടപ്പെടുന്നു. സോഷ്യൽ മീഡിയയെ മിസ്സ്യൂസ് ചെയ്യുന്നു. ഇതിനെ തിരിച്ചറിയാൻ വളരെ പ്രയാസമാണ്. സോഷ്യൽ മീഡിയായിൽ അടിമപ്പെടാതിരിക്കുവാൻ ഇവയെ കെയർഫുൾ ആയി ഉപയോഗിക്കണം.

**റെമി അലക്സ് കൊട്ടാരക്കര**

പുതു തലമുറയുടെ ഭ്രമമായി മാറിയിരിക്കുന്ന ഒരു സാമൂഹിക മാധ്യമമാണ് ഫെയ്സ് ബുക്ക്. സുഹൃത്തുക്കളെ സമ്പാദിക്കലാണ് ഇതിലെ കൗതുകവും വിനോദവും. ഇത് നല്ലൊരു ശീലമാണെങ്കിൽക്കൂടിയും പലപ്പോഴും അന്ധമായ പല പ്രണയ ബന്ധങ്ങൾക്കു വഴി തെളിക്കുന്നു. ചാറ്റിംഗ് എന്നത് ചാറ്റ് ചെയ്യുന്നവരുടെ പൂർണ്ണരൂപങ്ങൾ പരസ്പരം കണ്ടുകൊണ്ട് സംസാരിക്കുന്ന തരത്തിൽ ഒരു സംവിധാനമുണ്ടാക്കുന്നത് ഇത്തരം വൈകൃതങ്ങൾക്ക് ഒരു പരിഹാരമായേക്കും.

**ജസ്റ്റിൻ പള്ളിപ്പാട്**

ഇന്നത്തെ വിദ്യാർത്ഥികൾ ഈ ലോകത്തിനനുസരിച്ച് മാറുമ്പോൾ അവരും ഇതിൽ പങ്കാളികളാകുന്നു. അവർ അതിനെ ദുരുപയോഗിക്കുകയും ചെയ്യും. സമയം പഠനത്തിന് വിനിയോഗിക്കാതെ ഇതിൽ ശ്രദ്ധാലുക്കളായി പഠനത്തിൽ വീഴ്ച വരുത്തുന്നു. പുതുമാധ്യമങ്ങളുടെ ഉപയോഗം കുറയ്ക്കണം. എങ്കിൽ പഠനം വളരെ ശരിയായ രീതിയിൽ നിവർത്തിക്കും.

**എബ്രഹാം കെ. സാമുവൽ തോട്ടപ്പുഴ**

മാധ്യമങ്ങൾക്ക് നന്മയും തിന്മയും ഉണ്ട്. മാധ്യമം ഒരു കുട്ടി പോസിറ്റീവ് ആയി എടുത്താൽ നന്മയായിരിക്കും, നെഗറ്റീവായി ആണ് എടുക്കുന്നതെങ്കിൽ ദോഷം ആയിരിക്കും.

നാം ഇന്റർനെറ്റ് യൂസ് ചെയ്യുമ്പോൾ ദൈവത്തെ ഓർക്കണം. ഇച്ഛാശക്തി കൊണ്ട് നമുക്കതിനെ തകർക്കാം. ഒരു ക്രിസ്ത്യനിയെ സംബന്ധിച്ചിടത്തോളം- www എന്നുപറഞ്ഞാൽ w- worship (ആരാധന), w- word (വചനം), w - work hard (കഠിനാദ്ധ്വാനം),

*ശേഷം 20-ാം പേജിൽ*




## പത്തു നിർദ്ദേശങ്ങൾ

**ഫാ. അലക്സാണ്ടർ വട്ടയ്ക്കാട്**

# വിദ്യാർത്ഥികളും സോഷ്യൽ മീഡിയാ സൈറ്റുകളും

മനുഷ്യൻ ഒരു സാമൂഹ്യ ജീവിയാണ്. മറ്റുള്ളവരോട് ഇടപെടാനും, സൗഹൃദം സ്ഥാപിക്കാനും, കാരുണ്യം കാണിക്കാനും, മറ്റുള്ളവർക്കു കൊടുക്കുവാനും, അവരിൽ നിന്നു വാങ്ങാനും കഴിയുന്ന സാമൂഹ്യ ജീവി. സൗഹൃദം പങ്കു വയ്ക്കാൻ, വർത്തമാന വിശേഷങ്ങൾ പറയുക, ഒരുമിച്ച് കളിയ്ക്കുക, ഒരുമിച്ചിരുന്നു പഠിക്കുക, ഒരുമിച്ച് പ്രാർത്ഥിക്കുക, ഒരുമിച്ച് ഭക്ഷണം കഴിക്കുക എന്നിവ മാറിയിട്ട്, പുതിയ മാധ്യമങ്ങളായി സോഷ്യൽ നെറ്റ്‌വർക്കിംഗ് സൈറ്റുകൾ ഉപയോഗിച്ചു തുടങ്ങി. ഇന്റർനെറ്റിലെ ഏറ്റവും വലിയ ജനകീയ വഴികളായി സോഷ്യൽ നെറ്റ്‌വർക്കിങ് സൈറ്റുകൾ. അറിവിനും ആനന്ദത്തിനുമായി ഉപയോഗപ്പെടുത്താമെങ്കിലും ധാരാളം അപകടങ്ങൾ പതിയിരിക്കുന്നു എന്നതും തിരിച്ചറിയണം. ഉപയോഗിക്കുന്ന ആളിന്റെ ഇച്ഛാശക്തിയാണ് ഉപയോഗ പ്രദമാണോ, ദുരുപയോഗപ്രദമാണോ എന്ന തീരുമാനത്തിലെത്തിക്കുന്നത്. മൈസ്പേസ്, ഫേസ്ബുക്ക് തുടങ്ങി പ്രചാരമേറിയ സൈറ്റുകളിൽ ആകൃഷ്ടരാകുന്ന കൗമാരക്കാരും അവരുടെ മാതാപിതാക്കളും ശ്രദ്ധിക്കേണ്ട പത്തു കാര്യങ്ങൾ.

1. യഥാർത്ഥ ജീവിത ബന്ധങ്ങൾ ഉണ്ടാക്കിയെടുക്കുന്നത് തടസ്സപ്പെടുത്തുന്നു. വ്യക്തിബന്ധങ്ങൾ വളർത്തിയെടുക്കുക എന്നത് ഒരു കഴിവാണ്. ആ കഴിവുകൾ ആർജ്ജിക്കുവാൻ കുട്ടികൾക്കിന്നു കഴിയുന്നില്ല.

2. പ്രശ്നങ്ങൾ അഭിമുഖീകരിക്കുവാൻ കരുത്തില്ലാത്തവരാകുന്നു; തട്ടിവീഴ്ത്താൻ വരുന്ന കല്ലുകളെ വിജയത്തിലേക്കുള്ള ചവിട്ടു പടിയാക്കുമ്പോഴാണ് യഥാർത്ഥ മനുഷ്യൻ ഉടലെടുത്തത്. പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ ശരിക്കുള്ള വളർച്ചയുണ്ടാകുന്നു.

3. നെറ്റ് വർക്കിങ് സൈറ്റുകളിലെ വിവരണങ്ങൾ രഹസ്യാത്മകത നഷ്ടപ്പെടുത്തുന്നു. എല്ലാവർക്കും ഉപയോഗിക്കാവുന്ന രീതിയിൽ പരസ്യമാണ്. വിവരണങ്ങൾ.

4. ലൈംഗികമായ ശല്യപ്പെടുത്തൽ, ഭീഷണികൾ എന്നിവയുടെ സാധ്യത യേറുന്നു; ബാലലൈംഗിക പീഢനമാണ് ഏറ്റവും വലിയ അപകടം. സൈബർ ബുള്ളിയിങ്ങ് എന്ന പ്രശ്നം ഒരു തരം ബ്ലാക്ക് മെയിലിങ്ങാണ്. ഭീഷണിയുള്ള മെസ്സേജുകൾ പോസ്റ്റു ചെയ്യുക, അപഖ്യാതി പ്രചരിപ്പിക്കുക ഇങ്ങനെ പല രൂപത്തിൽ ബുള്ളിയിങ്ങ് പ്രത്യക്ഷപ്പെടുമ്പോൾ കുട്ടികളിൽ മാനസിക സമ്മർദ്ദം ഉളവാകും. ലൈംഗികമായ എന്തെങ്കിലും നെറ്റിലൂടെ വന്നാൽ കുട്ടികൾ മാതാപിതാക്കളെ അറിയിക്കണം.

5. സൈബർ ലോകത്തിനു പുറത്ത് യഥാർത്ഥ ലോകത്തിലേക്ക് ബന്ധം വ്യാപിക്കുന്നു. കൗമാരക്കാരാണെന്ന ചിന്ത വരുത്തി കുട്ടികളുമായി അടുപ്പം തുടങ്ങുന്നു. 22 വയസ്സുള്ള ഇഞ്ചനീയറിംഗുകാരി ഈ ബന്ധത്തിലൂടെ ഉടലെടുത്ത ആളിനെ നേരിൽ കണ്ടപ്പോൾ 60 വയസ്സിനു മുകളിലുള്ള ആളാണെന്നു ബോധ്യപ്പെട്ട സംഭവം വാർത്തയായതാണ്.

6. ഇന്റർനെറ്റ് കണക്ഷൻ വീട്ടിൽ പൊതുസ്ഥലത്തായിരിക്കണം. കുട്ടികൾ പോസ്റ്റു ചെയ്യുന്നതെല്ലാം മാതാപിതാക്കൾ ശ്രദ്ധിക്കണം.

7. അസ്വീകാര്യമായ ഉള്ളടക്കം ഉപയോഗിക്കില്ലെന്നു ഉറപ്പു വരുത്തണം.

8. അല്പ സമയത്തെ ഉത്തരവാദിത്വമില്ലായ്മ വലിയ അപകടങ്ങൾ വിളിച്ചുവരുത്തുമെന്നു ബോധ്യപ്പെടുത്തണം. ഉപദേശിച്ചും, കുറ്റപ്പെടുത്തിയുമല്ല സ്നേഹത്തോടെ എല്ലാം പറഞ്ഞു കൊടുക്കണം.

9. വ്യക്തിപരമായ വിവരണങ്ങളായ വിലാസം, ജനനതീയതി, ഫോൺ നമ്പർ, സ്ക്കൂളിന്റെ പേര് ഇവ നൽകാതിരിക്കുക.

10. അനാരോഗ്യകരവും അപകടകരവുമായ ഉപയോഗങ്ങളെ തിരിച്ചറിയുവാനും, ഉപേക്ഷിക്കുവാനും മാതാപിതാക്കൾ കുട്ടികളെ പഠിപ്പിക്കണം. കുട്ടികളുടെ വഴിതെളിക്കുന്നവരായി മാതാപിതാക്കൾ തീരണം. മാലാഖമാരായ കുട്ടികളെ വളർത്തി പിശാചുകളാക്കരുത്. മൂല്യബോധമുള്ള വിദ്യാഭ്യാസം നൽകാൻ പുതിയ അദ്ധ്യയന വർഷം സാധിക്കട്ടെ! ■



## ചരിത്രം

മിലാൻ പ്രഖ്യാപനം വഴി റോമൻ സാമ്രാജ്യത്തിലെ പ്രജകൾക്ക് അവരവരുടെ മത പ്രകാരമുള്ള വിശ്വാസം പുലർത്തുവാനുള്ള സ്വാതന്ത്ര്യം ലഭിച്ചു. മത സഹിഷ്ണുതയും സൗഹാർദ്ദവും വാഗ്ദാനം ചെയ്യപ്പെട്ടു. ക്രൈസ്തവർക്കെതിരെയുള്ള പീഡനങ്ങൾ അവസാനിച്ചു.

# മിലാൻ വിളംബരത്തിന്റെ 1700 വർഷം

**ഡോ. എം. കുര്യാക്കോസ് മുകളത്ത്**

ചരിത്രകാരന്മാരുടെയും സഭാപണ്ഡിതന്മാരുടെയും സവിശേഷ ശ്രദ്ധയാകർഷിച്ച മിലാൻ വിളംബരത്തിന് (The Edict of Milan, AD 313) ഇപ്പോൾ 1700 വർഷം തികയുന്നു. കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ ജന്മനാടായ സെർബിയയിലെ നിസ് പട്ടണത്തിൽ ഒരു വർഷം നീണ്ടു നിൽക്കുന്ന ശതാബ്ദി ആഘോഷങ്ങൾ ആരംഭിച്ചുകഴിഞ്ഞു. സെർബിയൻ ഓർത്തഡോക്സ് സഭയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രസ്തുത ചടങ്ങുകളിൽ റോമൻ കത്തോലിക്കാ സഭയുടെ മാർപാപ്പ സംബന്ധിക്കുമെന്നുള്ള വാർത്തകൾ പ്രചരിച്ചിരുന്നു. 85 ശതമാനം ജനങ്ങളും ഓർത്തഡോക്സ് വിശ്വാസികളായിരിയ്ക്കുന്ന സെർബിയയിൽ സെപ്തംബർ 21-ന് മിലാൻ വിളംബരത്തിന്റെ സ്മരണയ്ക്കായി നടത്തുന്ന ദിവ്യബലിയിൽ ഒരു ലക്ഷത്തോളം വിശ്വാസികൾ സംബന്ധിക്കുമെന്ന് സംഘാടകർ പ്രതീക്ഷിക്കുന്നുണ്ട്.

റോമൻ സാമ്രാജ്യത്തിന്റെ കിഴക്കൻ പ്രവിശ്യയുടെ അഗസ്റ്റസ് ആയിരുന്ന ലിസിനിയൂസും (263 – 325) പടിഞ്ഞാറൻ പ്രവിശ്യയുടെ അഗസ്റ്റസ് ആയിരുന്ന കോൺസ്റ്റൻടൈനും (272 – 337) AD 313 ഫെബ്രുവരി അവസാനത്തോടെ ഇറ്റലിയിലെ മിലാൻ പട്ടണത്തിൽ വച്ച് നടത്തിയ കൂടിക്കാഴ്ചയിലാണ് ചരിത്ര പ്രസിദ്ധമായിത്തീർന്ന മിലാൻ വിളംബരം ഉടലെടുത്തത്. അവിടെ വച്ച് കോൺസ്റ്റൻടൈൻ തന്റെ അർദ്ധ സഹോദരിയായ ഫ്ളാവിയ ജൂലിയൻ കോൺസ്റ്റാൻഷ്യയെ ലിസിനിയൂസിന് ഭാര്യയായി വിവാഹം ചെയ്തു കൊടുത്തു. അദ്ദേഹവുമായുള്ള സൗഹൃദബന്ധം പുതുക്കി രാഷ്ട്രീയ സഖ്യം ബലപ്പെടുത്തി ഉറപ്പിച്ചു. രണ്ടുപേർക്കും ഒരുപോലെ വെല്ലുവിളിയായി വർത്തിച്ചിരുന്നയാളും കിഴക്കൻ പ്രവിശ്യയുടെ കൈസർ സ്ഥാനിയുമായിരുന്ന മാക്സിമിന് എതിരെയുള്ള പ്രതിരോധത്തിന് ഇങ്ങനെ ഒരു കൂട്ടുകെട്ട് ആവശ്യമായിരുന്നു. ക്രിസ്ത്യാനികൾക്ക് എതിരായ വിധ്വംസകനയങ്ങൾക്ക് ലിസിനിയൂസിനെ പ്രേരിപ്പിച്ചു കൊണ്ടിരുന്നതും മാക്സിമിൻ ആണെന്ന് പറയപ്പെടുന്നു. ഏതായാലും മിലാൻ ചർച്ചകൾ അവസാനിക്കുന്നതിനു മുമ്പുതന്നെ മാക്സിമിൻ കിഴക്കൻ പ്രവിശ്യയിലെ ബോസ്ഫോറസ് കടന്ന് കിഴക്കൻ യൂറോപ്പ് പ്രദേശത്തെ ആക്രമിക്കുന്നതിനായി അറിവുകിട്ടി. ലിസിനിയൂസ് ഉടനടി മിലാൻ വിട്ടുപോവുകയും തന്റെ സൈന്യത്തെ സജ്ജമാക്കി മാക്സിമിനുമായ നീണ്ട യുദ്ധത്തിലേർപ്പെടുകയും ചെയ്തു. 313 ഏപ്രിൽ 30-ന് സിറല്ലിയത്ത് വച്ചു നടന്ന ഘോര പോരാട്ടത്തിൽ ലിസിനിയൂസിന്റെ സൈന്യങ്ങൾ മാക്സിമിയനെ തോൽപ്പിച്ചു (The Battle of Tzarallium). യുദ്ധത്തിനു മുമ്പ് ഉണ്ടായ ഒരു വെളിപ്പാടിൽ ആകാശത്ത് നിന്ന് ഇറങ്ങി വന്ന മാലാഖ തന്റെ പടയാളികൾ ഉരുവിടേണ്ട ഒരു പ്രാർത്ഥന ലിസിനിയൂസിന് പറഞ്ഞു കൊടുത്തുവത്രെ. ഏതായാലും യുദ്ധത്തിൽ ജയിച്ച ലിസിനിയൂസ് ജൂൺ 13 –ന് (14 എന്നും കാണുന്നു) തന്റെ ഭരണാധികാരികൾക്ക് വിളംബരം അയച്ചുകൊടുത്തു.

ഡയോക്ളീഷ്യൻ ചക്രവർത്തിയുടെ ഭരണകാലത്ത്




ക്രിസ്ത്യാനികളിൽ നിന്ന് ബലമായി പിടിച്ചെടുത്ത വസ്തുവകകളും ആരാധനാലയങ്ങളും മറ്റ് സ്ഥാവര ജംഗമ വസ്തുക്കളും ആക്ഷേപം കൂടാതെ തിരിച്ചുകൊടുക്കുവാൻ കല്പനയായി. അനേകം പേർക്ക് നഷ്ടപരിഹാരം അനുവദിച്ചു. രാജ്യത്തിന്റെ നന്മ ലക്ഷ്യമാക്കി ക്രിസ്ത്യാനികളോട് അനുഭാവപൂർവ്വം പെരുമാറുവാൻ ഭരണാധികാരികളെ ഓർമ്മിപ്പിച്ചു. തങ്ങളുടെ വാസസ്ഥലങ്ങളിൽ അവർ സുരക്ഷിതരായിരിക്കുവാൻ വേണ്ട ക്രമസമാധാന നടപടികൾ സ്വീകരിക്കുവാൻ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശങ്ങൾ നൽകി. "....... and now any one who wishes to observe Christian religion may do so freely and openly without any molestation......" എന്നാണ് ശാസനത്തിലെ ഒരു വാക്യം. എല്ലാ മതങ്ങൾക്കും ഒരുപോലെ സ്വാതന്ത്ര്യം നൽകുന്ന പ്രഖ്യാപനമാണെങ്കിലും ക്രിസ്തുമതത്തെ പരസ്യമായി അനുകൂലിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന നിർദ്ദേശങ്ങളാണ് വിളംബരത്തിൽ കാണുന്നത്. രണ്ടു വർഷം മുമ്പ് AD 311 ഏപ്രിൽ മാസത്തിൽ അന്നത്തെ ചക്രവർത്തിയായിരുന്ന ഗലേറിയസ് ഒരു മതസഹിഷ്ണുതാ വിളംബരം (The Edit of Toleration) നടത്തിയിരുന്നുവെങ്കിലും അത് ക്രിസ്തുമതത്തിന് പ്രത്യേക അംഗീകാരവും ആനുകൂല്യങ്ങളും വാഗ്ദാനം ചെയ്തിരുന്നില്ല. രാജ്യത്തെ എല്ലാ മതങ്ങൾക്കും സഹിഷ്ണുതയോടെ പുലരുവാൻ ഉള്ള അവകാശം മാത്രമായിരുന്നു അത്. അങ്ങനെ ക്രിസ്തുമതം അവലംബിയ്ക്കുന്നത് രാജ്യ ദ്രോഹ കുറ്റമല്ലാതായിത്തീർന്നിരുന്നു എന്നു മാത്രം. പക്ഷേ ക്രിസ്ത്യാനികൾക്ക് എതിരെയുള്ള പീഡനങ്ങൾക്ക് കാര്യമായ ശമനമൊന്നുമുണ്ടായില്ല.

മിലാൻ വിളംബരത്തിന്റെ ആദ്യ രൂപം ഇപ്പോൾ ലഭ്യമല്ല. മിലാൻ ശാസനങ്ങൾ എഴുതി പ്രദർശിപ്പിച്ച ശിലയോ സ്തംഭങ്ങളോ കമാനങ്ങളോ മറ്റ് അവശിഷ്ടങ്ങളോ ഇന്നേവരെ കണ്ടെത്തിയിട്ടില്ല.

മിലാൻ വിളംബരത്തോടുകൂടി ക്രിസ്തുമതം ബഹുമാന്യമായി. ക്രൈസ്തവ സഭയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചു. ക്രിസ്തു മതാനുയായികൾക്ക് എവിടെയും സമുന്നത പദവികൾ ലഭിച്ചു. സൈന്യത്തിലും കൊട്ടാരങ്ങളിലും ഔദ്യോഗിക സ്ഥാനങ്ങൾക്ക് അവർ അർഹരായി. പീഡിപ്പിക്കപ്പെട്ട സഭ സംരക്ഷിക്കപ്പെട്ട സഭയായി മാറി. അനേകം ജനങ്ങൾ കൂട്ടത്തോടെ ക്രിസ്ത്യാനികളായി മാറി. യഥാർത്ഥ മാനസാന്തരമോ ഒരുക്കമോ കൂടാതെ മതം മാറിയ അനേകരും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. സഭയ്ക്ക് സ്വത്ത് കൈവശം വയ്ക്കാമെന്നായി. അനേകം പേർ തങ്ങളുടെ ഭൂമിയും കെട്ടിടങ്ങളും സഭയ്ക്ക് സംഭാവനയായി നൽകി. ചക്രവർത്തിമാരും ഏറെ ഭൂപ്രദേശങ്ങൾ സൗജന്യമായി നൽകി. റോമൻ ചക്രവർത്തിമാരും ഭരണാധികാരികളും ക്രിസ്തുമതത്തിന്റെ കാവൽ ഭടന്മാരായി മാറി. ഒരു കാലത്ത് പേഗൻ ദൈവങ്ങളെ ആരാധിക്കുവാൻ ക്രിസ്ത്യാനികളെ നിർബന്ധിക്കുകയും ക്രൂരമായ വിധത്തിൽ പീഡിപ്പിക്കുകയും ചെയ്തവർ പിൽകാലത്ത് ക്രിസ്തുമത പ്രചരണത്തിനുവേണ്ടി മറ്റു മതക്കാരെ പീഡിപ്പിക്കുന്നവരായി മാറി. ക്രിസ്തുമതത്തിന്റെയും മെത്രാന്മാരുടെയും താല്പര്യങ്ങളും അവകാശങ്ങളും സംരക്ഷിക്കുവാൻ ഉതകുന്ന നിയമങ്ങൾ നിലവിൽ വന്നു. ക്രിസ്തീയ വിശേഷ ദിവസങ്ങളും പെരുന്നാളുകളും സാമ്രാജ്യത്തിലെ അവധി ദിവസങ്ങളായി പ്രഖ്യാപിച്ചു. കോൺസ്റ്റൻ ടൈൻ ചക്രവർത്തിയുടെ കല്പന പ്രകാരം ഞായറാഴ്ചകൾ വിശ്രമ ദിവസങ്ങളായി വേർതിരിച്ചു (AD 321 മാർച്ച് 7 - ന്). ക്രിസ്ത്യാനികളുടെ മതവികാരങ്ങളെമാനിച്ച് ക്രൂശുമരണശിക്ഷ ഒഴിവാക്കി തൂക്കിക്കൊല്ലുന്ന രീതി നടപ്പിലാക്കി. ഈ വിധം എണ്ണമറ്റ ആനുകൂല്യങ്ങൾ സഭയ്ക്ക് ലഭിച്ചു. 67 വർഷങ്ങൾക്കു ശേഷം AD 380 - ൽ കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ ജന്മദിനമായ ഫെബ്രുവരി 27-ന് അന്നത്തെ റോമൻ ചക്രവർത്തിയായിരുന്ന തിയഡോഷ്യസ് ഒന്നാമൻ (347 - 395) പുറപ്പെടുവിച്ച Cuntos Populos എന്ന പ്രസിദ്ധമായ തെസ്സലോനിക്കാ വിളംബരത്തിൽ കൂടിയാണ് ക്രിസ്തുമതം റോമാ സാമ്രാജ്യത്തിന്റെ ഔദ്യോഗിക മതമായി മാറിയത്. (The Edict of Thessalonica).

ആരാധനാലങ്ങളുടെ രൂപകല്പനയിലും ശില്പകലയിലും പ്രകടമായ ഏറെ മാറ്റങ്ങളുണ്ടായി. രഹസ്യമായി ആരാധന നടത്തുന്നതിനുവേണ്ടി നിർമ്മിച്ച ഇരുട്ടറകൾ പോലുള്ള പള്ളികൾക്കു പകരം വിശാലമായ ബസിലിക്കകൾ ഉയർന്നുവന്നു. ചക്രവർത്തിയുടെയും സൈന്യങ്ങളുടെയും സ്ഥാനനാമങ്ങൾക്കും വേഷവിധാനങ്ങൾക്കും അധികാര മുദ്രകൾക്കും സമാനമായ ഔദ്യോഗിക ചിഹ്നങ്ങൾ, സ്ഥാനവസ്ത്രങ്ങൾ മുതലായവ മെത്രാന്മാർക്കും പുരോഹിതന്മാർക്കും ലഭിച്ചു. ക്രൈസ്തവർക്ക് നിഷിദ്ധമായി തോന്നിയ ചില പ്രാകൃതാചാരങ്ങൾ ക്ഷേത്രങ്ങളിൽ നിരോധിച്ചു. അതേ സമയം ചില പേഗൻ ആചാരങ്ങൾ സഭയുടെ ആരാധനകളിലും ശുശ്രൂഷകളിലും കടന്നുകൂടി.

ഇങ്ങനെ സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധങ്ങൾ പുനർനിർവ്വചിക്കപ്പെടുകയും അവ ഒരു നാണയത്തിന്റെ ഇരുവശങ്ങൾ പോലെ പരസ്പരം അവിഭാജ്യഘടകങ്ങളായിത്തീരുകയും ചെയ്തത് മിലാൻ വിളംബരത്തിന് ശേഷമാണ്. ഭൂമിയിൽ സ്ഥാപിക്കപ്പെട്ട സ്വർഗ്ഗരാജ്യമാണ് റോമാ സാമ്രാജ്യം എന്ന് വിശ്വസിച്ച ഭരണാധിപന്മാരും, ബിഷപ്പുമാരും, നിഷ്കളങ്കരായ സഭാംഗങ്ങളും ആ നാളുകളിൽ ഉണ്ടായിരുന്നു. നിഖ്യാസുന്നഹദോസിൽ സംബന്ധിച്ച കൈസര്യയിലെ യൗസേബിയോസ് മെത്രാൻ (263 - 339) നിഖ്യാസുന്നഹദോസിന്റെ സമാപന വേളയിൽ കോൺസ്റ്റൻടൈൻ ചക്രവർത്തി സഭാപിതാക്കന്മാർക്ക് നൽകിയ രാജകീയ വിരുന്നിനെപ്പറ്റി വിവരിക്കുന്നത് ഇപ്രകാരമാണ്. (Life History of Constantine) "പ്രൗഢഗംഭീരമായ ചടങ്ങിനെത്തിയ സഭാപിതാക്കന്മാർക്ക് ചക്രവർത്തിയുടെ ആയുധധാരികളായ അംഗരക്ഷകന്മാർ അകമ്പടി സേവിച്ചു. ഊരിപ്പിടിച്ച വാളുകളുമായി നിൽക്കുന്ന കാവൽ ഭടന്മാരുടെ മദ്ധ്യത്തിലൂടെ അവർ രാജകൊട്ടാരത്തിന്റെ നടുത്തളങ്ങളിലേക്ക് ആനയിക്കപ്പെട്ടു. ചിലർക്ക് ചക്രവർത്തിയോടൊപ്പം മേശയൊരുക്കി. ബാക്കിയുള്ളവർ രണ്ടു വശങ്ങളിലായി കസേരകളിൽ ഇരുന്നു.... ചിലർ ഈ കാണുന്നതെല്ലാം വെറും സ്വപ്നമാണെന്നു കരുതി. ക്രിസ്തു വാഗ്ദാനം ചെയ്തതും തങ്ങൾ നോക്കിപ്പാർത്തിരുന്നതുമായ സ്വർഗ്ഗരാജ്യത്തിലേക്ക് തങ്ങൾ പ്രവേശിച്ചു കഴിഞ്ഞുവോ എന്ന് ചിലർ ആശ്ചര്യപ്പെട്ടു....." നീറോ ചക്രവർത്തിയുടെയും ഡയോക്ലീഷൻ ചക്രവർത്തിയുടെയും ഭരണകാലത്ത് ക്രൂരമായ പീഡനങ്ങൾ സഹിച്ചവരും ചക്രവർത്തിയെ ഭയന്ന് ഭൂഗർഭ അറകളിൽ ഒളിച്ചു

പാർത്തവരുമായ പിതാക്കന്മാർക്ക് ഇത് അവാച്യമായ ഒരനുഭവമായിരുന്നുവെങ്കിലും അസ്വസ്ഥതയും ആശയകുഴപ്പവും ഉണ്ടാക്കി എന്നു വേണം കരുതുവാൻ. രാത്രികാലങ്ങളിൽ നീറോയുടെ ഉദ്യാനത്തിൽ പ്രകാശം പരത്തുവാൻ തീപ്പന്തങ്ങളായിത്തീർന്ന വിശുദ്ധന്മാർ, തീച്ചൂളകളിലും തിളയ്ക്കുന്ന എണ്ണകളിലും വെന്തു മരിച്ച രക്തസാക്ഷികൾ, വിശന്നു പൊരിയുന്ന വന്യമൃഗങ്ങൾക്ക് ഭക്ഷണമായിത്തീർന്ന വിശ്വാസവീരന്മാർ, രാജപ്രഭൃതികളുടെ ക്രൂരവിനോദത്തിന് ഇരയായി തൊലി ഉരിയപ്പെട്ടും അംഗഛേദം ചെയ്യപ്പെട്ടും ഇഞ്ചിഞ്ചായി കൊല്ലപ്പെട്ട ആയിരക്കണക്കിന് വ്യതന്മാർ ഇവരെല്ലാം ഒരു ദുഃസ്വപ്നത്തിലെ കഥാപാത്രങ്ങൾ പോലെ അവരുടെ സ്മരണയിൽ വന്നു കാണും. ക്രൈസ്തവ സഭയ്ക്ക് പ്രതീക്ഷകളും പ്രത്യാശകളും നൽകി അതിനെ സർവ്വതോന്മുഖമായ പുരോഗതിയിലേക്ക് നയിച്ച രാജപാതയുടെ പ്രവേശന കവാടമായി വിളംബരത്തെ വിലയിരുത്തുന്ന ചരിത്രകാരന്മാരും സഭാപിതാക്കന്മാരും ഉണ്ട്. അതേസമയം ആത്മീയാധഃപതനത്തിന്റെ പടുകുഴിയിലേക്കുള്ള സഭയുടെ അപഥസഞ്ചാരത്തിന്റെ ആദ്യപടിയായി കണക്കാക്കുന്ന തിരുത്തൽ വാദികളുമുണ്ട്.

മിലാൻ വിളംബരം കോൺസ്റ്റൻടൈൻ ചക്രവർത്തിയെ ലോക ചരിത്രത്തിൽ തന്നെ അനശ്വരനാക്കിത്തീർത്തു. മഹാനായ കോൺസ്റ്റൻടൈൻ ഒന്നാമൻ, വിശുദ്ധ കോൺസ്റ്റൻടൈൻ, 13-ാ മത്തെ അപ്പോസ്തോലൻ, ആദ്യത്തെ ക്രിസ്തീയ ചക്രവർത്തി, സമാധാനത്തിന്റെ അപ്പോസ്തോലൻ എന്നൊക്കെ ക്രൈസ്തവ സഭാചരിത്രകാരന്മാരും സഭാപിതാക്കന്മാരും അദ്ദേഹത്തെ വിശേഷിപ്പിക്കുന്നു. ഭൂരിഭാഗം ബൈസന്റിയൻ ഓർത്തഡോക്സ് സഭകളും അദ്ദേഹത്തെ അപ്പോസ്തോലനു തുല്യനായ വിശുദ്ധൻ(Isoapostalas) ആയി അംഗീകരിക്കുന്നു. സുറിയാനി സഭകൾ അദ്ദേഹത്തെ വിശുദ്ധനായി അംഗീകരിച്ചിട്ടില്ല എങ്കിലും വി. സ്ലീബായോടനുബന്ധിച്ച പെരുന്നാളുകളിൽ അദ്ദേഹത്തെയും അമ്മയായ ഹെലനി രാജ്ഞിയെയും പ്രാർത്ഥനകളിൽ സ്മരിക്കുന്നുണ്ട്. മിലാൻ വിളംബരത്തിന് നാലു മാസം മുമ്പ് 312 ഒക്ടോബർ 27-ന് ചക്രവർത്തി ആകാശത്തിൽ സൂര്യനു നേരെ ഒരു കുരിശിന്റെ രൂപം തെളിഞ്ഞു കാണുകയും "ഇതിനാൽ നീ ജയിക്കും" (In Hoc Signo Vinces - IHS - with this sign you will Conquer) എന്ന് എഴുതിയിരിക്കുന്നത് ദർശിക്കുകയും ചെയ്തു എന്നു പറയപ്പെടുന്നു. കുരിശിന്റെ ചിഹ്നം ചാർത്തിയ കൊടിക്കൂറകൾ വഹിച്ചുകൊണ്ടുള്ള പിറ്റേ ദിവസത്തെ യുദ്ധത്തിൽ (The Battle of Milvian Bridge) ചക്രവർത്തിയുടെ സൈന്യം അദ്ദേഹത്തിന്റെ എതിരാളിയും ഭാര്യാസഹോദരനുമായ മാക്സെൻഷ്യസിനെ തോല്പിച്ചു. അന്നു മുതൽ സ്ലീബാ ക്രിസ്ത്യാനികളുടെ ഏറ്റവും ബഹുമാന്യ ചിഹ്നവും വിജയത്തിന്റെ അടയാളവുമായിത്തീർന്നു. ക്രിസ്തുമത വിശ്വാസിയായിരുന്ന ഹെലനി രാജ്ഞി പിന്നീടുള്ള തന്റെ അശ്രാന്തപരിശ്രമങ്ങൾക്കൊടുവിൽ കർത്താവിനെ ക്രൂശിച്ച സ്ലീബാ കണ്ടെടുക്കുകയും അത് ആഘോഷപൂർവ്വം കൊണ്ടുവന്ന് കോൺസ്റ്റാന്റിനോപ്പിൾ ദേവാലയത്തിൽ സ്ഥാപിക്കുകയും ചെയ്തു.

ക്രൈസ്തവ സഭയിലെ ആദ്യത്തെ പൊതുസുന്നഹദോസ് AD 325 - ൽ കോൺസ്റ്റൻടൈൻ ചക്രവർത്തി നിഖ്യായിൽ വിളിച്ചു ചേർത്ത് അതിന്റെ നടപടികൾ വിജയകരമായി ആസൂത്രണം ചെയ്യുകയും വിവിധ സഭകളിൽ ഉടലെടുത്തിരുന്ന വേദവിപരീതങ്ങൾക്കും അഭിപ്രായ ഭിന്നതകൾക്കും ഒരു പരിധി വരെ ശമനം വരുത്തുകയും ചെയ്തു. സുന്നഹദോസിൽ അനേകം സുപ്രധാന തീരുമാനങ്ങൾ എടുക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും ചക്രവർത്തി കാണിച്ച ശുഷ്കാന്തിയും നേതൃപാടവവും അദ്ദേഹത്തിന് ലോകത്തിലെ എല്ലാ സഭകളുടെയും ചരിത്രത്തിൽ സദാകാലത്തേയ്ക്കുമായുള്ള അവിസ്മരണീയ സ്ഥാനം നേടിക്കൊടുത്തു. AD 324 - ൽ ബൈസാന്റിയൻ പട്ടണം മനോഹരമായി പുതുക്കിപ്പ ണിത് കോൺസ്റ്റൻടൈൻ ചക്രവർത്തി തന്റെ സാമ്രാജ്യത്തിന്റെ തലസ്ഥാനം അവിടേയ്ക്കു മാറ്റുകയും കാലക്രമത്തിൽ അത് ഓർത്തഡോക്സിയുടെ മാതൃനഗരമായി അറിയപ്പെടുകയും ചെയ്തു.

AD 337 മെയ് 22-ന് പെന്തക്കൊസ്തി പെരുന്നാൾ ദിവസം കോൺസ്റ്റൻടൈൻ അന്തരിച്ചു. അതിന് രണ്ടു ദിവസം മുമ്പ് ചക്രവർത്തിയുടെ ആവശ്യപ്രകാരം നിക്കോമോദ്യയിലെ മെത്രാൻ യൂസേബിയോസ് മരണക്കിടക്കയിൽ വച്ച് അദ്ദേഹത്തെ തിടുക്കത്തിൽ സ്നാനപ്പെടുത്തി എന്ന് പറയപ്പെടുന്നു. മൃതദേഹം കോൺസ്റ്റാന്റിനോപോളിലെ അപ്പോസ്തോലന്മാരുടെ നാമത്തിലുള്ള പള്ളിയിൽ അടക്കം ചെയ്തു. ■

## ജൂലൈ 7 മിഷൻ ഞായർ

മലങ്കര ഓർത്തഡോക്സ് സഭയിൽ മിഷൻ സൺഡേ പിരിവിന്റെ പിരിവുതുക, വർദ്ധിച്ചുവരുന്നു. ഈ വർഷത്തെ വരവ് 6517783.49 രൂപയാണ്. ദൈവകൃപയാൽ എല്ലായിടത്തുമുള്ള മിഷൻ പ്രവർത്തനങ്ങളും ഭംഗിയായി നടക്കുന്നു. പ്രവർത്തകരുടെ കുറവുണ്ട്.

ദൈവവേല ആഗ്രഹിക്കുന്ന യുവതീ-യുവാക്കൾ മുന്നോട്ടു വരുവാനായി പ്രാർത്ഥിക്കണം. മാവേലിക്കര സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററിൽ ത്രിവത്സര കോഴ്സിന്റെ 18-ാമത് ബാച്ച് ഈ ജൂണിൽ ആരംഭിക്കുന്നു. കൽക്കട്ടായിലെ സെറാമ്പൂർ യൂണിവേഴ്സിറ്റിയുടെ ബാച്ചിലർ ഓഫ് മിഷ്യോളജി പ്രോഗ്രാം ആരംഭിക്കുവാൻ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അനുവദിച്ചു. +2 പാസ്സായവർക്ക് അപേക്ഷിക്കാം.

പുതുതായി ആൻഡമാൻസിലും, ഗുജറാത്തിലും, കോട്ടയത്ത് അമയന്നൂരും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നു. ഒറീസാ-കലഹണ്ടിയിൽ പെൺകുട്ടികൾക്കായി പ്രത്യേക സ്ഥാപനം തുടങ്ങുന്നു.

ദൈവതിരുനാമ മഹത്വത്തിനും സഭയുടെ സുവിശേഷ സാക്ഷ്യത്തിനും നിർദ്ധനരായ അനേകായിരങ്ങളുടെ ആശ്വാസത്തിനും അനുഗ്രഹത്തിനുമായി ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയിലൂടെ ആരംഭിച്ചു വളർത്തിയ എല്ലാ പ്രസ്ഥാനങ്ങളും പ്രവർത്തനങ്ങളും ഭംഗിയായി മുന്നോട്ടു കൊണ്ടുപോകുവാനുള്ള ഉത്തരവാദിത്വം നമുക്കേവർക്കുമുണ്ടല്ലോ.

മലങ്കര ഓർത്തഡോക്സ് സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കു നിങ്ങൾ ഏവരുടേയും പ്രാർത്ഥനാപൂർവ്വമായ സഹകരണം തുടർന്നും ഉണ്ടാകണം.

ജൂലൈ 7 മിഷൻ സൺഡേയായി ആചരിച്ച് കവർ പിരിവ് വിജയിപ്പിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്.**

അന്തോണിയോസ് ...

9–ാം പേജിൽ നിന്നു തുടർച്ച...

***പാസ്പോർട്ട് ഇല്ല എന്നു കേട്ടിട്ടുണ്ട്?***

ഞാൻ കൊരട്ടി അരമനയിൽ ചുമതലയേറ്റപ്പോൾ മാതൃഭൂമി പത്രക്കാർ ചോദിച്ച ചോദ്യ മാണ് അന്നു പറഞ്ഞ മറുപടി പറയാം എന്റെ സമീപ ജില്ലകളായ എറണാകുളം, തൃശൂർ പാലക്കാട് എന്നിവിട ങ്ങളിൽ പോകുന്നിന് പാസ്പോർട്ട് വേണ്ട അതു കൊണ്ടാണ്.... (തെളിഞ്ഞ ചിരി)

***മെത്രാൻ–മെത്രാസന ബന്ധങ്ങളെപ്പറ്റി...***

ആത്മീയ സംഘടനകളി ലുള്ള പൂർണ്ണസമയ പങ്കാളിത്തം മെത്രാന്മാർക്ക് വേണം. ചില അച്ചന്മാർക്ക് ആത്മീയ സംഘടനകളിൽ മെത്രാന്മാർ ഇടപെടുന്നത് ഇഷ്ടപ്പെട്ടു എന്നു വരികില്ല മെത്രാപ്പോലീത്തായുടെ കണ്ണുപതി ഞ്ഞാൽ ആ സംഘടനയ്ക്ക് ഉത്തരവാദിത്വ ചിന്തയുണ്ടാകും.

ഇടവക സന്ദർശനവും മറ്റും ലെഡ്ജർ പോലെ എഴുതി സൂക്ഷിക്കാ റുണ്ട്. ശവസംസ്ക്കാരവും മറ്റും ഡയറിയിൽ രേഖപ്പെടുത്തിയി ട്ടുണ്ട്. പള്ളിക്കൂദാശ കൂദാശക്രമ ത്തിന്റെ പിറകിൽ കാലക്രമമനുസരിച്ച് എഴുതിവയ്ക്കും എന്ന് നടത്തി, ആരൊക്കെ വി. കുർബ്ബാനയിൽ സംബന്ധിച്ചു എന്നൊക്കെ പട്ടംകൊട പുസ്തകത്തിന്റെ രീതി തന്നെ... “everything must be in black and white” എന്ന തത്വം പാലിക്കാൻ ശ്രമിക്കുന്നു...

ഭദ്രാസനങ്ങൾക്ക് പട്ടിണിയുണ്ട് എന്ന് തോന്നുന്നില്ല നടത്തിപ്പിന് ആവശ്യമായ ധനാഗമന മാർഗ്ഗങ്ങൾ എല്ലായിടത്തു നിന്നും ദൈവകൃപ യാൽ ലഭിക്കും.

***ഭദ്രാസന ഭരണച്ചുമതല ബുദ്ധിമുട്ടുള്ളത് തന്നെ 1000 ത്തിൽ അധികം സേവനക്കാർ അതിലില്ലേ?***

നേതൃത്വം പക്വമായി അതിനെ നയിക്കണം. എടുത്തുചാടി വർത്തമാനം പറയുന്ന പത്രോസി നെയും സംശയിക്കുന്ന തോമ്മായേയും തെറ്റിപ്പോകുന്ന യൂദായേയും, ആകാശത്തു നിന്നും അഗ്നി ഇറക്കി ദഹിപ്പിക്കണമെന്നു പറയുന്ന ഇടി മക്കളെയും സ്നേഹത്തിന്റെ അപ്പോസ്തൊലനേയുമെല്ലാം ക്രിസ്തു ഒന്നിച്ചു കൊണ്ടു പോയില്ലേ...?

***കഥ വരുന്ന വഴി...?***

വലിയ ബാവാ (കാലം ചെയ്ത പ. മാത്യൂസ് ദ്വിതീയൻ ബാവാ) ധാരാളം കഥകൾ പറയുമായിരുന്നു. പതിയിരുപ്പുകാരെക്കുറിച്ച് പൗലോസിന്റെ പെങ്ങളുടെ മകൻ അറിയിപ്പു കൊടുക്കുന്നത് ഇതുമായി ബന്ധപ്പെടു ത്തിപ്പറയുന്നുണ്ട്... ഇപ്രകാരമുള്ള കേട്ടറിവുകളും കണ്ടറിവുകളുമാണ് അതിനൊക്കെ ആധാരം.

കഥകൾ മാത്രമല്ല.. വി. കുർബ്ബാനയും, വി. കൂദാശയും അനുഷ്ഠിക്കുമ്പോഴുള്ള പ. പിതാവിന്റെ ഏകാഗ്രതയും ധാരാളം കണ്ടറിഞ്ഞിട്ടുണ്ട്...

സാന്നിദ്ധ്യ ബോധമാണ് മറ്റൊന്ന്, ഇത് കർത്താവിന്റെ തിരുശരീരവും തിരുരക്തവുമാ ണെന്ന അതിശക്തമായ ചിന്ത...

കായലോരത്തും നടവഴികളിലും ചാപ്പലിലു മൊക്കെ മധുരവാക്കുകൾ വിതറി മാർ അന്തോണിയോസ് നടന്നു. ഒപ്പം വീണു കിട്ടിയ ഭാഗ്യദിനമെന്നു കരുതി ഞങ്ങളും. വാക്കുകളിൽ മിതത്വവും ആശയങ്ങളിൽ ഗരിമയും ജീവിതത്തിൽ സാധുത്വവും കാത്തുസൂക്ഷിക്കുന്ന ആത്മീയാചാ ര്യന്റെ കൂടെ സഞ്ചരിക്കുന്നതുപോലും സുകൃതമെന്നു തോന്നിപ്പോകുന്നു. ■


# St. Thomas Higher Secondary School

**K. K. Pudur, Coimbatore - 641038**
**Tel: 0422-2442543**

# WANTED

**B.T. ASSISTANT** (High School Assistant) in BA (History) with B.Ed on regular vacancy with Malayalam Second Language from SSLC to Degre level and a **WATCHMAN** (minimum 8th st. pass) for appointment at Tamilnadu Government scale of pay in our government aided school. Apply with Bio-data, passport size photograph and copies of certificates to The correspondent at the above address before 5th July, 2013.



Resting In The Arms Of Christ

5th Death Anniversary
on 11-6-2013



Mrs. Elizabeth Geevarghese
Kochalummutil Nellicomathu, Budhanoor

Your Loved Ones,
Thane, Maharashtra

## പരിസ്ഥിതി

**തോമസ് കുളത്തിൻകരോട്ട്**
തുമ്പമൺ

# ബൈബിളിലെ **രണ്ടു കടലുകളുടെ തകർച്ച**


**വി**ശുദ്ധവേദപുസ്തകത്തിൽ പലവുരു പരാമർശിക്കപ്പെട്ടിട്ടുള്ള രണ്ടു കടലുകളാണ് ഗലീലക്കടലും ഉപ്പുകടലും. ഇവകൾ രണ്ടും യോർദ്ദാൻ നദിയിലെ ജലത്താൽ നിർമ്മിക്കപ്പെട്ടിട്ടുള്ളതും പല പ്രധാന സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചിട്ടുള്ളതുമാണ്. ഈ നദീജലത്തിലാണല്ലോ യോഹന്നാൻ സ്നാപകൻ യഹുദാജനതയേയും നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുവിനേയും സ്നാനം കഴിപ്പിച്ചത്...

...ലെബനോൻ പർവ്വതത്തിന്റേയും ഹെർമ്മോൻ പർവ്വതത്തിന്റേയും വൃഷ്ടി പ്രദേശത്തുനിന്നും ലഭിക്കുന്ന ജലമാണ് യോർദ്ദാൻ നദിയുടെ ജല സ്രോതസ്സ്. ഗലീലനാടിനെ സമ്പൽസമൃദ്ധമാക്കി യോർദ്ദാൻ നദി താഴോട്ട് ഒഴുകി ആദ്യം ഗലീലക്കടലിലെത്തുന്നു. ഗലീലക്കടലിന് വേണ്ടുവോളം നൽകിയ ശേഷം വീണ്ടും താഴോട്ടൊഴുകി ഉപ്പുകടൽ സൃഷ്ടിക്കപ്പെടുന്നു. ഗലീലക്കടലിന്റേയും ഉപ്പുകടലിന്റേയും വിസ്തൃതി നോക്കിയാൽ കടലുകളെന്ന് വിളിക്കപ്പെടാൻ യോഗ്യതയില്ല. കഷ്ടിച്ച് സാദാ തടാകമെന്ന് വേണമെങ്കിൽ പേരുനൽകാം.

ഗലീലക്കടലിനെ കിന്നരോത്ത്, ഗന്നസെരേത്ത് എന്ന സ്ഥലപേരുകളിലും അറിയപ്പെട്ടിരുന്നു. ഈ കടൽത്തീരത്താണ് കഫർന്നഹൂം, മഗദാ, തിബര്യോസ്, ഗദരാ മുതലായ ബൈബിളിൽ പരാമർശിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ. ഗലീലക്കടലിന്റെ പരമാവധിനീളം 21 കിലോമീറ്ററും ഏറ്റവും കൂടിയ വീതി 13 കിലോമീറ്ററും വിസ്തൃതി 166 സ്ക്വയർ കിലോമീറ്ററുമാണ്. ഈ കടലിനെ നമ്മുടെ വേമ്പനാട്ട് കായലിനോടൊന്നു താരതമ്യപ്പെടുത്താം. വേമ്പനാട്ട് കായലിന്റെ കൂടിയ നീളം 96.5 കിലോമീറ്ററും, കൂടിയ വീതി 14 കിലോമീറ്ററും വിസ്തൃതി 2033 സ്വകയർ കിലോമീറ്ററുമാണ്. അതായത് ഗലീല കടലിന്റെ ഏതാണ്ട് 13 ഇരട്ടി വലിപ്പം. അപ്പോൾ ഗലീലക്കടലിന് നമുക്ക് നൽകാവുന്ന സ്ഥാനം കഷ്ടിച്ച് ഒരു ചെറു തടാകം അത്രതന്നെ.

യേശുക്രിസ്തുവിന്റെ പാദസ്പർശം ഈ കടൽ തീരത്താണ് കൂടുതൽ ഏറ്റിട്ടുള്ളത്. ശിഷ്യന്മാരായ പത്രോസും, അന്ത്രയോസും, യാക്കോബും സഹോദരനായ യോഹന്നാനും ഗലീലക്കടൽ തീരനിവാസികളും മീൻ പിടിച്ച് ഉപജീവനം നടത്തിയിരുന്നവരുമായിരുന്നു. പല അതിശയപ്രവർത്തികളും രക്ഷകൻ ഇവിടെ വച്ചാണ് നടത്തിയതെന്നും വേദപുസ്തകം ചൂണ്ടിക്കാണിക്കപ്പെടുന്നു.

ഇനിയും വേദപുസ്തകത്തിൽ പ്രത്യേകം പ്രസ്താവിക്കുന്ന ഉപ്പുകടലിലേയ്ക്ക് ശ്രദ്ധതിരിക്കാം. ഈ കടലിന്റെ കിഴക്കേ അതിർത്തി ജോർദ്ദാനും, പടിഞ്ഞാറെ അതിർത്തി ഇസ്രയേലും, വെസ്റ്റ് ബാങ്കുമാണ്. ഗലീലക്കടൽ സമുദ്രനിരപ്പിൽ നിന്നും 680 അടി താഴ്ചയിൽ കിടക്കുമ്പോൾ ഉപ്പു



കടൽ 1388 അടി (423 മീറ്റർ) താഴ്ചയിലാണ്. നമ്മുടെ ഭൂഗോള ഉപരിതലത്തിലെ ഏറ്റവും താണ പ്രതലം. ഇതിനേക്കാൾ താണ ഉപരിതലം സമുദ്രത്തിന്റെ അടിത്തട്ടിൽ മാത്രമേഉള്ളു. ഉപ്പുകടലിന്റെ ഏറ്റവും നീളം 67 കിലോമീറ്ററും വീതി 18 കിലോമീറ്ററുമാണ്.

ഈ കടൽ രൂപപ്പെട്ടത് ജോർദ്ദാന്റെ ഭൂപ്രകൃതമായ വിള്ളലിലെ താഴ്‌വരയിലാണ്. പൂർവ്വകാലങ്ങളിൽ അറബികൾ ഇതിനെ ചാവുകടൽ എന്നും ചിലയിടങ്ങളിൽ ലോത്തിന്റെ കടലെന്നും ഗ്രീക്കുകാർ "താർമഷി" കടലെന്നും യഹൂദർ ഉപ്പുകടലെന്നും വിളിച്ചിരുന്നു. ഈ ഉപ്പുകടൽ യഥാർത്ഥത്തിൽ രൂപപ്പെട്ടത് "സിദ്ദീം" താഴ്‌വരയിലാണെന്നാണ് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഇവിടെ ആദ്യകാലങ്ങളിൽ ധാരാളം ചെളിക്കുളങ്ങളും ഉണ്ടായിരുന്നു. (ഉല്പത്തി 14:3 & 10). ദാവീദ്, ശൗൽ രാജാവിനെ ഭയന്ന് ഒളിവിൽ താമസിച്ചിരുന്നത് ഉപ്പുകടൽ പ്രദേശത്തായിരുന്നു എന്നും ചരിത്രം വെളിവാക്കുന്നുണ്ട്.

ഉപ്പു കടലെന്നു പേരുവരാൻ കാരണം ഇതിലെ ജലത്തിൽ 33.7 ശതമാനം ലവണങ്ങൾ ഉള്ളതിനാലാണ്. അതായത് സാധാരണ സമുദ്രജലത്തിന്റെ 8.6 ഇരട്ടി. അന്റാർട്ടിക് ഭൂഖണ്ഡത്തിലെ ഉണക്ക പ്രദേശത്തുള്ള ഡോൺ ജവാൻ തടാകം മാതിരിയുള്ള ഒന്നോ രണ്ടോ ജലാശയങ്ങളിൽ മാത്രമേ നമ്മുടെ ഭൂതലത്തിൽ ഇതിനേക്കാൾ ഉപ്പുരസം കണ്ടുപിടിച്ചിട്ടുള്ളു.

ഉപ്പു കടലിന്റെ ജലസ്രോതസ്സ് യോർദ്ദാൻ നദിയാണെങ്കിലും അങ്ങിങ്ങായി ഈ കടലിലും കരകളിലും നീരുറവകളുള്ളതായി കണ്ടുപിടിച്ചിട്ടുണ്ട്. ഈ കടലിന്റെ തെക്കുപടിഞ്ഞാറൻ ഭാഗത്താണ് 700 അടി ഉയരമുള്ള സോദോം ഉപ്പുകുന്ന് സ്ഥിതിചെയ്യുന്നത്. ദൈവദൂതന്മാരുടെ നിർദ്ദേശപ്രകാരം സോദോമിൽ നിന്നും ലോത്തും കുടുംബവും പ്രാണരക്ഷാർത്ഥം സോവർ പട്ടണത്തിലേയ്ക്ക് ഓടിപോകുമ്പോൾ ദൂതന്മാരുടെ ഉപദേശത്തിന് എതിരായി ലോത്തിന്റെ ഭാര്യ തിരിഞ്ഞുനോക്കിയപ്പോൾ ഉപ്പുതൂണായന്നാണല്ലോ ചരിത്രം. ഈ തൂണാണെന്ന് വിശ്വസിക്കുന്ന ഒരു സ്തംഭം ഇപ്പോഴും ഈ ഭാഗത്തുണ്ട്.

പല സഹസ്രാബ്ദങ്ങളിലായി ഉപ്പുകടലിന്റെ ജലനിരപ്പ് ചിലപ്പോൾ താഴുകയും ചിലപ്പോൾ ഉയരുകയും ചെയ്തതായി കണ്ടുപിടിച്ചിട്ടുണ്ട്. ജോർദ്ദാൻ പിളർപ്പു മേഖലയിൽ സ്ഥിതിചെയ്യുന്ന ഒരു ഭൂവിഭാഗമായതിനാൽ, ശാസ്ത്രജ്ഞന്മാർ, ഭൂകമ്പ അധിഷ്ഠിതമായ ഒരു പ്രതിഭാസമായിട്ടാണ് ഈ ഉയർച്ച താഴ്ചയെ വ്യാഖ്യാനിക്കുന്നത്. എന്നാലിപ്പോൾ ജോർദ്ദാൻ ഭാഗത്ത് ജോർദ്ദാനും, യിസ്രയേൽ ഭാഗത്ത് യിസ്രയേലും പല തടയണകൾ കെട്ടി കൃഷിക്കും വ്യവസായആവശ്യങ്ങൾക്കും ജലം തിരിച്ചുവിടുന്നതിനാൽ ജോർദ്ദാൻ നദിയുടെ ഒഴുക്ക് കുറഞ്ഞിട്ട് ഏതാണ്ട് ഒരു നല്ല തോടിന്റെ നിലയിലായിരിക്കുകയാണ്. തന്നിമിത്തം ഉപ്പുകടലിലെ ജലനിരപ്പും ക്രമാതീതമായി താണുകൊണ്ടിരിക്കുന്നു.

ഉപ്പുകടൽ ഭാഗത്ത് കഷ്ടിച്ച് 2 ഇഞ്ച് മുതൽ 4 ഇഞ്ച് മഴയെ ഒരു വർഷം ലഭിക്കുന്നുള്ളു. അതിനാൽ വർഷം മുഴുവൻ നല്ല സൂര്യപ്രകാശമുള്ള ദിനങ്ങളാണ് ലഭിക്കുന്നത്. വേനൽക്കാല ചൂട് 32–39° സി., ശീതകാലതാപനില 20 –23°സി., അതായത് അത്യുഷ്ണവുമില്ല, അതിശൈത്യവുമില്ല. സാധാരണഭൂമിയേക്കാൾ വളരെ താഴ്ന്ന പ്രദേശം ആയതിനാൽ മനുഷ്യർക്ക് ഹാനികരമായ എറിത്രോജനിക്ക് രശ്മികൾ ഇവിടെ വളരെ കുറവാണ്. കൂടാതെ അന്തരീക്ഷത്തിലെ ഓക്സിജന്റെ അളവും മറ്റു ഭാഗങ്ങളേക്കാൾ കൂടുതലാണ്.

ഉപ്പുകടലിലെ ലവണതോത് കാലാവസ്ഥയനുസരിച്ച് അല്പം വ്യതിയാനം വരുമെങ്കിലും സാധാരണഗതിയിൽ കറിയുപ്പ് 30.4 ശതമാനവും കാൽസിയം ക്ലോറൈഡ് 14.4 ശതമാനവും പൊട്ടാസ്യം ക്ലോറൈഡ് 4.4 ശതമാനവും മഗ്നീഷ്യം ക്ലോറൈഡ് 50.8 ശതമാനവുമാണ് 100 ഗ്രാം ഉപ്പിൽ. കൂടാതെ ബ്രോമൈഡ് അയോൺസിന്റെ അളവ് ലോകത്തിലെ മറ്റേതുഭാഗത്തെ വെള്ളത്തേക്കാൾ ഉയർന്നതുമാണ്. ഇപ്രകാരം ധാതുക്കളുടെ അളവ് കൂടുതലായതിനാൽ ഉപ്പുകടലിലെ വെള്ളത്തിന് വളരെ ഔഷധഗുണവും രോഗശാന്തിക്കഴിവും ഉള്ളതായി വിശ്വസിക്കുന്നു. ത്വക്ക് രോഗമുള്ളവർക്ക് ഈ കടലിലെ ജലസ്നാനം ഗുണപ്രദമാണെന്ന് കണ്ടിട്ടുണ്ട്. "സൈനിസൈറ്റിസ്" അസുഖമുള്ളവർക്ക് ഉപ്പുകടൽ വെള്ളം കൊണ്ട് "നേസൽ ഇറിഗേഷൻ" പ്രയോജനമാണ്. മുട്ടിന് സന്ധിവേദനയുള്ളവർ ഉപ്പുകടലിലെ ചെളിവെച്ചു കെട്ടിയാൽ ആശ്വാസം ലഭിക്കുമെന്നും കരുതുന്നു.

ഉപ്പു കടൽ ഇടയ്ക്കിടയ്ക്ക് അതിന്റെ അഗാധത്തിൽ നിന്നും "ആസ്ഫാൽറ്റ്" (കോൾടാർ) വിസർജ്ജിക്കുന്നുണ്ട്. പുരാതനകാലത്ത് ഈ ആസ്ഫാൽറ്റ് ഈജിപ്റ്റിലെ ശവശരീരം മമ്മീകരിക്കാൻ ഇറക്കുമതി ചെയ്തിരുന്നതായി ചരിത്രരേഖകൾ വെളിവാക്കുന്നു. കൂടാതെ ഈ കടലിലെ ധാതുക്കൾ സൗന്ദര്യവസ്തുക്കളുടെ നിർമ്മാണത്തിനും ഉപയോഗിച്ചിരുന്നു.

ഈ സാഹചര്യങ്ങളെല്ലാം മുതലെടുത്ത് യിസ്രയേൽ അവരുടെ ചാവുകടൽ ഭാഗത്ത് ധാരാളം ഹെൽത്ത് റിസോർട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്. ചുരുങ്ങിയ കാലയളവിൽ ഈ ഭാഗങ്ങൾ അന്തർദേശീയ ആരോഗ്യ സുഖവാസ കേന്ദ്രങ്ങളായി വളർന്ന് കഴിഞ്ഞിരിക്കുന്നു. യിസ്രയേൽ ഭാഗത്ത് 565 കിലോമീറ്റർ ദൈർഘ്യമുള്ള "ഹൈവേ 90" നിർമ്മിച്ചതിനാൽ യാത്രാസൗകര്യം വളരെ വർദ്ധിച്ചിട്ടുമുണ്ട്. ജോർദ്ദാനും ഉറങ്ങുകയാണെന്ന് കരുതണ്ട. അവരുടെ സമ്പത്തിന്റെ നട്ടെല്ലായ പൊട്ടാഷ് വളനിർമ്മാണകേന്ദ്രവും അതിനോടനുബന്ധിച്ച് "പൊട്ടാഷ് സിറ്റി" എന്ന പേരിൽ ഒരു സുഖവാസകേന്ദ്രവും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. ജോർദ്ദാന്റെ വടക്കേ അതിർത്തിമുതൽ തെക്കെ അതിർത്തി വരെ നീണ്ട "ഹൈവേ 65" ഉം ഈ ഭാഗത്ത് നിർമ്മിച്ചിരിക്കുന്നു.

ജോർദ്ദാൻ നദി ചാവുകടലിൽ പതിക്കുന്ന സ്ഥലത്ത് രൂപം കൊണ്ട തുരുത്ത് പുരാതനകാലത്ത് പനവർഗ്ഗങ്ങളുടെ ഒരു പറുദീസതന്നെ ആയിരുന്നു. കരിമ്പ്, മൈലാഞ്ചി, അത്തി എന്നീ മരങ്ങളും സമൃദ്ധമായിരുന്നു. ഈ പ്രദേശത്തെ ജരിക്കോ എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. ഇവിടെയുണ്ടായിരുന്ന "ബാൾസം" മരത്തിൽനിന്നും ലഭിച്ചിരുന്ന കറയിൽ നിന്നുമുണ്ടാക്കിയിരുന്ന സുഗന്ധതൈലം ലോകപ്രസിദ്ധമായിരുന്നു. 19-ാം നൂറ്റാണ്ടുകളോടുകൂടി ജരിക്കോ പ്രദേശത്തെ ഫലഭൂയിഷ്ഠത നശിക്കുകയുണ്ടായി.

ചാവുകടൽ തീരത്തുള്ള മലകളിൽ പലയിനം ജന്തുക്കളുണ്ട്. ഒട്ടകം, മുയൽ, കുറുനരികൾ, അപൂർവ്വമായി പുള്ളിപുലികൾ. പലജാതി പക്ഷികളും ഇവിടെ അധിവസിക്കുന്നു. ഇവകളുടെ രക്ഷയ്ക്ക് ജോർദ്ദാനും യിസ്രയേലും അവരവരുടെ അധീനഭാഗത്ത് പ്രകൃതി സംരക്ഷണപാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ■


For Favours Received





Baby Jacob, Doha

## സോഷ്യൽ മീഡിയാ...

13-ാം പേജിൽ നിന്നു തുടർച്ച...

ഫെയ്സ് ബുക്ക്, തുടങ്ങിയ കാര്യങ്ങൾ നന്നായി യൂസ് ചെയ്തില്ല എങ്കിൽ സൈബർ കുറ്റകൃത്യങ്ങൾ ആകും. മാധ്യമത്തിന് ഒരു വ്യക്തിയെ തകർക്കാനും ഉയർത്തുവാനും സാധിക്കും.

ടി. വി. എന്നത് മാധ്യമത്തിന്റെ ഒരു ഭാഗമാണ്. റിമോട്ട് കൈയ്യിലെടുക്കുമ്പോൾ ദൈവത്തിന്റെ വചനത്തെ ഓർക്കണം. അപ്പോൾ നല്ലതല്ലാത്ത ചാനൽ കാണാൻ കഴിയില്ല.

**സുബിൻ മത്തായി വർഗീസ് കൊറ്റനാട്**

ഇത് ഒരു പരിധിവരെ നല്ല കാര്യമാണ്. സമൂഹത്തിൽ എന്ത് നടക്കുന്നു എന്നു മനസ്സിലാക്കുവാൻ സാധിക്കുന്നു. അതുപോലെ തന്നെ പല പല കാര്യങ്ങളെ കുറിച്ചുള്ള സ്ക്കൂൾ പ്രോജക്ടിന് മീഡിയ നമ്മളെ സഹായിക്കുന്നു. കൂടാതെ പുതിയ അറിവുകൾ പത്രങ്ങളേക്കാളും നേരത്തെ അറിയുവാൻ സാധിക്കുന്നു. വിദ്യാർത്ഥികൾക്ക് ഒരു ആശ്വാസമാണ് മീഡിയ. ഒഴിവ് സമയം ചിലവാക്കാൻ പറ്റിയ ഒരു സോഷ്യൽ മീഡിയയാണ് ഫെയ്സ്ബുക്ക്.

**ജോയിൻ കൊല്ലം**

ഇന്ന് ഫെയ്സ് ബുക്ക്, യുറ്റൂബ് ഇവയ്ക്ക് അടിമയായി സമൂഹം മാറിക്കൊണ്ടിരിക്കുന്നു. പ്രധാനമായും വിദ്യാർത്ഥികളാണ് ഫെയ്സ്ബുക്ക് ഉപയോഗിക്കുന്നവരിൽ കൂടുതലും. പല സുഹൃത്തുക്കളുമായും പുതിയ സുഹൃത്തുക്കളുമായും പരിചയപ്പെടാം എന്നതൊഴിച്ചാൽ അവയ്ക്ക് പലതരം ദോഷവശങ്ങളും ഉണ്ട്. അതു വഴിയാണ് പലരും പ്രണയത്തിന്റെയും മറ്റു അശ്ലീല കാര്യങ്ങളിലേക്കും കടക്കുന്നത്.

യൂറ്റൂബ് എന്നത് ഒരു സോഷ്യൽ മീഡിയയും ഒരു വീഡിയോ സൈറ്റുമാണ്. ഇതിൽ ഓരോ വീഡിയോസും സെർച്ച് ചെയ്ത് കണ്ടെത്താം.

ഇതിനെ നമുക്ക് ഓവർക്കം ചെയ്യാൻ എളുപ്പമാണ്. ഫെയ്സ് ബുക്കും യുറ്റൂബും സന്ദർശിക്കുന്നതിന് സമയം വെയ്ക്കുക. കഴിവതും വളരെ നല്ല സൗഹൃദവലയം സ്ഥാപിക്കുക. ഒരിക്കലും ഇതിനൊന്നും അടിമയാകാതിരിക്കാൻ കഴിവതും ശ്രമിക്കുക. ഇതിന്റെ നല്ലവശം മാത്രം കണ്ടെത്താൻ ശ്രമിക്കുക.

**എബിൻ മാത്യു തോമസ് മാന്നാർ**

സോഷ്യൽ മീഡിയായുടെ സ്വാതന്ത്ര്യം വളരെ വലുതാണ്. ഒരു വ്യക്തിയേയോ പ്രസ്ഥാനത്തേയോ പരസ്യമായി കീർത്തിക്കുവാനും അവഹേളിക്കുവാനും ഇതുവഴി സാധ്യമാണ്. സോഷ്യൽ മീഡിയ വിവേചന പൂർവ്വം ഉപയോഗിക്കണം.

**ജോയൻ കൊട്ടാരക്കര**

(മാവേലിക്കര സെന്റ് പോൾസ് മിഷൻ ട്രെയിനിംഗ് സെന്ററിൽ നടന്ന 59-ാമത് വേദപരിശീലന കോഴ്സിൽ പങ്കെടുത്ത വിദ്യാർത്ഥികളുടെ കാഴ്ചപ്പാടിൽ നിന്നും ക്രോഡീകരിച്ചത്. തയ്യാറാക്കിയത് : **അഡ്വ. ജെയ്സി കരിങ്ങാട്ടിൽ**) ■


In ever Loving Memory of

**I[st] Death Anniversary, 04-08-2012**



**MARIAMMA**

Madathanil
Malam, Kottayam

By
Sorrowing Family

**B R I D E W A N T E D**

പുരാതന ഓർത്തഡോക്സ് കുടുംബത്തിലെ റിട്ട. പ്രൊഫസറുടെ ഏകമകൻ. 39/173cms, MA/BEd. ദിവ്യബോധനം ഡിസ്റ്റിംഗ്ഷനോടെ പാസ്സായ ഗവ.എയ്ഡഡ് ഹയർസെക്കണ്ടറി സ്ക്കൂൾ അധ്യാപകൻ. ദൈവഭയവും, അനുയോജ്യമായ വിദ്യാഭ്യാസ യോഗ്യതയുമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. സാമ്പത്തികം പ്രശ്നമല്ല.

Contact: 0481-2462399, 9400962394

**B R I D E W A N T E D**

ഓർത്തഡോക്സ് യുവാവ് ഇടത്തരം കുടുംബം 35/170, ഡിഗ്രി ഡിപ്ലോമ, ലിമിറ്റഡ് കമ്പിനിയിൽ ജോലി.

Contact:
**9539221 609**

വേർപാടിന്റെ
17-ാമത് വാർഷികം
(04-05-1996)



**അന്നമ്മ ശാമുവേൽ**
**മണ്ണൂർ ജോളിവില്ല**

വേർപാടിന്റെ
3-ാമത് വാർഷികം
(15-06-2010)



**എം.ജി. ശാമുവേൽ**
**മണ്ണൂർ ജോളിവില്ല**

*മണ്ണൂർ കുടുംബത്തിനുവേണ്ടി,*

**ജോയി ശാമുവേലും കുടുംബവും,**

മണ്ണൂർ ജോളി വില്ല, മുട്ടം, ഹരിപ്പാട്
(താന, മുംബൈ)

For Favours Received







ഒരു വിശ്വാസി

# നാലു വൈദികർ കോർ-എപ്പിസ്ക്കോപ്പാ പദവിയിലേയ്ക്ക്

അടൂർ-കടമ്പനാട് മെത്രാസനത്തിലെ നാലു വൈദീകരെ കോർ-എപ്പിസ്കോപ്പാ പദവിയിലേയ്ക്ക് ഉയർത്തുന്നു. ആനന്ദപ്പള്ളി പ്ലാങ്കാലായിൽ ഫാ. പി.ജി. കുര്യൻ, തലവൂർ മുട്ടുവേലിൽ ആൻസ് പാർക്കിൽ ഫാ. വൈ. തോമസ് മുട്ടുവേലി, പറക്കോട് പൊയ്കമേലേതിൽ ഫാ. പി. അലക്സാണ്ടർ, പട്ടാഴി ഈഴകത്ത് ഫാ. ജോൺസി വർഗ്ഗീസ് എന്നിവർക്കാണ് കോർ-എപ്പിസ്കോപ്പാ പദവി നൽകുന്നത്. 60 വയസ്സു പൂർത്തീകരിച്ചവരും വൈദീക ശുശ്രൂഷയിൽ 30 വർഷം പൂർത്തീകരിക്കപ്പെട്ടവരുമായ വൈദീകരെ കോർ-എപ്പിസ്കോപ്പന്മാരായി ഉയർത്തണമെന്ന ശുപാർശ അടൂർ-കടമ്പനാട് മെത്രാസന വൈദീക സംഘം ഇടവക മെത്രാപ്പോലീത്താ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്തായ്ക്ക് സമർപ്പിച്ചത് അംഗീകരിച്ചുകൊണ്ടാണ് ഈ പദവി നൽകുന്നത്. 2013 ജൂലൈ മാസം 6-ാം തീയതി ശനിയാഴ്ച അടൂർ കണ്ണംകോട് സെന്റ് തോമസ് കത്തീഡ്രൽ ദേവാലയത്തിൽ ഡോ. സഖറിയാസ് മാർ അപ്രേം മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിലാണ് ശുശ്രൂഷ നടക്കുന്നത്.

### ഫാ. പി.ജി. കുര്യൻ



ആനന്ദപ്പള്ളി സെന്റ് മേരീസ് ഇടവകാംഗം. ഇപ്പോൾ കണ്ണംകോട് സെന്റ് തോമസ് കത്തീഡ്രൽ വികാരി. ആനന്ദപ്പള്ളി പ്ലാങ്കാലായിൽ ഫാ. പി. സി. ഗീവർഗ്ഗീസിന്റെ മകൻ. മലങ്കര സഭാ മാനേജിംഗ് കമ്മിറ്റി അംഗം. 1977-ൽ വൈദീകനായി.

### ഫാ. വൈ. തോമസ് മുട്ടുവേലി




തലവൂർ സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗം. ഇപ്പോൾ ആനന്ദപ്പള്ളി സെന്റ് കുറിയാക്കോസ് വലിയപള്ളി ഇടവക വികാരി. ഇപ്പോൾ അടൂർ-കടമ്പനാട് മെത്രാസന എം.ജി.ഒ.സി.എസ്.എം. വൈസ് പ്രസിഡന്റ്.

### ഫാ. ജോൺസി വർഗ്ഗീസ്



തെക്കേത്തേരി സെന്റ് ജോർജ്ജ് ഇടവകാംഗം. ഇപ്പോൾ പെരിങ്ങനാട് മർത്തശ്മൂനി വലിയപള്ളി ഇടവക വികാരി. അടൂർ-കടമ്പനാട് മെത്രാസന മർത്തമറിയം സമാജം വൈസ് പ്രസിഡന്റാണ്.

### റവ. ഫാ. പി. അലക്സാണ്ടർ



പറക്കോട് മാർ അപ്രേം ഇടവകാംഗം. ഇപ്പോൾ ഏഴംകുളം മാർ ഗ്രീഗോറിയോസ് ഇടവക വികാരി. അടൂർ-കടമ്പനാട് മെത്രാസന പ്രീമാരിറ്റൽ കൗൺസിലിംഗിന്റെ വൈസ് പ്രസിഡന്റ്




## ഹരിത സൗഹൃദ സഭ ആകണം

**കോട്ടയം:-** ദേവലോകം അരമനയിൽ പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് നടന്ന സമ്മേളം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ.

ദേവലോകത്ത് കുന്തിരിക്ക തൈ നട്ടു. 100 കുട്ടികൾക്ക് ഫലവൃക്ഷതൈകൾ വിതരണം ചെയ്തു. കുട്ടികൾ പരിസ്ഥിതി പ്രതിജ്ഞ പ. ബാവാ ചൊല്ലിക്കൊടുത്തു.

ഡോ. കെ. പി. ജോയി, പ്രൊഫ. പി. സി. ഏലിയാസ്, ഫാ. പി. എ. ഫിലിപ്പ്, ഫാ. എം. കെ. കുര്യൻ (ദേവലോകം അരമന മാനേജർ), ഫാ. എം.സി. കുറിയാക്കോസ് (പഴയ സെമിനാരി മാനേജർ) എന്നിവർ പ്രസംഗിച്ചു.

# ഗുജറാത്തിലെ സേവനങ്ങളിൽ അനുമോദനം

**അഹമ്മദാബാദ്:-** സഭയുടെ സീനിയർ മെത്രാപ്പോലീത്തായും, ചെങ്ങന്നൂർ ഭദ്രാസനാധിപനും ഗുജറാത്തിൽ സഭയുടെ വിവിധ ഇടവകകളുടെ സ്ഥാപകനുമായ തോമസ് മാർ അത്താനാസ്യോസ് തിരുമേനിയെ 75-ാം ജന്മദിനത്തിൽ അഹമ്മദാബാദ് ഭദ്രാസന കൗൺസിൽ അനുമോദിച്ചു.

ഡോ. ഗീവറുഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ കൗൺസിലിൽ സഭാ മാനേജിംഗ് കമ്മറ്റി അംഗം അഡ്വ. മത്തായി മാമ്പള്ളിൽ അനുമോദന പ്രമേയം അവതരിപ്പിച്ചു.

തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ, സഭയ്ക്കാകമാനമായും, ചെങ്ങന്നൂർ ഭദ്രാസനത്തിനും, പ്രത്യേകിച്ച് ഗുജറാത്തിലും ചെയ്തുകൊണ്ടിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളേയും അഭിനന്ദിച്ചു. 2013 മാർച്ച് ലക്കം മലങ്കരസഭാ മാസികയുടെ അഭിമുഖത്തിൽ, ഗുജറാത്തിൽ അദ്ദേഹത്തിന്റെ മാനേജ്മെന്റിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും അദ്ദേഹത്തിന്റെ സമ്പാദ്യങ്ങളും അഹമ്മദാബാദ് ഭദ്രാസനത്തിന് കൈമാറുവാനുള്ള ആഗ്രഹത്തെ അറിയിച്ചിരിക്കുന്നതിനെ യോഗം പ്രത്യേകാൽ അഭിനന്ദിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്തു. അഹമ്മദാബാദ് ഭദ്രാസനം അത്താനാസിയോസ് തിരുമേനിയുടെ ഈ സ്ഥാപനങ്ങൾ അതിന്റെ ഉദ്ദേശ്യങ്ങൾ പൂർണ്ണമായി നടപ്പാക്കുംവിധം ഏറ്റെടുത്ത് നടത്താൻ സന്നദ്ധമാണെന്ന് കൗൺസിൽ പ്രഖ്യാപിച്ചു.

# ST. GREGORIOS ORTHODOX CHURCH - SHARJAH



മരുഭൂമിയിലെ പരുമല

## ചാരിറ്റി കമ്മിറ്റി

## ജീവകാരുണ്യ പ്രവർത്തനങ്ങൾ



## അപേക്ഷകൾ ക്ഷണിക്കുന്നു

"മരുഭൂമിയിലെ പരുമല" എന്നറിയപ്പെടുന്ന ഷാർജാ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക, കഴിഞ്ഞ മുപ്പത്തഞ്ചു വർഷമായി നടത്തി വരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ തുടർച്ചയായി, നിർധനരും നിരാലംബരും ആയവരിൽ നിന്നും, ജാതിമതഭേദമെന്യേ താഴെ പറയുന്ന വിഭാഗങ്ങളിലേക്കായി അപേക്ഷകൾ ക്ഷണിക്കുന്നു.

## 1. വിദ്യാഭ്യാസം 2. ചികിത്സാ സഹായം 3. പൊതുസഹായം 4. വിവാഹ സഹായം

അപേക്ഷകൾ സാധാരണ തപാലിൽ ലഭിച്ചിരിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അതാതു വിഭാഗത്തിനു ആവശ്യപ്പെട്ടിരിക്കുന്ന രേഖകളും ഉണ്ടായിരിക്കേണ്ടതാണ്. എല്ലാ രേഖകളും അപേക്ഷകന്റെ വാസസ്ഥലത്തുള്ള ഓർത്തഡോക്സ് ഇടവക വികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം. ബന്ധപ്പെട്ട രേഖകൾ ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കപ്പെടുന്നതല്ല. ശുപാർശ ചെയ്യുന്ന വികാരിയുടെയും, അപേക്ഷകന്റെയും പൂർണ്ണമായ പേരും മേൽവിലാസവും (with contact No./Mobile No.) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.

*അപേക്ഷ അയയ്ക്കേണ്ട വിലാസം:*

The Vicar (S.G.O.C.C.)

St. Gregorios Orthodox Church, P.O. Box. 2229, Sharjah, U.A.E.

**അപേക്ഷകൾക്കൊപ്പം ഉണ്ടായിരിക്കേണ്ട രേഖകൾ:**

### 1. വിദ്യാഭ്യാസം

- അപേക്ഷകന്റെ വാസസ്ഥലത്തുള്ള ഓർത്തഡോക്സ് ഇടവക വികാരിയുടെ ശുപാർശക്കത്ത്
- വിദ്യാഭ്യാസം ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും; a) തന്നാണ്ടത്തെ വാർഷിക ഫീസ് b) പഠിക്കുന്നു എന്നുള്ളതിന് സാക്ഷ്യപത്രം.

### 2. ചികിത്സാ സഹായം

- അപേക്ഷകന്റെ വാസസ്ഥലത്തുള്ള ഓർത്തഡോക്സ് ഇടവക വികാരിയുടെ ശുപാർശക്കത്ത്
- ഡോക്ടറുടെ പക്കൽ നിന്നും 3 മാസത്തിനുള്ളിൽ ലഭിച്ച ചികിത്സാ സർട്ടിഫിക്കറ്റ്

### 3. പൊതു സഹായം


- അപേക്ഷകന്റെ വാസസ്ഥലത്തുള്ള ഓർത്തഡോക്സ് ഇവക വികാരിയുടെ ശുപാർശക്കത്ത്

### 4. വിവാഹ സഹായം (ഓർത്തഡോക്സ് വിശ്വാസികൾക്ക് മാത്രം)

- അപേക്ഷകന്റെ വാസസ്ഥലത്തുള്ള ഓർത്തഡോക്സ് ഇടവക വികാരിയുടെ ശുപാർശക്കത്ത്
- വിവാഹ കുറിയുടെ പകർപ്പ്

(കുറിപ്പ് : അപേക്ഷയോടൊപ്പം അയയ്ക്കുന്ന ശുപാർശക്കത്ത്/സാക്ഷ്യപത്രം/സർട്ടിഫിക്കറ്റ് എന്നിവയിൽ, സാക്ഷ്യപ്പെടുത്തുന്ന ആളിന്റെ ഒപ്പും, പള്ളിയുടെ/സ്ഥാപനത്തിന്റെ സീലും ഉണ്ടായിരിക്കണം.

മിഷൻ



# സ്നേഹത്തിന്റെ പാളങ്ങളിലൂടെ...




**ജാ**തിയുടെയും മതത്തിന്റെയും, വർഗ്ഗത്തിന്റെയും വർണ്ണത്തിന്റെയും അതിർവരമ്പുകളെ ലംഘിച്ചുകൊണ്ട് സ്നേഹത്തിന്റെ പ്രവാചകനായി അരോരുമറിയാതെ നന്മചെയ്ത് ജീവിക്കുന്ന കെ. ഐ. ഫിലിപ്പ് റമ്പാച്ചന്റെ ജീവിതം കൈമാറുന്ന അനേക അനുഭവങ്ങളിൽ, നാല് പാഠങ്ങൾ ഇവയാണ്:

1. കരുണയേക്കാൾ വലിയ പുണ്യമില്ല! 2. സഹനത്തേക്കാൾ വലിയ തപസ്സില്ല!! 3. ക്ഷമയേക്കാൾ വലിയ ആയുധമില്ല!!! 4. പരിത്യാഗത്തേക്കാൾ വലിയ പരമാനന്ദമില്ല!!!!

GUEST

ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ 1951-ലാണ് അമേരിക്കയിൽ പഠനം പൂർത്തിയാക്കി നാട്ടിൽ തിരിച്ചെത്തിയത്. കൊടുങ്കാറ്റുപോലെ വന്ന എം. വി. ജോർജ് ശെമ്മാശന്റെ സുവിശേഷപ്രസംഗങ്ങൾ അനേകംപേരെ ഓർത്തഡോക്സ് സഭയിലെ സുവിശേഷവേലയിലേക്ക് ആകർഷിച്ചു. അതിശക്തമായ ഒരു കാന്തം ആകർഷിക്കുന്ന ഇരുമ്പിൻതരികൾ പോലെ വന്നവരൊന്നും പിന്നെ വിട്ടുപോകാതെ കൂടെനിന്നു. അതിൽ മുമ്പനാണ് കെ. ഐ. ഫിലിപ്പ് റമ്പാൻ.

ചെറുപ്പം മുതലേ ആത്മീയകാര്യങ്ങളിൽ താത്പര്യമുള്ള വയലത്തല കരിമ്പിനേത്ത് കെ. ഐ. ഫിലിപ്പ് എന്ന ജോയിക്കുട്ടി ഞായറാഴ്ചകളിൽ മുടക്കം കൂടാതെ ആരാധനയിൽ സംബന്ധിച്ചു വന്നു. വി. കുർബാന കാണുമ്പോൾ അനുഭവിക്കുന്ന വികാരോഷ്മളത ജോയിക്കുട്ടിയെ വി. മദ്ബഹായിൽ ശുശ്രൂഷിപ്പാൻ പ്രേരിപ്പിച്ചു. വടശേരിയത്ത് വെരി. റവ. വി. ജെ. ഗബ്രിയേൽ കോർഎപ്പിസ്കോപ്പാ ജോയിക്കുട്ടിക്ക് കൈവെപ്പു നൽകി. 1949-ലായിരുന്നു ഇത്. സൺഡേസ്കൂൾ പഠനത്തിനു ശേഷം ജോയിക്കുട്ടി വയലത്തല സ്ലീബാ പള്ളിയിൽ സൺഡേസ്കൂൾ അദ്ധ്യാപകനായി. മാതൃഇടവകയിലെ യുവജനപ്രസ്ഥാനത്തിലും സജീവമായി പ്രവർത്തിച്ചു. ഹൈസ്കൂളിൽ പഠിക്കുമ്പോൾ തന്നെ സ്ത്രീസമാജത്തിലും പ്രാർത്ഥനായോഗങ്ങളിലും പ്രസംഗിക്കുന്നതിന് വിളിച്ചുകൊണ്ടു പോവുമായിരുന്നു.

**വെരി. റവ. കെ. ഐ. ഫിലിപ്പ് റമ്പാൻ**

http://youtu.be/roQrIW48xY0

വയലത്തലപള്ളിയിൽ 1952-ൽ എം. വി. ജോർജ് ശെമ്മാശന്റെ പ്രസംഗം കേട്ട ജോയിക്കുട്ടി പത്താം ക്ലാസ്സ് കഴിഞ്ഞ് സുവിശേഷവേലയ്ക്കു പോകുവാൻ തീരുമാനിച്ചു. എം. വി. ജോർജ് ശെമ്മാശനുമായി ഈ വിഷയം സംസാരിച്ചു. മിഷനറി പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകാനാവുന്ന തരത്തിലുള്ള വൈദികനാവുകയെന്നതായിരുന്നു ജോയിക്കുട്ടിയുടെ സ്വപ്നവും സങ്കൽപവും. 1956 ജൂലൈ രണ്ടിനു മാവേലിക്കര സുവിശേഷാലയത്തിലേക്ക് പുറപ്പെട്ടു.

1958-ലാണ് ജോയിക്കുട്ടി വൈദിക പഠനത്തിനായി കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ ചേർന്നത്. 1961 ജൂൺ മാസം 22-ന് കൊല്ലം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായിരുന്ന മാത്യൂസ് മാർ കൂറിലോസ് തിരുമേനി ജോയിക്കുട്ടിക്ക് യൗപ്പദിയക്കിനോ പട്ടം നൽകി. അങ്ങനെ ജോയിക്കുട്ടി ഡീക്കൻ കെ. ഐ. ഫിലിപ്പായി.

ബാഹ്യകേരള ഇടവകയുടെ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ 1962 ജൂൺ മാസം 15-നു ഫിലിപ്പു ശെമ്മാശന് കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് പൂർണ്ണശെമ്മാശുപട്ടം നൽകി. 1962 ജൂൺ 26-നു കടമ്പനാട് വലിയ പള്ളിയിൽ വച്ച് മാത്യൂസ് മാർ കൂറിലോസ് തിരുമേനി ഫിലിപ്പ് ശെമ്മാശന് വൈദികപട്ടം നൽകി.

ജോയ്സ് തോട്ടയ്ക്കാട്

മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ നിർബന്ധപ്രകാരം 1963 ആഗസ്റ്റ് മാസത്തിൽ ഭിലായ് ഇടവക വികാരിയായി ഫിലിപ്പച്ചൻ ചാർജെടുത്തു. ഭിലായ് സെന്റ് ഗ്രീഗോറിയോസ് പള്ളിനിർമ്മാണത്തിന് ചുക്കാൻ പിടിച്ചത് അച്ചനായിരുന്നു. പള്ളിയോടനുബന്ധിച്ച് ഒരു സ്കൂളും അവിടെ ആരംഭിച്ചു.

പ്രസ്തുത സ്കൂൾ ഇന്ന് മൂവായിരത്തിലധികം കുട്ടികൾ പഠിക്കുന്ന ഒരു ഹയർ സെക്കണ്ടറി സ്കൂളായി വളർന്നിട്ടുണ്ട്.

1965 മെയ് 25-ന് ഫാ. കെ. ഐ. ഫിലിപ്പ് പുതുപ്പാടി ബാല ഭവനത്തിന്റെ മാനേജരായി. പിന്നീട് ആശ്രമത്തിന്റെ സുപ്പീരിയർ ആയി തെരഞ്ഞെടുക്കപ്പെട്ടു. അവിടുത്തെ കുട്ടികൾ അല്ലലറിയാതിരിക്കാൻ എത്ര കണ്ണുനീർ താഴ്വരകളിലൂടെയും യാത്ര ചെയ്യാൻ ഫിലിപ്പ് അച്ചൻ തയ്യാറായിരുന്നു. വയറ്റിൽ ചുറ്റിത്തിരിയുന്ന വിശപ്പിന്റെ തീജ്വാലയേറ്റ് കരുവാളിച്ചുപോയ കുഞ്ഞുങ്ങൾക്ക് സാന്ത്വന സ്പർശമായി ഫാ. കെ. ഐ. ഫിലിപ്പ് പരിണമിച്ചു.

ഭാരതം മുഴുവൻ ഓർത്തഡോക്സ് സഭയുടെ മിഷൻ പ്രവർത്തനം വ്യാപിപ്പിക്കണമെന്നത് ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ ലക്ഷ്യമായിരുന്നു. ഈ ലക്ഷ്യം ഫലപ്രാപ്തിയിൽ എത്തിക്കുന്നതിൽ അവിശ്രാന്തം പണിയെടുത്തത് ഫിലിപ്പ് റമ്പാച്ചനാണ്. ഇന്ത്യയിലുടനീളം നിരവധി പ്രസ്ഥാനങ്ങൾ കെട്ടിപ്പടുത്തതിന്റെ പിന്നിൽ പ്രവർത്തിച്ചതും റമ്പാച്ചനാണ്. പല സംസ്ഥാനങ്ങളിലായി ചിതറിക്കിടക്കുന്ന സ്ഥാപനങ്ങൾ ഒന്നായിചേർത്ത് ഒറ്റക്കെട്ടായി അതിനെ വളർത്തിയതും റമ്പാച്ചൻ തന്നെ. പല സ്ഥാപനങ്ങളുടെയും ഡയറക്ടറായി, ഓരോ സ്ഥാപനത്തിലേയ്ക്കും ചേരുന്ന കൂട്ടുവേലക്കാരെ കണ്ടുപിടിച്ച്, അവരെ ശരിയായി നയിക്കാൻ റമ്പാച്ചന് ദൈവം നല്കിയ പ്രാപ്തി അത്ഭുതകരമാണ്.

ഫിലിപ്പ് അച്ചൻ ആന്ധ്രായിലെ കൃഷ്ണാ ജില്ലയിൽ രണ്ട് ഗ്രാമങ്ങളായ ചിന്ന ഉല്ലിംഗ്ഷ്, കൃഷ്ണറാവുപേട്ട എന്നീ സ്ഥലങ്ങൾ പുനർ നിർമ്മിച്ചു. ഇത് ആന്ധ്രാ ഗവണ്മെന്റിന്റെ പ്രത്യേക അവാർഡിന് അർഹനായി. ഗവർണർ കെ. സി. ഏബ്രഹാം മാസ്റ്ററിൽ നിന്നും മുഖ്യമന്ത്രി വിജയ ഭാസ്ക്കര റെഡ്ഡിയിൽ നിന്നും പ്രത്യേക പ്രശംസാപത്രം ഫിലിപ്പ് അച്ചൻ സ്വീകരിച്ചു. ദുരിതനിവാരണത്തിന് സംഭരിച്ച തുകയിൽ ബാക്കിവന്നതുകൊണ്ട് അദ്ദേഹം യാച്ചാരത്ത് കുഷ്ഠരോഗികളുടെ കുഷ്ഠമില്ലാത്ത കുട്ടികൾക്കു

*ശേഷം 33-ാം പേജിൽ*

# സിവിൽ സർവ്വീസിലെ തിളക്കം






## ആൽബിക്ക് ഇത് ജന്മദിന സമ്മാനം

**സി**വിൽ സർവീസ് പരീക്ഷയിൽ നാലാം റാങ്ക് നേടിയ ആൽബി ജോൺ വർഗീസ്. പാമ്പാക്കുട സെന്റ് ജോൺസ് ഓർത്തഡോക്സ് ഇടവകയിൽ കുപ്പമലയിൽ വീട്ടിലേക്ക് ഇത്തവണ ഹാപ്പി ബർത്ത്ഡേ എത്തിയത് ഐ.എ.എസ്. എന്ന പദവിയിലൂടെയാണ്. ആൽബിന്റെ ഇരുപത്തിയഞ്ചാം പിറന്നാളിലാണ് സിവിൽ സർവ്വീസ് നേട്ടം. ഈ നേട്ടം ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ലെന്ന് ആൽബി പറയുന്നു. പാലക്കുഴ ഗവ. ആശുപത്രിയിൽ സേവനം ചെയ്യുന്നതിനിടെയാണ് ഈ വിജയം ആൽബിയെ തേടിയെത്തിയത്.


മലയാളസാഹിത്യം ഏറെ ഇഷ്ടപ്പെടുന്ന ആൽബിക്കു സ്ക്കൂൾ കാലഘട്ടത്തിൽ ലൈബ്രറി കൗൺസിലിന്റെ വായനാമൽസരത്തിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചിട്ടുണ്ട്. ചെറുകഥയും കവിതയും ഒരുപോലെ ഇഷ്ടപ്പെടുന്ന ആൽബി കഥാകൃത്തുകൂടിയാണ്. ആഗ്രഹിച്ചതു നേടിയെടുക്കാനുള്ള അഗാധമായ പരിശ്രമമാണ് ആൽബിയുടെ വിജയത്തിനു പിന്നിലുള്ളതെന്നു മാതാപിതാക്കളുടെ വാക്കുകൾ.

ചേട്ടന്റെ നേട്ടങ്ങളെക്കുറിച്ചു പറയാൻ കോഴിക്കോട് എൻ.ഐ.ടിയിൽ ബിടെക് വിദ്യാർത്ഥിയായ സഹോദരൻ അതുലിനും കാര്യങ്ങളേറെ.

എം.ബി.ബി.എസ്. പഠനവേളയിൽ സാധാരണക്കാരന്റെ പ്രശ്നങ്ങൾ കണ്ടറിഞ്ഞതാണു സിവിൽ സർവീസ് എന്ന ലക്ഷ്യത്തിലേക്കു നടത്തിയതെന്ന് ആൽബി പറയുന്നു. തന്റെ നേട്ടം സമൂഹത്തിനു നൻമയായി തിരികെ നൽകുമെന്ന് ഈ ചെറുപ്പക്കാരന്റെ വാക്കുകൾ. കഠിനാധ്വാനത്തിന്റെ വിജയം. ദൈവകൃപയുടെയും.





അലക്സിൻ ജോർജ്

ജോലി രാജിവച്ച് സിവിൽ സർവ്വീസ് പരീക്ഷയിൽ വെന്നിക്കൊടി പാറിച്ച ചീരഞ്ചിറ മുണ്ടപ്ലാമൂട്ടിൽ അലക്സിൻ ജോർജിന് പറയാനുള്ളത് അർപ്പണ ബോധത്തിന്റെയും ലക്ഷ്യബോധത്തിന്റെയും കഥയാണ്.

പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിലെ അധ്യാപകനായ അലക്സിൻ സിവിൽ സർവ്വീസ് പരീക്ഷയിൽ 620–ാം റാങ്ക് നേടി. അലക്സിൻ 2011 മുതൽ ഈ സ്ഥാപനത്തിലെ അധ്യാപകനാണ്. കഴിഞ്ഞ വർഷം 27–ാം റാങ്ക് ലഭിച്ച കടുത്തുരുത്തി സ്വദേശി രാഹുൽ നാഥ് ഉൾപ്പെടെ ഉന്നത വിജയം നേടിയ നിരവധി പേരുടെ ഗുരുവാണ് അലക്സിൻ ജോർജ്. സ്കൂളിൽ പഠിക്കുമ്പോഴേ മനസ്സിൽക്കരുതിയ സ്വപ്നമാണ് സിവിൽ സർവ്വീസ് നേടുക എന്നത്. നിശ്ചയദാർഢ്യത്തോടെയുള്ള കഠിന പരിശ്രമത്തിന് അലക്സിന് പ്രതിഫലം ലഭിച്ചു.

2008–ൽ സി.എം.എസ്. കോളേജിലിൽ നിന്ന് രസതന്ത്രത്തിൽ എം.എസ്.സി. നേടിയ ശേഷം കുറച്ചുനാൾ ടെക്നിക്കൽ സൂപ്പർ വൈസറായി ജോലി ചെയ്തു. ആദ്യശ്രമം നടത്തിയെങ്കിലും പരാജയപ്പെട്ടു. പാലായിലെ പരിശീലനത്തിന് ശേഷം ഡൽഹിയിൽ വാജിറാം ആൻഡ് രവി ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു വർഷത്തെ ട്രെയിനിംഗ് നടത്തിയ ശേഷമാണ് പരീക്ഷയെ അഭിമുഖീകരിച്ചത്.

വെള്ളുത്തുരുത്തി സെ. മേരീസ് ഓർത്തഡോസ് വികാരി ഫാ. എം. സി. ജോർജിന്റെയും (സഭാ മാനേജിംഗ് കമ്മറ്റി അംഗം) റിട്ട. എ.ഇ.ഒ. സുജാതയുടെയും മകനാണ് അലക്സിൻ. മലയാളവും പൊളിറ്റിക്കൽ സയൻസും ഐച്ഛിക വിഷയങ്ങളായി എടുത്ത് സിവൽ സർവ്വീസ് പരീക്ഷയെഴുതിയത്. മാതൃഭാഷയോടും രാഷ്ട്രതന്ത്രത്തോടുമുള്ള പ്രിയവും ഇവ മാർക്കുനേടാൻ കൂടുതൽ സഹായിച്ചു.

സഹോദരി ഡോണ ഷേബ ജോർജ് (ദുബായ്) ഭാര്യ പ്രിൻസി സൂസൻ കോശി (കോട്ടയം റബർ ബോർഡിൽ ഗവേഷണം നടത്തുന്നു) ഏഴ് മാസം പ്രായമുള്ള മകൾ എയ്ഞ്ജലിന് സിവിൽ സർവ്വീസ് വിജയം സമ്മാനിക്കുകയാണെന്ന് അലക്സിൻ പറഞ്ഞു.



## സ്വർണ്ണത്തിളക്കവുമായി സിമി മറിയം ജോസ്



**മൈലപ്ര:** തിരുവനന്തപുരത്തു നടന്ന അഖിലേന്ത്യാ മാസ്റ്റേഴ്സ് അത്‌ലറ്റിക് മീറ്റിൽ, ട്രിപ്പിൾ ജംപിൽ ഗോൾഡ് മെഡൽ ഉൾപ്പെടെ മൂന്ന് മെഡലുകൾ വാരിക്കൂട്ടിയ സിമി മറിയം ജോസ്.

ട്രിപ്പിൾ ജംപിലും, ജാവലിൻ ത്രോയിലും ഗോൾഡ് മെഡലും 100 മീറ്റർ ഓട്ടത്തിലും 4X100 മീറ്റർ റിലേയിലും സിൽവറും നേടി, ഓസ്ട്രേലിയയിൽ നടക്കുന്ന അന്തർദ്ദേശിയ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹത കരസ്ഥമാക്കി.

ജർമ്മനി സെന്റ് സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളി വികാരി ഫാ. ലൈജു മാത്യുവിന്റെ സഹധർമ്മിണിയാണ്.

അത്‌ലറ്റിക് രംഗത്ത് പാരമ്പര്യമുള്ള കുടുംബത്തിൽ നിന്നാണ് സിമി ഈ മേഖലയിലേക്ക് വരുന്നത്. സമിയുടെ പിതാവ് ഖത്തർ വോളിബോൾ ടീമിൽ അംഗമായിരുന്നു. അമ്മാവൻ ഡാനിക്കുട്ടി ഡേവിഡ് ഇന്ത്യൻ വോളിബോൾ ടീമിൽ അംഗമായിരുന്നു. അവരിൽ നിന്ന് ഊർജ്ജം ഉൾക്കൊണ്ടാണ് സിമിയുടെ കായിക രംഗത്തെ മുന്നേറ്റം.

തമിഴ്നാട് ഫിസിക്കൽ എജ്യൂക്കേഷൻ ആൻഡ് സ്പോർട്സ് യൂണിവേഴ്സിറ്റിയിൽ പി.എച്ച്.ഡി പഠനം നടത്തിക്കൊണ്ടിരിക്കുന്ന സിമി അടൂർ സെന്റ് മേരീസ് മഹിള മന്ദിരം ഗേൾസ് ഹൈസ്ക്കൂളിൽ ഫിസിക്കൽ എജ്യൂക്കേഷൻ അദ്ധ്യാപികയാണ്. മകൾ: റയ്ന എൽസാ ലൈജു.

## നിഷിതാ മോഹന് ഒന്നാം റാങ്ക്



**പ്രക്കാനം:** നാഷണൽ എലിജിബിലിറ്റി കം എൻട്രൻസിൽ ഡോ. നിഷിതാ മോഹന് ഒന്നാം റാങ്ക്. പ്രക്കാനം സെ. മേരീസ് ഇടവകാംഗമായ കരിക്കോട് തുണ്ടിയത്ത് നിഷിതാ നിവാസിൽ മോഹൻ ഫിലിപ്പിന്റെയും (മെക്കാൻക്കൽ വിഭാഗം മേധാവി, ഗവ. പോളിടെക്നിക് കോളജ്, നാട്ടകം) എലിസബത്തിന്റെയും (അസി. മാനേജർ ബാങ്ക് ഓഫ് ഇൻഡ്യ, കൊല്ലം) പുത്രിയാണ്.

ന്യൂഡെൽഹി ഓൾ ഇൻന്ത്യാ മെഡിക്കൽ സയൻസിന്റെ മെഡിക്കൽ പി.ജി. പ്രവേശന പരീക്ഷയിൽ ഒന്നാം റാങ്കും നേടി നിഷിത ഇരട്ട വിജയം കരസ്ഥമാക്കി.

## വചന പരിമളം

**ഡോ. കെ.എൽ. മാത്യു വൈദ്യൻ കോർഎപ്പിസ്ക്കോപ്പാ**




# ഭൂമിയോട് സംസാരിക്കുക

> ഭൂമിയോട് സംഭാഷിക്ക; അതുനിന്നെ ഉപദേശിക്കും. സമുദ്രത്തിലെ മത്സ്യം നിന്നോട് വിവരിക്കും. ഇയ്യോബ്. 12: 8.

### 1. ഭൂമിയുടെ കദനകഥകൾ കേൾക്കുക

ചെടികളോടും മൃഗങ്ങളോടുമൊക്കെ സംഭാഷണം നടത്തുന്ന വിശുദ്ധ വ്യക്തികളെ ചരിത്രത്തിൽ നാം കണ്ടുമുട്ടുന്നുണ്ട്. ആത്മീയമായി ഉയർന്ന തലത്തിലെത്തുമ്പോൾ ജൈവവ്യവസ്ഥയിൽ നാം അലിഞ്ഞു ചേർന്ന് മണ്ണിനെയും വിണ്ണിനേയും സ്തുതിക്കും. ദൈവവും പ്രപഞ്ചവും മനുഷ്യനും ദൈവികജീവന്റെ ഏകോപിതരൂപമാണ്. പ്രകൃതിയെക്കുറിച്ചുള്ള ഈ വിശാല വീക്ഷണം (Inclusive view of nature) പ്രകൃതിയോട് ബഹുമാനത്തോടെ ഇടപെടുവാൻ നമ്മെ പ്രേരിപ്പിക്കുന്നു. ദൈവികജീവനെ പോഷിപ്പിക്കുന്നവരും പ്രകൃതിയുടെ പരിസേവകരുമാകണം നാം.

ഇവർ മിണ്ടാതിരുന്നാൽ ഈ കല്ലുകൾ ആർത്തുവിളിക്കും (ലൂക്കോ. 19: 40) എന്ന യേശുവിന്റെ വചനം പാഴ്‌വാക്കല്ല. അണുവിനുള്ളിലെ ഘടകങ്ങൾപോലും ചലനാത്മകമാണെന്ന് (moving, dynamic and rotaing) ആധുനിക ശാസ്ത്രം പറയുന്നു. പ്രപഞ്ചമാകെ അതിന്റേതായ ഭാഷയിൽ ദൈവത്തെ ആരാധിക്കുന്നുണ്ട്. "ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു." സങ്കീ. 24: 1.

ഭൂമിയോടു നാം സംസാരിച്ചാൽ രാസവസ്തുക്കളും കീടനാശിനികളും മണ്ണിലും ജലത്തിലും വായുവിലുമുള്ള കീടങ്ങളേയും സൂക്ഷ്മജീവികളേയും നശിപ്പിക്കുന്ന കദനകഥകൾ നമ്മോടു പറയും. സമുദ്രത്തിലെ മത്സ്യവും വിഷം വമിക്കുന്ന കഥകൾ പറയും. മനുഷ്യർ മാത്രമല്ല, ചെടികളും മരങ്ങളും നമ്മുടെ അയൽക്കാരാണ്. അയൽക്കാരെ സ്നേഹിക്കണം. പ്രകൃതിദത്തമായ ആവാസ വ്യവസ്ഥിതിയെ നശിപ്പിക്കരുത്. നോഹയുടെ പെട്ടകത്തിൽ എല്ലാ ജീവജാലങ്ങളുമായി കൂട്ടായ്മയുണ്ട്. ഉല്പ. 6: 19, 20. പ്രപഞ്ചമാകെ ഒരു ശരീരത്തിന്റെ ഭാഗമാണ്. ജീവജാലങ്ങളുടെ വേദന എല്ലാവരെയും ബാധിക്കും. ജീവിക്കുവാനും വളരുവാനുമുള്ള അവകാശം മനുഷ്യനെപ്പോലെ ജീവജാലങ്ങൾക്കുമുണ്ട്. അതിസൂക്ഷ്മജീവികളേയും നശിക്കാൻ അനുവദിക്കരുത്. മനുഷ്യനു മാത്രമല്ല, ദൈവനിയോഗവും ലക്ഷ്യബോധവും.

### 2. അടക്കി വാഴുക എന്നാൽ ഭക്ഷിച്ചു തീർക്കലല്ല

തോട്ടത്തിൽ അദ്ധ്വാനിക്കുവാനും, അതിനെ സീക്ഷിക്കുവാനുമാണ് മനുഷ്യരെ ഭരമേല്പിച്ചത്. ഉല്പ.2: 15. ജീവിതവ്യപാരങ്ങളിൽ ഒരു പാരിസ്ഥിതിക അവബോധം മനുഷ്യൻ പുലർത്തണം. ചൂഷണപരമായ ജീവിതശൈലിയും അശ്രദ്ധയും എല്ലാ ജീവജാലങ്ങളേയും ഭൂമിയിൽ നിന്നും തുടച്ചുമാറ്റും. ശാസ്ത്രസാങ്കേതികവിദ്യകളുടെ ശക്തി ഉപയോഗിച്ച് പ്രകൃതിയുടെ യജമാനന്മാരും ഉടമസ്ഥരുമാകാൻ മനുഷ്യൻ പരിശ്രമിക്കുന്നു. ഭൂമിയെ ഭക്ഷിച്ചു തീർത്തേ അടങ്ങൂ എന്നായിരിക്കുന്നു ജീവിതശൈലി. മനുഷ്യസാന്നിദ്ധ്യം അനുഗ്രഹമാകേണ്ടതിനുപകരം ഭൂമിയ്ക്കു ശാപമായിത്തീരുന്ന സ്വാർത്ഥതയുടെ പാപം ഇന്നും തുടരുന്നു. നിങ്ങൾ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു എന്നു പറയാനിടയാകരുത്. ഉല്പ. 3: 17. ഭൂമിയെ അടക്കി വാഴുക എന്ന കല്പന(ഉല്പ.1: 28)യുടെ അർത്ഥം കാര്യവിചാരകന്മാരായി നോക്കി നടത്തുക എന്നാണ്. ഭൂമിയെ നശിപ്പിക്കുക എന്ന് തിരുത്തിക്കുറിക്കുവാൻ മനുഷ്യന് അവകാശമില്ല. അടക്കിവാഴുക ഭക്ഷിച്ചുതീർക്കലല്ല.

### 3. പച്ചയായ പുൽപ്പുറങ്ങൾ കാത്തുസൂക്ഷിക്കുക

ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്ന ആകാശങ്ങളിലേക്ക് വിഷവും നശീകരണായുധങ്ങളും പ്രവഹിക്കുന്നത്. മണ്ണു കുഴച്ചു കണ്ണിൽ പൂശി ശിലോഹോം കുളത്തിൽ കഴുകുക എന്നു നിർദ്ദേശിച്ച (യോഹ. 9: 7) യേശു മനുഷ്യന്റെ സൗഖ്യപ്രാപ്തിയ്ക്ക് പ്രകൃതിയുടെ പങ്ക് അനുസ്മരിപ്പിക്കുകയായിരുന്നു. സങ്കീ.23:2 "പച്ചയായ പുല്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു; സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്ക് എന്നെ നടത്തുന്നു." പുല്പുറങ്ങൾ പച്ചയായും വെള്ളം ശുദ്ധമായും കാത്തു സൂക്ഷിക്കാനാണ് നമ്മെ ഏല്പിച്ചിരിക്കുന്നത്. അനന്തര തലമുറകൾക്ക് അവ നിഷേ

ധിക്കുന്നത് ശരിയല്ല. ജൈവ വൈവിധ്യം നിലനിർത്തണം. നമ്മുടെ നിലനിൽപ്പിന് സഹജീവികൾ ആവശ്യമാണ്. ഭൂമിയുടെ സന്തുലിതാവസ്ഥ തകർക്കുന്ന രാസവസ്തുക്കൾ ഉപയോഗിക്കരുത്. മനുഷ്യാവകാശങ്ങൾ ഉള്ളതുപോലെ പച്ചപ്പുല്ലുകൾക്കും അവകാശങ്ങളുണ്ട്. ഭൂമിയുടെ വിഭവങ്ങൾ ആവശ്യാനുസരണം സൂക്ഷ്മതയോടെ ആർത്തിയും സ്വാർത്ഥതയും ഇല്ലാതെ ഉപയോഗിക്കണം ഉപഭോഗം സംസ്കാരത്തെ നശിപ്പിച്ചുകൊണ്ടാകരുത്.

**4. പരിസ്ഥിതി സംരക്ഷണത്തിന് പ്രായോഗിക നിർദ്ദേശങ്ങൾ**

1. പരിസ്ഥിതി വിഷയങ്ങളെക്കുറിച്ച് ചർച്ചകൾ സംഘടിപ്പിക്കണം. ഇക്കോക്ലബുകൾ രൂപീകരിക്കണം. ഭവനങ്ങൾ ഗ്രീൻഹോംസ് ആക്കണം. ഇടവകകൾ ഗ്രീൻ പാരിഷ് ആകണം. പരിസ്ഥിതി ദൈവശാസ്ത്രം പഠിക്കണം. ബോധവൽക്കരണ ശ്രമങ്ങൾ ഊർജ്ജിതമാക്കണം. 2. കാലാവസ്ഥാ വ്യതിയാനത്തിന്റെയും മറ്റും ഭവിഷ്യത്തുകൾ മനസ്സിലാക്കി പ്രകൃതിയുടെ താളം തെറ്റലിനെ പ്രതിരോധിക്കാനുള്ള പദ്ധതിയിൽ നടപ്പിലാക്കുന്നതിൽ സർക്കാരിന്റെയും സന്നദ്ധ സംഘടനകളുടെയും പ്രവർത്തനങ്ങളുമായി സഹകരിക്കണം. 3. 1947-ൽ ഇൻഡ്യയിലെ വനഭൂമി 27% ആയിരുന്നു. 2012 ൽ വെറും 4% മായി. അതിനാൽ വനവൽക്കരണത്തിനുള്ള പ്രയത്നങ്ങൾ നടത്തണം. മരങ്ങൾ വച്ചുപിടിപ്പിക്കണം. ഔഷധച്ചെടികളും പൂന്തോട്ടങ്ങളും നല്ല ഫലവൃക്ഷങ്ങളും വളർത്തണം.

4. നമ്മുടെ സെമിത്തേരികൾ പൂന്തോട്ടങ്ങളാക്കി സൂക്ഷിക്കണം. പ്ലാസ്റ്റിക് കുപ്പികളും പൂവുകളും കൂടുകളും ഒഴിവാക്കണം. 5. നമ്മുടെ പറമ്പിൽ മഴക്കുഴികൾ നിർമ്മിച്ച് ലഭിക്കുന്ന വെള്ളം തടഞ്ഞു നിർത്തി ഭൂമിയിലേക്ക് കടത്തണം. മഴക്കുഴി ഉള്ള സ്ഥലത്ത് കിണർ വറ്റുകയില്ല. 6. പതിവായി പരിസരശുചീകരണം നടത്തണം. മാരക രോഗാണുക്കൾ വ്യാപിക്കാതെ മാലിന്യങ്ങൾ ഭവന പരിസരത്തു തന്നെ ശരിയായി സംസ്കരിക്കണം. മാലിന്യങ്ങളിൽ നിന്ന് ജൈവവളം ഉല്പാദിപ്പിക്കണം.

7. പാഴ്വസ്തുക്കളുടെ പുനരുപയോഗം (Re-Cycling) പ്രോത്സാഹിപ്പിക്കണം. പ്രാദേശിക മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ പങ്കെടുക്കണം. മുറികൾ വൃത്തിയായി സൂക്ഷിക്കുന്നതോടൊപ്പം പറമ്പും വൃത്തിയാക്കണം. പാഴ്വസ്തുക്കൾ നഗരസഭയോ പഞ്ചായത്തോ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ കൊണ്ടിടുവാൻ ശ്രദ്ധിക്കണം. 8. സൗരോർജ്ജപദ്ധതികൾ നടപ്പിലാക്കണം. അതിനുള്ള സർക്കാരിന്റെ സബ്സിഡി പ്രയോജനപ്പെടുത്തണം.

9. സ്വീകരണമുറി ഭംഗിയായി ഒരുക്കുന്ന നാം കുളിമുറി, കക്കൂസ്, അടുക്കള, പരിസരം ഇവ വൃത്തിയായി സൂക്ഷിക്കണം. മൊബൈൽ ഫോണുകളും ഉച്ചഭാഷിണികളും മറ്റും അണുവാഹിനികളായി ഉപദ്രവകാരികളായിത്തീരാറുണ്ട്. 10. കശുമാവിൻ തോട്ടങ്ങളിലും ഏലത്തോട്ടങ്ങളിലും തേയിലത്തോട്ടങ്ങളിലും മാത്രമല്ല കറിവേപ്പിലയിലും പച്ചക്കറി സാധനങ്ങളിലും കീടനാശിനി തളിക്കുന്ന കാലമാണിത്. രാസവളം തുടങ്ങിയ മാരകവിഷം ആഹാരസാധനങ്ങളിൽകൂടി ശരീരത്തിൽ കലരുന്നത് ഒഴിവാക്കണം. വീടുകളിൽ കമ്പോസ്റ്റുവളങ്ങൾ സജ്ജീകരിച്ച് നമുക്കാവശ്യമായ പച്ചക്കറികൾ തന്നെ ഉണ്ടാക്കണം. കൃഷിയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്കണം. 11. അമോണിയ പോലുള്ള വസ്തുക്കൾ ചേർത്ത് ആഴ്ചകൾക്കു ശേഷം എത്തുന്ന മത്സ്യം, മാംസം എന്നിവയ്ക്കെതിരെ ജാഗ്രതവേണം. ഭക്ഷ്യവസ്തുക്കളുടെ ഉറവിടമേതെന്ന് ഗ്രഹിക്കണം.

12. വെള്ളം, വിദ്യുച്ഛക്തി പാഴാക്കരുത്. അത്യാവശ്യങ്ങൾക്കല്ലാതെ വാഹനം ഉപയോഗിക്കരുത്. നടപ്പ്, വ്യായാമങ്ങൾ ശീലിക്കണം. ഏ.സി. , ഫ്രിഡ്ജ്, പെട്രോൾ ഉപഭോഗം കുറയ്ക്കണം. 13. മണ്ണൊലിപ്പ് തടയാൻ കണ്ടൽക്കാടുകൾ, രാമച്ചം ഇവ വച്ചുപിടിപ്പിക്കാം. വികസനത്തിന്റെ പേരിൽ കാടും നാടും നശിക്കരുത്. മണൽ, വനം, റിയൽ എസ്റ്റേറ്റ്, മദ്യമാഫിയകൾക്കെതിരെ ജനകീയ കൂട്ടായ്മകൾ ശക്തിപ്പെടണം. 14. വലിയ തോതിൽ കാർബൺ ഡൈ ഓക്സൈഡ് വലിച്ചെടുക്കുകയും ഓക്സിജൻ പുറത്തുവിടുകയും ചെയ്യുന്ന അരയാൽ തുടങ്ങിയ മരങ്ങൾ സംരക്ഷിക്കണം. കുളങ്ങളും തോടുകളും നികത്തി കരയാക്കുന്നതിനെ എതിർക്കണം. ജല മലിനീകരണവും വായുമലിനീകരണവും തടയണം.

15. മണ്ണിനെയും പ്രകൃതിയെയും സ്നേഹിക്കുവാൻ കുഞ്ഞുങ്ങളെ പഠിപ്പിക്കണം. നല്ല ജീവിതശൈലി, രോഗപ്രതിരോധം, ആരോഗ്യസംരക്ഷണം, പ്രകൃതിചൂഷണം, ജൈവകൃഷി തുടങ്ങിയ വിഷയങ്ങളെപ്പറ്റി ലഘുരേഖകൾ ശേഖരിച്ച് വിതരണം ചെയ്യണം. ■




## പ്രിസ്താ

സ്ലീബാനമസ്കാരം രാത്രി 3-ാം കൗമായിൽ പരേതരെ അനുസ്മരിക്കുമ്പോൾ .........മ്ശിഹാ തൻ വരവിൽ തന്നോടവർ മോദിപ്പാനും ചേർപ്പിൻ പ്രിസ്തായിൽ..... എന്ന് പാടുന്നു. പ്രിസ്താ എന്നതിനു ത്രോണോസുവിരി എന്ന അർത്ഥമാണ് വി. കുർബ്ബാന ക്രമത്തിൽ കാണുന്നത്. എന്നാൽ ഇത് പൂർണ്ണമായും ശരിയാണ് എന്ന് തോന്നുന്നില്ല. ഫ്രസ് എന്ന ക്രിയാധാതുവിൽ നിന്ന് രൂപപ്പെടുന്ന പ്രിസോ എന്നും 'പ്രിസ്തോ' എന്നുമുള്ള നാമത്തിന് വിവിധ അർത്ഥങ്ങൾ ഉണ്ട്. മഹാപുരോഹിതന്റെ മാർപതക്കം, (The breast plate of the High Priest) ദേവാലയത്തിന്റെ തിരശീല, (The veil of the Temple) കാപ്പാ പോലെ ശരീരം മുഴുവൻ മൂടുന്ന വസ്ത്രം, വി. കുർബ്ബാന അർപ്പിക്കുന്ന അപ്പം, (Chosen bread) മൂടുപടം (Coverlet) തുടങ്ങിയ നിരവധി അർത്ഥങ്ങൾ ഈ പദത്തിനുണ്ട്. മുകളിൽ സൂചിപ്പിച്ച ഗീതത്തിൽ രണ്ട് അർത്ഥങ്ങൾ നൽകാവുന്നതാണ് (1) പഴയനിയമ പാരമ്പര്യത്തിൽ ദൈവത്തിന്റെ മഹാപുരോഹിതൻ ഇസ്രയേൽ ഗോത്രങ്ങളുടെ പേരുകൾ കൊത്തിയ രത്നങ്ങൾ അവരുടെ സ്മരണയ്ക്കായി മാർ പതക്കമായി ധരിച്ചിരുന്നു (പുറ. 39.6-21). ഇതുപോലെ വാങ്ങിപോയവരുടെ സ്മരണ നിലനിർത്തുവാൻ പുരോഹിതന്റെ മാർ പതക്കമായ ആരാധനയിൽ പരേതരെ അനുസ്മരിക്കണം. (2) ആദിമസഭയിൽ വി. ബലി അർപ്പിക്കുവാൻ വിശ്വാസികൾ അപ്പം ഭവനങ്ങളിൽ നിന്ന് കൊണ്ടുവന്നിരുന്നു. വിശ്വാസികൾ കൊണ്ടുവരുന്ന അപ്പത്തിൽ നിന്ന് പുരോഹിതൻ യോഗ്യമായ ഒന്നെടുത്ത് വി. കുർബ്ബാന അർപ്പിച്ചിരുന്നു. ശേഷമുള്ളവ ബുർക്സയായി വിശ്വാസികൾക്ക് നൽകിയിരുന്നു. ഇതുപോലെ വാങ്ങിപോയവർ കർത്താവിന്റെ രണ്ടാം വരവിൽ ആമോദിപ്പാൻ തിരഞ്ഞെടുക്കപ്പെട്ടവരാകണമേ എന്ന് പ്രാർത്ഥിക്കുന്നു. വി. കുർബ്ബാനയിൽ പരേതരെ ഓർക്കുവാൻ ബലിപീഠം മൂടുന്ന വിരിയിൽ പരേതരുടെ പേരുകൾ ഓർക്കപ്പെടുന്നു എന്നും ഇതിന് അർത്ഥം നൽകാം.

**ഫാ. മാത്യു വർഗീസ്, അടൂർ**

# മൂന്നാം ചരമ വാർഷികം
# 05-07-2013



Peace Corner Associates
Reg. No. KI52/1978
Peace Hill Old age Home
Amalagiri P.O.
Kottayam-686561
0481-2397218, 9447725973
www.peacehill.in

"ഭംഗ്യാ ദൈവസുതാ നിന്നെ
ശുശ്രൂഷിച്ചൊരു വൈദീകരെ
നിന്നാഗമന മഹാനാളിൽ
ഓർത്തുമുഖപ്രഭയേകേണമേ..."

## ഫാ. പി. വി. വർഗീസ്
(ക്ലേറി അച്ചൻ)

- രാവിലെ 7-ന് പീസ്ഹിൽ ചാപ്പലിൽ വി. കുർബ്ബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും തുടർന്ന് പ്രഭാത ഭക്ഷണവും
- ബ. അച്ചന്റെ സ്മരണയ്ക്കായി പുതിയ 'കെയർ ഹോം പ്രോജക്ട്' ന്റെ ശിലാസ്ഥാപനം 10 മണിക്ക് നടത്തപ്പെടുന്നു.
- പുതിയ പ്രൊജക്ടിൽ റൂം ഡൊണേറ്റ് ചെയ്യുന്നതിനും, മുൻകൂർ ബുക്കുചെയ്യുന്നതിനും സൗകര്യം ഉണ്ടായിരിക്കുന്നതാണ്, വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.
- എല്ലാ രണ്ടും, നാലും ശനിയാഴ്ചകളിൽ ചാപ്പലിൽ വി. കുർബാന നടത്തപ്പെടുന്നു.

പീസ് കോർണർ സൊസൈറ്റിക്കുവേണ്ടി,

**ഫാ. സി.ഒ. ജോർജ്**
(പ്രസിഡന്റ്)

**പ്രൊഫ. പി. സി. വർഗീസ്**
(സെക്രട്ടറി)



മിഷൻ

ഫാ. തോമസ് വർഗീസ്, ചാവടിയിൽ

MISSION

# മിഷൻ പ്രവർത്തനത്തിന് അനന്ത സാധ്യത

മലങ്കരസഭയിൽ പ്രേഷിത പ്രവർത്തനത്തിന് അതുല്യമായ സ്ഥാനമാണുള്ളത്. ക്രിയാത്മകമായ സഭാസേവനം ലഭ്യമായ അറിവിനെ സാധ്യമായ എല്ലാ തുറകളിലും ആവശ്യാനുസരണം യുക്തമായും മനോധർമ്മമനുസരിച്ചും ആകർഷകമായി വിനിയോഗിക്കുവാൻ കഴിയണം. ധാരാളം അറിവ് ഉണ്ടായതുകൊണ്ടു മാത്രം അവ പ്രയോജനപ്പെടണമെന്നില്ല. അറിവിന്റെ സമൃദ്ധിയോടൊപ്പം നൈസർഗികമായ ചിന്തകൾകൊണ്ട് അവ പരിപോഷിപ്പിക്കപ്പെടണം. ലഭിച്ച അറിവുകളെ ചുറ്റുപാടുകളുടെ അഥവാ ഇടവകയുടെ സാഹചര്യത്തിനനുസരിച്ച് പര്യായാലോചന ചെയ്ത് ഉപയോഗിക്കണം. അതിനായി തിരഞ്ഞെടുക്കുന്ന പ്രവർത്തനമേഖലകൾ സഭയ്ക്കും ഇടവകയ്ക്കും സമൂഹത്തിനും പ്രയോജനമുള്ളതും ആകണം.

മാറുന്ന ജീവിത സാഹചര്യങ്ങൾക്ക് അനുസരിച്ച് പഴയ മിഷൻ രീതികളെ പുനർവിഭാവന ചെയ്യുവാൻ മടിയുള്ള ഒരു സമൂഹമാണ് നമ്മുടേത്. ഏതെങ്കിലും ആവിഷ്ക്കരിക്കപ്പെട്ട വ്യവസ്ഥാപിത മാർഗത്തിൽ നിന്നും ആവശ്യമാണെങ്കിൽ പോലും അണുകിട വ്യതിചലിക്കാൻ താല്പര്യമില്ലാത്ത സമൂഹത്തിൽ പുതിയ സാധ്യതകൾ രൂപപ്പെടുത്തി പ്രാവർത്തികമാക്കുക പ്രയാസമാണ്. അതുകൊണ്ട് സഭാ ജീവിതത്തിലും വിശ്വാസജീവിതത്തിലും കാലാനുസൃതമായി ഗുണപരമായ വ്യത്യാസങ്ങൾ അനിവാര്യമായ സ്ഥലത്ത് ഏറ്റവും വേഗത്തിൽ അവ സാധ്യമാക്കുവാൻ കഴിയണം. അവയ്ക്ക് ആവശ്യമായ പ്രബോധനവും പരിശീലനവും നൽകുവാനും നാം സന്നദ്ധമാകണം.

നമ്മൾ ജീവിക്കുന്ന കാലഘട്ടത്തിലെ വിവരസാങ്കേതിക വിജ്ഞാനീയത്തിന്റെ വളർച്ച നാം കാര്യമായി പരിഗണിച്ച് ശക്തമായ ഇടപെടൽ നടത്തേണ്ടിയിരിക്കുന്നു. മാധ്യമങ്ങളും ഇന്റർനെറ്റ് സാങ്കേതികതയും ശക്തമായ സ്വാധീനം ചെലുത്തുന്ന പുതുതലമുറയോട് ഫലപ്രദമായി സംവദിക്കുവാൻതക്ക പ്രാപ്തി വേണം.

## മിഷൻ പ്രവർത്തനത്തിനുള്ള പുതിയ നിർദേശങ്ങൾ

### 1. കൗൺസലിംഗ് പരിശീലന പദ്ധതി

ദിവ്യബോധനത്തിൽ ബിരുദപഠനം കഴിഞ്ഞവർക്ക് ക്രിയാത്മകമായ ഉപദേശങ്ങൾ നൽകുവാൻ തരത്തിൽ പരിശീലനം നൽകുവാൻ കൗൺസിലിംഗ് പഠനം നൽകാം. കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്തുവാൻ, വ്യക്തിഗത മാനസിക പ്രശ്നങ്ങൾ കണ്ടെത്തി ചികിത്സ നടത്തുവാൻ, കുട്ടികൾക്ക് പഠനമാർഗ്ഗ നിർദ്ദേശവും തൊഴിലന്വേഷകർക്ക് അത്തരത്തിൽ മാർഗനിർദ്ദേശം നൽകുവാനും ആധ്യാത്മിക നിർദ്ദേശങ്ങൾ ആവശ്യമുള്ളവർക്ക് ഉപദേശങ്ങൾ കൊടുക്കുവാനുള്ള വിദ്യാഭ്യാസം നൽകാവുന്നതാണ്. സഭയുടെ പ്രത്യാശ കൗൺസലിംഗ് സെന്ററുമായി യോജിച്ച് അതിനുള്ള ഉപരിപഠന സാധ്യത ആലോചിക്കാവുന്നതാണ്.

2. സാമൂഹിക സേവന പ്രവർത്തകർക്കുള്ള പരിശീലനം നൽകി സമൂഹത്തിന്റെ അടിസ്ഥാന വികസന കാര്യങ്ങളെക്കുറിച്ച് ബോധവത്കരണ പരിപാടികൾ നടത്തുവാൻ സജ്ജരാക്കാവുന്നതാണ്. പ്രത്യേകിച്ച് ബാല വൃദ്ധജനസംരക്ഷണം, ആരോഗ്യം, ശുചിത്വം, സമുദായ സൗഹർദ്ദം, ദാരിദ്ര്യനിർമ്മാർജ്ജനം, തൊഴിലില്ലായ്മ ഈ വിഷയങ്ങൾ പരിശീലനം നൽകാൻസാധിക്കും.

### 3. പാരിസ്ഥിതിക പഠനം:

വർദ്ധിച്ചു വരുന്ന കാലാവസ്ഥാ മാറ്റത്തിന്റെ കാലഘട്ടത്തിൽ പ്രകൃതിയെ സംരക്ഷിക്കുന്നതിനും; കാർഷിക വ്യവസ്ഥിതിയുടെ നിലനിൽപ്പിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ വേദശാസ്ത്ര പരിശീലനം നൽകാൻ സാധിക്കും.

### 4. 'വിമൻ സ്റ്റഡീസ്'

സ്ത്രീജന സംഘടനകളിൽ പ്രവർത്തിക്കുന്നവർക്കും കന്യാസ്ത്രീകൾക്കും വനിതാ പുനരധിവാസ കേന്ദ്രങ്ങൾ നടത്തുന്നവർക്കും വേദശാസ്ത്ര പരിശീലനം അത്യാവശ്യമാണ്. കൂടാതെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ തക്കവിധം വേദപുസ്തകപരവും വേദശാസ്ത്രാപരവുമായി അവരുടെ പ്രശ്നങ്ങളെ സമീപിക്കുവാൻ സ്ത്രീകളെ ശീലിപ്പിക്കുന്ന തരത്തിലുള്ള പഠന രീതി ആവിഷ്ക്കരിക്കപ്പെടണം.

### 5. മിഷൻ സ്റ്റഡീസ്

സുവിശേഷ പ്രസംഗങ്ങൾ നടത്തുന്നവർക്കും അഗതിമന്ദിരങ്ങൾ ബാലഭവനുകൾ എന്നിവ നടത്തുന്നതിനും വിദ്യാഭ്യാസം ഇല്ലാത്ത ഇന്ത്യൻ ഗ്രാമങ്ങളിൽ ബാലവിദ്യാഭ്യാസം നൽകുവാനും പ്രചോദനം നൽകുന്ന സുവിശേഷ തല്പരരെ പരിശീലിപ്പിക്കുവാൻ സാധിക്കണം. അത്തരം സുവിശേഷ പ്രവർത്തകർക്ക് ലഭിക്കേണ്ടതായ ബോധവത്ക്കരണം അതായത് മറ്റ് സമൂഹങ്ങളെയും മതങ്ങളെയും ആദരിച്ചു ഫലപ്രദമായി സുവിശേഷ പ്രവർത്തനം നടത്തേണ്ടതിന്റെ ആവശ്യകതയും അതിനുള്ള മാർഗ്ഗവും പഠനവിഷയമാക്കണം.

### 6. ലിറ്റർജി & ചർച്ച് മ്യൂസിക്ക്

ഇടവകകളിൽ ആരാധനയ്ക്കും

*ശേഷം 34-ാം പേജിൽ*

ലേഖനം







# കാത്തിരിപ്പിന്റെ ദിവസങ്ങൾ എന്തിന് ? എങ്ങനെ ?

■ ഫാ. ഡോ. റ്റി. ജെ. ജോഷ്വാ

"കാത്തിരിപ്പിന്റെ ദിവസങ്ങൾ" എന്നുള്ളത് സഭാമക്കൾക്കു പരിചിതമായ പദങ്ങളാണ്. സ്വർഗ്ഗാരോഹണപ്പെരുന്നാളിൽ പട്ടക്കാരൻ പള്ളിയിൽ നടത്തുന്ന പ്രസ്താവനയിൽ അവ കടന്നുവരും. സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കോസ്തിവരെയുള്ള പത്തുദിവസങ്ങളാണ് അപ്രകാരം വിശേഷിപ്പിക്കപ്പെടുന്നത് എന്നുമറിയാം. പിന്നെ അറിയാവുന്നത് ആ ദിവസങ്ങളിൽ വിവാഹം നിരോധിച്ചിരിക്കുന്നു എന്നതാണ്. എന്തുകൊണ്ട് എന്ന ചോദ്യത്തിനുത്തരമില്ല. ചുരുക്കം ചിലർ വിശദീകരണം നൽകും: ഭക്ഷണത്തിനു നോമ്പില്ല എങ്കിലും വ്രതമുള്ള ദിവസങ്ങളാണ് ഭാര്യാഭർത്തൃ ബന്ധത്തിൽ വ്രതനിഷ്ഠ പാലിക്കാൻ പ്രതീക്ഷിക്കപ്പെടുന്നു. അപ്പോൾ വിവാഹനിരോധനത്തിന്റെ അർത്ഥം വ്യക്തമാകും.

കാത്തിരിപ്പ് എന്തിനുവേണ്ടി? ഈ പത്തുദിവസങ്ങൾ അർത്ഥപൂർണ്ണമാക്കാൻ എന്തെങ്കിലും ചെയ്യേണ്ടതുണ്ടോ? അതോ തലമുറകളായി പറഞ്ഞും കേട്ടും ഇരിക്കുന്ന വിധത്തിൽ തുടർന്നാൽ മതിയോ? കാത്തിരിപ്പ് ഒന്നുമില്ലാതെ, കാത്തിരിപ്പിന്റെ ദിവസങ്ങൾ എന്നു ഉരുവിടുന്നതുകൊണ്ടു എന്തുപ്രയാജനം? സഭാമക്കളുടെ ആത്മീയജീവിതത്തിൽ ചില മാറ്റങ്ങളും ചലനങ്ങളും വരുത്തുവാൻ എന്തെങ്കിലും ചെയ്യേണ്ടതുണ്ടോ? പ്രത്യേകിച്ച് ഇന്ന് കാരിസ്മാറ്റിക്ക് പ്രസ്ഥാനത്തിന്റെ സ്വാധീനം വർദ്ധിച്ചുവരുന്ന പശ്ചാത്തലത്തിൽ സഭാജനങ്ങളിൽ ഒരു വശത്ത് ആത്മീയമുരടിപ്പ്, മറുവശത്ത് ആഘോഷങ്ങൾക്കും ആർഭാടങ്ങൾക്കും, അമിതമായ പ്രധാന്യം കല്പിക്കുന്ന പ്രവണത, എന്നാൽ ആത്മീയകാര്യങ്ങൾക്കു താല്പര്യവും അന്തർദാഹവുമുള്ളവർ പലതും മറ്റുലാവണങ്ങളിലേക്ക് ഒഴുകിപ്പോകുന്നു.

കാത്തിരിപ്പ് അദ്യം നടത്തിയത് അപ്പോസ്തോലിക സമൂഹമാണ്. കർത്താവ് സ്വർഗ്ഗാരോഹണം ചെയ്യുന്നതിനും മുമ്പ് ശിഷ്യന്മാർക്കു നൽകിയ നിർദ്ദേശം, ഉയരത്തിൽ നിന്നും ശക്തി ധരിക്കുവോളം നിങ്ങൾ നഗരത്തിൽ പാർപ്പിൻ (ലൂക്കോ.24: 49)എന്നായിരിന്നു. അതിൻ പ്രകാരം അപ്പോസ്തലന്മാരുടെ നേതൃത്വത്തിലും വിശുദ്ധ മറിയാമിന്റെ സാന്നിധ്യത്തിലും ശിഷ്യസമൂഹം ഒരുമിച്ച യറുശലേമിൽ മാർക്കോസിന്റെ മാളികയിൽ ജാഗരണത്തിലും പ്രാർത്ഥനയിലും കഴിച്ചു. അങ്ങനെ പ്രാർത്ഥനാനിരതമായി കാത്തിരുന്ന സഭയിൽ പെന്തിക്കോസ്തി വന്നപ്പോൾ പരിശുദ്ധാത്മാവ് വന്ന് ആവസിച്ചു.

ആ കാത്തിരിപ്പിനെ ആനുസ്മരിച്ചാണ് നമ്മുടെ അനുഷ്ഠാനം. പക്ഷേ

ഒരു വ്യത്യാസമുണ്ട്. അന്നത്തെ സഭ അതുവരെ ലഭ്യമാകാതിരുന്നതും വാഗ്ദാനം ചെയ്യപ്പെട്ടതുമായ പരിശുദ്ധാത്മാവിനുവേണ്ടിയാണ് കാത്തിരുന്നത്. നാമാകട്ടെ ലഭിച്ച ആത്മാവിന്റെ നിറവിനും പുതുക്കത്തിനും വേണ്ടിയാണ്. പൗലോസ് ഈ അവസ്ഥയെ വെളിപ്പെടുത്തുന്നുണ്ട്. എഫേസൂസിലെ സഭാമക്കൾ പരിശുദ്ധാത്മാവിനെ പ്രാപിച്ചവരായിരുന്നു. "വാഗ്ദാനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിനാൽ മുദ്രയിട്ടിരിക്കുന്നു. " (എഫേ. 1: 14) എന്നാൽ അവർ ആത്മാവിൽ നിറഞ്ഞുവരണമെന്ന് ആഹ്വാനം ചെയ്യുന്നു. (എഫേ. 5: 19) ആത്മപ്രവാഹത്തിന് തടസ്സം വരത്തക്കവണ്ണം പാപങ്ങളും പരാജയങ്ങളും ജീവിതത്തിൽ കടന്നു വന്നിട്ടുണ്ടാകും. അവ നീക്കം ചെയ്ത് ആത്മചൈതന്യം വീണ്ടെടുക്കേണ്ടത് ഏറ്റവും ആവശ്യമാണ്. അതിനുവേണ്ടിയാണ് പെന്തിക്കോസ്തിക്കുമുമ്പുള്ള പത്തുദിവസങ്ങൾ ജാഗരണത്തിനായി വേർതിരിച്ചിരിക്കുന്നത്.

അപ്പോൾ കാത്തിരിപ്പിന്റെ ലക്ഷ്യം ആത്മീയ പുനർജീവനം സാധ്യമാക്കുക എന്നുള്ളതാണ്. സഭയിൽ ഇന്ന് ഭൗതികത്വത്തിന്റെ അതിപ്രസരം എല്ലാ മേഖലകളിലും കാണാം. ദൈവാത്മാവ് വസിക്കുന്നതും ദൈവാത്മാവു നയിക്കുന്നതുമായ ഒരു സമൂഹമായി മാറുമ്പോൾ മാത്രമാണ് അതു മറ്റു മതസംഘടനകളിൽ നിന്ന് വ്യത്യസ്തമായിത്തീരുന്നത്. അതുകൊണ്ട് കാത്തിരിപ്പു ദിവസങ്ങൾ അർത്ഥപൂർണ്ണവും ഫലപ്രദവുമാക്കുവാൻ നാം ശ്രദ്ധിക്കേണ്ടതല്ലേ? അതിനു എന്തൊക്കെ ചെയ്യണം എന്നു കൂട്ടായി ചിന്തിക്കേണ്ടതും, പ്രവൃത്തിയിൽ വരുത്തേണ്ടതുമാണ്. യുവ പ്രതിഭകളും വേദശാസ്ത്രജ്ഞരുമൊക്കെയാണ് ഇപ്പോഴത്തെ സുന്നഹദോസിൽ ഉള്ളത്. അവർ മാത്രമായി പരിമിതപ്പെടുത്താതെ വേദശാസ്ത്രരംഗത്ത് വിജ്ഞാനികളും, ആത്മീയാനുഭവമുള്ളവരുമായ വൈദികരെയും ചേർത്ത് ഈ വിഷയത്തെക്കുറിച്ചു ഗൗരവമായ പഠനം നടത്തണം.

മുമ്പ് ചില ശ്രമങ്ങൾ നടന്നിട്ടുള്ളത് ഞാൻ വിസ്മരിക്കുന്നില്ല. പരുമലയിൽ ചില പ്രോഗ്രാം ക്രമീകരിച്ചതും രണ്ടു വർഷങ്ങൾ ഉത്സാഹപൂർവ്വം നടന്നതും ഓർമ്മയിലുണ്ട്. അതിനു നേതൃത്വം നൽകിയവരൊക്കെ ഇന്നുണ്ട്. മുമ്പത്തെ ശ്രമങ്ങൾ അല്പായുസ്സായിപ്പോയതുകൊണ്ട് നിഷ്ക്രിയരായി ഇരിക്കണമെന്നല്ല, പരാജയങ്ങൾ തിരുത്തി മുന്നേറാൻ ശ്രമിക്കയത്രേ വേണ്ടത്. എന്റെ മനസ്സിൽ ഉയർന്ന ചില ചിന്തകൾ സുന്നഹദോസ് അംഗങ്ങളുടെയും മറ്റ് ഉത്തരവാദപ്പെട്ടവരുടെയും ഗാഢമായ പരിഗണനയ്ക്കായി ഞാൻ സമർപ്പിക്കുന്നു.

1. ഈ പത്തുദിവസങ്ങളിൽ ദേവാലയത്തിൽ പ്രാർത്ഥനയ്ക്കായി ജനങ്ങൾ ഒത്തുചേരണം. സാധാരണ നമസ്ക്കാരത്തിനു പുറമേ പരിശുദ്ധാത്മാവിനോടുള്ള പ്രത്യേക പ്രാർത്ഥനകൾ ഉൾപ്പെടുത്താം. പെന്തിക്കോസ്തി ശുശ്രൂഷാക്രമത്തിലെ മൂന്നു ലുത്തിനികൾ കൂടി ഉൾപ്പെടുത്തി വിപുലീകരിക്കാം. സാന്ദർഭികമായി പറയട്ടെ, ലുത്തിനിയ (Litany) എന്നുള്ള പ്രാർത്ഥനാരൂപം നമ്മുടെ ശുശ്രൂഷാപാരമ്പര്യത്തിന്റെ ഒരു സവിശേഷതയാണ്. അതു നമ്മുടെ എല്ലാ ശുശ്രൂഷാക്രമങ്ങളിലും സ്ഥാനം പിടിച്ചിട്ടുണ്ട്. വിശുദ്ധകുർബ്ബാനയിൽ അതുവിട്ടുകളഞ്ഞ് പാട്ടുമാത്രമാക്കിത്തീർത്തിരിക്കുകയാണ്. അതു ശരിയല്ല എന്നുകൂടി പറയട്ടെ. വളരെ അർത്ഥപൂർണ്ണവും, വിവിധ ആവശ്യങ്ങളിലും അവസ്ഥകളിലും കഴിയുന്നവരെയെല്ലാം ഓർത്തു പ്രാർത്ഥിക്കുവാനുള്ള സംവിധാനമാണതിന്.

ലുത്തിനിയകളിൽ, പ്രതിവാക്യങ്ങൾ പറയുന്നതിൽ കൂടി ജനപങ്കാളിത്തം വരുത്തുന്നതാണ് അതിന്റെ പ്രാധാന്യം. മദ്ധ്യസ്ഥപ്രാർത്ഥനയുടെ പ്രസക്തിയും നാം കണക്കിലെടുക്കേണ്ടതുണ്ട്. പ്രത്യേക പ്രാർത്ഥനാക്രമം രൂപപ്പെടുത്തി നൽകിയാൽ ഇടവകയിൽ കാത്തിരിപ്പിന്റെ ദിവസങ്ങളിൽ ഉപയോഗപ്പെടുത്താം.

2. പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള ചെറിയ ധ്യാനപ്രസംഗങ്ങൾ നൽകാൻ കഴിയണം. പരിശുദ്ധാത്മാവിന്റെ ഫലങ്ങളായി ഒൻപതു സുകൃതങ്ങൾ പൗലോസ് ശ്ലീഹാ വിവരിക്കുന്നത് വിഷയമാക്കാം. (ഗലാ. 5: 22) പരിശുദ്ധാത്മാവിന്റെ പ്രതീകങ്ങൾ പലതുണ്ട്. അഗ്നി, പ്രാവ്, എണ്ണ, നദീപ്രവാഹം, കാറ്റ്, മുദ്ര- തുടങ്ങിയ കാര്യങ്ങളും ധ്യാനവിഷയമാക്കാം. ഇവയൊക്കെ കൂടി ചേർത്ത് ഒരു മാർഗ്ഗ രേഖ പ്രസിദ്ധീകരിക്കാം.

വൈദികരുടെ ഉത്സാഹവും പരിശ്രമവും ഉണ്ടെങ്കിൽ മാത്രമേ ഈ സംരംഭം വിജയിക്കൂ. ഭദ്രാസന തലത്തിൽ വൈദിക സമ്മേളനം കൂടുമ്പോൾ ഈ വിഷയം ഗൗരവമായി ചിന്തിക്കണം. ഇടവകയിലെ മുഴുവൻ ജനങ്ങളും ആദ്യം പങ്കെടുത്തു എന്നു വരികയില്ല. എന്നാൽ പങ്കെടുക്കുന്നവർ ആത്മദാഹത്തോടും ആത്മാർത്ഥതയോടും വർത്തിച്ചാൽ നിശ്ചയമായും മറ്റുള്ളവരും ആകർഷിക്കപ്പെടും. ഇന്ന് ആൽക്കഹോളിക്ക് സ്പിരിറ്റിന്റെ സ്വാധീനം നമ്മുടെ ജനങ്ങളെ അടിമപ്പെടുത്തുന്ന പ്രവണതയാണ്. യുവാക്കൾ മദ്യത്തിലേക്കും മയക്കുമരുന്നിലേക്കും തെന്നിവീഴുന്ന കാഴ്ച ആശങ്കാജനകമാണ്. അതിന്റെ സ്ഥാനത്ത് ഹോളിസ്പിരിറ്റിന്റെ സ്വാധീനത്തിലേക്കു വന്ന് സന്തോഷവും ആത്മചൈതന്യവും നിറഞ്ഞവരായിത്തീരാൻ നാം ലക്ഷ്യമാക്കണം "വീഞ്ഞു കുടിച്ചു ഉന്മത്തരാകരുത്; അതിനാൽ ദുർന്നടപ്പു ഉണ്ടാകുമല്ലോ. ആത്മാവുനിറഞ്ഞവരായി സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മികഗീതങ്ങളാലും തമ്മിൽ സംസാരിച്ചും, നിങ്ങളുടെ ഹൃദയത്തിൽ കർത്താവിനു പാടിയും കീർത്തനം ചെയ്തും........സ്തോത്രം ചെയ്തുകൊൾവിൻ" (എഫേ. 5: 19,20) ഇടവക തലത്തിൽ ഒരു ആത്മിക നവോത്ഥാനമാണ് ആവശ്യം. മദ്യത്തിന്റെ സ്വാധീനം, കുടുംബത്തകർച്ച, കൗമാരക്കാരുടെ അപഭ്രംശം ഇങ്ങനെ പലതും അർബുദം പോലെ നമ്മെ അലട്ടുകയാണ്.

ഈ സന്ദർഭത്തിൽ പെന്തിക്കാസ്തിയുടെ ശുശ്രൂഷയെപ്പറ്റിയും ഒരു പുനർചിന്തനം ആവശ്യപ്പെടുന്നു. നമ്മുടെ ജനങ്ങളിൽ നിന്നും വൈദികരിൽ നിന്നും ഒരു ഫീഡ് ബാക്ക് (feed back ) ഇതെപ്പറ്റി എടുക്കുന്നത് ഉചിതമായിരിക്കും. അതെപ്പറ്റിയുള്ള അവരുടെ ആത്മാർത്ഥമായ പ്രതികരണം മനസ്സിലാക്കണം. അപ്പോൾ മാത്രമെ പുനർചിന്തനത്തിന്റെ ആവശ്യകത ബോധ്യപ്പെടുകയുള്ളു.

അതിനെപ്പറ്റി ഉയരുന്ന വിമർശനങ്ങൾ: (1) സമയദൈർഘ്യം ഒന്നരമണിക്കൂർ നിശ്ചയമായും അതിനുവേണം. കുർബ്ബാന, നമസ്ക്കാരം എന്നിവയുടെ സമയം കൂടി എടുത്താൽ മൂന്നരമണിക്കൂറിൽ കുറയത്തില്ല. കുർബ്ബാനയുടെ ഭാഗമായിട്ടല്ലാതെ നടത്തുന്നതിനെപ്പറ്റി ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായോട് ചോദിച്ചപ്പോൾ വേദശാസ്ത്രപരമായി തെറ്റൊന്നുമില്ല. പക്ഷെ ജനങ്ങൾ ഇതിനായി മാത്രം വരികയില്ല എന്നാണു പറഞ്ഞത്. (2) ഇതിലെ പാട്ടുകളും പ്രാർത്ഥനകളും വേദശാസ്ത്രസമ്പുഷ്ടവും വേദാധിഷ്ഠിതവുമെന്ന് പ്രശംസയോടെ പറയാം. പക്ഷെ ജനഹൃദയത്തെ സ്പർശിക്കയോ സ്വാധീനിക്കയോ ചെയ്യുന്നുണ്ടോ എന്നു ചോദിച്ചാൽ എന്തായിരിക്കും ഉത്തരം? പട്ടക്കാ

*ശേഷം 38-ാം പേജിൽ*




**BRIDE GROOM WANTED**

NRI Orthodox parents invite proposals for their daughter, 27/150, MSc., Nurse (Lecturer, B'lore) from parents of God-fearing professionally qualified orthodox boys (B.Tech/ MPT/MBA) working abroad.

*Contact:*

Tel. No. 00965-99258714
Email : kmat077@gmail.com

**BRIDE GROOM WANTED**

Orthodox Christian girl (OBC), 28, M.Sc., B.Ed, Ernakulam Dist. only daughter, LDC (Panchayat) Parents retired employees.

*Contact:*

Mob. 9400966236

**BRIDE WANTED**

Marthomite parents invite proposal for their son (29/170), B.Tech (Mechanical) working in Technopark, Trivandrum from parents of professionally qualified working girls of CSI, Marthoma, Orthodox or Jacobite.

Contact:
9847321832

**BRIDE GROOM WANTED**

Ancient Orthodox Parents invite proposal for their daughter 29/160, Lecturer, pursuing Phd. from well qualified God-fearing employed professionals.

Contact:
9496527030
m4marry ID: 2954541




*24-ാം പേജിൽ നിന്നു തുടർച്ച...*

വേണ്ടിയുള്ള ബാലഗ്രാമിന് സ്ഥലവും വാങ്ങി. അവിടെ ഒരു താല്ക്കാലികകെട്ടിടത്തിൽ, 1987 ഗർബോ ഞായറാഴ്ച അഞ്ചു കുട്ടികളെയും കൊണ്ട് ഫിലിപ്പച്ചൻ ബാലഗ്രാം ആരംഭിച്ചു.

1980-ൽ പനയമ്പാല കരുണഗിരി ബാലഭവന്റെ മാനേജരായി ചുമതലയേറ്റു. 1994-ൽ പൂനെയിൽ ദേഹൂ റോഡിലുള്ള സെന്റ് ജോർജ് ബാലികാഗ്രാമിന്റെ പണി റമ്പാച്ചന്റെ മേൽനോട്ടത്തിൽ നടത്തി. അങ്ങനെ കുഷ്ഠരോഗികളുടെ കുഷ്ഠമില്ലാത്ത പെൺമക്കൾക്കുള്ള സ്ഥാപനം ആരംഭിച്ചു.

ഫാ. കെ. ഐ. ഫിലിപ്പിനെ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ, 1994 സെപ്തംബർ 20-ന് റമ്പാനാക്കി. ഫിലിപ്പച്ചന്റെ നിസ്വാർത്ഥമായ പ്രവർത്തനങ്ങളെ മാനിച്ച്, 1995-ൽ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ, വന്ദ്യ ഫിലിപ്പ് റമ്പാച്ചന് 'കാതോലിക്കേറ്റ് അവാർഡ്' സമ്മാനിച്ചാദരിച്ചു.

1998-ൽ ഒറീസ്സാ സൈക്ലോൺ ദുരിതാശ്വാസ പ്രവർത്തനം ഏറ്റെടുത്ത് 8 ഗ്രാമങ്ങൾ പുനർ നിർമ്മാണം ചെയ്തു. ഒറീസ്സാ മുഖ്യമന്ത്രി ബിജു പട്നായിക് പ്രത്യേക അവാർഡും പ്രശംസാപത്രവും നൽകി ആദരിച്ചു. 2000 ജനുവരിയിൽ ഗുജറാത്ത് ഭൂകമ്പ ദുരിതാശ്വാസത്തിന്റെ പ്രവർത്തനത്തിന്റെ ചുമതലയേറ്റെടുത്തു.

2002-ൽ ബാംഗ്ലൂരിൽ എയ്ഡ്സ് രോഗികൾക്കുവേണ്ടി തുംകൂർ എന്ന സ്ഥലത്ത് ദയാഭവൻ ആരംഭിക്കുന്നതിന് മുഖ്യ നേതൃത്വം വഹിച്ചു. എയ്ഡ്സ് രോഗികൾക്കുവേണ്ടി ഒരു സ്ഥാപനമെന്ന വർഷങ്ങളായി ഫിലിപ്പ് റമ്പാച്ചൻ മനസ്സിൽ കൊണ്ടുനടന്ന ആഗ്രഹം അങ്ങനെ സഫലമായി. 2007-ൽ ബാംഗ്ലൂർ സ്നേഹസദനത്തിന്റെ ഡയറക്ടറായി നിയമിതനായി. ബാംഗ്ലൂർ ട്രിനിറ്റി ഹൈസ്ക്കൂളിന്റെ ഭരണ ചുമതലയും നടത്തിവരുന്നു. 2008-ൽ കേരളത്തിലും ഭാരതത്തിന്റെ ഇതര ഭാഗങ്ങളിലും സുനാമി ദുരിതം ആഞ്ഞടിച്ചപ്പോൾ ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ചുമതല ഏറ്റെടുത്തു ഭംഗിയായി നിർവഹിച്ചു. പുതുപ്പാടി സെന്റ് ജോർജ്ജ് കണ്ണാശുപത്രിയുടെയും കാര്യമ്പാടി കണ്ണാശുപത്രിയുടെയും വൈസ് പ്രസിഡണ്ടായി വിശിഷ്ട സേവനങ്ങൾ തുടരുന്നു.

നാലു പതിറ്റാണ്ടുകൾക്കു മുമ്പ് ആന്ധ്രാ-യാച്ചാരം മിഷനുകളിൽ മുങ്ങിക്കഴിയുന്ന കാലംമുതൽ ഫിലിപ്പ് റമ്പാച്ചന്റെ സുഹൃത്താണു കോട്ടയം കുഴിത്താറ്റിൽ കെ. ജെ. ഏബ്രഹാം. ഈ മിഷൻ യാത്രകളിൽ ഫിലിപ്പച്ചന്റെ ഒരിടത്താവളമായിരുന്നു, 'ബേബിച്ചായന്റെ' വിശാഖപട്ടണത്തുള്ള ഭവനം. കെ. ജെ. ഏബ്രഹാം തന്റെ കുടുംബസ്വത്ത് മൂന്നു മക്കൾക്കായി നാലായി പങ്കുവച്ചു. ഈ സഭാസ്നേഹി നാലാമത്തെ ഷെയർ അശരണരുടെ സേവനങ്ങൾക്കായി വന്ദ്യ ഫിലിപ്പ് റമ്പാച്ചന് സമ്മാനിച്ചു. കോട്ടയം തിരുവാതുക്കലിൽ ലഭിച്ച 33 സെന്റ് ഇഷ്ടദാന വസ്തുവിനോടു കൂടെ ഒരേക്കറോളം ഭൂമി കൂടി മിഷൻ ബോർഡ് വിലയ്ക്കു വാങ്ങി വളരെ കുറഞ്ഞ സമയത്തിനുള്ളിൽ ഒരു സെന്റ് പോൾസ് ബാലഗ്രാം കൂടി ഉയർന്നു. ബാലഗ്രാമിന്റെ പണികൾക്ക് പണം തികയാതെ വന്നപ്പോൾ ഫിലിപ്പ് റമ്പാച്ചൻ ഒരു അമേരിക്കൻ സന്ദർശനം നടത്തി. സഭാസ്നേഹികൾ ഒരു കോടി രൂപ നൽകി അദ്ദേഹത്തെ മടക്കി അയച്ചു. ബാലഗ്രാമിന്റെ പണി പൂർത്തിയാക്കി 2011 ഡിസംബർ 9-ന് ഉദ്ഘാടനം ചെയ്തു. അത്യാസന്നനിലയിൽ മരണത്തിനു കാതോർത്ത് കിടന്ന ഒസ്താത്തിയോസ് തിരുമേനി അത്ഭുതകരമായ രോഗസൗഖ്യം നേടി തന്റെ 94-ാം ജന്മദിനത്തിൽ നടന്ന ഈ സമ്മേളനത്തിൽ വന്നു സംബന്ധിച്ച് തന്റെ അന്ത്യ സന്ദേശം നൽകി. ഈ അദ്ധ്യയന വർഷം മുതൽ അനാഥരായ കുട്ടികൾക്ക് ഈ ബാലഭവൻ തുറന്നു കൊടുത്തു കഴിഞ്ഞു. ഫിലിപ്പച്ചന്റെ പ്രിയ ശിഷ്യൻ സെന്റ് പോൾസ് ആശ്രമത്തിലെ സി. ജെ. ജോഷ്വാച്ചനാണ് ഈ ഭവനം പണികഴിച്ചതും ഇതിന്റെ ഡയറക്ടറും.

ജീവകാരുണ്യപ്രവർത്തനത്തിന് ലഭിക്കുന്ന ഓരോ ചില്ലിക്കാശും, ദൈവത്തിന്റെ ദാനമാണെന്ന് ഫിലിപ്പ് റമ്പാച്ചൻ ഉറച്ചു വിശ്വസിക്കുന്നു. അതിലെ ഓരോ പൈസയും പ്രത്യേകം കരുതിയദ്ദേഹം ചിലവഴിച്ചു. പൊതുജനങ്ങളിൽ നിന്നു ലഭിക്കുന്ന ഓരോ രൂപയ്ക്കും അദ്ദേഹം രസീത് നൽകി. പണം എങ്ങനെ ചിലവഴിച്ചു എന്ന് ദാതാക്കൾക്ക് വരവുചിലവു കണക്കുകളദ്ദേഹം അയച്ചുകൊടുത്തു.

ഗീവർഗീസ് മാർ മാർ ഒസ്താത്തിയോസ് അന്ത്യാഭിലാഷമായി ഭരമേല്പിച്ച നാല് കാര്യങ്ങൾ കെ. ഐ. പിലിപ്പ് റമ്പാച്ചന്റെ മനസ്സിൽ ഇപ്പോഴും ശക്തമായി മന്ത്രിക്കുന്നു.

"1. വൻ നഗരമായ ഗുജറാത്തിൽ എയ്ഡ്സ് രോഗികളെ സംരക്ഷിക്കാൻ ഒരു അഭയ ഭവനം ഉയരണം.

2. ഒറീസയിലെ കലഹണ്ടിയിൽ നിരാലംബരായ ആദിവാസികൾ ജനിക്കുമ്പോൾതന്നെ കൊന്നൊടുക്കുന്ന പെൺകുഞ്ഞുങ്ങളെ ദത്തെടുത്തു വളർത്താൻ ഒരു ബാലികാഭവൻ വേണം.

3. ദരിദ്രരാജ്യമായ ആഫ്രിക്കയിൽ യേശുവിന്റെ സ്നേഹം പങ്കുവയ്ക്കുന്ന ഒരു സുവിശേഷകേന്ദ്രം സഭയ്ക്കായി ഉയർത്തണം.

4. അനാഥർക്ക് അഭയമില്ലാത്ത ആൻഡമാൻസിൽ നമുക്കൊരു മിഷൻ കേന്ദ്രം ഉണ്ടാവണം." ■


**ST. MARY'S EMBROIDERY**

**Palace Road, Changanacherry-686101, Kerala**

Prop: SAJU CHACKO

0481-2425444,
Res. 2724224, 2727788
(Mob.) 9447136388



**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡിമെയ്ഡും ലഭ്യമാണ്.**

**വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡിമെയ്ഡ് ലഭ്യമാണ്.**

**ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു**



20th Death Anniversary, 25- 06 -2013



Vattasseril Poickudiyil
Chengaroor,
Mallappally

# P. V. MATHEW **(BABY)**

*Inserted by*

Mrs. Aleyamma Mathew (Wife)
Saji Mathew & Mrs. Sheeba
Suja Jose & Mr. Jose
Biji Mathew & Mrs. Cini

*Grand Childrens*
Reshma, Shon
Phil, Bestin, Benet

 29-ാം പേജിൽ നിന്നു തുടർച്ച...

ഗായകസംഘത്തിനും നേതൃത്വം കൊടുക്കുന്നവർക്കും വേദശാസ്ത്ര പരിശീലനവും ആരാധനാ സംഗീത പരിശീലനവും കേന്ദ്രീകൃതമായി നൽകേണ്ടതാണ്.

**7. മാധ്യമപഠനം**

ഇടവകകളിലും മറ്റും ചെറിയ പ്രസിദ്ധീകരണങ്ങൾ സുവനീറുകൾ മുതലായവ പ്രസിദ്ധീകരിക്കുന്നതിനും മാധ്യമങ്ങളുടെ നന്മതിന്മകളെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുന്നതിനും സഹായകമായ പഠനം അനിവാര്യമാണ്.

**മിഷൻ ക്രിയാത്മകമായ സാധ്യതാ നിർദ്ദേശങ്ങൾ**

1. കുടുംബഭദ്രതയ്ക്കും കുടുംബങ്ങളുടെ നിലനില്പിനും കൗൺസലിംഗും മാർഗനിർദ്ദേശ പരിപാടിയും ആസൂത്രണം ചെയ്യുന്ന ചെറിയ സംഘങ്ങൾ രൂപീകരിച്ച് അവയ്ക്ക് നേതൃത്വം നൽകുക.

2. ദാരിദ്ര്യത്തിൽപ്പെട്ടുപോയവർക്കും ഗാർഹിക പീഡനങ്ങൾമൂലം ഒറ്റപ്പെട്ടുപോകുന്ന സ്ത്രീകൾക്കും അശരണരായ വിധവകൾക്കും സംരക്ഷണം നൽകുകയും നിയമസഹായം നൽകുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്ന ചെറിയ സംഘടനകളും പ്രസ്ഥാനങ്ങളും രൂപീകരിക്കുക.

3. നിയമസഹായ സംഘങ്ങൾ

സമൂഹത്തിൽ നീതി നിഷേധിക്കപ്പെടുന്ന പാവപ്പെട്ടവർക്കും സ്ത്രീകൾക്കും കുട്ടികൾക്കും നിയമസഹായം നൽകുക, ഇടവകജനങ്ങൾക്ക് നിയമ സാക്ഷരത നൽകുക എന്നീ ഉത്തരവാദിത്തത്തിന് സന്നദ്ധതയുള്ളവരുടെ ഒരു കൂട്ടായ്മ രൂപീകരിക്കുക.

4. കൗൺസലിംഗ് ആവശ്യമായി വരുന്ന സമൂഹത്തിലെ എല്ലാ തരത്തിലുള്ള ആളുകൾക്കും ഏതു സമയത്തും കൗൺസലിംഗ് സഹായം കൊടുക്കുവാനുള്ള സന്നദ്ധസേവകരെ പരിശീലിപ്പിക്കുകയും ആത്മഹത്യാപ്രേരണയുള്ളവർക്കും മറ്റ് മാനസിക വൈഷമ്യങ്ങളനുഭവിക്കുന്നവർക്കും സാന്ത്വനം പകരുന്നതിനും കുട്ടികളുടെ സ്വഭാവ രൂപീകരണത്തിനായി കൗൺസലിംഗ് പരിപാടികൾ സംഘടിപ്പിക്കുന്നതിനും സാധിക്കണം.

5. ദൈവവിളിയുള്ള കുഞ്ഞുങ്ങളെ കണ്ടെത്തി സഭാശുശ്രൂഷയ്ക്ക് സമർപ്പിക്കുവാനും അതിനു പ്രേരണ നൽകുവാൻ ഭദ്രാസനതലത്തിൽ ഒരു സംഘം രൂപീകരിക്കുകയും അവയിൽ ഇടവകകളിൽ നിന്നുള്ള പ്രവർത്തകരെ ഉൾപ്പെടുത്തുവാനും സാധിക്കണം. ദൈവവിളിയെക്കുറിച്ച് ബോധ്യം വരത്തക്കവിധം ധ്യാനങ്ങളും ക്ലാസ്സുകളും സംഘടിപ്പിക്കുകയും സന്യാസ പ്രസ്ഥാനങ്ങളും മഠങ്ങളും സന്ദർശിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്യണം.

ഇലക്ട്രോണിക് മാധ്യമങ്ങളിലും പ്രസിദ്ധീകരണ മാധ്യമങ്ങളിലും സുവിശേഷ പ്രചരണത്തിനുള്ള സാധ്യതകൾ കണ്ടെത്തുകയും അതിലേക്കാവശ്യമായ പരിപാടികൾ ആവിഷ്ക്കരിക്കുവാനും ശ്രദ്ധിക്കണം. പ്രത്യേകിച്ച് സുവിശേഷ മാധ്യമങ്ങളിൽ വിശ്വാസപരവും സാന്മാർഗ്ഗികവുമായ ലേഖനങ്ങളും പ്രതികരണങ്ങളും നൽകുവാൻ പ്രാപ്തരായവരെ അക്കാര്യത്തിൽ പ്രോത്സാഹിപ്പിക്കണം. ഭദ്രാസന തലത്തിലോ ഇടവക തലത്തിലോ ഒക്കെ സാഹിത്യ കൂട്ടായ്മകൾ ഉണ്ടാക്കുകയും മൂല്യമുള്ള സുവിശേഷഗാനങ്ങളും മറ്റു സാഹിത്യ രചനകളും ഉണ്ടാകത്തക്കവിധത്തിൽ ശില്പശാലകൾ സംഘടിപ്പിക്കുവാനും കഴിയണം.

7. യൂത്ത് മിനിസ്ട്രി & ചൈൽഡ് മിനിസ്ട്രി: ബാലഭവനുകൾ യൂത്ത് ഹോസ്റ്റലുകൾ എന്നിവയുടെ ഗുണകരമായ വളർച്ചയ്ക്ക് പരിശീലനം സിദ്ധിച്ചവർ ആവശ്യമാണ്. യുവജനങ്ങളുടെയിടയിൽ സാന്മാർഗ്ഗിക അവബോധവും സഭാസ്നേഹവും വർദ്ധിപ്പിക്കുന്ന വിധത്തിൽ അവരെ പരിശീലിപ്പിക്കുവാനും അവരുടെയിടയിൽ പ്രവർത്തിക്കുവാനും സന്നദ്ധ സംഘങ്ങൾ ഉണ്ടാക്കുവാൻ കഴിയണം. പ്രത്യേകിച്ച് മദ്യമയക്കുമരുന്നുകളിൽ യുവാക്കളെ മോചിപ്പിക്കുവാൻ അത് ഉപകരിക്കും. കുട്ടികളുടെയിടയിൽ പ്രവർത്തിക്കുന്നതിനും ബാലവേല തുടങ്ങിയ അധാർമ്മിക പ്രവണതകൾക്കെതിരെ ബോധവത്കരണം നടത്തുവാനും സാധിക്കണം.

8. വൃദ്ധജനങ്ങളുടെയിടയിലെ പ്രവർത്തനം: കുട്ടികളെ ദത്തെടുക്കുന്നതുപോലെ വൃദ്ധജനങ്ങളെ ദത്തെടുത്ത് സംരക്ഷിക്കുന്നതിന് താല്പര്യമുള്ളവരെ വളർത്തിയെടുക്കുന്ന സംഘടനകൾ ഉണ്ടാകണം. എല്ലാ തരത്തിലുമുള്ള വാർദ്ധക്യ പ്രശ്നങ്ങളെ പരിഹരിക്കുവാൻ പരിശീലനം നേടിയ ആളുകളോടു ചേർന്ന് പ്രവർത്തിക്കുന്നവരുടെ ഒരു കൂട്ടായ്മ രൂപീകരിക്കാവുന്നതാണ്.

9. സാന്ത്വന പരിചരണം

ആസന്നമരണരെയും കിടപ്പുരോഗികളെയും പരിചരിക്കുവാനും അവരെ സന്ദർശിക്കുവാനും താല്പര്യമുള്ളവരുടെ സംഘങ്ങൾ രൂപീകരിക്കുവാനും അവയ്ക്കു നേതൃത്വം കൊടുക്കുവാനും അത്യാവശ്യമായ പ്രഥമ ശുശ്രൂഷകൾ നൽകുവാനും പരിശീലനം വേണം.

10. പരിസ്ഥിതി മിഷൻ

സാമൂഹിക വനവൽക്കരണ പദ്ധതിയിൽ പങ്കാളികളായി വൃക്ഷങ്ങൾ നടുന്നതിനും കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി താല്പര്യവുമുള്ള ആളുകളുടെ സംഘം ഉണ്ടാകണം.

11. സൗഖ്യദാന ശുശ്രൂഷ

ഇതിൽ ഹോമിയോ, ആയുർവേദ, ഒറ്റമൂലി ചികിത്സയിൽ വിദഗ്ധരായവരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുക. പകർച്ചവ്യാധികൾക്കെതിരെ ബോധവത്കരണം നടത്തുക, എയ്ഡ്സിനെതിരെ പ്രവർത്തിക്കുക, എയ്ഡ്സ് ബാധിതരുടെ പുനരധിവാസം തുടങ്ങിയ ആരോഗ്യമേഖലകളിൽ സന്നദ്ധ സേവനം ചെയ്യുവാൻ താല്പര്യമുള്ളവരെ പ്രോത്സാഹിപ്പിക്കണം.

12. പ്രിസൺ മിനിസ്ട്രി

ജയിലിൽ കിടക്കുന്ന തടവുകാരെ സന്ദർശിക്കുകയും അവർക്ക് അനുതാപവും ബോധവൽകരണവും സ്നേഹവും നൽകുന്ന തരത്തിൽ സുവിശേഷ പ്രവർത്തനം നിർവഹിക്കുവാൻ സന്നദ്ധരായവരുടെ കൂട്ടായ്മകൾ ഭദ്രാസനങ്ങൾ തോറും രൂപീകരിക്കണം.

ഉപസംഹാരം

മലങ്കരസഭയുടെ അന്മായ മിഷൻ പ്രവർത്തനത്തിന് നായകത്വം വഹിക്കുവാൻ പ്രാപ്തരായവരെ പരിശീലിപ്പിക്കുവാൻ ഏറ്റവും അർത്ഥവത്തായ ഒരു പഠനപദ്ധതിയാണ് ദിവ്യബോധനം. പഠനമില്ലാതെയും പരിശീലനമില്ലാതെയും നടത്തുന്ന മിഷൻ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തുകയില്ല. ■

# Breaking the Word




## വേദപ്പൊരുൾ

ഫാ. ജോജി കെ. ജോയി, അടൂർ

*2013 ജൂലൈ 23*

### പെന്തിക്കോസ്തിക്കു ശേഷം 5–ാം ഞായർ

*(വി. ലൂക്കോ. 9:10–17)*

പരിശുദ്ധ ശ്ലീഹന്മാരെ ഓർത്ത് അവരുടെ മദ്ധ്യസ്ഥത യാചിക്കുന്ന ശ്ലീഹാനോമ്പിന്റെ അനുഗ്രഹീത സുദിനങ്ങളിലൂടെ നാം കടന്നു പോകുന്നു. ക്രിസ്തുവിനോടൊപ്പം ജീവിച്ച വിശുദ്ധ ശ്ലീഹന്മാർ ക്രിസ്തുവിനെ നമുക്ക് കാണിച്ചുതരുന്നു. ഞാൻ ക്രിസ്തുവിന്റെ അനുകാരി ആയിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ (1 കോരിന്ത്യർ 11.1) എന്ന വി. പൗലോസിന്റെ വാക്കുകൾ സ്വീകരിച്ച് ഈ ശ്ലീഹാനോമ്പ് അനുഷ്ഠാനം അർത്ഥവത്താക്കി മാറ്റാം.

വി. ലൂക്കോസിന്റെ സുവിശേഷം 9–10 അദ്ധ്യായങ്ങളിലായി യേശുക്രിസ്തു തന്റെ ദൗത്യ പൂർത്തിക്കായി (ദൈവരാജ്യസ്ഥാപനം) 12 അപ്പോസ്തോലന്മാരേയും, തുടർന്ന് 70 അറിയിപ്പുകാരേയും അയക്കുന്നതും അവർ ആവേശത്തോടെ മടങ്ങിവരുന്നതും ചിത്രീകരിച്ചിരിക്കുന്നു. മടങ്ങിവന്ന അപ്പോസ്തോലന്മാർ അഭിമുഖീകരിച്ച ആദ്യപ്രതിസന്ധിയാണ് ഇന്നത്തെ ചിന്താവിഷയം. ശിഷ്യന്മാർ ആദ്യം അഭിമുഖീകരിച്ച മുഖ്യപ്രതിസന്ധി ആയതുകൊണ്ടാകാം 4 സുവിശേഷകന്മാരും ഓർമ്മയിൽ വച്ച് ഇത് രേഖപ്പെടുത്തിയിരിക്കുന്നത്.

അയക്കപ്പെട്ടവരുടെ പ്രവർത്തനഫലമായി അനേകം ആളുകൾ, സ്ത്രീ പുരുഷ ഭേദമെന്യേ, യേശുക്രിസ്തുവിന്റെ പ്രസംഗം കേൾക്കുവാനായി അവിടുത്തെ സന്നിധിയിൽ തടിച്ചുകൂടി. രാപകൽ ഭേദമെന്യെ യേശുതമ്പുരാന്റെ പ്രസംഗം കേട്ടിരുന്ന ജനങ്ങൾക്ക് ഭക്ഷണം കൊടുക്കാനുള്ള ചുമതലയാണ് പൊടുന്നനവെ ശിഷ്യന്മാർക്ക് ലഭിക്കുന്നത്.

ഇത്രയും വലിയ ബാധ്യത തങ്ങളിൽ വന്നു ചേരും എന്ന് സ്വപ്നേപി കരുതിയിരുന്നിട്ടില്ലാത്ത ശിഷ്യന്മാർ മരുഭൂമിയിൽ വലിയ ജനക്കൂട്ടത്തെ പോറ്റുന്നതിന് അവരുടേതായ ചില പരിശ്രമങ്ങൾ നടത്തി. എന്നാൽ അതെല്ലാം വിഫലമായി. നിസ്സഹായരായ ശിഷ്യന്മാർക്ക് തങ്ങളുടെ പരിമിതികൾ മനസ്സിലായി. എന്നാൽ അവരിലുണ്ടായിരുന്ന സാധ്യതകളിലൂടെ തന്നെ (5 അപ്പവും 2 മീനും) യേശുക്രിസ്തു പ്രശ്നം പരിഹരിച്ചു. ഈ വേദഭാഗത്തിലൂടെ ശിഷ്യത്വത്തിന്റെ 'ഉത്തരവാദിത്വത്തെ' പറ്റിയും, ദൗത്യത്തെ പറ്റിയും അതുല്യമായ ചില സൂചനകൾ യേശുതമ്പുരാൻ നൽകുന്നു.

**ക്രിസ്തുശിഷ്യൻ വെല്ലുവിളികൾ ഏറ്റെടുക്കണം**

മുൻപ് സൂചിപ്പിച്ചതുപോലെ, ക്രിസ്തുവിനാൽ അയക്കപ്പെട്ട ശിഷ്യന്മാർ (വി. ലൂക്കോസ് 9.1) തങ്ങളുടെ ദൗത്യം പൂർത്തീകരിച്ചിട്ട് വിജയശ്രീ ലാളിതരായി മടങ്ങിവന്നു. തങ്ങൾ ചെയ്തത് ഒക്കെയും അവിടുത്തോട് അറിയിച്ചു. സകല ഭൂതങ്ങളുടെമേലും വ്യാധികളെ സൗഖ്യമാക്കുവാനും ശക്തിയും അധികാരവും ലഭിച്ച അവർ അപ്രകാരം പ്രവർത്തിച്ചു കാണും. അവിടുത്തെ പ്രസംഗം കേട്ടിരുന്ന ജനങ്ങൾ ആഹാരം വാങ്ങി വരാനും, രാത്രി പാർപ്പാനും അവരെ പറഞ്ഞയക്കേണം എന്ന് ശിഷ്യന്മാർ തന്നെയാണ് കർത്താവിനോട് പറഞ്ഞത് (വി. ലൂക്കോസ് 9.12). യേശുതമ്പുരാന്റെ മറുപടി 'നിങ്ങൾ തന്നെ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ' (9.13) എന്നതായിരുന്നു. ക്രിസ്തുവിന്റെ മുൻപിൽ ശിഷ്യന്മാർ അവതരിപ്പിച്ച പ്രശ്നത്തോട് ക്രിസ്തു സമീപിച്ചത് അവർ തന്നെ അത് പരിഹരിക്കുക എന്നതായിരുന്നു. ജീവിതത്തിൽ ദൈവം അനേകം സാധ്യതകൾ നമ്മുക്കു നൽകിയിട്ടുണ്ട്. അവയെ നാം ഉപയോഗപ്പെടുത്തുമ്പോൾ ദൈവം അതിനെ ഫലപ്രാപ്തിയിലെത്തിക്കും. അഞ്ചപ്പവും, രണ്ടു മീനും അവരിലുള്ള വിഭവങ്ങളാണ്. അതിനെ ദൈവമുമ്പിൽ സമർപ്പിക്കാനുള്ള മനസ്സ് കാട്ടുന്നിടത്ത് ദൈവത്തിന്റെ അത്യുജ്ജ്വലമായ പ്രവർത്തി തെളിഞ്ഞു വരും.

നമ്മുടെ സൃഷ്ടാവായ ദൈവം നമ്മുടെ മനസ്സുകളിലും വ്യക്തിത്വങ്ങളിലും വളരെ വലുതായ ശക്തിയും കഴിവുമൊക്കെ സംഭരിച്ചു വച്ചിട്ടുണ്ട്. അത് തിരിച്ചറിയാനും, വർദ്ധിപ്പിക്കുവാനും പ്രാർത്ഥന നമ്മെ സഹായിക്കും. അപ്രകാരമുള്ള സാധ്യതകൾ ദൈവകരങ്ങളിലേക്ക് നാം സമർപ്പിക്കുമ്പോൾ ദൈവം അതിനെ അനേകം പേർക്ക് പ്രയോജനകരമാക്കി

തീർക്കും. പ്രശ്നപരിഹാരത്തിന്റെ ഒന്നാമത്തെ തലം ഉള്ളിലുള്ള സാധ്യതകൾ ദൈവമുമ്പിൽ പകരുന്നതാണെന്ന് നാം കണ്ടു. ഇനി ചെയ്യേണ്ടത് അനുഗ്രഹം സ്വീകരിക്കാനുള്ള ക്രമീകൃതമായ നിലയാണ്. 'അമ്പതു വീതം പന്തികളായി ഇരുത്തുവിൻ' എന്ന് ശിഷ്യന്മാരോട് കർത്താവ് പറഞ്ഞു. (9.14). ഒരുപക്ഷേ, ജനങ്ങൾ തിക്കി തിരക്കിയാൽ വിഭവങ്ങളുടെ സംതൃപ്തമായ വിതരണം നടക്കില്ല എന്ന് കർത്താവിന് തോന്നിക്കാണും. നമ്മുടെ പെരുന്നാൾ നേർച്ചകളും, വിവാഹ സദ്യകളും ഒക്കെ വിഭവങ്ങളുടെ ലഭ്യതയിൽ ഒട്ടും കുറവില്ലെങ്കിലും ചിലപ്പോഴൊക്കെ വിശ്വാസ സമൂഹത്തിന്റെ തിരക്കിനാൽ പാഴായ് പോകുന്നത് ഇന്നത്തെ നേർക്കാഴ്ചയാണല്ലോ. 'അടുക്കും ചിട്ടയും' ഒരു ക്രിസ്തുശിഷ്യന്റെ ദൗത്യത്തിന്റെ ഘടകമാണ്. 'സകലവും ഉചിതമായും, ചന്തമായും ചെയ്യണം' എന്ന് വി. പൗലോസ് അഭിപ്രായപ്പെടുന്നതും (1 കോരി. .....) ഇതേ അർത്ഥത്തിലാണ്.

സൃഷ്ടിയുടെ ആരംഭം മുതൽ ക്രമീകൃതമായ ഒരു നില ദൈവം ആഗ്രഹിക്കുന്നുണ്ട്. അതുകൊണ്ടാണല്ലോ ദൈവം സൃഷ്ടി കർമ്മത്തിലൂടെ ക്രമഭംഗമായിരുന്നതിനെ ക്രമീകൃതമാക്കി എന്നു പറയുന്നത് (CHAOS TO COSMOS). ഇന്നും ദൈവം ആഗ്രഹിക്കുന്നതും പ്രതീക്ഷിക്കുന്നതും അതാണ്. അനുഷ്ഠാനങ്ങളിലൂടെയും, നിഷ്ഠകളിലൂടെയും പാകപ്പെടുത്തിയ മനസ്സിനും ശരീരത്തിനും മാത്രമെ വെല്ലുവിളികൾ ഏറ്റെടുക്കുവാനും അതുവഴിയായി അനുഗ്രഹം പ്രാപിക്കുവാനും കഴിയുകയുള്ളൂ. ചുരുക്കത്തിൽ, ക്രിസ്തുശിഷ്യന്റെ ഉത്തരവാദിത്വമാണ് വെല്ലുവിളികൾ ഏറ്റെടുക്കുക എന്നത്. അതിനു വേണ്ടിയുള്ള തന്റെ ദൗത്യപൂർത്തീകരണത്തിൽ തികഞ്ഞ സമർപ്പണ മനോഭാവവും, ജീവിതത്തിന്റെ ക്രമവും അവൻ നിലനിർത്തണം.

**ക്രിസ്തുശിഷ്യൻ കരുതേണ്ടവൻ**

ശേഷിച്ച കഷണം പന്ത്രണ്ടുകൊട്ട എടുത്തു (9.18) ആർക്കാണ് എടുത്തതെന്നോ? എന്തിനാണ് എടുത്തതെന്നോ? അവിടെ വ്യക്തമാക്കുന്നില്ല. എന്നാൽ ഒരു കാര്യം സുവ്യക്തമാണ്. ശേഷിച്ചത് കരുതാനുള്ള അഥവാ സൂക്ഷിക്കുവാനുള്ള മനോഭാവം ക്രിസ്തുശിഷ്യന്റെ ദൗത്യമാണ്. ഭൂമിയുടെ വിഭവങ്ങൾ മനുഷ്യന്റെ അമിത ഉപഭോഗം മൂലം തീർന്നു കൊണ്ടിരിക്കുന്ന ഒരു ലോകത്തിലാണല്ലോ നാം ജീവിക്കുന്നത്. "ഈ ലോകം ഇന്നലെയുടെ സംഭാവന മാത്രമല്ല നാളെയിൽ നിന്നും നാം കടമെടുത്തതു കൂടിയാണ്." നാളെയ്ക്കുവേണ്ടി കരുതാൻ നാം തയ്യാറാകണം. ഒരു പക്ഷേ, ശേഷിപ്പുകൾ വന്നത് ആളുകൾ അവരുടെ ആവശ്യത്തിനു മാത്രം എടുത്തതുകൊണ്ടാകാം. എല്ലാവരും തിന്നു തൃപ്തരായി (9.17) എന്നു പറഞ്ഞിരിക്കുന്നതിനാൽ എല്ലാവർക്കും വിശപ്പടങ്ങി എന്നത് വ്യക്തമാണ്. തങ്ങൾക്ക് ആവശ്യമുള്ളത് മാത്രം ഉപയോഗപ്പെടുത്താൻ ഓരോരുത്തരും ശ്രദ്ധിച്ചതുകൊണ്ടാണ് എല്ലാവർക്കും തൃപ്തി വന്നത്. എല്ലാവരുടേയും തൃപ്തിക്കായി നമ്മുടെ ആവശ്യങ്ങളെ പരുവപ്പെടുത്തുവാനും, പരിമിതപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്. കുറച്ചു പേരെങ്കിലും വേണ്ടതിൽ കൂടുതൽ ആഹരിച്ചുണ്ടായിരുന്നു എങ്കിൽ ജനക്കൂട്ടത്തിൽ ചിലർക്കെങ്കിലും അതൃപ്തി ഉണ്ടായേനെ. ഈ സംഭവത്തിലൂടെ ക്രിസ്തു ശിഷ്യന്റെ ദൗത്യം എന്താണെന്ന് ക്രിസ്തു പഠിപ്പിക്കുന്നു. ആവശ്യത്തിനു മാത്രം ഉപയോഗിക്കുക അപ്പോൾ തീർച്ചയായും ശേഷിപ്പുവരും. അത് നാളേക്കായി കരുതി വയ്ക്കുക. ജീവിതം സംതൃപ്തമായിരിക്കും. "There is enough for every ones need not for every ones greed." Mahathma Gandhi. ലോകത്തിന്റെ ഭൂരിപക്ഷം വിഭവങ്ങളും ഏറ്റവും ചെറിയ ന്യൂനപക്ഷം കൈകാര്യം ചെയ്യുന്നതാണ് ഇന്നിന്റെ ദുരന്തം. 'Being rich in a poor world is a sin' H.G. Geevarghese Mar Osthathios. അതിനാൽ അന്നത്തെ ജനക്കൂട്ടത്തിന്റെ ശൈലി നമ്മുടെ ജീവിതത്തിൽ പാലിക്കാം. 'എല്ലാവർക്കും തൃപ്തി വരാൻ ഞാൻ എന്റെ ആവശ്യങ്ങളെ പരിമിതപ്പെടുത്തുക! ക്രിസ്തുശിഷ്യന്മാരെ പോലെ ശേഷിച്ചത് നാളെയുടെ നന്മയ്ക്കായി കരുതാം. സത്യത്തിൽ ഇതല്ലെ ക്രിസ്തു പഠിപ്പിച്ച ദൈവരാജ്യം. ക്രിസ്തു പ്രസംഗിച്ചു പറഞ്ഞ (വി. ലൂക്കോസ് 8.1) ദൈവരാജ്യാനുഭവത്തിന്റെ പ്രായോഗിക ദർശനമാണ് 5000 പേരെ പോഷിപ്പിച്ച സംഭവത്തിലൂടെ ക്രിസ്തു കാട്ടി തരുന്നത്. രോഗസൗഖ്യത്തിലും ഭൂതങ്ങളുടെ ഉച്ചാടനത്തിലും വിജയശ്രീ ലാളിതരായ (9.1-10) ശിഷ്യന്മാർക്ക് ദൈവരാജ്യാനുഭവം അതുമാത്രമല്ലെന്നും 'Protection' and 'Provision' (സംരക്ഷണവും, ഭക്ഷണവും) ഇവ നൽകുമ്പോഴാണ് ദൈവരാജ്യാനുഭവം പൂർണ്ണമാകുന്നതെന്നും അവരെ പഠിപ്പിച്ചു.

അതെ! രോഗസൗഖ്യവും സുവിശേഷ ഉത്ഘോഷണവും മാത്രമാണ് ക്രിസ്തു സഭയുടെ ദൗത്യമെന്ന് എങ്ങനെയോ ഒരബദ്ധ ധാരണ നമുക്കുണ്ടായിട്ടുണ്ട്. അതുമാത്രമല്ല എന്ന് ഇപ്പോൾ നമുക്ക് മനസ്സിലായി. ഭൂരിപക്ഷത്തിന്റെ വിശപ്പടക്കുവാൻ ന്യൂനപക്ഷം തങ്ങളിലുള്ള വിഭവങ്ങൾ വിട്ടുകൊടുക്കണം. അവനവന് ആവശ്യത്തിനു മാത്രം എടുക്കണം. തൃപ്തി മനസ്സിന്റെ അവസ്ഥയാണ്. പത്തു കിട്ടുമ്പോൾ നൂറിനെക്കുറിച്ചും, ശതമാകുമ്പോൾ സഹസ്രത്തെ കുറിച്ചും ചിന്തിക്കുന്നവന് ഒരിക്കലും തൃപ്തി വരില്ല. അമിതമോഹം പാപത്തിന് കാരണമാണ്. ഉണ്ണാനും, ഉടുക്കുവാനും ഉണ്ടെങ്കിൽ മതി എന്നു വിചാരിക്കണം. (1 തീമോഥി. 6.8) അവിടെ യഥാർത്ഥ തൃപ്തിയുണ്ടാകും. തൃപ്തിയുള്ളടത്ത് ശേഷിപ്പുകൾ തീർച്ചയായുണ്ടാകും. അത് നാളേയ്ക്കുവേണ്ടി കരുതാം.

ദൈവരാജ്യം എപ്പോൾ വരുന്നു എന്ന് പരീശന്മാർ ചോദിച്ചതിന് "ദൈവരാജ്യം കാണത്തക്കവണ്ണമല്ല വരുന്നത്; ഇതാ ഇവിടെ എന്നും അതാ അവിടെ എന്നും പറകയും ഇല്ല; ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ടല്ലോ എന്ന് അവൻ ഉത്തരം പറഞ്ഞു (വി. ലൂക്കോസ് 17.20,21)

അതെ ദൈവരാജ്യം നമ്മുടെ ഇടയിൽ തന്നെയുണ്ട്.

നമ്മുടെ ഇടയിൽ തന്നെയുള്ള ദൈവരാജ്യത്തിന്റെ സംസ്ഥാപനത്തിനായി യേശുതമ്പുരാൻ ചോദിക്കുന്നു. നിങ്ങളുടെ കൈയിൽ എന്തുണ്ട്? സകല സാധ്യതകളുടെയും വിളനിലമായ അവിടുത്തെ കൈകളിൽ ഉള്ളതൊക്കെ സമർപ്പിക്കാം. നമ്മിലുള്ളതും, നാം കാണാതെ പോയിട്ടുള്ളതുമായതിനെ കാണിച്ചു തരികയാണ് ദൈവീക പ്രവർത്തനം. തിരിച്ചറിയാതെ കിടന്നിരുന്ന നമ്മിലുള്ള താലന്തുകളെ പുറത്തുകൊണ്ട് വരണം. അതിന് നമ്മെ സഹായിക്കുന്നതാണ് യഥാർത്ഥ ആത്മീകത.

*ജൂൺ 30*

## പെന്തിക്കോസ്തിക്കു ശേഷം 6-ാം ഞായർ

**വി. മത്തായ 15 : 32-39**

ഏഴപ്പവും കുറച്ചു മീനും കൊണ്ട് സ്ത്രീകളും, പൈതങ്ങളും നാലായിരത്തോളം പുരുഷന്മാരും തിന്നു തൃപ്തരായ സംഭവമാണ് ഇന്നത്തെ സുവിശേഷഭാഗം. അഞ്ചപ്പവും, രണ്ടു മീനും വർദ്ധിപ്പിച്ചു നൽകിയ സംഭവവും (മത്തായി 14:15-21, മർക്കോ. 6:31-44) ഇന്നത്തേതും ഒരേ സംഭവത്തിന്റെ രണ്ടു വിവരണങ്ങളായി പറയുന്ന വേദപുസ്തക പണ്ഡിതന്മാരുണ്ട്. എന്നാൽ സംഭവങ്ങൾ നടന്ന സ്ഥലം, പശ്ചാത്തലം എന്നിവ പരിഗണിക്കുമ്പോൾ രണ്ടു സംഭവങ്ങൾ തന്നെയാണെന്ന് മനസ്സിലാക്കാം. അഞ്ചപ്പത്തിന്റെ അതിശയം യഹൂദന്മാരെ ഉദ്ദേശിച്ചും, ഏഴപ്പത്തിന്റേത് പുറജാതികളെ ഉദ്ദേശിച്ചും ആണെന്ന് ഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നു. ഒന്നാമത്തെ അത്ഭുതം ഗലീലയിലും (മർക്കോ. 6:1) രണ്ടാമത്തേത് ദക്കാ പോലീസിലും നടന്നു എന്നും, ഒന്നാമത്തേത് വസന്തകാലത്തും രണ്ടാമത്തേത് വേനൽക്കാലത്തുമാണ് നടന്നതെന്നുമുള്ള അഭിപ്രായങ്ങളുണ്ട്. "പുരുഷാരം കണ്ടിട്ട് ആശ്ചര്യപ്പെട്ടു യിസ്രായേലിന്റെ ദൈവത്തെ മഹത്വപ്പെടുത്തി" (മത്താ. 15:31) എന്ന് പറഞ്ഞിരിക്കുന്നതിനാൽ കൂടിനിന്ന ജനക്കൂട്ടം പുറജാതികളാണെന്ന് വ്യക്തമാണല്ലോ. അതോടൊപ്പം മിച്ചം വന്ന അപ്പക്കഷണങ്ങൾ ശേഖരിച്ച പാത്രങ്ങളെകുറിച്ചും മനസ്സിലാക്കേണ്ടതുണ്ട്. 5 അപ്പം വർദ്ധിപ്പിക്കുമ്പോൾ 12 കുട്ട നിറച്ചെടുത്തു എന്നും 4 അപ്പം വർദ്ധിപ്പിക്കുമ്പോൾ 7 വട്ടി നിറച്ചെടുത്തു എന്നും മലയാളം വേദപുസ്തകം പറയുന്നു. കുട്ടയുടെ സ്ഥാനത്ത് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന വാക്ക് 'kophinoi'

(കോഫിനോയി) എന്നാണ്. ഇത് യഹൂദന്മാർ ഭക്ഷണം കൊണ്ടുപോകാൻ ഉപയോഗിക്കുന്ന പാത്രമാണ്. വട്ടിക്ക് Sphurides (സ്ഫുറൈഡ്സ്) എന്നു പറയുന്നു. ഇത് വിജാതീയർ ഉപയോഗിക്കുന്ന വലിപ്പമുള്ള പാത്രമാണ്.

**കൃപാലുവായ ക്രിസ്തു**

"ഈ പുരുഷാരം ഇപ്പോൾ മൂന്നു നാളായി എന്നോടുകൂടെ പാർക്കുന്നു. അവർക്കു ഭക്ഷിക്കുവാൻ ഒന്നും ഇല്ലാത്തതുകൊണ്ട് അവരെകുറിച്ച് എനിക്ക് മനസ്സലിവു തോന്നുന്നു. അവരെ പട്ടിണിയായി വിട്ടയപ്പാൻ മനസ്സുമില്ല; അവർ വഴിയിൽ വച്ച് തളർന്നുപോയേക്കും" (മത്തായി 15.32). യേശുവിന്റെ ഈ വാക്കുകൾ ആർദ്രതയുടേയും, മനുഷ്യസ്നേഹത്തിന്റേയും ആത്മാർത്ഥമായ വാക്കുകളാണ്. ഒരു നേതാവിനുണ്ടാകേണ്ട കാരുണ്യത്തിന്റെ പൂർണ്ണതയാണ് ഇവിടെ നിഴലിച്ചു നിൽക്കുന്നത്. കരുണാർദ്രമായ മിഴികളോടെ തന്റെ മക്കളെ നോക്കികാണുന്ന ക്രിസ്തു. അവിടുത്തെ വാക്കുകളിൽ മുന്നിട്ടു നിൽക്കുന്ന അനുകമ്പ, മനസ്സലിവ് ഏറെ ശ്രദ്ധേയം തന്നെ.

പുരുഷാരം തന്നോടു കൂടെ മൂന്നു നാളായി പാർക്കുന്നു എന്ന പൂർണ്ണ ബോധ്യം ക്രിസ്തുവിനുണ്ട്. അവരോടൊപ്പമായിരുന്നതിനാൽ അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കാൻ ക്രിസ്തുവിനു കഴിഞ്ഞു. കൂട്ടായിരിക്കുമ്പോഴാണ് കൂടെയുള്ളവരുടെ ആവശ്യങ്ങൾ തിരിച്ചറിയാനൊക്കുന്നത്. സാമീപ്യം ശരീരത്തിലും മനസ്സിലും ഉണ്ടാകേണ്ട നന്മയാണ്. അവർ തന്നോടൊപ്പമായിരുന്നു എന്നതിനൊപ്പം അവർ പട്ടിണിയിലാണെന്നും ക്രിസ്തുവിന് ബോധ്യമായി. ഇടയന്റെ നന്മയാണത് തന്റെ ആടുകളുടെ അവസ്ഥകണ്ട് പ്രതികരിക്കാനുള്ള കാരുണ്യാതിരേകം. ഇന്നോ? ആടുകളുടെ പാൽ കുടിക്കുന്ന പല ഇടയന്മാരും ആടുകൾ പട്ടിണിയിലാണെന്ന് അറിയുന്നില്ല. ന്യൂനപക്ഷമായ കൊഴുത്ത ആടിനെ കാണുന്നവർ പട്ടിണികൊണ്ട് വയറൊട്ടിയ ഭൂരിപക്ഷത്തെ കാണുന്നില്ല. ക്രിസ്തു തന്റെ ആടുകളുടെ വിശപ്പറിഞ്ഞ (ഏത് തരത്തിലുള്ളതാണെങ്കിലും) ഇടയനാണ്. ആടുകളുടെ വിശപ്പ് ശമിപ്പിക്കാൻ ഇടയനെ കഴിയൂ. ആടുകൾക്ക് പരിമിതികളുണ്ട്. യഥാർത്ഥ ഇടയൻ പച്ചപ്പുനിറഞ്ഞ സുരക്ഷിത സ്ഥാനങ്ങളിലേക്ക് ആടുകളെ നയിക്കുന്നവനാണ്. അതിനാലാണ് 'അവരെ പട്ടിണിയായി വിട്ടയപ്പാൻ മനസ്സില്ല; അവരെക്കുറിച്ച് എനിക്ക് മനസ്സലിവു തോന്നുന്നു. അവർ വഴിയിൽ വച്ച് തളർന്നു പോയേക്കാം' എന്നു ക്രിസ്തു പറയുന്നത്. യേശുക്രിസ്തുവിനെ കുറിച്ചുള്ള ഒരു വാങ്മയ ചിത്രമാണിത്. കരുതുന്ന, കാരുണ്യമുള്ള, ആവശ്യത്തിലിരിക്കുന്നവരെ തന്നോട് ചേർത്തണക്കുന്ന ക്രിസ്തു. ഇവിടെ 'വിജാതീയർക്ക്' അത്ഭുതം നടത്തിയതു വഴിയായി ആത്മീയതയുടെ ഉദാത്തമായ മേഖല ക്രിസ്തു തുറന്നു കാട്ടുകയാണ്. 'ക്രിസ്തു മറ്റുള്ളവർക്കു വേണ്ടിയുള്ള മനുഷ്യൻ' (CHRIST the MAN for OTHERS) എന്ന ബോൺഹോഫറിന്റെ അഭിപ്രായം ഇവിടെ ഏറെ ശ്രദ്ധേയമാണ്. സ്വന്തമായതിനെ കരുതുക മാത്രമല്ല മറ്റുള്ളവരേയും സഹാനുഭൂതിയോടെ കരുതി സ്വന്തമാക്കുക. ആവശ്യത്തിലിരിക്കുന്നവർ ആരാണെന്നോ എന്തെന്നോ എന്നല്ല അവർക്ക് എന്തു ചെയ്തു കൊടുക്കാൻ എനിക്കു സാധിക്കും എന്ന അവബോധം നമ്മിലുണ്ടാക്കാൻ ഈ സംഭവത്തിലൂടെ ക്രിസ്തു നമ്മെ ഉത്തേജിപ്പിക്കുന്നു.

**വികസനത്തിന്റെ നൂതനമാർഗ്ഗം**

5 അപ്പത്തിന്റെ വർദ്ധനവിലും, 7 അപ്പത്തിന്റെ വർദ്ധനവിലും ക്രിസ്തു ചോദിക്കുന്നു 'നിങ്ങളുടെ പക്കൽ എത്ര അപ്പം ഉണ്ട്' ശിഷ്യന്മാരുടേയോ, അവിടെ കൂടി വന്ന ഒരാളിന്റെയോ പക്കലുള്ളതിനെ വർദ്ധിപ്പിച്ച് മറ്റുള്ളവർക്കായി പങ്കുവയ്ക്കാൻ ക്രിസ്തു ആവശ്യപ്പെടുന്നു. ഇതിന് കാലികമായി വളരെ പ്രസക്തിയുണ്ട്. സഭയുടെ വിവിധ സ്ഥലങ്ങളിലുള്ള അവികസിത ദേവാലയങ്ങളെ കണ്ട് വികസിത ദേവാലയങ്ങളോടും സ്ഥാപനങ്ങളോടും ക്രിസ്തു പറയുന്നു. എനിക്ക് ഇവരെ കുറിച്ച് മനസ്സലിവുണ്ട് 'നിങ്ങളുടെ കൈയ്യിൽ എന്തുണ്ട്?' എന്തായിരിക്കും ഇന്നത്തെ കോടികളുടേയും ലക്ഷങ്ങളുടേയും ബാലൻസ് ഷീറ്റ് കാണിക്കുന്ന ദേവാലയ അധികാരികളും, സഭയ്ക്ക്, സഭയുടേത്, സഭയുടെ ക്വോട്ടാ എന്നൊക്കെ പറഞ്ഞ് സഭാംഗങ്ങളുടെ വിയർപ്പിന്റെ കാശുംകൊണ്ട് ആരംഭിച്ച് ഇന്ന് സ്വയംപര്യാപ്തമായതോ, കോടികകൾ കൈകാര്യം ചെയ്യുന്നതോ ആയ സ്ഥാപനമേലധികാരികളുടേയും മറുപടി. ഏറ്റവും മാന്യമായ ഭാഷയിൽ പറഞ്ഞാൽ "ഇത് വല്ലവനും അനുഭവിക്കാനുള്ളതല്ല." ലക്ഷങ്ങൾ പെരുന്നാളുകൾക്ക് ചിലവാക്കുന്ന ഇടവകകൾ അതേ ഭദ്രാസനത്തിലെ വേണ്ട അതേ പഞ്ചായത്തിലോ ഉള്ള നാല് ഞായറാഴ്ച കുർബ്ബാന നടത്താൻ കഴിയാത്ത, നാല് തൂണുകൾ ഉറപ്പിച്ച് ആരാധന നടത്താൻ ആലയം ഉണ്ടാക്കാൻ കഴിയാത്ത ദേവാലയങ്ങളെ എന്തേ കാണാൻ കഴിയാതെ പോകുന്നു. ഈ സംഭവത്തിലൂടെ വികസനത്തിന്റെ നൂതനമാർഗ്ഗം ക്രിസ്തു കാട്ടുകയാണ്. വിഭവങ്ങൾ പങ്കിടുമ്പോൾ അത് മറ്റുള്ളവർക്കു കൂടി പ്രയോജനപ്രദമാകും. വലിയ ഇടവകകൾ അവർക്കു വന്നു ചേരുന്ന ധനത്തിന്റെ ഒരംശം അവികസിത ഇടവകകളുടെ ഉദ്ധാരണത്തിനായി മാറ്റിവച്ച് അത് സൃഷ്ടിപരമായി ഉപയോഗിച്ചാൽ, 5000, 4000 എന്നി തൃപ്തിയുടെ അനുഭവം സഭയിലുണ്ടാകും.

*ജൂലൈ 7*

## പെന്തിക്കോസ്തിക്കു ശേഷം 7-ാം ഞായർ

**വി. മർക്കോ 3:20-30**

വി. ശ്ലീഹന്മാരെ പൊതുവായി ഓർക്കുന്ന ശ്ലീഹാപെരുന്നാളും, വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മദിനവും, ഭാരതത്തിന്റെ അപ്പോസ്തോലനായ മാർതോമാശ്ലീഹായുടെ ദുഃഖറാനായും (ജൂലൈ 3) ആചരിച്ച് നാം ദൈവാനുഗ്രഹം സമൃദ്ധമായി അനുഭവിച്ചു. ആത്മീകതയുടെ ഔന്നത്യത്തിൽ വിരാജിക്കുമ്പോൾ നമ്മെ പിടികൂടുന്നതായ പാപമാണ് ഔദ്ധത്യം അഥവാ ധാർഷ്ട്യം. ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിച്ച് തന്റെ ശുശ്രൂഷ നിർവ്വഹിക്കുന്ന യേശുതമ്പുരാന് ബുദ്ധിഭ്രമമുണ്ടെന്ന് ആരോപിക്കുകയും അവിടുന്ന് ചെയ്യുന്ന അത്ഭുതപ്രവർത്തികൾ ഭൂതങ്ങളുടെ തലവനായ ബേൽസബൂലിനെ കൊണ്ടാണ് പ്രവർത്തിക്കുന്നതെന്ന് ആക്ഷേപിക്കുകയും ചെയ്യുന്ന സംഭവമാണ് ഈ വേദഭാഗത്തിലുള്ളത്.

എല്ലാ നന്മപ്രവർത്തികളേയും തെറ്റായി ചിത്രീകരിക്കാനും അതിന് നേതൃത്വം കൊടുക്കുന്നവരെ തേജോവധം ചെയ്യുന്നവരുമായ ഒരു കൂട്ടം മനുഷ്യർ എല്ലാ കാലത്തും എല്ലാ സമൂഹങ്ങളിലുമുണ്ട്. ക്രിസ്തുവിന്റെ സ്വന്തം വീട്ടുകാർ പോലും അവിടുത്തെ എതിർക്കുന്നതിൽ ഏറെ അതിശയം തോന്നിപോകും.

ഒരു ക്രിസ്തീയ സാക്ഷ്യജീവിതത്തിൽ ഏതൊക്കെ കാര്യങ്ങളാണ് ഉപേക്ഷിക്കേണ്ടതെന്നും, എന്തൊക്കെയാണ് ഉൾക്കൊള്ളേണ്ടതെന്നും ഈ വേദഭാഗം നമ്മെ പഠിപ്പിക്കുന്നു.

**ഔദ്ധത്യം തിന്മയുടെ വിളനിലം**

യേശുവിനെതിരായി തന്റെ ബന്ധുക്കളും (വി. മർക്കോസ് 3.19-21) യെറുശലേമിൽ നിന്ന് വന്ന ശാസ്ത്രികളും (22) സംസാരിക്കുന്നു. ഈ രണ്ട് കൂട്ടരും ഒരിക്കലും ചെയ്യരുതാത്ത കാര്യങ്ങളാണ് ചെയ്യുന്നത്. വീട്ടുകാർ വികലതകളുണ്ടെങ്കിൽ പോലും കൂടെ നിൽക്കേണ്ടവരാണ്. സത്യം എന്ത് എന്ന് കണ്ണിനു മുമ്പിൽ കാണുന്നവർ അവർ അവനിൽ ബുദ്ധിഭ്രമം ആരോപിക്കുന്നു. മശിഹായുഗത്തിൽ സംഭവിക്കാനുള്ളത് എന്തെന്ന് മറ്റാരെക്കാളും വ്യക്തമായി അറിയുന്നവരാണ് ശാസ്ത്രിമാർ. കാരണം അവർ തിരുവെഴുത്ത് പകർത്തി എഴുതുന്നവരാണ്. അവരിൽ തന്നെ യരുശലേമിൽ നിന്ന് വന്നവരാണങ്കിലോ മശിഹായുഗം ആരംഭിക്കുന്ന വിശുദ്ധനഗരത്തിലെ ശാസ്ത്രിമാർ. എന്നാൽ അവർ പറയുന്നു യേശുതമ്പുരാൻ ഭൂതങ്ങളെ പുറത്താക്കുന്നത് ഭൂതങ്ങളുടെ തലവനെ കൊണ്ടാണുപോലും. അറിവുണ്ട് എന്നഭിമാനിക്കുന്ന അടുത്തറിഞ്ഞ ഇവരൊക്കെ എന്താ ഇങ്ങനെ ആയത്? കാരണം വ്യക്തമാണ്. ഉണ്ടായിരുന്ന അധികാരം നഷ്ടപ്പെടുമോ എന്ന അങ്കലാപ്പ്, ആരൊക്കെയോ ആണെന്നുള്ള ധാർഷ്ട്യം, തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാനുള്ള സങ്കുചിത മനസ്ഥിതി. പോരെ! ഒരാൾക്കെതിരെ ആരോ

പണം ഉന്നയിക്കാനും, അടിച്ചമർത്താനും ഇത്രയൊക്കെയേ ആവശ്യമുള്ളു. അന്നത്തെ അധികാര അധീശ സംവിധാനത്തോട് എതിർത്ത് ദൈവജനതയുടെ സമഗ്രവിചോമനത്തിനു വേണ്ടിയുള്ള ക്രിസ്തുവിന്റെ മുന്നേറ്റം ശാസ്ത്രിമാരെ വിരളി പിടിപ്പിച്ചിരുന്നു.

ഇത്തരത്തിലുള്ള ധാർഷ്ട്യമനോഭാവം ഇന്നത്തെ ലോകത്തിൽ കൂടുതലായി നിലനിൽക്കുന്നുണ്ട്. ഇതിനു വിപരീതമായി പരിശുദ്ധാത്മാവ് തരുന്ന ഫലമാണ് മനോവിനയം അഥവാ താഴ്മ. മനുഷ്യന്റെ ഗർവ്വം അവനെ താഴ്ത്തിക്കളയും മനോവിനയമുള്ളവനോ മാനം പ്രാപിക്കും. (സദൃശവാക്യം 29.23) മറ്റുള്ളവരിൽ തിന്മ ആരോപിക്കുന്നതു അവസാനിപ്പിച്ച് നന്മയെ ഉത്ഘോഷിക്കുക എന്നതാണ് കരണീയമായ മാർഗ്ഗം. നന്മയിൽ തിന്മ കണ്ടുപിടിക്കുന്നത് പൈശാചിക ചിന്തയാണ്. നന്മയിൽ നന്മയും, തിന്മയിൽ തിന്മയും കണ്ടെത്തുന്നത് മാനുഷിക ചിന്തയും, തിന്മയിൽ നന്മ കണ്ടെത്തുവാൻ കഴിയുന്നത് ദൈവികചിന്തയുമാണ്. ആദ്ധ്യാത്മീക ജീവിതത്തിലൂടെ മൂന്നാമത്തെ അവസ്ഥയിൽ എത്തിച്ചേരുക എന്നതായിരിക്കട്ടെ നമ്മുടെ ലക്ഷ്യം.

**ഐക്യം: നന്മയിലേക്കുള്ള വഴി**

തന്നിൽ ചുമത്തിയ ആരോപണത്തിന് ഒരു പൊതുതത്വത്തിലൂടെയാണ് ക്രിസ്തു മറുപടി നൽകുന്നത്. ഒരു രാജ്യത്തിനും, ഒരു ഭവനത്തിനും തമ്മിൽ ഛിദ്രിച്ചുകൊണ്ട് നിലനിൽക്കാനാകില്ല. സാത്താൻ അവനോട് തന്നെ ഛിദ്രിച്ചാൽ അവന് നിലനിൽക്കാനാകുമോ. ഇല്ല! അപ്പോൾ സാത്താൻ അവന്റെ കൂട്ടത്തോട് കാട്ടുന്ന മൂല്യബോധം പോലും മനുഷ്യർ കാട്ടുന്നില്ല എന്ന് പറയേണ്ടിവരും. സാത്താനോ, മനുഷ്യനോ കൂടുതൽ നീചൻ.

ഏത് സാമൂഹ്യസംവിധാനത്തിന്റേയും, അത് കൂടുതലാളുകളുള്ള ഒരു പ്രസ്ഥാനമായിരുന്നാലും, ആളുകൾ എണ്ണത്തിൽ കുറവുള്ള കുടുംബമായിരുന്നാലും, നിലനിൽപ്പിന്റെ അടിസ്ഥാനം ഐക്യമാണ്. വ്യത്യസ്തതകൾ ഇല്ലന്നോ അവയെ പരിഗണിക്കേണ്ടന്നോ അല്ല എന്നാൽ സമാനതകൾ കണ്ടെത്തുകയും അവയെ അടിസ്ഥാനമാക്കി മുൻപോട്ട് പോകുന്നവർക്കു മാത്രമെ ജീവിതത്തെ വിജയകരമാക്കി തീർക്കാനാവുള്ളു. ക്രിസ്തു കാട്ടിതന്ന ദൈവീക സ്നേഹമായിരിക്കണം ഐക്യത്തിന്റെ അടിസ്ഥാനം. 1 കോരിന്ത്യർ 13. 4-8 വരെയുള്ള ഭാഗത്ത് പരിശുദ്ധനായ പൗലോസ് ശ്ലീഹാ ദൈവസ്നേഹത്തിന്റെ പ്രത്യേകതകൾ വിവരിക്കുന്നു. ഈ സ്നേഹത്തിന്റെ ഐക്യത്തിൽ ജീവിക്കുന്നവർ സമൂഹത്തിൽ വിശാലഭാവമുള്ളവരും ഐക്യമുണ്ടാക്കുന്നവരും ആയിരിക്കും.

ഭവനഛിദ്രീകരണം ക്രിസ്തു പഠിപ്പിച്ച കാലത്തേക്കാൾ ഭയാനകമായി വളർന്നിരിക്കുന്ന പരിതസ്ഥിതിയാണ് ഇന്നുള്ളത്. അഹം മുന്നിട്ടു നിൽക്കുന്ന ആധുനിക കുടുംബവ്യവസ്ഥിതി മുൻപ് ഒരിക്കലും ഉണ്ടായിട്ടില്ലാത്തവിധം ഛിദ്രതയുണ്ടാക്കുന്നു. വികലമായ കുടുംബവ്യവസ്ഥിതി സമൂഹത്തെയും വികലമാക്കുന്നു. ഒരു വ്യക്തിയെ സാമൂഹ്യജീവിയാക്കാൻ സഹായിക്കുന്ന വിദ്യാലയമാണ് കുടുംബം. അതിനേറ്റ അപക്ഷയം സാമൂഹ്യജീവിതത്തെ മലീമസമാക്കി. ഇനി നാം ചെയ്യേണ്ടത് നഷ്ടപ്പെട്ടു പോയത് തിരിച്ചെടുക്കുകയാണ്. അതിനുവേണ്ട മറുമരുന്നാണ് സ്നേഹത്തിൽ അധിഷ്ഠിതമായ ഐക്യം.

**ഭൂഷണം മോചനമില്ലാത്ത പാപം**

സത്യം ബോധ്യമായിട്ടും താൽക്കാലിക ലാഭത്തിനായി സത്യത്തെ കോട്ടികളയുന്നതാണ് പരിശുദ്ധാത്മാവിനെതിരായ പാപം. കാരണം പരിശുദ്ധാത്മാവ് സത്യാത്മാവാണ് (യോഹ. 14.16) ദൈവകൃപയിലൂടെ അനുഗ്രഹങ്ങളും, വരദാനങ്ങളും പ്രാപിച്ചിട്ട് അവയെ സ്വയമഹിമക്കായി ഉപയോഗിക്കുന്നതും പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കും. ആത്മാവ് തരുന്ന പ്രാപ്തിയെക്കുറിച്ചുള്ള വി. പൗലോസിന്റെ സാക്ഷ്യം ശ്രദ്ധേയമാണ് (2 കോരി. 3.5-11)

ക്രിസ്തുവിന്റെ യോഗാത്മക ശരീരമായ പരിശുദ്ധ സഭക്കെതിരെ അനാവശ്യമായി വിമർശനം നടത്തുന്നതും, സഭാ നേതാക്കന്മാരെ വീണ്ടുവിചാരമില്ലാതെ അപഹസിക്കുന്നതും പരിശുദ്ധാത്മാവിനെതിരാണ്. കാരണം പരിശുദ്ധ സഭയിലും, നേതാക്കന്മാരിലുമൊക്കെ നിറഞ്ഞുനിൽക്കുന്നത് പരിശുദ്ധാത്മാവാണ്. ■

## കാത്തിരിപ്പിന്റെ

*31-ാം പേജിൽ നിന്നു തുടർച്ച...*

രൻ മുട്ടുകുത്തി നടത്തുന്ന പ്രാർത്ഥനപോലും വേദശാസ്ത്രപരമായ പ്രസ്താവനകളുടെ ധ്വനിയല്ലാതെ അപേക്ഷാസ്വരം കാര്യമായിട്ടില്ല. മൂന്നാമത്തെ ക്രമത്തിൽ ചൊല്ലുന്ന പ്രുമിയോൻ തികച്ചും ആവർത്തന വിരസമാണ്. എന്നാൽ അതേറ്റവും ഹൃദയസ്പൃക്കായി ഉയർത്തപ്പെടേണ്ടതാണ്.

പാട്ടുകളുടെ കാര്യമെടുത്താലും, ആലപിച്ചുതീർക്കുന്നു എന്നല്ലാതെ ഒരനുഭൂതി ഉളവാക്കുന്നില്ല. ലളിതമായ ഭാഷയിൽ, ഹൃദ്യമായ രാഗത്തിൽ, ആലപിക്കുമ്പോൾ ഹൃദയത്തിൽ ചലനങ്ങൾ സൃഷ്ടിക്കും ഒരു ഉദാഹരണം : " പരിശുദ്ധാത്മാവേ ശക്തി പകർന്നീടണേ" എന്നുള്ള ഗാനം, അറിയാത്തവരും ആലപിക്കാത്തവരും ക്രൈസ്തവ സമൂഹത്തിൽ വിരളമായിരിക്കും.

3. ത്രിത്വരഹസ്യം വെളിപ്പെട്ടതു് പെന്തിക്കോസ്തിയിലാണല്ലോ. അതുകൊണ്ട് ത്രിത്വരഹസ്യം അരക്കിട്ടുറപ്പിക്കാൻ മൂന്നു ക്രമങ്ങൾ ക്രമീകരിച്ചിരിക്കുന്നു. അതിനു മാറ്റം വരുത്താൻ പലരും വിമുഖരാണ്. എന്നാൽ പാട്ടുകളുടെ ഖണ്ഡങ്ങൾ കുറച്ചും, പ്രാർത്ഥനകളുടെ ആവർത്തന വിരസത ഒഴിവാക്കിയും, വേദവായനകൾ പരിമിതപ്പെടുത്തിയും മൂന്നു ക്രമവും കൂടി ഒരു മണിക്കൂർ സമയം എന്ന വിധത്തിൽ ക്രമീകരിക്കാം. അല്ലെങ്കിൽ ത്രിത്വവിശ്വാസം ബലപ്പെടുത്തിക്കൊണ്ടു തന്നെ ഇപ്പോഴുള്ള ആശയങ്ങൾക്കു വലിയ മാറ്റം വരുത്താതെ ഒരു ക്രമമായി രൂപപ്പെടുത്തുക.

ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് ആരാധനയിലെ വചനശുശ്രൂഷ (പ്രസംഗം) അത് പെന്തിക്കോസ്തിയിൽ വിട്ടുകളയാൻ നിർബന്ധിതരാകുകയാണ്. വിപരീതോപദേശങ്ങൾ അടുത്തടിക്കുമ്പോൾ പ്രബോധനത്തിന്റെ പ്രസക്തി വർദ്ധിക്കുന്നു. അല്ലെങ്കിൽത്തന്നെ ആരാധനയുടെ അവിഭാജ്യഘടകമാണ് വചനശുശ്രൂഷ. അതു " കണ്ടതും കേട്ടതും " പറയുന്നതും " പരാതി " പറയുന്നതുമായ രീതിയല്ല. തിരുവചനം പഠിച്ച്, പ്രാർത്ഥിച്ച് ഒരുങ്ങി നടത്തുന്ന ദൈവിക ശുശ്രൂഷയാണ്.

രണ്ടുകാര്യങ്ങളാണ് ഞാൻ ഉന്നയിക്കാൻ ശ്രമിച്ചത്. ഒന്ന് കാത്തിരിപ്പിന്റെ ദിനങ്ങൾ, യഥാർത്ഥത്തിൽ കാത്തിരിപ്പിന്റെ ദിവസങ്ങളാക്കി മാറ്റത്തക്കവണ്ണം പ്രാർത്ഥനാ സംഗമം സംഘടിപ്പിക്കുക. രണ്ട്, പെന്തിക്കോസ്തിയിലെ ശുശ്രൂഷ ഇപ്പോഴത്തെ അവസ്ഥയിൽ വിരസമായും അശ്രദ്ധമായും ജനങ്ങൾ പങ്കെടുക്കുന്നതിനും മറ്റും വരത്തക്കവണ്ണം അതു ഹൃദ്യവും ആത്മസ്പർശമുള്ളതാക്കിത്തീർക്കുക. നമ്മുടം ജനങ്ങൾക്കു ഒരു ആത്മിക നവോത്ഥാനം കൈവരുത്തി ചൈതന്യവത്തായ ഒരവസ്ഥയിലേക്ക് എത്തിക്കുക എന്നതാവണ്ണം നമ്മുടെ പ്രധാന ലക്ഷ്യം. കക്ഷിവഴക്കിന്റയും, പള്ളിക്കാരുടെയും, ദുഷിച്ചകാറ്റ് സഭാന്തരീക്ഷത്തെ മലീമസ്മാക്കുന്നു എന്നുള്ളത് നമ്മെ വേദനിപ്പിക്കണം. വ്യക്തിജീവിതത്തെ ആത്മീയ നിറവിലേക്കു വരുത്തുവാനാകട്ടെ നമ്മുടെ ലക്ഷ്യവും പ്രാർത്ഥനയും പ്രവർത്തനവും. ■

For Favours Received




അന്നമ്മ കൊച്ചുമോൻ
കുണ്ടറ



സൂസി &
ബ്രദേഴ്സ്



ഒരു വിശ്വാസി

രോഹിണി വർഗീസ്, തിരുവല്ല

# പലായനം

"അപമാന ഭാരത്താൽ കുമ്പിട്ട ശിരസ്സുമായ്,
നാഥന്റെ ചാരത്തുനിന്നിതാ നിഷ്ക്കാസിതയായ്
ഇരുണ്ടു തുളുമ്പുന്ന മിഴികളുമായ് ഈജ്പ്റ്റിന്റെ മകൾ,
അവളുടെ വ്യഥയും നിന്ദയും മറയ്ക്കാനാവുമോ?

മരുഭൂയാത്രയിൽ തളർന്നിതാ ബാലൻ
അവളുടെ തോളിൽ തൂങ്ങുന്നു ക്ഷീണിതൻ
താതന്റെ കൂടാരത്തിൽ ആ പ്രഭാതത്തിലും
ഒരു മാൻകുട്ടിയേപ്പോൽ കുതിച്ചു നടന്നവൻ."

('ഹാഗാർ' - ആൻ സി. ലിഞ്ച്)



അടിമയാവുക, വന്ധ്യയായിത്തീരുക, അനന്തരാവകാശി ഇല്ലാതെ കടന്നുപോവുക – ഇതൊക്കെ യഹൂദ സമൂഹത്തിൽ അങ്ങേ അറ്റം അപമാനകരമായ ജീവിത സാഹചര്യങ്ങളായിരുന്നു.

ഒരു പുത്രനു ജന്മം നൽകിയെങ്കിൽ പോലും ഹാഗാർ എന്ന അടിമ സ്ത്രീയുടെ ജീവിതം അത്ര സുഗമമായിരുന്നില്ല. അടിമ! ഒരു പക്ഷെ ബാല്യം മുതൽ തന്നെ മിസ്രയീമിലെ രാജവംശമായ ഫറവോന്മാരുടെ കൊട്ടാരത്തിൽ അന്ത:പുരങ്ങളിൽ ശുശ്രൂഷ ചെയ്തു വളർന്നവൾ. പെട്ടെന്നൊരു ദിവസം ഫറവോൻ ഹാഗാറിനെയും കൂട്ടുകാരെയും കൂടാരവാസികളായ ഒരു എബ്രായ ദമ്പതിമാർക്ക് സമ്മാനമായി കൊടുക്കുകയായിരുന്നു (ഉല്പ. 12:16).

പത്തുവർഷത്തെ കൂടാരവാസം കൊണ്ട് അവൾ തന്റെ യജമാനത്തി സാറായുടെ പ്രീതിയും വിശ്വാസവും പിടിച്ചു പറ്റിക്കഴിഞ്ഞു. സുന്ദരിയായ അടിമപ്പെണ്ണ്. എന്തു പണിയും നല്ല വൃത്തിയായും വെടിപ്പായും ചെയ്യുന്നവൾ. ആ പ്രീതിയുടെ പിൻബലത്തിലാവണം ഒരിയ്ക്കൽ അവൾ യജമാനനായ അബ്രഹാമിന്റെ കിടപ്പറയിലേക്ക് നയിക്കപ്പെട്ടത് – യജമാനത്തിയുടെ സ്വന്തം ആലോചനപ്രകാരം! ഒരു പിൻഗാമിയെ സ്വന്തമാക്കുവാൻ സാറാ കണ്ടു പിടിച്ച കുറുക്കുവഴി. ഒരു ശിശുവിനെ ഉദരത്തിൽ ലഭിച്ചതോടെ തന്റെ ശുക്രൻ തെളിയുകയാണെന്ന് ഹാഗാർ വ്യാമോഹിച്ചു. മച്ചിയായ യജമാനത്തിയെ അവൾ പുച്ഛത്തോടെ നോക്കാൻ തുടങ്ങി. തന്റെയുള്ളിൽ വളരുന്ന ശിശു യഹൂദവംശത്തിൽ അധിപനാകും എന്നവൾ സ്വപ്നം കണ്ടു നടന്നു. കൂടെ തന്റെ നിലയും വിലയും ഉയരുമെന്നുള്ള പ്രതീക്ഷയും.

സാറായുടെ ഉള്ളുനൊന്തു. അവൾ അബ്രഹാമിന്റെ മൗനാനുവാദത്തോടെ ഹാഗാറിനെതിരെ പീഡനങ്ങൾ അഴിച്ചുവിട്ടു. പിടിച്ചു നിൽക്കാനാവാതെ ഹാഗാർ കൂടാരം വിട്ട് മരുഭൂമിയിലേക്കു പലായനം ചെയ്യുവാൻ നിർബന്ധിതയാകുന്നു. – ഇക്കാലത്ത് അമ്മായിഅമ്മയുടെ പോര് സഹിക്കവയ്യാതെ വീടുവിട്ടോടിപ്പോകുന്ന യുവതിയെപ്പോലെ, ഓഫീസിലെ ബോസിന്റെ ശകാരം കേട്ടും, പീഡനങ്ങളിൽ തകർന്നും രാജിക്കത്തെഴുതുവാൻ നിർബന്ധിതരാവുന്ന പെൺകുട്ടികളെപ്പോലെ. നിസ്സാരകാര്യങ്ങൾക്കുപോലും ശണ്ഠകൂടി വിവാഹമോചനത്തിലെത്തി നിൽക്കുന്ന ദമ്പതിമാർ സ്വന്തം കുട്ടികളുടെ ഭാവി ഓർക്കാറുണ്ടോ! കുഞ്ഞുങ്ങളുടെ സ്വപ്നങ്ങൾ തകർക്കാൻ നമുക്കെന്തവകാശം.

കൂടാരം വിട്ടോടുമ്പോൾ ഹാഗാറും തന്റെ ഗർഭസ്ഥശിശുവിന്റെ ഭാവി ഓർത്തു കാണില്ല. പക്ഷെ അവിടെയാണ് ഒരു നല്ല വഴികാട്ടിയായി, കുടുംബ കൗൺസിലറായി യഹോവയുടെ ദൂതൻ പ്രത്യക്ഷനാകുന്നത്. ദൂതൻ ഹാഗാറിനെ അവളുടെ ശാരീരികാവസ്ഥ ഓർമ്മപ്പെടുത്തി, മരുഭൂമിയിൽ കാത്തിരിക്കുന്ന ദുരന്തങ്ങളെക്കുറിച്ച് ബോദ്ധ്യപ്പെടുത്തി. ഉദരത്തിൽ വളരുന്ന ശിശുവിന്റെ ഭാവി സൗഭാഗ്യങ്ങൾ പ്രവചിച്ച്, തിരികെ സാറായുടെ അടുത്തേക്കു തന്നെ പറഞ്ഞു വിടുകയാണ്.

യിസ്മായേലിന്റെ ജനനത്തോടെ ഹാഗാർ തൽക്കാലം തന്റെ കഷ്ടകാണ്ഡത്തെ അതിജീവിക്കുന്നു. ഏതാണ്ട് 14 വർഷങ്ങൾക്ക് ശേഷമാണ് സാറായ്ക്ക് വാഗ്ദത്ത പുത്രൻ ജനിക്കുന്നത്. രണ്ടു ബാലന്മാർ ഒരു കൂടാരത്തിൽ വളരുന്നതിന്റെ പ്രശ്നം ബുദ്ധിമതിയായ സാറാ മനസ്സിലാക്കി. തന്റെ മകനാണ് യഹോവയുടെ വാഗ്ദത്ത സന്തതി. അബ്രഹാമിന്റെ അനന്തരാവകാശി. സാറാ വീണ്ടും ഹാഗാറിനെതിരെ പ്രവർത്തിച്ചു. യിസ്മായേലിനെ ഓർത്തു അബ്രഹാം ദുഃഖിച്ചെങ്കിലും യഹോവയും സാറായും പക്ഷത്തായിരുന്നു.

വിഷമഘട്ടങ്ങളിൽ ഒരു സ്ത്രീയ്ക്കു തണൽ തന്റെ പുരുഷനായിരിക്കണം. അതുപോലും ഹാഗാറിനു ലഭിക്കുന്നില്ല. ഇന്നത്തെ ഡൈവോഴ്സിൽ ലഭിക്കുന്ന സാമ്പത്തികമൊന്നും അന്ന് അവൾക്ക് ലഭിച്ചുമില്ല. അല്പം അപ്പവും ഒരു തുരുത്തി വെള്ളവും മാത്രം നൽകിയാണ് അബ്രഹാം അവളെ പറഞ്ഞയയ്ക്കുന്നത്. യഹോവയുടെ ഇഷ്ടം നടപ്പാക്കുന്നതിനപ്പുറം മറ്റൊന്നും ആ വിശ്വാസികളുടെ പിതാവിനു ചെയ്യാനാവുമായിരുന്നില്ല.

ദൂതന്റെ വാക്കുകളാൽ പ്രകാശിതയായ ഹാഗാർ പുതിയൊരു സ്പ്നവുമായി മകനോടൊപ്പം നടന്നു നീങ്ങി....പാരാൻ മരുഭൂമിയിലേക്ക്, സ്വതന്ത്രയായി....അവളുടെ മകൻ വില്ലാളിവീരനായി, മിസ്രയീം യുവതിയെ വിവാഹം കഴിച്ചു, അവനിൽ നിന്ന് വലിയൊരു ജാതി എഴുന്നേറ്റു. ഖുറാൻ പറയുന്നു, അബ്രഹാം, ഹാഗാർ, ഇസ്മയേൽ എന്നിവർ അറബ് വംശത്തിന്റെ പൂർവ്വപിതാക്കളാണെന്ന്, ഹാഗാറിനെയും മകനെയും ദൈവം രക്ഷിച്ച സ്ഥലമാണ് മെക്ക എന്ന് 13 നൂറ്റാണ്ടുകളായി ഹജ്ജിനു പോകുന്ന ലക്ഷോപലക്ഷങ്ങൾ ഹാഗാർ വെള്ളം തേടിപോയ മരുഭൂമി യാത്ര അനുസ്മരിക്കുന്നു. ഹാഗാർ ഒഴുക്കിയ കണ്ണുനീർ ദൈവതിരുമുമ്പാകെ കൈക്കൊള്ളപ്പെട്ടു. ബലവാനെയും ബലഹീനനെയും ഒരുപോലെ പരിപാലിക്കുന്ന ആ ദിവ്യചൈതന്യം!

ഏതു മരുഭൂമി അനുഭവങ്ങളിലും നമുക്ക് മുമ്പിൽ നീരുറവകൾ മറഞ്ഞു കിടപ്പുണ്ട്. ദൈവദൂതരെപ്പോലുള്ള മനുഷ്യരുണ്ട്. തക്കസമയത്ത് അവരെ കണ്ടുമുട്ടുവാൻ... തിരിച്ചറിയുവാൻ... ■

# MMM COLLEGE OF NURSING

(A Unit of The Madras Medical Mission)
Recognised by Indian Nursing Council (INC) New Delhi, Tamil Nadu Nurses & Midwives Council, Chennai & Affiliated to "The Tamilnadu Dr. M.G.R. Medical University", Chennai

MMM COLLEGE OF NURSING
Learn to Serve











## Admission 2013 - 14

**B.Sc. Nursing**: Admission open for 4 years B.Sc. Nursing (Basic) degree course for +2 passed candidates with Physics, Chemistry, Biology/Botany/Zoology and English with minimum of 45% marks.

**PB. B.Sc. Nursing**: Admission open for 2 years Post Basic B.Sc. Nursing degree course for candidates with Diploma in Nursing Certification.

**M.Sc. Nursing:** Admission open for 2 years M.Sc. degree course - all 5 Specialities. Pass in B.Sc. Nursing with 1 year of clinical experience after registration with State Nursing Council.

## Course commencement:

M.Sc. Nursing – June 2013
B.Sc. (N) & PB. B.Sc. (N) – August 2013

Interested candidates may download the application form from our website www.mmm.org.in. Filled in application with an application fee of Rs. 1, 000/- (Rupees One Thousand only), by DD in favour of "MMM College of Nursing" payable at Chennai, may be sent to:

## The Principal, MMM College of Nursing

No.131, Sakthi Nagar, Nolambur, Mogappair West, Chennai – 600 095, Tamil Nadu | Phone: 044–26535001, 26535002 | Web: www.mmm.org.in

xfactorindia.com




# ചിന്തിക്കുക ഭക്ഷിക്കുക സംരക്ഷിക്കുക...

■ ഡോ.ജോസഫ് മാർ ദിവന്നാ സിയോസ്

ഐക്യരാഷ്ട്ര സംഘടനയുടെ നിർദ്ദേശപ്രകാരം 1972 മുതൽ ജൂൺ 5 ആഗോള തലത്തിൽ പരിസ്ഥിതി ദിനമായി ആഘോഷിച്ചുവരുന്നു. കാലിക പ്രസക്തിയുള്ള പരിസ്ഥിതി വിഷയങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുവാനും വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന കർമ്മ പദ്ധതികൾക്ക് പ്രാരംഭം കുറിക്കുവാനും കൂടിയാണീ ദിനം. സഭാ തലത്തിൽ പരിസ്ഥിതി ദിനാഘോഷം പുത്തൂർ സെന്റ് ജോർജ്ജ് വലിയ പള്ളിയിൽവച്ച് ജൂൺ 9 ഞായറാഴ്ച പരിസ്ഥിതി കമ്മീഷന്റെ നേതൃത്വത്തിൽ ആചരിക്കപ്പെടുകയാണ്.

'ചിന്തിക്കൂ-ഭക്ഷിക്കൂ-സംരക്ഷിക്കൂ' (Think-Eat-Save) എന്നതാണ് ഈ വർഷത്തെ പരിസ്ഥിതി ദിനം ഉയർത്തുന്ന ചിന്താ വിഷയം. ഭക്ഷ്യ-സുരക്ഷ അന്താരാഷ്ട്ര തലത്തിൽ അശങ്ക ഉയർത്തുന്ന പശ്ചാത്തലത്തിൽ ഭക്ഷ്യോത്പാദനവും പാഴാക്കിക്കളയുന്ന ഭക്ഷ്യ വസ്തുക്കളും വിചിന്തന വിധേയമാക്കേണ്ടതുണ്ട്. ഭക്ഷണ പദാർത്ഥങ്ങൾ കൃഷിയിലൂടെ ഏറ്റവും കൂടുതൽ ഉത്പാദിപ്പിക്കുന്ന ആഫ്രിക്കൻ രാജ്യങ്ങളുടെ വാർഷിക ഉത്പാദനത്തിന് തുല്യമായി 1.3 ബില്യൻ ടൺ ഭക്ഷണം പ്രതിവർഷം പാഴാക്കി കളയുന്നുണ്ടെന്നാണ് ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നത്. ഫുഡ് പ്രിന്റ് മൂലം പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതവും പ്രതിവർഷം ആശങ്കാജനകമായി വർദ്ധിക്കുന്നു. ഭക്ഷണവുമായി ബന്ധപ്പെട്ട് പ്രകൃതിയിലേക്ക് തള്ളപ്പെടുന്ന മാലിന്യത്തിന്റെ തോതാണ് ഫുഡ് പ്രിന്റ് എന്ന് അറിയപ്പെടുന്നത്.

പട്ടിണിമൂലവും പോഷകാഹാരത്തിന്റെ കുറവുമൂലവും അന്താരാഷ്ട്ര തലത്തിൽ മരണത്തിന് കീഴടങ്ങുന്നവരുടെ കണക്ക് നമ്മുടെ കണ്ണ് തുറപ്പിക്കണം. കേരളത്തിനുള്ളിൽ അട്ടപ്പാടിയിൽ നടന്നുകൊണ്ടിരിക്കുന്ന ശിശു മരണങ്ങളുടെ കാരണവും മറ്റൊന്നല്ല. ഭക്ഷ്യ വസ്തുക്കളുടെ ഉത്പാദനത്തിന് പ്രകൃതിക്കുണ്ടാകുന്ന വ്യയവും സ്രോതസ്സുകളുടെ വിനിയോഗവും കണക്കാക്കുമ്പോൾ ആഘോഷങ്ങളുടെ ഭാഗമായി നടമാടുന്ന ഭക്ഷണ ധൂർത്തിലൂടെ പരിസ്ഥിതി ധ്വംസകരായി നാമും മാറിയിട്ടുണ്ടെന്ന യാഥാർത്ഥ്യം അംഗീകരിച്ചേ മതിയാകൂ. ചുറ്റുപാടും പട്ടിണി മരണങ്ങൾ നടക്കുമ്പോൾ ഗാർഹികവും സാമൂഹികവും മതപരവുമായ ആഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കപ്പെടുന്ന ആഡംബര ഭക്ഷണ വിരുന്നുകൾ നിയന്ത്രിക്കുവാൻ മതങ്ങൾക്ക് ധാർമ്മിക ഉത്തരവാദിത്തമുണ്ട്.

ഐക്യരാഷ്ട്ര സംഘടനയുടെ കണക്കുകൾ പറയുന്നത് പ്രതിവർഷം ആഗോളതലത്തിൽ പട്ടിണിമൂലം മരണപ്പെടുന്ന അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികൾ ഇരുപതിനായിരത്തിലധികവും പട്ടിണിമൂലം കഷ്ടപ്പെടുന്നവർ പതിമൂന്ന് ശതമാനത്തിൽ അധികവുമാണെന്നാണ്. ഒരു വശത്ത് പട്ടിണിയും ഭക്ഷ്യസുരക്ഷയും ആശങ്ക ജനിപ്പിക്കുമ്പോൾ ജീവിതശൈലി കൊണ്ടും അമിത ഭക്ഷണംകൊണ്ടും ചികിൽസ തേടുന്നവരുടെ എണ്ണം പെരുകുന്നു എന്നതും ശ്രദ്ധേയമാണ്. ഭക്ഷണ ശീലത്തിലുള്ള മിതത്വവും ഭക്ഷ്യവസ്തുക്കളുടെ മൂല്യമറിഞ്ഞുള്ള ആഹാരരീതിയും ആരോഗ്യ പരിപാലനത്തിന് അത്യന്താപേക്ഷിതമാണെന്ന ഓർമ്മപ്പെടുത്തൽകൂടിയാണ് ഈ വർഷത്തെ പരിസ്ഥിതി ദിന സന്ദേശം. അമിതമായി കീടനാശിനികൾ ഉപയോഗിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നത് ആത്മഹത്യാപരമായ അത്യാഗ്രഹമാണെന്നും അത്തരത്തിൽ ഭക്ഷണ പദാർത്ഥങ്ങൾ ഉത്പാദിപ്പിക്കുന്നതിൽനിന്നും അവ ഭക്ഷിക്കുന്നതിൽനിന്നും നാം പിൻതിരിയണമെന്നും പഠിക്കുകയും പ്രചരിപ്പിക്കുകയും വേണം. തദ്ദേശീയമായി ഉത്പാദിപ്പിക്കപ്പെടുന്നതും കാലാവസ്ഥക്ക് അനുയോജ്യമായതുമായ ഭക്ഷണ രീതി അവലംബിക്കുന്നത് ആരോഗ്യപരമായി അത്യുത്തമവും ദൂരവ്യാപകമായി ഫുഡ്പ്രിന്റ് കുറയ്ക്കുന്നതിനും ഉപകരിക്കും. ജനിതകമായി പരിവർത്തനം ചെയ്യപ്പെട്ട വിളകളും ഭാരതത്തിൽ പാരിസ്ഥിതികമായ ഭീഷണികളുയർത്തുന്നുണ്ട്. വേണ്ടത്ര സുരക്ഷിതത്വ പരിശോധനകൾ കൂടാതെ ഈ വിളകൾ കൃഷിയിടത്തിലെത്തുമ്പോഴാണ് പ്രശ്നം രൂക്ഷമാകുന്നത്. തദ്ദേശീയ വിളകളും ഔഷധ സസ്യങ്ങളും ഉൾപ്പെടെയുള്ള ജൈവസമ്പത്തിനെ ഇത്തരം വിളകൾ ദോഷകരമായി ബാധിക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. കൃഷിയെ പരിസ്ഥിതി സൗഹൃദപരമായ ദിശയിലേക്കു തിരിച്ചാൽ മാത്രമേ അതുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് തടയിടാനാവൂ.

*ശേഷം 43-ാം പേജിൽ*



# പുനർനവം 6

സഖേർ

"മാൻ നായാട്ടുകാരന്റെ കൈയ്യിൽ നിന്നും
പക്ഷി വേട്ടക്കാരന്റെ കൈയ്യിൽ നിന്നും
എന്നപോലെ
നീ നിന്നെത്തന്നെ വിടുവിക്ക.
മടിയാ, ഉറുമ്പിന്റെ അടുക്കൽ ചെല്ലുക:
അതിന്റെ വഴികളെ നോക്കി ബുദ്ധി
പഠിക്കുക".
(സദൃ. 6:5,6)

പറവകളും മത്സ്യങ്ങളും ഭൂചര ജന്തുക്കളും സൃഷ്ടിക്കപ്പെടുന്നതിനെക്കുറിച്ചാണ് അഞ്ചാമത്തെയും ആറാമത്തെയും ദിനങ്ങളിലെ വിവരണം. ആകാശത്തിലെയും ആഴിയിലെയും ജീവികളാണ് അഞ്ചാം ദിവസം രൂപപ്പെടുക. എല്ലാ സഭാപിതാക്കന്മാരും അംഗീകരിക്കുന്നില്ലെങ്കിലും ഇതിനെക്കുറിച്ചുള്ള ഒറിഗന്റെ വ്യാഖ്യാനം കൗതുകകരമാണ്. ആന്തരികാകാശത്തെക്കുറിച്ച് തന്നെയാണ് ഈ വരികളിലും അദ്ദേഹം ഓർമ്മപ്പെടുത്തുന്നത്. ആകാശത്തിലെ പറവകൾ നമ്മുടെ ഹൃദയാകാശത്തിലെ ഉന്നത ചിന്തകളെയും ആഴങ്ങളിലേയ്ക്കൂളിയിടുന്ന മത്സ്യങ്ങൾ അധമചിന്തകളെയും പ്രതീകവത്കരിക്കുന്നതത്രേ! ആലങ്കാരിക വ്യാഖ്യാനരീതിയോട് താല്പര്യമുള്ളവരുടെ വായനയ്ക്ക് വേണ്ടി മാത്രം ഇവിടെ ചേർത്തുവെന്നേയുള്ളു കേട്ടോ! വലിയ ബഹളമൊന്നും ഉണ്ടാക്കേണ്ടതില്ല!


ഭൂചരജന്തുക്കളുടെ ഉത്ഭവത്തെ തിരുവെഴുത്ത് ഇങ്ങനെയാണ് സംഗ്രഹിക്കുക. "അതതുതരം കന്നുകാലി, ഇഴജാതി, കാട്ടു മൃഗം ഇങ്ങനെ അതതുതരം ജീവജന്തുക്കൾ ഭൂമിയിൽ നിന്നുളവാകട്ടെ എന്ന് ദൈവം കല്പിച്ചു: അങ്ങനെ സംഭവിച്ചു". മൃഗങ്ങളെ നിർമ്മിച്ചത് ഭൂമിയല്ല; മറിച്ച് ദൈവത്തിന്റെ കല്പനയാണ് എന്ന് വി.ബേസിൽ സ്പഷ്ടമായി പറയുന്നുണ്ട്. ഓറിഗന്റെ വായന ഇവിടെയും രസാവഹമാണ്. ദൈവകല്പനയാൽ മണ്ണിൽ നിന്നാണ് ജന്തുക്കളുണ്ടാകുന്നത്. മണ്ണുകൊണ്ട് ഉണ്ടാക്കപ്പെട്ട മനുഷ്യജഡത്തിന്റെ സ്വഭാവങ്ങൾക്കും ആവേഗങ്ങൾക്കും മണ്ണാലുളവായ മൃഗത്തിന്റെ വാസനകളോടും കാമനകളോടും ഒരു സാധർമ്മ്യമുണ്ട് എന്നാണ് അദ്ദേഹം പറയുന്നത്

ജറുശലേമിലെ വി.കൂറിലോസ് ഇതിനെ കുറേക്കൂടി വിശദീകരിക്കുന്നുണ്ട്. ദൈവകല്പന മുഖാന്തിരം ഭൂമിയിൽ നിന്ന് വ്യത്യസ്ത സ്വഭാവികളായ ജീവികൾ സൃഷ്ടിക്കപ്പെട്ടു. സൗമ്യതയുള്ള കുഞ്ഞാട് മുതൽ മാംസദാഹിയായ സിംഹം വരെ അവയിലുണ്ട്. യുക്തിഹീനമായ മൃഗചോദനകൾ മനുഷ്യപ്രകൃതങ്ങളിൽ ചിലതിനെയും ഓർമ്മിപ്പിക്കുന്നു. കുറുക്കന്റെ കൗശലവും പാമ്പിന്റെ ചതിയും കുതിരയുടെ കുതിപ്പുമൊക്കെ മനുഷ്യരിലുമുണ്ട്. സിംഹം മുറ്റുകാട്ടിൽ നിന്നെന്നപോലെയാണ് ദുഷ്ടൻ തന്റെ മറവിടത്തിൽ പതുങ്ങിയിരുന്ന് എളിയവനെ വലയിൽ ചാടിച്ച് പിടിപ്പാൻ നോക്കുന്നത് എന്നാണല്ലോ സങ്കീർത്തനം പാടുന്നത് (10:9). ദുഷ്ടന്മാർ സർപ്പം പോലെ തങ്ങളുടെ നാവുകളെ കൂർപ്പിക്കുന്നുവെന്നും അതിൽ ചൊല്ലുന്നുണ്ട്. നന്മകളെക്കുറിച്ചും ആവോളം പറയുന്നുണ്ട്: ഭൂമിയിൽ ചെറിയവയെങ്കിലും അത്യന്തജ്ഞാനമുള്ള ഉറുമ്പിന്റെ കരുതലിനെയും കുഴിമുയലിന്റെ ജാഗ്രതയെയും വെട്ടുക്കിളിയുടെ അനുസരണത്തെയുമൊക്കെ സംബന്ധിച്ച് തിരുവെഴുത്ത് വാചാലമാകുന്നു. (സദൃശ്യവാക്യം 30)

ഈ പ്രപഞ്ചത്തിലെ സകലചരാചരങ്ങളും മനുഷ്യന്റെ പൂർവ്വികരാണെന്ന വിവേകം നൽകുന്ന വിനയത്തിൽ നിന്ന് മാത്രമാണ് നമ്മുടെ ആർത്തികളും ചൂഷണങ്ങളും അവസാനിക്കുക. അവരിൽ നിന്ന് നാമെന്തെങ്കിലും പഠിക്കാൻ തുടങ്ങുന്നതും അപ്പോൾ മാത്രമാണ്. സത്യത്തിൽ ഉറുമ്പിൽ നിന്ന് മാത്രമല്ല ജീവിതത്തിന്റെ വേറിട്ട വഴികൾ പഠിക്കാനുള്ളത്. മൃത്യുവിലേയ്ക്ക് ഗമിക്കുന്നതിനെയാണ് മൃഗമെന്ന് ചിലർ വിളിക്കുക. അതിലെത്ര ശരിതെറ്റുകൾ ഉണ്ടെങ്കിലും മാനത്തോടെ ഇരിക്കുന്ന മനുഷ്യൻ വിവേകശൂന്യനായാൽ അവൻ മൃത്യുവിലേയ്ക്കാണ് ഗമിക്കുന്നതെന്നുള്ളത് വാസ്തവമാണ്. ഏലിയാവിന് അപ്പം കൊടുത്ത കാക്കയും ദാനിയേലിന് മുമ്പിൽ ഉപവസിച്ച സിംഹവും ബിലയാമിനെ തിരുത്തിയ കഴുതയും യോനയെ അനുസരണം പഠിപ്പിച്ച തിമിംഗലവുമൊക്കെ ചിലത് പഠിപ്പിക്കുന്നുണ്ടെന്ന് ഓർമ്മപ്പെടുത്തിയത് ശോഭയുടെ കുറിപ്പുകളാണ്. ഇന്ദ്രിയങ്ങളാൽ നിയന്ത്രിക്കപ്പെടുന്നവയാണെങ്കിലും ഒരു പക്ഷേ മനുഷ്യരേക്കാളധികമായി ദൈവശബ്ദം കേൾക്കുന്നതിനുള്ള ഒരു ആറാമിന്ദ്രിയം ഇവയ്ക്കൊക്കെ ഉണ്ടായിരുന്നുവെന്ന വാദത്തിൽ തെറ്റ് പറയാനാവില്ല സുഹൃത്തേ!

മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ഒരഭിപ്രായമിങ്ങനെയാണ്. മൃഗങ്ങളെ നിയന്ത്രിക്കുന്നത് ഇന്ദ്രിയങ്ങളാണ്. അവയുടെ ശരീരഘടനപ്രകാരം തന്നെ വായും വയറും ജനനേന്ദ്രിയങ്ങളുമെല്ലാം ഒരേ രേഖയിലാണ് വരുന്നത്. എന്നാൽ മനുഷ്യനിലാകട്ടെ തലച്ചോറാണ് മുകളിൽ! പിന്നീട് താഴേയ്ക്ക് താഴേയ്ക്കാണ് ഓരോ അവയവങ്ങളും. ആലോചനാപൂർവ്വമായ നിശ്ചയങ്ങൾകൊണ്ട് തന്റെ ശരീരത്തെ നിയന്ത്രിക്കാൻ മനുഷ്യന്റെ രൂപകല്പനപോലും അവനെ നിർബന്ധിക്കുന്നുണ്ട്. നിർഭാഗ്യവശാൽ, സച്ചിദാനന്ദൻ പറയുമ്പോലെ, ഇണചേരാനും ഇരതേടാനും മാത്രമറിയാവുന്ന ഒരു ജീവിയായിപ്പോയി നാം. പരിണാമത്തിന്റെ തിരോഗതി എന്നല്ലാതെ എന്ത് പറയാൻ ! മൃഗത്വത്തിൽ നിന്ന് ദൈവത്വത്തിലേയ്ക്കുള്ള പരിണാമത്തിന്റെ ഒരവസ്ഥയാണ് മനുഷത്വം എന്ന അരവിന്ദമഹർഷിയുടെ ആദ്ധ്യാത്മിക പരിണാമവാദമാണ് പെട്ടന്ന് ഓർമ്മയിൽ വന്നത്.

ശേഷം 43-ാം പേജിൽ






# പുസ്തകശാല

## മഷിക്കൂട്ട്

സഖേർ




ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ കൈപിടിച്ച് നടക്കാനുള്ള ഭാഗ്യമുണ്ടായ സഖേർ ഗുരുവിനെക്കുറിച്ച് എഴുതിയ സ്പന്ദനങ്ങൾ. ഗുരുമൊഴി: ഞാൻ വീഴാതിരിക്കാനാണോ പിടിക്കുന്നത്? ശിഷ്യൻ: അല്ല ഞാൻ വീഴാതിരിക്കാനാണ്. തിയോ ഗാലറി, ആലപ്പുഴ, പേജ് 84, വില: 65.

## നസ്രായനായ യേശു ....


വി.റ്റി.തോമസ് കോർഎപ്പിസ്കോപ്പാ



ദൈവപുത്രനായ യേശുവിന്റെ ജീവിതവും സന്ദേശവും ഉൾക്കൊള്ളുന്ന കൃതി. ബൈബിളിലെ പ്രസക്തമായ ഭാഗങ്ങൾ കഥാരൂപത്തിൽ ആവിഷ്ക്കരിച്ചിരിക്കുന്നു. അവതാരിക: ഡോ. എൻ.ജെ. തോമസ് റമ്പാൻ. പേജ്. 112, വില. 125.

## തിരുവചന ഖനി


പി.സി. ഉലഹന്നാൻ, കങ്ങഴ



സങ്കീർത്തനങ്ങളുടെ ഹൃദ്യമായ കാവ്യാവിഷ്ക്കരണം. ആരാധനയ്ക്ക് ഉപയോഗിക്കാവുന്ന കീർത്തനങ്ങൾ അനവധി. 150 സങ്കീർത്തനങ്ങൾ സംഗീതാത്മകമായി പുനരാവിഷ്ക്കരിച്ചിരിക്കുന്നു. അവതാരിക: ഫാ.ഡോ. ജേക്കബ് കുര്യൻ, പേജ് 105, വില: 100.

## Cosmic Hospitality

Dr. K.L. Mathew Vaidyan Cor-Episcopa




Cosmic Hospitality is a collection of 15 articles on ecology, ecumenism and indigenization. He says that we have to transfigure the world through transmitting positive enery to life and nature. Mutual self-giving which is the supreme form of love acts as the catalytic agent for cosmic hospitality. Haggios Books, Mavelikkara-2, Rs. 70, Page-96

## പരിസ്ഥിതി

41-ാം പേജിൽ നിന്നു തുടർച്ച...

ജലവിഭവത്തിന്റെ അപര്യാപ്തതയും ഭക്ഷ്യ സുരക്ഷയും കേരളത്തിലെ പശ്ചാത്തലത്തിൽ പരസ്പര ബന്ധിതമാണ്. 1970 മുതലുള്ള കണക്കുകൾ പരിശോധിച്ചാൽ നെൽപാടങ്ങളുടെ വിസ്തൃതി നാലിലൊന്നായി കുറഞ്ഞതായി കാണാം. പാടങ്ങൾ ഭക്ഷ്യോത്പാദനോപാധികൾക്കപ്പുറം ധനാഗമന മാർഗ്ഗമെന്ന നിലയിൽ മാറിയതോടെ ഇവ വൻതോതിൽ നികത്തപ്പെട്ടു. ഇതുണ്ടാക്കിയ മുഖ്യ പാരിസ്ഥിതികാഘാതം ഭൂഗർഭജല ശോഷണമാണ്. നെൽപ്പാടങ്ങൾ അന്തരീക്ഷതാപത്തെ കുറയ്ക്കുമെന്ന് പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. നെൽപ്പാടങ്ങളിൽ നിന്ന് വീശുന്ന കാറ്റിന്റെ ദിശയിൽ 150 മീറ്റർ വരെയുള്ള പ്രദേശങ്ങളിൽ അന്തരീക്ഷതാപം ഗണ്യമായി കുറയുമെന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. ജലസ്രോതസ്സുകളുടെ സുസ്ഥിര സംരക്ഷണവും മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട കർമ്മ പരിപാടികളും സഭാതലത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുവാൻ പരിസ്ഥിതി കമ്മീഷൻ ആഗ്രഹിക്കുന്നു. കൂട്ടായ ബോധവൽക്കരണവും പ്രവർത്തന ശൈലികളും ഈ മേഖലയിൽ അനിവാര്യമാണ്.

അപ്പം വർദ്ധിപ്പിച്ച് വിശക്കുന്നവരെ തൃപ്തിപ്പെടുത്തുന്ന രണ്ട് സുവിശേഷ ഭാഗങ്ങളിലും ഒരു കക്ഷണവും നഷ്ടപ്പെടുത്താതെ ശേഖരിച്ച് ഉപയുക്തമാക്കുവാൻ കർത്താവ് ശിഷ്യന്മാരെ ഉപദേശിക്കുന്നത് ശ്രദ്ധേയമാണ്. പാകം ചെയ്ത ഭക്ഷണം പാഴാക്കുമ്പോൾ പാകം ചെയ്യാനുപയോഗിക്കുന്ന ഊർജ്ജവും ഭക്ഷണത്തോടൊപ്പം പാഴാകുന്നുണ്ട്. ഊർജ്ജ പ്രതിസന്ധിയുടെ ഈ കാലഘട്ടത്തിൽ സൗരോർജ്ജത്തിന്റെ സാദ്ധ്യതകളെക്കുറിച്ചുള്ള പഠനങ്ങളും ഗവേഷണങ്ങളും ഇന്ന് പലതലങ്ങളിൽ നടക്കുന്നുണ്ടെന്നത് ആശാവഹമാണ്. ഗാർഹിക – ഇടവക– സഭാതലങ്ങളിൽ സൗരോർജ്ജം കാര്യക്ഷമമായി ഉപയോഗപ്പെടുത്തി ഊർജ്ജ പ്രതിസന്ധിയെ നേരിടുവാൻ പരി. കാതോലിക്ക ബാവാ തിരുമനസ്സുകൊണ്ട് ഉദ്ബോധിപ്പിച്ചിട്ടുണ്ട്.

ഭക്ഷണത്തെക്കുറിച്ചും പരിസ്ഥിതി സൗഹൃദ ജീവിതശൈലിയെക്കുറിച്ചും അവബോധം സൃഷ്ടിക്കുവാൻ ഈ വർഷത്തെ പരിസ്ഥിതി ദിനം സഹായകരമാകണം. ചിന്തിച്ച് വിവേചനത്തോടെ ഭക്ഷണം കഴിക്കുവാനും മിതത്വത്തോടെയും യോഗീ– ഭാവത്തോടെയും അത് സംരക്ഷിക്കുവാനും നമ്മുക്ക് പ്രതിജ്ഞാബദ്ധരാകാം.

## പുനർനവം

42-ാം പേജിൽ നിന്നു തുടർച്ച...

നമ്മുടെ ദേശീയോത്സവമായ ഓണക്കഥയുടെ ഒരു വ്യാഖ്യാനം കൂടെ ചേർത്ത് നിർത്താം. ദശാവതാരങ്ങളിലൊന്നായ വാമനനും മഹാബലിയുമാണ് പ്രധാനകഥാപാത്രങ്ങൾ. തത്ക്കാലം നമുക്ക് വാമനനിൽ ഫോക്കസ് ചെയ്യാം. വാമനം എന്നാൽ കുറിയത് എന്നാണർത്ഥം. Proto type of man എന്നാണ് അയാളെ വിശേഷിപ്പിക്കുന്നത്. അഞ്ചാമത്തെ അവതാരമാണ്. അതിനുമ്പുള്ളവയിലേയ്ക്കാണ് നാം സഞ്ചരിക്കേണ്ടത്. ഒന്നാമത് മത്സ്യാവതാരം. മത്സ്യം എന്നാൽ മത്സരിക്കുന്നത് എന്നർത്ഥം. ഒരു പ്രത്യേക ആവാസവ്യവസ്ഥയ്ക്ക് (ജലം) വെളിയിൽ അതിന് നിലനില്പ്പില്ല. സങ്കുചിതമായ അതിരുകളുടെ പ്രതീകം. വിശാലതകളിലേയ്ക്ക് കടക്കാത്തിടത്തോളം പിന്നെ മത്സരമാണ് എപ്പോഴും. മാർ അപ്രേം പാടുന്നത്പോലെ, കടലോരം വഴിപോകുമ്പോൾ അന്യോന്യം വെട്ടിത്തിന്നുന്ന മത്സ്യങ്ങളെക്കണ്ട് മനുഷ്യരോട് ഉപമിക്കുന്നതോർക്കെടോ! രണ്ടാമത്തെ അവതാരം കൂർമ്മമാണ്. ആമ വെള്ളത്തിലാണ് കഴിയുന്നതെങ്കിലും മുട്ടയിടാൻ കരയിലെത്തും. ഒരല്പം പുരോഗമനപരിവർത്തനമുണ്ട്. മൂന്നാമത്തേത് വരാഹമാണ്. പന്നി കരയിലാണ് കഴിയുന്നതെങ്കിലും ചെളിയാണ് അതിനിഷ്ടം. പഴയ മാത്സര്യത്തിന്റെ നനവ് തീർത്തും വിട്ടുകളയുന്നില്ല. തുടർന്ന് നരസിംഹമാണ്. പാതി മനുഷ്യനും പാതിമൃഗവുമെന്ന നിലയിലേയ്ക്കുള്ള പരിണാമം. അഞ്ചാമത് മനുഷ്യന്റെ ആദിരൂപം. കുറിയരൂപം. വാമനൻ. നമ്മുടെ ചിന്തകൾക്ക് ഇത്രയും മതിയാവും. എവിടെയൊക്കെയോ എന്തൊക്കെ തോന്നലുകൾ ഉണരുന്നില്ലേ! മനുഷ്യനുണ്ടാവാൻ എന്തൊക്കെ ശ്രദ്ധിക്കാനുണ്ടല്ലോ സുഹൃത്തേ!





## 20th Death Anniversary 05-07-2013



# P.C. PHILIP

**(ANIYANKUNJU)**

(Sr.Supdt., St.Stephen's College Pathanapuram)

PANACKAMATTAM

KADAPRA, NIRANAM

- Sorrowing Family



## ST.GREGORIOUS EDUCATIONAL CHARITABLE TRUST

# 2, 2nd Floor, J.J.Complex,
Marathahalli, Bangalore – 560 037
Website : stgregoriousedu.com
E-mail : mail.gregsoft@gmail.com

**ADMISSION STARTED FOR 2013 – 2014**

14 years of experience to various colleges.

**ALL PG COURSES**
**M.B.B.S**
**B.D.S**
**ENGINEERING ETC.,**

**ONLY NRI quota**

Please contact : **AJEESH V PAUL**
Mobile : 09844010054 / 09448516637
Land line : 080-32416570



ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

# സമ്യഗ് ദർശനം

മലിംഗപുത്തൻ ബുദ്ധന്റെ അടുത്ത് വന്നപ്പോൾ പല ചോദ്യങ്ങൾ ചോദിച്ചു. ബുദ്ധൻ പറഞ്ഞു. "പ്രശ്നങ്ങൾ പരിഹരിക്കാനാണോ അതോ ചോദ്യങ്ങൾക്കുത്തരം ലഭിക്കുന്നതിനാണോ നിങ്ങൾ ചോദ്യങ്ങൾ ചോദിക്കുന്നത്? അദ്ദേഹം അതേപ്പറ്റി ആലോചിച്ചു. എന്നിട്ട് മറുപടി പറഞ്ഞു." 'വാസ്തവത്തിൽ അവയെ പരിഹരിക്കുവാനാണ് ഞാനിവിടെയെത്തിയിരിക്കുന്നത്.' ബുദ്ധൻ ചോദിച്ചു. ഇതേ ചോദ്യങ്ങൾ വേറാരോടെങ്കിലും ചോദിച്ചിട്ടുണ്ടോ?

അയാൾ പറഞ്ഞു "മുപ്പത് കൊല്ലമായി ഞാൻ എല്ലാരോടും തുടർച്ചയായി ചോദിച്ച് കൊണ്ടിരിക്കുകയാണ്." ബുദ്ധൻ പറഞ്ഞു. ''മുപ്പത് കൊല്ലം കൊണ്ട് പല പല ഉത്തരങ്ങളും നിങ്ങൾക്ക് ലഭിച്ചിട്ടുണ്ടായിരിക്കണം. എന്നാൽ അവയിൽ ഏതെങ്കിലും നിങ്ങൾക്കുള്ള ഉത്തരമായി നിങ്ങൾക്ക് ബോധ്യപ്പെട്ടിട്ടുണ്ടോ?" മലിംഗപുത്തൻ പറഞ്ഞു "ഇല്ല ഒന്നും തന്നെയില്ല".

ബുദ്ധൻ പറഞ്ഞു. "ഞാൻ നിങ്ങൾക്ക് യാതൊരു വിധ ഉത്തരവും തരുവാൻ ആഗ്രഹിക്കുന്നില്ല. മുപ്പത് കൊല്ലമായി പല ഉത്തരങ്ങൾ കിട്ടിക്കഴിഞ്ഞു. കുറച്ച് ഉത്തരങ്ങൾ അതിനോട് കൂട്ടിച്ചേർക്കുവാൻ എനിക്ക് കഴിഞ്ഞേക്കും. പക്ഷെ ഉത്തരങ്ങളേക്കാൾ പരിഹാരമാണ് ഞാൻ നിർദ്ദേശിക്കാൻ പോകുന്നത്." മലിംഗപുത്തൻ പറഞ്ഞു. 'എന്നാൽ അത് എനിക്ക് തരിക'. ബുദ്ധൻ പറഞ്ഞു 'അത് എനിക്ക് തരാൻ കഴിയുന്നതല്ല. അത് നിങ്ങൾക്കുള്ളിൽ സ്വയം വളരേണ്ടതാണ്. എന്നോടൊപ്പം ഒരു കൊല്ലക്കാലം നിശബ്ദമായി കഴിഞ്ഞ് കൂടുക. സമ്പൂർണ്ണ മൗനിയായി ഒരു കൊല്ലം കഴിയുമ്പോൾ വീണ്ടും ചോദ്യങ്ങൾ ചോദിക്കാം അപ്പോൾ ഞാൻ ഉത്തരം നൽകാം.' അടുത്ത് തന്നെ ഒരു മരത്തിൻ കീഴിൽ ബുദ്ധന്റെ പ്രധാന ശിഷ്യനായ സരിപുത്തൻ ഇരിക്കുന്നുണ്ടായിരുന്നു. അയാൾ അവിടെയിരുന്ന് ചിരിക്കാൻ തുടങ്ങി. മലിംഗപുത്തൻ ചോദിച്ചു. 'സരിപുത്തൻ ചിരിക്കുന്നതെന്തിനാണ്? ചിരിക്കാൻ മാത്രം എന്താണിവിടെ സംഭവിച്ചത്.

സരിപുത്തൻ പറഞ്ഞു ''നിനക്ക് ചോദിക്കണമെങ്കിൽ ഇപ്പോൾത്തന്നെ ചോദിക്കുക ഒരുകൊല്ലം കാത്തിരിക്കരുത് നാം വിഡ്ഢിയാക്കപ്പെടുകയാണ് ഇതാണ് എനിക്കും സംഭവിച്ചത്. പൂർണ്ണ മൗനിയായാൽ ചോദ്യം ചോദിക്കലിന്റെ ഉറവിടം തന്നെ നഷ്ടമാകും. ഒരു കൊല്ലത്തിന് ശേഷം അദ്ദേഹം ഒരുത്തരവും നൽകാൻ പോകുന്നില്ല. അപ്പോൾ ബുദ്ധൻ പറഞ്ഞു 'ഞാൻ തീർച്ചയായും എന്റെ വാക്ക് പാലിക്കും സരിപുത്താ ഞാൻ നിങ്ങളോടും വാക്ക് പാലിച്ചിരിക്കും നിങ്ങൾ ചോദിക്കാതിരിക്കുന്നത് എന്റെ കുറ്റമല്ലല്ലോ?'

മലിംഗപുത്തൻ മൗനിയായി ഒരു കൊല്ലം കടന്നുപോയി അയാൾ ധ്യാനത്തിലൂടെ ആന്തരിക മൗനങ്ങളിലേക്ക് കടന്നു. ഒരു കൊല്ലം കടന്ന് പോയതും തനിക്ക് ചോദ്യങ്ങൾ ചോദിക്കാനുള്ള ദിവസവും അയാൾ മറന്ന് പോയി. ബുദ്ധൻ പറഞ്ഞു ഇവിടെ മലിംഗ പുത്തൻ എന്ന് പേരായ ഒരാളുണ്ടായിരുന്നു. അയാൾ എവിടെ അയാൾക്ക് ചോദ്യങ്ങൾ ചോദിക്കാനുണ്ടായിരുന്നു. അവിടെയുള്ള പതിനായിരം ഭിക്ഷുക്കൾ അയാൾ ആരാണെന്ന് അന്വേഷിക്കാൻ തുടങ്ങി. ബുദ്ധൻ അയാളെ വിളിച്ചു. നിങ്ങളെന്തിനാണ് ചുറ്റും നോക്കുന്നത്? നിങ്ങളാണ് ആ മനുഷ്യൻ. നിങ്ങൾ ചോദ്യം ചോദിക്കുക? മലിംഗ് പുത്തൻ പറഞ്ഞു. ചോദ്യങ്ങൾ ചോദിക്കുന്ന ആൾ മരിച്ചു പോയി ഞാനും അയാളെ അന്വേഷിക്കുകയാണ്. അയാൾ പോയിക്കഴിഞ്ഞിട്ട് കാലമേറെയായി.

"മൗനം ശുദ്ധിയാണ് അത് ആന്തരിക മൗനമായാൽ
സ്വയം ഇല്ലാതാകലാണ്"
സ്വയത്തെ ഇല്ലാതാക്കുന്നവർക്ക് ചോദ്യങ്ങളില്ല
ഉത്തരങ്ങൾ കൊണ്ട് തൃപ്തിപ്പെടേണ്ടതുമില്ല"

E-mail: fr.thirumangalam@gmail.com

## ക്രിക്കറ്റ് അവാർഡ്



കേരളാ ക്രിക്കറ്റ് അസോസിയേഷന്റെ മികച്ച കളിക്കാരനുള്ള 2011-12 ലെ എസ്.കെ. നായർ അവാർഡിന് കേരളാ ക്രിക്കറ്റ് ടീം ക്യാപ്റ്റൻ സോണി ചെറുവത്തൂർ അർഹനായി. കോഴിക്കോട് നടന്ന ചടങ്ങിൽ അവാർഡ് സമ്മാനിച്ചു. ചെങ്ങന്നൂർ പുത്തൻകാവ് സെ. മേരീസ് കത്തീഡ്രൽ ഇടവകാംഗമാണ്.

## റമ്പാൻ സ്ഥാനം



പുതുപ്പാടി സെന്റ് പോൾസ് ആശ്രമാംഗമായ ഫാ. സി. ജെ. ജോഷായ്ക്ക് റമ്പാൻ സ്ഥാനം ലഭിച്ചു. സിൽവാനോസ് റമ്പാൻ എന്നാണ് സ്ഥാനനാമം. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. യൂഹാനോൻ മാർ തേവോദോറോസ് എന്നീ തിരുമേനിമാർ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. കോട്ടയം തിരുവാതുക്കൽ ബാലഗ്രാമിന്റെ ഡയറക്ടർ ആണ്. ചന്ദനപ്പള്ളി സ്വദേശി.

## ഡോക്ട്രേറ്റ്



ആധുനിക കേരളത്തിലെ സാമൂഹിക ജീവിതത്തിൽ ക്രൈസ്തവരുടെ സ്വാധീനം, മലങ്കര ഓർത്തഡോക്സ് സഭയുടെ പശ്ചാത്തലത്തിൽ എന്ന ഗവേഷണ പ്രബന്ധത്തിന് കോഴിക്കോട് സർവ്വകലാശാലയിൽ നിന്നും പി.എച്ച്.ഡി. ലഭിച്ച ഫാ. ഡോ. സണ്ണി ചാക്കോ.

ചൊവ്വന്നൂർ സെന്റ് ഗ്രിഗോറിയോസ് പള്ളി വികാരിയും അരിക്കാവ് സെ. മേരീസ് ഇടവകാംഗവുമാണ്. കുന്നംകുളം പുലിക്കോട്ടിൽ കുടുംബാംഗം ഷേബയാണ് സഹധർമ്മിണി. (അദ്ധ്യാപിക), മക്കൾ: ബി.ടെക് വിദ്യാർത്ഥി ജോസഫ് ചാക്കോ, തോമസ് ചാക്കോ (8-ാം ക്ലാസ്സ്).


## കാതോലിക്കേറ്റിന്റെ രത്നദീപം

"കാതോലിക്കേറ്റിന്റെ രത്നദീപ"മായ പുത്തൻകാവു കൊച്ചു തിരുമേനിയുടെ സമ്പൂർണ്ണ സചിത്ര ജീവചരിത്രവും രത്നദീപ പ്രഖ്യാപനത്തിന്റെ കളർ ചിത്രങ്ങളും പുസ്തക പ്രകാശനച്ചടങ്ങിന്റെ ചിത്രങ്ങളും ഉൾക്കൊള്ളുന്ന മൂന്നാം പതിപ്പ് (രണ്ടാം പതിപ്പ് തീർന്നു) ജൂൺ 30-നു പ്രകാശനം ചെയ്യുന്നു. അവതാരിക: ഫാ.ഡോ. കെ.എം. ജോർജ്, വില, 200 രൂപ, 10 കോപ്പിക്ക് 1500 രൂപ. ഗ്രന്ഥകർത്താക്കൾ: കെ. വി. മാമ്മൻ, കോട്ടയ്ക്കൽ, അഡ്വ. ഡോ. പി. സി. മാത്യു പുലിക്കോട്ടിൽ.

'The Saintly Shepherd of Malankara Church" (കുറിച്ചി ബാവാ) ജൂൺ 16-ന്. വില 150 രൂപ. കൂടാതെ സഭാചരിത്രം (ഇംഗ്ലീഷിലും മലയാളത്തിലും) സഭാപിതാക്കന്മാരുടെ ജീവചരിത്രങ്ങൾ, സഭാചരിത്ര വിജ്ഞാനകോശം, റീത്തു പ്രസ്ഥാനവും ബഥനി ആശ്രമവും, ആനപ്പാപ്പി മുതലായ പുസ്തകങ്ങളും. ആവശ്യപ്പെടുക.

**കെ. വി. മാമ്മൻ, കോട്ടയ്ക്കൽ, മാങ്ങാനം, കോട്ടയം-686018, ഫോൺ: 0481-2578936**

# ആതുരസേവനം ഒരു തുടർച്ച

## പരിശുദ്ധ കാതോലിക്കാ ബാവാ

**കോട്ടയം:-** സഭയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ യേശുക്രിസ്തു തുടങ്ങിവച്ച ദൗത്യനിർവ്വഹത്തിന്റെ തുടർച്ചയും സഭയുടെ കടമയുമാണെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. കോട്ടയം പഴയസെമിനാരി ഓഡിറ്റോറിയത്തിൽ ചേർന്ന സഭാ മാനേജിംഗ് കമ്മറ്റി യോഗത്തിൽ അദ്ധ്യക്ഷ പ്രസംഗം ചെയ്യുകയായിരുന്നു അദ്ദേഹം. പരുമല മാർ ഗ്രീഗോറിയോസ് ക്യാൻസർ സെന്റർ ഉൾപ്പടെയുള്ള അതുരസേവന ആലയങ്ങളും ജീവകാരുണ്യപ്രവർത്തനങ്ങളും വിപുലമാക്കേണ്ടതിന്റെ ആവശ്യകത പരിശുദ്ധ ബാവാ പറഞ്ഞു.

അസോസിയേഷൻ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ് റിപ്പോർട്ട് അവതരിപ്പിച്ചു. സുന്നഹദോസ് സെക്രട്ടറി ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, തോമസ് മാർ അത്താനാസിയോസ്, കുര്യാക്കോസ് മാർ ക്ലീമ്മീസ്, കോശി ഉമ്മൻ എന്നിവർ പ്രസംഗിച്ചു. പോഷകാഹാരക്കുറവുമൂലം കുട്ടികൾ മരണമടയുന്ന അട്ടപ്പാടിപ്രദേശത്തെ 100 കുട്ടികളെ സഭാ മിഷൻ ബോർഡിന്റെ ആഭിമുഖ്യത്തിലുള്ള അട്ടപ്പാടി സെന്റ് തോമസ് ആശ്രമം ദത്തെടുത്ത വിവരം മിഷൻ ബോർഡ് പ്രസിഡന്റ് ഡോ. യൂഹാന്നോൻ മാർ ക്രിസോസ്റ്റമോസ് യോഗത്തെ അറിയിച്ചു.

### യു. എൻ ഇടപെടണം

സുറിയാനി - ഗ്രീക്ക് ഓർത്തഡോക്സ് മെത്രാപ്പോലീത്താമാരായ മാർ ഗ്രീഗോറിയോസ് യോഹന്ന, ഇബ്രാഹിം പൗലോസ് അയാസിഗി എന്നിവരെയും വൈദീകരെയും തീവ്രവാദികളുടെ തടങ്കലിൽനിന്ന് മോചിപ്പിക്കുന്നതിനും സിറിയായിലെ ആഭ്യന്തര യുദ്ധവും ന്യൂനപക്ഷ പീഡനവും അവസാനിപ്പിക്കുന്നതിനുമായി ഐക്യരാഷ്ട്രസഭയും അഖില ലോകസഭ കൗൺസിലും ഇടപെടണമെന്ന് യോഗം അഭ്യർത്ഥിച്ചു. സിവിൾ സർവീസ് പരീക്ഷാ വിജയികളായ ഡോ. ആൽബി ജോൺ വർഗീസ്, അലക്സിൻ ജോർജ്ജ് കേന്ദ്ര ഗവ. പഞ്ചായത്ത് ശാക്തീകരണ ദേശീയ പുരസ്കാരം നേടിയ ബാബു ജോർജ്ജ് എന്നിവരെ അനുമോദിച്ചു.

### അനുശോചനം

മുൻ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ഇവാനിയോസ് ഫാ. സി. ജി. ഗീവർഗീസ് മുതലാളി, ഫാ. പി. ജെ. ഗീവർഗീസ്, കെ. ഐ. ജേക്കബ് എന്നിവരുടെ നിര്യാണത്തിൽ അനുശോചിച്ചു.

- പി.ആർ.ഒ.


## ശുശ്രൂഷനെ ആവശ്യമുണ്ട്

ആലഞ്ചേരി സെ. മേരീസ് ഓർത്തഡോക്സ് പള്ളിയിലേക്ക് ശുശ്രൂഷകൻ & അറ്റൻഡറെ ആവശ്യമുണ്ട്. താൽപര്യമുള്ളവർ താഴെപ്പറയുന്ന നമ്പരുകളിൽ വിളിക്കുക.

**9447089078, 9895662164, 0475-2274526**



## പൗരോഹിത്യ രജത ജൂബിലി നിറവിൽ



ഫാ. ജോൺപോൾ പുൽപ്രക്കുഴിയിൽ

അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ തൃക്കരങ്ങളിലൂടെ മുണ്ടക്കയം പൈങ്ങണ സെ. തോമസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് 29-5-1988-ൽ കശീശയായി ചെങ്ങന്നൂർ മെത്രാസനത്തിനുവേണ്ടി പട്ടമേറ്റു.

സഭാ മാനേജിംഗ് കമ്മറ്റിയംഗം ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി ഭദ്രാസന കൗൺസിൽ അംഗം വൈദികസംഘം സെക്രട്ടറി മർത്തമറിയം സമാജം വൈസ് പ്രസിഡണ്ട് ദൈവവിളി സംഘം ഡയറക്ടർ ബഥേൽ പത്രിക പത്രാധിപസമിതിയംഗം ബസേലിയോസ് കൗൺസിലിംഗ് സെന്റർ മെമ്പർ ആശ്രയ ചാരിറ്റബിൾ സൊസൈറ്റി കമ്മറ്റി എന്നീ നിലകളിൽ പ്രവർത്തിച്ചു.

ബഥേൽ അരമനപള്ളി, പേരിശേരി ഈസ്റ്റ് മാർ ഗ്രീഗോറിയോസ്, പുലിയൂർ സെ. മേരീസ് & സെ. ജോർജ്, പേരിശേരി സെ. മേരീസ് വലിയപള്ളി, ബുധനൂർ സെ. മേരീസ് കത്തീഡ്രൽ, കുട്ടംപേരൂർ സെ. മേരീസ്, കല്ലുങ്കൽ ഈസ്റ്റ് സെ. ഇഗ്നേഷ്യസ്, ആറ്റുവ മാർ ബർസൗമ, കുടശനാട് സെ. സ്റ്റീഫൻസ് കത്തീഡ്രൽ, ഉള്ളന്നൂർ സെ. മേരീസ് വലിയ പള്ളി എന്നീ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു.

ഇപ്പോൾ മെഴുവേലി ഹോളി ഇന്നസെന്റ് വലിയപള്ളി വികാരി.

ആശംസകളോടെ
പുൽപ്രകുഴിയിൽ വലിയവീട്ടിൽ
കുടുംബാംഗങ്ങൾ



# LETTERS TO THE EDITOR

## സഹദാ മദ്ധ്യസ്ഥത ചിരപുരാതനം

ഏപ്രിൽ മെയ് മാസങ്ങൾ അതായത് ഏറെക്കുറേ മേടമാസം ഗീവർഗീസ് സഹദായുടെ മാസം ആണെന്നാണ് എന്റെ ചെറുപ്പം മുതലേ എന്നേ എന്റെ മാതാപിതാക്കൾ പഠിപ്പിച്ചിരിക്കുന്നത്. മാവേലിക്കര-കൊല്ലകടവിൽ നിന്നും എന്റെ അപ്പച്ചൻ, എല്ലാ വർഷവും നടന്ന് പുതുപ്പള്ളി പള്ളിയിൽ പോയി നേർച്ച ഇട്ടിട്ട് തിരികെ-വല്ല വാഹനങ്ങളിലും കയറി വീട്ടിൽ വരും. വരുന്ന ദിവസം കണക്കാക്കി, എന്റെ അമ്മ ഞങ്ങളുടെ അന്നത്തേ പ്രാപ്തിക്ക് ഒത്തതുപോലെ-വെച്ചൂട്ട് നടത്തും. വെള്ളയപ്പവും, ഇറച്ചിയും, സമൃദ്ധമായ ഒരു ഊണും. കുഞ്ഞുങ്ങളും പ്രായം ഉള്ളവരുമായി സന്ധ്യക്ക് വെച്ചൂട്ടിന് 60-70 ആളുകൾ കാണും. വിരിച്ചൊരുക്കിയ ഒരു മുറിയിൽ, നിലവിളക്കും കത്തിച്ച് വെച്ചിട്ട് രണ്ട് ഇലയിൽ സഹദാമാർക്കും വെച്ചൂട്ട് വെയ്ക്കും. അതിനുശേഷം ജനങ്ങൾക്ക് വിളമ്പും. എല്ലാം കഴിഞ്ഞ്-ആളുകൾ പോയതിനുശേഷം സഹദാമാർക്ക് വെച്ചിരുന്ന ഇലകൾ എടുത്ത് ഞങ്ങൾ വീട്ടിലുള്ളവർ ഭക്ഷിക്കും.

വിശ്വസിച്ചാലും, ഇല്ലേലും ഇത്രയും സമയം വീടുമുഴുവൻ കുന്തിരിക്കത്തിന്റെ മണം ഉണ്ടാകും. ഇത്രയും എഴുതിയിന്റെ കാരണം-ഈ പ്രാവശ്യത്തേ മലങ്കരസഭ വളരെ ഗംഭീരം ആയിരുന്നു. പല പല പള്ളികളും സഹദായുടെ പെരുനാൾ പ്രോഗ്രാമും അങ്ങനെ അനുഗ്രഹീതമായ ഒരു നല്ല Issue of April 2013.. ! അതിന്റെ നന്മ നിങ്ങൾക്ക് ഏവർക്കും സമൃദ്ധിയായി ഉണ്ടാകും.

സഹദായോട് കളിച്ചാൽ ഉണ്ടാകുന്ന ഒരു അനുഭവം ക്കൂടി പറഞ്ഞ് നിറുത്താം. ഒരു പ്രാവശ്യത്തേ വെച്ചൂട്ടിന് എന്റെ മൂത്ത പെങ്ങളും അളിയനും (ഓർത്തഡോക്സ് കാർ -മാവേലിക്കര പുതിയകാവ് പള്ളി അംഗങ്ങൾ) സംബന്ധിച്ചിരുന്നു. എല്ലാം കഴിഞ്ഞപ്പോൾ അളിയൻ പറഞ്ഞു ഇതെല്ലാം ഒരു മൂഢാചാരം എന്ന്. രാത്രി തന്നെ അവർ, അവരുടെ വീട്ടിലേക്ക്-മാവേലിക്കര കല്ലും പുറത്ത്-പോയി. ഉറങ്ങി കുറെ ആയപ്പോൾ കിടക്കുന്ന കട്ടിലിന്റെ കീഴിൽ വെച്ചിരുന്ന ചെമ്പ് കിരുകിരാ എന്ന് ശബ്ദം ഉണ്ടാക്കുന്നു. ലൈറ്റ് (അന്ന് മണ്ണെണ്ണ വിളക്കോ, റാന്തലോ ഉള്ളു) ഇട്ട് നോക്കിയപ്പോൾ ഒരു വലിയ പാമ്പ്!! ഉടൻ തന്നെ അളിയൻ പുതുപ്പള്ളിക്ക് നേർച്ച നേർന്നു പാമ്പ് ഇറങ്ങിപ്പോയി.

**ഒ.ജി. മത്തായി,**
താന (വെസ്റ്റ്) മുംബൈ

■

## കെട്ടുകഥകൾ

'ഒരു ദിവസം നഷ്ടപ്പെട്ടു' എന്ന തലക്കെട്ടിൽ എം.സി. വർഗീസ് എഴുതിയ കുറിപ്പ് വായിക്കുകയുണ്ടായി. യോശുവ 10-ാം അദ്ധ്യായം 12 മുതൽ 14 വരെ വരെ വാക്യങ്ങളിൽ എഴുതിയിട്ടുള്ള അതിശയോക്തി പരമായ പ്രസ്താവനയെ ശാസ്ത്രസത്യമാണ്. എന്നു വരുത്തി തീർക്കുവാൻ അദ്ദേഹം പെടാപാടുപെടുന്നതായി കാണുന്നു. കമ്പ്യൂട്ടർ കണ്ടുപിടിക്കുന്നതിനു മുമ്പ് കാലഗണനയിൽ വന്ന പിശകിനെ ശാസ്ത്രജ്ഞന്മാർ 'Leep year' തത്വം മൂലം പിൽകാലത്തു തിരുത്തുകയുണ്ടായി എന്ന് ഏതു വിദ്യാർത്ഥിക്കും അറിവുള്ളതാണല്ലോ. യഹൂദ പാരമ്പര്യങ്ങൾ ഉൾക്കൊള്ളുന്ന 'തൽമൂദ്'-ത്തിൽ ഇത്തരം കഥകൾ ധാരാളമായി കാണാം. എന്നാൽ അതുമുഴുവൻ അക്ഷരീയമായി സത്യമാണ് എന്ന് അവർ വിശ്വസിക്കുന്നില്ല. അവ കേവലം ആശയങ്ങൾ ഉൾക്കൊള്ളുന്നവ മാത്രമാണ്. അതിലെ സന്ദേശം ആണ് സത്യമായിട്ടുള്ളത്. പ്രത്യുത പഴയ നിയമത്തിലെ കെട്ടുകഥകൾ എല്ലാം ശാസ്ത്രസത്യങ്ങൾ ആണ് എന്ന് സമർത്ഥിക്കുവാൻ ആരെങ്കിലും ഒരുങ്ങി പുറപ്പെട്ടാൽ ഇതര മതസ്ഥർക്കു മുമ്പിൽ നാം അപഹാസ്യരാകാനേ ഉപകരിക്കു.

**റ്റി. പി. എബ്രഹാം,**
തൊണ്ടംവേലിൽ ഹൗസ്
ചങ്ങനാശ്ശേരി

■

## തിളക്കമാർന്ന പ്രസിദ്ധീകരണം

"മലങ്കരസഭ" മാസിക അയച്ചുവരുന്നത് ഇവിടെ ലൈബ്രറിയിൽ കൃത്യമായി ലഭിക്കുന്നുണ്ട്. അത്യന്തം ശ്രദ്ധേയമാണ് ഈ ക്രൈസ്തവ മാസിക എന്ന് കുറിക്കട്ടെ-

അസംഖ്യം പ്രസിദ്ധീകരണങ്ങൾ ഉണ്ടെങ്കിലും ക്രൈസ്തവ രംഗത്തെ തിളക്കമാർന്ന പ്രസിദ്ധീകരണമാണ് 'മലങ്കരസഭ'യെന്ന് പറയാൻ രണ്ടു വട്ടം ആലോചിക്കേണ്ടതില്ല. പത്രാധിപ കുറിപ്പുകൾ തന്നെ അഗാധമായ ചിന്തയിലും ധ്യാനത്തിലും നിന്ന് പുറപ്പെടുന്നവയാണ്. അവ സമാഹരിച്ച് പുസ്തക രൂപത്തിൽ ഇറക്കേണ്ടവയുമാണ്. ക്രൈസ്തവ ചരിത്രം-പൈതൃകം തുടങ്ങിയ വിഷയങ്ങളിൽ ഗവേഷണ പ്രസക്തിയുള്ള ലേഖനങ്ങൾ ഇടയ്ക്കിടെ വരുന്നത് വളരെ ഗംഭീരമാകുന്നുണ്ട്.

**ഡോ. സണ്ണി സ്റ്റീഫൻ,**
സെൻട്രൽ ക്രിസ്ത്യൻ
ലൈബ്രറി, തിരുവനന്തപുരം

■

## സംഘടനകൾക്ക് ഏകോപന സമിതി

ആത്മീയ സംഘടനകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പരിപാടികൾ നടത്തുന്നതിനും ഓരോ സംഘടനയുടെയും അഖില മലങ്കര/കേന്ദ്ര വൈസ് പ്രസി ഡന്റ്, ജനറൽ സെക്രട്ടറി തുടങ്ങി രണ്ടോ മൂന്നോ മുഖ്യ ഭാരവാഹികൾ അടങ്ങുന്ന ഒരു ഏകോപന സമിതിയും അതിന് ഒരു സെക്രട്ടറിയും/കൺവീനറും ഉണ്ടായിരിക്കണം. ഇദ്ദേഹത്തെ ആത്മീയ സംഘനക ളുടെ പ്രതിനി ധിയായി അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ (നാമനിർദേശത്തിലൂടെ) ഉൾപ്പെടു ത്തണം.

പ. കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ വർഷത്തിൽ ഒന്നുരണ്ടു പ്രാവശ്യം ഈ സമിതി കൂടണം. ഇത്തരം സമിതികളും ഭാരവാഹികളും ചില മെത്രാസനങ്ങളിൽ ഇടവക-ഡിസ്ട്രിക്ട്-മെത്രാസന തലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

ഓരോ സംഘടനയിലെയും അംഗത്വത്തിന്റെ പ്രായപരിധി പുനർനിർണയിക്കണം. സംഘടനാ ഭാരവാഹികളുടെ കാലാവധി ഏകീകരിക്കണം (Co-terminus). മാനേജിംഗ് കമ്മറ്റി യോഗത്തിൽ മെത്രാസന സെക്രട്ടറിമാരെ ക്ഷണിക്കുന്നതുപോലെ ആത്മീയ സംഘടനാ കേന്ദ്ര ഭാരവാഹികളെ ക്ഷണിക്കുന്നത് നല്ലതാണ്. കേരളത്തിലെ മറ്റ് എപ്പിസ്കോപ്പൽ സഭകളിൽ അവരുടെ ആത്മീയ സംഘടനാ ഭാരവാഹികളെ ഉന്നത സമിതിയിൽ അംഗങ്ങളാക്കുന്നുണ്ട്.

ആകെയുള്ള 81 അംഗങ്ങളിൽ *15 പേരെ സമുദായത്തിന്റെ വിവിധ സ്ഥാപനങ്ങളെ പ്രതിനിധീകരിക്കുന്നതിനും മറ്റുമായി മലങ്കര മെത്രാപ്പോലീത്താ നോമിനേറ്റു ചെയ്യേണ്ടതാണെന്ന്* 1951 മേയ് 17നു കൂടിയ മലങ്കര അസോസിയേഷൻ യോഗത്തിന്റെ നാലാം പ്രമേയത്തിൽ പറയുന്നത് ഇവിടെ പ്രസക്തമാണ്.

**വർഗീസ് ജോൺ,**
**തോട്ടപ്പുഴ**

■

# ഹൂസ്റ്റണിൽ മലങ്കര സഭയ്ക്ക് 100 ഏക്കർ വാങ്ങും

## മലങ്കര സഭ വെസ്റ്റ് അമേരിക്കൻ ഭദ്രാസനം പുതിയ വഴിത്തിരിവിലേക്ക്

**ഹൂസ്റ്റൺ:** ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടുവാൻ മലങ്കരസഭ സുശക്തമാക്കണം എന്ന ഭദ്രാസന മെത്രാപ്പോലീത്താ അലക്സിയോസ് മാർ യൗസേബിയോസ് മെത്രാപ്പോലീത്തായുടെ സുധീരമായ ആഗ്രഹത്തിന് മലങ്കരസഭയുടെ സൗത്ത് വെസ്റ്റ് അമേരിക്കൻ വാർഷിക പൊതുയോഗത്തിന്റെ അംഗീകാരം. ഭദ്രാസനത്തിന്റെ നാനാമുഖമായ വികസനത്തിനായി ഹൂസ്റ്റണിൽ നൂറ് ഏക്കറിൽ ഭദ്രാസന ആസ്ഥാനം.

വർഷങ്ങളായി അമേരിക്കയിൽ കുടിയേറി പാർത്ത ഓർത്തഡോക്സ് വിശ്വാസികളുടെ വാർദ്ധക്യകാലം സമാധാനമായി ചിലവഴിക്കുവാനായി ഓർത്തഡോക്സ് ചാപ്പൽ, ലൈബ്രറി, റിട്ടയർമെന്റ് കമ്മ്യൂണിറ്റി ഹോം, എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഓർത്തഡോക്സ് ഗ്രാമമാണ് ലക്ഷ്യം.

പുതിയ തലമുറയെ മലങ്കരസഭയുടെ വിശ്വാസത്തിൽ വളർത്തേണ്ടതിന് വെക്കേഷൻ കാലഘട്ടങ്ങളിൽ ഭദ്രാസന ആസ്ഥാനത്ത് കുട്ടികളെ താമസിപ്പിച്ചു വിശ്വാസപഠന കേന്ദ്രം ആരംഭിക്കും.

വിവാഹബന്ധങ്ങളിലുണ്ടാകുന്ന തകർച്ച, പ്രീ/പോസ്റ്റ് മാരിറ്റൽ കൗൺസലിംഗ് സെന്റർ യുവജനങ്ങൾക്കായി സെന്റർ എന്നിവ വിഭാവന ചെയ്യുന്നു.

അമേരിക്കയിലെ സഭാംഗങ്ങൾക്ക് സമാധാന അന്തരീക്ഷത്തിൽ നല്ല കാലാവസ്ഥയിൽ ചെറിയ വെക്കേഷനായി ഒരാഴ്ചവരെ താമസിക്കാനുള്ള സൗകര്യം ക്രമീകരിക്കുവാൻ ആസ്ഥാനത്ത് സൗകര്യം ഒരുക്കും. സഭയിലെ ആദ്ധ്യാത്മീക സംഘടനകൾക്ക് ഒരേ സമയം നൂറ് പേർ വരെ ഉൾപ്പെടുത്തി വിവിധ ക്യാമ്പുകൾ, കോൺഫ്രൻസുകൾ എന്നിവ സംഘടിപ്പിക്കുവാനുള്ള ക്രമീകരണവും ഉണ്ടാകും. സന്യാസജീവിതത്തിൽ താല്പര്യമുള്ള വൈദികർക്കായി ഒരു സമ്പൂർണ്ണ മൊണാസ്ട്രി, അമേരിക്കയിലെ പ്രത്യേക സാഹചര്യത്തിൽ ആവശ്യമായ വൈദിക പഠനകേന്ദ്രം എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇപ്പോൾ വാങ്ങിക്കുന്ന പുതിയ സ്ഥലത്തുള്ള 7175 സ്ക്വയർഫീറ്റുള്ള മനോഹരമായ ഇരുനില കെട്ടിട സമുച്ചയം അരമനക്കായി ഉപയോഗിക്കാവുന്നതാണ്. വിപുലമായ ഓഫീസ്, ആറ് ബഡ്റൂമുകൾ, ആറ് ബാത്ത്റൂമുകൾ, എട്ട് എയർകണ്ടീഷനുകൾ തുടങ്ങി എല്ലാ അത്യാധുനിക സൗകര്യങ്ങളോടു കൂടിയതാണ്. കൂടാതെ മൂന്നു ബഡ്റൂമുകളോടു കൂടിയ മറ്റൊരു ഗസ്റ്റ്ഹൗസ്, വലിയ ഹാൾ എന്നിവ അടങ്ങുന്ന മറ്റു രണ്ട് കെട്ടിടങ്ങളും ഉൾപ്പെട്ടതാണ്.

ഭദ്രാസന വിഹിതമായി ലഭിക്കുന്ന വരുമാനത്തിന്റെ ഇരുപത്തിയഞ്ചു ശതമാനം ഭദ്രാസനത്തിലെ വൈദിക ക്ഷേമ പദ്ധതികൾക്കായി മാറ്റി വെയ്ക്കും. സഭയുടെ വളർച്ചയ്ക്ക് സുധീരമായ നേതൃത്വം നൽകി 25 വർഷം പൂർത്തിയാക്കിയ വൈദികരെ അനുമോദിച്ചു.

അമേരിക്കയിലെ ഡിട്രോയിറ്റ് സെന്റ് തോമസ് ഓർത്തഡോക്സ് ദേവാലയത്തിൽ നടന്ന മൂന്നു ദിന സമ്മേളനത്തിൽ ഭദ്രാസനത്തിലെ എല്ലാ വൈദികരും സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങളും ഭദ്രാസന കൗൺസിൽ അംഗങ്ങളും പങ്കെടുത്തു.

1934 ലെ മലങ്കര സഭാ ഭരണഘടനയ്ക്ക് വിധേയമായി ഭദ്രാസന പ്രവർത്തനങ്ങൾക്കുള്ള ഭരണഘടനയ്ക്ക് പൊതുയോഗം അംഗീകാരം നൽകി. ഭദ്രാസനത്തിലെ എല്ലാ പള്ളികളും കോൺഗ്രിഗേഷനുകളും അടുത്ത ഭദ്രാസന പൊതുയോഗത്തന് മുൻപായി മലങ്കരസഭയുടേയും ഭദ്രാസനത്തിന്റേയും ഭരണഘടനയ്ക്കും വിധേയമായി രജിസ്റ്റർ ചെയ്തു എന്നത് ഉറപ്പാക്കും.

**– ഫാ. ജോൺസൺ പുഞ്ചക്കോണം**

## അട്ടപ്പാടിയിൽ സഹായവുമായി മിഷൻ ബോർഡ്

തിരുവല്ല: പാലക്കാട് ജില്ലയിൽ പോഷകാഹാരക്കുറവു മൂലം ശിശുമരണം വ്യാപകമാകുന്ന അട്ടപ്പാടി മേഖലയിൽ സഹായവുമായി ഓർത്തഡോക്സ് സഭ മിഷൻ ബോർഡ്. ഇതിന്റെ ഭാഗമായി നെല്ലിപ്പതി ഗ്രാമം സഭ മിഷൻ ബോർഡ് ദത്തെടുത്ത് ആരോഗ്യ പോഷണ പദ്ധതിക്കു തുടക്കം കുറിച്ചു.

ഇതിന്റെ ഉദ്ഘാടനം കേന്ദ്ര മന്ത്രി കൊടിക്കുന്നിൽ സുരേഷ് നിർവഹിച്ചു.

മിഷൻ ബോർഡ് പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് അദ്ധ്യക്ഷത വഹിച്ചു. കോ-പ്രസിഡന്റ് ഡോ. യൂഹാനോൻ മാർ തേവോദോറിയോസ്, ഡയറക്ടർ കെ.ഐ. ഫിലിപ്പ് റമ്പാൻ, എം.ഡി. യൂഹാനോൻ റമ്പാൻ എന്നിവർ പ്രസംഗിച്ചു.

ആദ്യഘട്ടമായി മുന്നൂറു കുട്ടികൾക്കു പഠനോപകരണങ്ങൾ വിതരണം ചെയ്തു. അട്ടപ്പാടിയിലെ ഗൂളിക്കടവ് സെന്റ് തോമസ് ആശ്രമവുമായി ചേർന്നാണു പദ്ധതി നടപ്പാക്കുന്നത്.

## മലാഡ് ഇടവക ഇനി വലിയ പള്ളി

മുംബൈ: മലാഡ് സെന്റ് തോമസ് പള്ളി, വലിയ പള്ളി പദവിയിലേക്ക് പ. കാതോലിക്കാ ബാവാ ഉയർത്തി.

ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം പ. ബാവാ ഉദ്ഘാടനം ചെയ്തു. കേരള സംസ്ഥാന മന്ത്രി ശ്രീ. കെ.സി. ജോസഫ്, ഡോ. ജോർജ് ജോസഫ്, ജോസഫ് എം. പുതുശ്ശേരി, സുബാഷ് ഭേഷായി എം.എൽ.എ., ഫാ. ജേക്കബ് തോമസ് കാരയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

## സൺഡേസ്ക്കൂൾ വിജയികൾ



സൺഡേസ്ക്കൂൾ 7-ാം ക്ലാസ്സ് മൽസര പരീക്ഷയിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ ആൻ മേരി ഫിലിപ്പ്. പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രലിൽ തെക്കെക്കര വി.റ്റി. ഫീലിപ്പോസിന്റെ മകൾ.

## അവാർഡ്



നാഷണൽ സർവ്വീസ് സ്കീമിന്റെ മികച്ച പ്രോഗ്രാം ഓഫീസർക്കുള്ള (ടെക്നിക്കൽ സെൽ) ഡയറക്ട്രേറ്റ് ലെവൽ അവാർഡ് നേടിയ പ്രൊഫ. തോമസ് ജോർജ്ജ് അടൂർ, കണ്ണംങ്കോട് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ അംഗം. സ്മിതാ സാറാ പടിയറയാണ് ഭാര്യ. മക്കൾ : ജെറി, ജോഷി

## ചുമതലയേറ്റു



കേരള ഗവൺമെന്റ് പട്ടികജാതി വികസന വകുപ്പ് അഡീഷൻ ഡയറക്ടറായി ചുമതലയേറ്റ ലീലാ ജോർജ്. പന്തളം കുരമ്പാല സെന്റ് ജോർജ് ഇടവക വലിയവീട്ടിൽ രാജ് വില്ലയിൽ ഡോ. രാജൻ ജോർജിന്റെ ഭാര്യ.

# ടീക്കോൺ മെത്രാപ്പൊലിത്തായ്ക്ക് ന്യൂയോർക്ക് അരമനയിൽ സ്വീകരണം



ന്യൂയോർക്ക്:- അമേരിക്കൻ ഓർത്തഡോക്സ് ചർച്ച് ആർച്ച്ബിഷപ്പായി സ്ഥാനാരോഹണം ചെയ്ത ടീക്കോൺ മെത്രാപ്പൊലിത്തയുടെ ബഹുമാനാർത്ഥം, നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനാധിപൻ സഖറിയാ മാർ നിക്കോളോവോസ് മെത്രാപ്പൊലീത്താ വിരുന്നൊരുക്കി. ഭദ്രാസന ആസ്ഥാനത്ത് നടന്ന വിരുന്നിൽ, അർമീനിയൻ അപ്പോസ്തോലിക് ചർച്ച് ഓഫ് അമേരിക്കയുടെ ഈസ്റ്റേൺ പ്രിലസിയുടെ മെത്രാപ്പൊലിത്ത ആർച്ച് ബിഷപ്പ് ഓഷാഗൻ ഷോലോയാൻ, അർമീനിയൻ അപ്പോസ്തോലിക് ചർച്ച് ഓഫ് അമേരിക്ക ഈസ്റ്റേൺ പ്രിലസിയുടെ വികാരി ജനറൽ ബിഷപ്പ് അനൗഷ്വാൻ താനിലിയൻ, കോപ്റ്റിക് ആർച്ച് ഡയോസിസ് ഓഫ് നോർത്ത് അമേരിക്കയുടെ ജനറൽ ബിഷപ്പും പാട്രിയാർക്കൽ അധിപനുമായ ബിഷപ്പ് ഡേവിഡ്, ഓർത്തഡോക്സ് ചർച്ച് ഇൻ അമേരിക്ക ബാൾട്ടിമൂറിന്റെ ബിഷപ്പ് മാർക്ക്, ആർച്ച്പ്രീസ്റ്റ് ലിയോനിഡ് കിഷ്കോവ്കി, യോങ്കേഴ്സിലെ സെന്റ് വ്ളാഡിമിർ സെമിനാരി ഡീൻ ആർച്ച്പ്രീസ്റ്റ് ജോൺ ബേർ, ചാൻസലർ ചാഡ് ഹാറ്റ് ഫീൽഡ് എന്നിവരും സന്നിഹിതരായിരുന്നു.

ഭദ്രാസന സെക്രട്ടറി, ഫാ. എം.കെ കുര്യാക്കോസ്, ഫാ. പൗലോസ് ടി പീറ്റർ, ഫാ. സുജിത് ടി തോമസ് എന്നിവർ പ്രസംഗിച്ചു.

# ബന്ദികളുടെ മോചനത്തിന് ഐക്യരാഷ്ട്രസഭ ഇടപെടണം

**കോട്ടയം :** സിറിയായിലെ ആഭ്യന്തരയുദ്ധത്തിനു ശമനമുണ്ടാക്കുന്നതിനായും ബന്ദികളായ മാർ ഗ്രീഗോറിയോസ് യോഹന്ന ഇബ്രാഹിം, പൗലോസ് അൽ യാസിഗി എന്നീ മെത്രാപ്പോലീത്താമാരുടെയും വൈദികരുടെയും സത്വര മോചനത്തിനായും ഐക്യരാഷ്ട്രസഭയും സഭകളുടെ ലോക കൗൺസിലും അടിയന്തിരമായി ഇടപെടണമെന്ന് മേയ് 31നു കൂടിയ മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റി അഭ്യർത്ഥിച്ചു. സിറിയായിലും ഈജിപ്തിലും പീഡയനുഭവിക്കുന്ന ക്രൈസ്തവസമൂഹത്തോട് യോഗം ഐക്യദാർഢ്യം പ്രഖ്യാപിച്ചു. ഇതു സംബന്ധിച്ച് ഫാ. ഐപ്പ് പി. സാം അവതരിപ്പിച്ച പ്രമേയം അഡ്വ. ബിജു ഉമ്മൻ പിന്താങ്ങുകയും മാനേജിംഗ് കമ്മറ്റി ഏകകണ്ഠമായി പാസ്സാക്കുകയും ചെയ്തു.

# ഓർമ്മപ്പെരുന്നാൾ

ഭാഗ്യസ്മരണാർഹനായ ഔഗേൻ മാർ ദീവന്നാസിയോസ് തിരുമേനിയുടെ ആറാം ഓർമ്മപ്പെരുന്നാൾ 2013 ജൂൺ 2 മുതൽ ജൂൺ 6 വരെ വാകത്താനം വള്ളിക്കാട്ട് ദയറായിൽ ആചരിച്ചു. പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാ ബാവായും അഭിവന്ദ്യ തിരുമേനിമാരും ഓർമ്മപ്പെരുന്നാളിന് നേതൃത്വം നൽകി.

# കോലഞ്ചേരി മെഡിക്കൽ കോളേജ് പ്രവേശനം

കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജിലേക്ക് എം. ബി. ബി.എസ്. പ്രവേശനം സംബന്ധിച്ച് ഗവൺമെന്റും കോളേജ് മാനേജ്മെന്റും തമ്മിൽ ഉണ്ടാക്കിയ എഗ്രിമെന്റിന്റെ വിശദാംശങ്ങൾ കോളേജ് ഗവർണിംഗ് ബോർഡ് സെക്രട്ടറി ശ്രീ. ജോയി പി. ജേക്കബ് അറിയിച്ചതനുസരിച്ച് താഴെ കൊടുത്തിരിക്കുന്നു.

**മൊത്തം സീറ്റ് – 100, ഗവൺമെന്റ് കോട്ടാ – 50,**
ഓപ്പൺ മെറിറ്റ് – 30, എസ്. സി. / എസ്. റ്റി – 05, ഓർത്തഡോക്സ് – 15.

**മാനേജ്മെന്റ് ക്വോട്ടാ – 50**
ഓപ്പൺ മെറിറ്റ് – 10, ഓർത്തഡോക്സ് – 05, ദളിത് ഓർത്തഡോക്സ്– 01, ക്രിസ്ത്യൻ കമ്മ്യൂണിറ്റി–17, എൻ. ആർ. ഐ. – 15, എം. ഒ. സി. മെഡിക്കൽ കോളേജ് സ്റ്റാഫ് അംഗങ്ങളുടെ മക്കൾ – 02.

ഓർത്തഡോക്സ് ക്വോട്ടായിൽ പ്രവേശനം ആഗ്രഹിക്കുന്ന സഭാംഗങ്ങൾ അപേക്ഷയോടൊപ്പം ഭദ്രാസനമെത്രാപ്പോലീത്തായുടെ സർട്ടിഫിക്കറ്റും, ദളിത് ഓർത്തഡോക്സ് ക്വോട്ടായിൽ പ്രവേശനം ആഗ്രഹിക്കുന്നവർ മേൽപറഞ്ഞവയ്ക്ക് പുറമെ അർഹത തെളിയിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും സഹിതം കൺട്രോളർ ഓഫ് എൻട്രൻസ് എക്സാമിനേഷന് സമർപ്പിക്കേണ്ടതാണെന്ന് സഭാ കേന്ദ്രത്തിൽ നിന്നും അറിയിക്കുന്നു.

ഗവൺമെന്റ് സീറ്റിലും മാനേജ്മെന്റ് സീറ്റിലും 4 ലക്ഷം രൂപയായിരിക്കും ട്യൂഷൻ ഫീസ്. അർഹതയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനായി ഓരോ ബാച്ചിനും പ്രതിവർഷം 40 ലക്ഷം രൂപാ വീതം മാനേജ്മെന്റിൽനിന്നും ഗവൺമെന്റിന് നൽകും.

*പ്രൊഫ. പി. സി. ഏലിയാസ് (പി. ആർ. ഓ)*

# ഫാ. വർഗീസ് ലാലിന് റാങ്ക്



മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും സിനിമാ & ടെലിവിഷൻ എം.എ. കോഴ്സിൽ മൂന്നാം റാങ്ക് കരസ്ഥമാക്കിയ ഫാ. വർഗീസ് ലാൽ. പുത്തൂർ കൂട്ടാലുംവിള കുടുംബാംഗം. മലങ്കര ഓർത്തഡോക്സ് സഭയുടെ വെബ് മാനേജർ.

സഹധർമ്മിണി: ജിസാ വർഗീസ് ലാൽ (ജേർണലിസ്റ്റ്). മകൻ: ധ്യാൻ വർഗീസ് ലാൽ.

# ഡോക്ട്രേറ്റ്



തമിഴ്നാട് ഡോ. എം.ജി.ആർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഫാർമസ്യൂട്ടിക്കൽ സയൻസിൽ ഡോക്ട്രേറ്റ് കരസ്ഥമാക്കിയ സോണിയ ജോർജ്. പാലക്കാട് സെന്റ് മേരീസ് ഇടവകയിൽ ചുങ്കത്ത് വീട്ടിൽ ഷെൻജീവിന്റെ ഭാര്യ.



ബറോഡ എം.എസ്. യൂണിവേഴ്സിറ്റിയിൽ നിന്നും 'ടീച്ചിംഗ് ആൻഡ് ലേണിംഗ് മെഥേഡ്സ് ഇൻ ഡിസൈൻ എഡ്യൂക്കേഷൻ' എന്ന വിഷയത്തിൽ ഡോക്ട്രേറ്റ് ലഭിച്ച ദീപക് ജോൺ മാത്യു. തേക്കടി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളി ഇടവകാംഗം

## പിൻമൊഴി

# പെരുവഴിയിലായിപ്പോയ ആദർശം

നിരക്ഷരയായ ഒരപരിചിതയെ പതിമൂന്നാം വയസ്സിൽ വിവാഹം കഴിക്കുകയും 37-ാം വയസ്സിൽ ബ്രഹ്മചര്യവ്രതം പിന്തുടരുകയും ചെയ്തൊരാൾ ഈ മഹാഭാരതത്തിൽ ജീവിച്ചിരുന്നു. തന്റെ ഇച്ഛാ ശക്തിയും ഊർജ്ജവും വഴിതിരിഞ്ഞുപോകാതെ നിയന്ത്രിച്ചൊരാൾ.

ലണ്ടനിൽ ബാരിസ്ററർ പരീക്ഷ പാസ്സായ ഒരാൾക്ക് തനി വിദേശ ശൈലിയിൽ ടെന്നീസ്, ഹോക്കി, സ്കാഷ്, കടുവ വേട്ട ആനവേട്ട, കൊട്ടാരങ്ങൾ, രത്നങ്ങൾ ഇങ്ങനെയുള്ള അഭിരാമങ്ങളിലേക്ക് സിവിൽ സർവ്വീസിലൂടെ കടന്നു പോകാമായിരുന്നു. പാനോപചാരങ്ങളിലൂടെ വിക്ടോറിയൻ യുഗത്തിന്റെ ഇന്ത്യൻ പതിപ്പ് ആസ്വദിക്കാമായിരുന്നു.

പൂണെ ആഗാഖാൻ കൊട്ടാരത്തിൽ 21 ദിവസത്തെ ഉപവാസം പ്രഖ്യാപിച്ചപ്പോൾ ദുർബലമായ ആ ശരീരത്തിന്റെ മരണം കാംക്ഷിച്ച് ദഹന ക്രിയകൾക്കായി ചന്ദനമുട്ടികളും ബ്രാഹ്മണ പുരോഹിതരെയും രഹസ്യമായി വരുത്തിച്ച് നീഗൂഢമായി എല്ലാം അവസാനിപ്പിക്കാനൊരുങ്ങിയ വിൻസ്റ്റന്റ് ചർച്ചിലിന്റെ ചിന്തകൾക്ക് വിരാമമിട്ട് അദ്ദേഹം പുനർജ്ജീവിച്ചു. ഉപവാസം കേവലം അനുഷ്ഠാന രാഷ്ട്രീയങ്ങൾക്കപ്പുറം ഒരു അതീന്ദ്രിയ ആത്മീയ അനുഭവമായി കണ്ടയാൾ.

ബിരുദങ്ങൾ, കളത്രങ്ങൾ സ്വകാര്യ റെയിലുകൾ, റോൾസ് റോയിസ്, ആചാര വെടികൾ... നൂറ്റാണ്ടിനു മുമ്പുള്ള നാട്ട് രാജ്യക്കാഴ്ചകൾ, അതിവിധേയത്വ പ്രഭുത്വങ്ങൾക്ക് താഴെ 30 കോടി ഹിന്ദുക്കളും 10 കോടി മുസ്ലീങ്ങളും ജാതികളും ഉപജാതികളും തെക്കേ ഇൻഡ്യയിലെ നസ്രാണിക്കൂട്ടങ്ങളും 6-ൽ ഒരു ശതമാനം തീണ്ടൽക്കാരും... ഇവർക്കെല്ലാം സ്വീകാര്യനായ ഒരാൾ.

ചർക്കയിൽ നൂൽ നൂറ്റ് പരുത്തി വസ്ത്രം ധരിച്ച് അത് അണികളെ പരിശീലിപ്പിച്ച് ഒരു വിദേശരാഷ്ട്രത്തിന്റെ വസ്ത്ര വിപണിയെ തകർക്കാൻ ഉദ്യമിച്ചയാൾ.

ചെരുപ്പില്ലാ യാത്ര, തകർന്ന, കുടിൽവാസങ്ങൾ, പ്രകൃതി ജീവനം, കളിമൺ ചികിത്സ (കാസരോഗിയായി പ്രിയപത്നി കസ്തൂർബാ മരിച്ചതുപോലും പെൻസിലിൻ മരുന്ന് കുത്തിവയ്ക്കുന്നത് ശരീരത്തെ വേദനിപ്പിക്കുന്ന ഹിംസയാണെന്നു കരുതി അത് അനുവദിക്കാതിരുന്നതിനാൽ).

അത്രകണ്ട് വിലയില്ലാതിരുന്ന ഇംഗർസോൾ വാച്ച് ഒരു ട്രെയിൻ യാത്രയ്ക്കിടെ നഷ്ടപ്പെട്ടപ്പോൾ അസ്വസ്ഥനായ ഒരാൾ-വേറെ ഒരെണ്ണം വാങ്ങിയാൽ പോരെ എന്ന് മൗണ്ട് ബാറ്റൺ പ്രഭു ചോദിച്ചപ്പോൾ... നിങ്ങൾക്ക് അങ്ങനെ പറയാം. മൂന്നാം ക്ലാസ്സിൽ യാത്ര ചെയ്യുന്നതും ക്ലേശങ്ങൾ പിന്നിടുന്നതും എന്തിനാണെന്നും അത് അപഹരിച്ച കള്ളന് ചിന്തിക്കാൻ കഴിയാതെ പോയല്ലോ എന്ന് പരിതപിച്ചയാൾ.

സുവർണ്ണ ചഷകങ്ങളുടെ തമ്പുരാക്കന്മാരായി ഈസ്റ്റ് ഇൻഡ്യാ കമ്പനിയുടെ ഭരണ വർഗ്ഗം വാഴുമ്പോൾ സുവർണ്ണ ജീവിത നിയമങ്ങളുടെ പ്രണേതാവായി ഒരു രാജ്യത്തിന്റെ ഹൃദയം കവർന്ന ആൾ.

കോൺഗ്രസ് എന്ന പ്രസ്ഥാനത്തിന് തുടക്കം മോഹൻദാസ് കരംചന്ദ് ഗാന്ധി ആയിരുന്നില്ലെങ്കിലും അതിന്റെ ആശയും ആവേശവും ആവിഷ്ക്കാരങ്ങളുമായി ആ മഹാൻ.

ഇൻഡ്യയുടെ മുഴുവൻ ചെളികുണ്ടുകളും ചവുട്ടി നീങ്ങിയ ഒരാൾ. ഒരേ ഒരാൾ മഹാത്മാ ഗാന്ധി.

ഗാന്ധിജി ഒന്നുരിയാടിയാൽ ഇൻഡ്യ തിളച്ചു മറിയുമെന്ന് ബ്രിട്ടീഷ് ഭരണാധിപന്മാർ ഭീതിപ്പെട്ടിരുന്നു. അടികിട്ടിയാൽപോലും രഘുപതി രാഘവാ രാജാറാം പാടി ആശ്വസിക്കുന്ന ലക്ഷക്കണക്കിന് അനുചരന്മാർ.

ഇങ്ങനെ മഹത്തായ ഒരാദർശം തിരിതെളിച്ച രാഷ്ട്രീയ പാരമ്പര്യമാണ് ഭാരതത്തിന് ഉണ്ടായിരുന്നത്.

രാഷ്ട്രീയ പ്രവർത്തനം ഒരാത്മീയ സപര്യയായി പിൻതുടർന്ന എത്രപേർ ഉണ്ടായി പിന്നെ? വാർദ്ധക്യത്തിന്റെ പടിവാതിൽ എത്തിയിട്ടും കൃത്രിമമായി സൃഷ്ടിച്ച നരരഹിത, ചുണ്ടുചുവപ്പൻ ചിത്രവുമായി കേരളത്തിൽ അങ്ങോളം ഇങ്ങോളം നിറഞ്ഞു നിൽക്കുന്ന 'പട'ങ്ങളല്ലാതെ...

പൊതുഖജനാവിൽ നിന്നും പാലങ്ങളും റോഡുകളും ലൈറ്റുകളും നിർമ്മിച്ചിട്ട് സ്വന്തം പേരും പടവും ചേർച്ച് കവലകളിൽ പ്രതിഷ്ഠിക്കുന്ന അല്പ മാനസരല്ലാതെ...

പട്ടിണിയും ക്ഷാമവും രോഗവും പിടിപെട്ട് ആയിരക്കണക്കിനാളുകൾ ചിത്തഭ്രമത്തിലാകുമ്പോൾ അധികാരത്തിന്റെ സിംഹാസനങ്ങൾക്കുവേണ്ടി പരസ്യമായി മതിഭ്രമം കാട്ടുന്നവർ.

മഹാത്മാവിന്റെ ആത്മാവുപോലും ഉറങ്ങാത്തിടം!

ഇനി സാമുദായിക ചിന്തകൾ കൂടി രാഷ്ട്രീയത്തിലിറങ്ങേണ്ട താമസമേയുള്ളൂ. അത് അടിമുടി ശുദ്ധീകരിക്കാൻ.

ഗുരുക്കന്മാരുടെ ആദർശങ്ങൾ പൊതുവഴികളിൽ ചവിട്ടിമെതിക്കപ്പെടുയാണ്.

ഇനി കേരളം കണികണ്ടുണരുന്ന നന്മകൾ എന്തൊക്കെയാണാവോ? ആദർശ രഹിത വേഷ്ടി വ്യവസ്ഥകളിലേക്ക് സ്വാഗതം.

**ഗുണിതം:**

"പ്രിയപ്പെട്ട ലൂയി പ്രഭോ, സരോജിനി നായിഡു ഉപസംഹരിച്ചു. ആ വൃദ്ധനെ ദാരിദ്ര്യത്തിൽ നിലനിർത്തുന്നതിനുവേണ്ടി കോൺഗ്രസ് പാർട്ടിക്ക് എത്ര പണം ചെലവാക്കേണ്ടി വരുന്നുണ്ടെന്ന് താങ്കൾക്ക് ഒരിക്കലും മനസ്സിലാവില്ല."

(സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ)

*- ഫാ. മുകളിൽ*







# St. Gregorios Orthodox Church Charity - Sharjah, U.A.E.

# വിവാഹസഹായം 2013

## അപേക്ഷകൾ ക്ഷണിക്കുന്നു

ദൈവകൃപയാൽ, പരുമല തിരുമേനിയുടെ നാമത്തിൽ 1978-ൽ ഷാർജയിൽ സ്ഥാപിതമായ 'മരുഭൂമിയിലെ പരുമല' എന്നറിയപ്പെടുന്ന ഷാർജാ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവക ചാരിറ്റി കമ്മറ്റിയുടെ ചുമതലയിൽ, ഈ വർഷം രണ്ടു പെൺകുട്ടികളുടെ വിവാഹം നടത്തിക്കൊടുക്കുന്നതിനു ആഗ്രഹിക്കുന്നു. നിർധനരായ പെൺകുട്ടികളുടെ രക്ഷിതാക്കളിൽ നിന്നും താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അപേക്ഷകൾ ക്ഷണിക്കുന്നു. 2013 ജൂൺ 30-നു മുമ്പായി ഷാർജയിൽ ലഭിയ്ക്കത്തക്കവണ്ണം അപേക്ഷകൾ അയച്ചു തരേണ്ടതാണ്.

### നിബന്ധനകൾ

1. വധുവും, വരനും - മലങ്കര ഓർത്തഡോക്സ് സഭാ അംഗങ്ങൾ ആയിരിക്കണം.
2. പുനർവിവാഹത്തിനുള്ള അപേക്ഷകളും, വിവാഹം നടത്തുന്നിനു ശേഷമുള്ള അപേക്ഷകളും പരിഗണിക്കുന്നതല്ല.
3. പെൺകുട്ടിയുടെ ഇടവകയിലെ ബഹു. വികാരിയച്ചന്റെ ശുപാർശകത്ത് പള്ളിയുടെ ലെറ്റർ ഹെഡിൽ (സീലോടുകൂടി) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം.
4. അപേക്ഷകനുമായി ബന്ധപ്പെടുവാനുള്ള Mobile/Telephone നമ്പരും, ബഹു. ഇടവക വികാരിയച്ചന്റെ Mobile/Telephone നമ്പരും, നിർബന്ധമായും അപേക്ഷയിൽ കാണിച്ചിരിക്കണം.
5. അപേക്ഷകന് അടുത്ത കാലത്ത് ലഭിച്ചിട്ടുള്ള വരുമാന സർട്ടിഫിക്കറ്റിന്റെ ഒറിജിനലോ, പകർപ്പോ ഉണ്ടായിരിക്കണം.
6. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷയുടെ വിവരം, അതാതു അപേക്ഷകരെയും, അപേക്ഷകരുടെ ഇടവക വികാരിയേയും 2013 ജൂലൈ മാസം 20-നു മുമ്പായി നേരിട്ട് അറിയിക്കുന്നതാണ്.
7. അറിയിപ്പ് കിട്ടുന്നതനുസരിച്ച്, കത്തിൽ പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി, പെൺകുട്ടിയ്ക്ക് അനുയോജ്യനായ യുവാവിനെ മാതാപിതാക്കൾ/രക്ഷിതാക്കൾ കണ്ടുപിടിക്കേണ്ടതും, ആ വിവരം ബഹു. ഇടവക മാനേജിംഗ് കമ്മറ്റിയുടെ ശുപാർശക്കത്ത് സഹിതം 2013 ആഗസ്റ്റു മാസം 31-നു മുമ്പായി ബഹു. ഷാർജ് ഇടവക വികാരിയെ അറിയിച്ചിരിക്കേണ്ടതുമാണ്.
8. മേൽ വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക്, പത്തു ദിവസത്തിനുള്ളിൽ, ഷാർജാ ഇടവക ചാരിറ്റി കമ്മറ്റി അംഗീകരിക്കുന്ന വിവരം അപേക്ഷകരെ അറിയിക്കുന്നതും, വിവാഹത്തിനുള്ള തീയതിയും മറ്റു ക്രമീകരണങ്ങളും ചെയ്യാവുന്നതുമാണ്.
9. വിവാഹം നിശ്ചയിച്ച വിവരം, വധുവിന്റെ ഇടവക ബഹു. വികാരി അറിയിക്കുന്ന മുറയ്ക്ക് സാമ്പത്തിക സഹായങ്ങൾ അപേക്ഷകന്റെ പേരിൽ, അതാതു ഇടവക വികാരി മുഖാന്തിരം നൽകുന്നതാണ്.
10. വരന്റെയോ, വധുവിന്റെയോ ഇടവക പള്ളിയിൽ വച്ചു വിവാഹം നടത്താവുന്നതാണ്.

### വധൂവരന്മാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

a. ഒരു ലക്ഷം ഇന്ത്യൻ രൂപയുടെ (Indian Rs. 1,00,000/=) ഒരു fixed deposit വരന്റെയും, വധുവിന്റെയും പേരിൽ ജോയിന്റ് അക്കൗണ്ട് ആയി നിക്ഷേപിച്ചു നൽകുന്നു.

b. വധുവിനു 16 ഗ്രാമിന്റെ ഒരു മാലയും, വരനും വധുവിനും 6 ഗ്രാം വീതമുള്ള മോതിരവും ആഭരണമായി നൽകുന്നു.

c. വധുവിനു മന്ത്രകോടിയും, വിവാഹ സമയത്ത് ധരിക്കുവാനുള്ള വസ്ത്രങ്ങൾക്കും മറ്റു ചിലവുകൾക്കുമായി 10,000/= നൽകുന്നു.

d. വിവാഹ ചിലവിലേക്കായി 30,000/= രൂപ വിവാഹം നടത്തുന്ന പാർട്ടിക്ക് (വരൻ/വധു) നൽകുന്നു.

*അപേക്ഷ അയയ്ക്കേണ്ട വിലാസം:*

Rev. Fr. Abraham John
St. Gregorios Orthodox Church Charity, P.O. Box. 2229, Sharjah, U.A.E.

THE MALANKARA SABHA,
CATHOLICATE ARAMANA, KOTTAYAM-686 004

RNI No. 3076/1948, Reg. No. KL/KTM/236/2012-14
License No. KL/CR/KTM/WPP-47/2012-14
Licensed to Post Without Pre-Payment


# BASELIOS MATHEWS II COLLEGE OF ENGINEERING

(Approved by AICTE & Affiliated to University of Kerala)

Lake View, Muthupilakadu, Poruvazhy (P.O) Sasthamcotta, Kollam - 690 520

Ph : 0476 2835579, Website : www.bmce.ac.in, e-mail : info@bmce.ac.in

College Code BMC

## Registration Started for Management & NRI Seats for Academic year 2013-2014

### Courses Offered

**B.Tech Degree in :**

- COMPUTER SCIENCE & ENGINEERING (CS)
- ELECTRONICS & COMMUNICATION ENGINEERING (EC)
- APPLIED ELECTRONICS & INSTRUMENTATION ENGINEERING (AE)
- ELECTRICAL & ELECTRONICS ENGINEERING (EE)
- CIVIL ENGINEERING (CE)
- MECHANICAL ENGINEERING (ME)

**M.Tech :**

- COMPUTER SCIENCE & ENGINEERING (CS) *

### Lateral Entry

Admission to 3rd Semester for eligible Diploma Holders












### Salient Features of the Institution

- To enhance global employability, Knowledge competence and industry readiness of students, BMCE has developed strategies to conduct training inside the campus by the best resources available across the globe in association with Microsoft, HP, CISCO, National Instruments, Xilinx, Yokogawa, Prolific, etc.
- Unique Infrastructural facilities like Language Lab, CCF, Ultra Modern Computer Labs, Data Centre with high speed network powered by Cisco switches, Well furnished Library with National and International Journals, NPTEL Content, more than 30,000 books, Reference Library, Microsoft reference library, e-Library, Lab View Academy, Cisco Academy, Microsoft IT Academy, and Computer Vision Research Laboratory are attractive features and hallmark of BMCE for its vision towards centre of excellence.
- Well equipped Laboratories, Computer Centre, Career Guidance and Placement Cell, Separate hostels for Boys and Girls, College Bus, Canteen, Guest House and play ground are also available.
- Tranquil atmosphere by the side of Sasthamcotta fresh water lake.

**No Donation**
**Government approved Fees Only**
**Scholarship for Meritorious Students**

* Awaiting fainal orders from Govt. of Kerala

## Admission Help Line - 91-8281801579


PRINTED AND PUBLISHED BY FR. THOMAS P. MUKALIL, CATHOLICATE ARAMANA, DEVALOKAM ON BEHALF OF ORTHODOX VISWASA PARIPALANA SAMITHY, DEVALOKAM, KOTTAYAM. AND PRINTED AT CATHOLICATE PRESS, DEVALOKAM KOTTAYAM AND PUBLISHED AT CATHOLICATE ARAMANA, DEVALOKAM P.O., VIA MUTTAMBALAM, KOTTAYAM, KERALA-686004, EDITOR DR. ZACHARIAH MAR APREM RS. 15/-